2019

ഒക്ടോബർ

പുസ്തകം 3 ലക്കം 4

യോഗക്ഷേമസഭ
കോഴിക്കോട് ജില്ലാകമ്മിറ്റി
പ്രസിദ്ധീകരണം

യോഗക്ഷേമസഭ

# സ്വസ്തി

ത്രൈമാസിക

## ഗുരുകുലം പുനർജ്ജനിക്കുന്നു

## മുല്ലമംഗലത്തുണ്ട് കുഞ്ഞുണ്ണിമാഷും കുട്ട്യോളും



❖ കവിത **ഗുരുപാദങ്ങളിൽ**

❖ പിതൃവാത്സല്യം സംഗീതം **പാലനാട്ടെ ഗുരു–ശിഷ്യ വിശേഷം**

❖ ഏറനാടൻ തമ്പ്രാക്കൾ **പാണ്ടിക്കാട്ടെ കറുകമണ്ണ ഇല്ലപ്പെരുമ**

❖ ചന്ദ്രയാനിയൻ **ചന്ദ്രയാനിലെ നമ്പൂതിരി**

"ഓർമ്മകൾ ഒരു നിധിയാണ് എത്ര ആഴത്തിൽ
ആണ്ടു കിടക്കുന്നുവോ അത്രയും മൂല്യം കൂടുന്ന നിധി"

**ജീവിതം നിറയട്ടെ നിറമുള്ള ഓർമ്മകളാൽ.....**

ഛായാമുഖി



REFLECTING YOUR LIFE

ഛായാമുഖി®

ഫോട്ടോഗ്രാഫി - വീഡിയോഗ്രാഫി

chhayamughi | +91 9746 661 515 | chhayamughi

**Mob : +91 9746 661 515 | +91 9072 311 511**




പുസ്തകം 3 ലക്കം 4

# 2019 ഒക്ടോബർ

**Email: swasthitrimonthly@gmail.com**

യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം

യുഗാബ്ദം 5121 ആശ്വിനം

കൊല്ലവർഷം 1195 തുലാം

ശിശിര ഋതു



**ടീം സ്വസ്തി**

ചീഫ് എഡിറ്റർ:
**കൊയ്ത്തോടി ചെറുമുക്കു പരമേശ്വരൻ** 9072383651

അസോസിയേറ്റ് എഡിറ്റർ:
**പാനാട് പദ്മനാഭൻ നമ്പൂതിരി** 9400992823

മാനേജിംഗ് എഡിറ്റർ:
**ഉമശ്രീ കിഴക്കുമ്പാട്** 9496164912

അംഗങ്ങൾ:
ഡോ. വീട്ടിക്കാട്ട് പരമേശ്വരൻ നമ്പൂതിരി, വി.ഇ. നാരായണൻ നമ്പൂതിരി,
വിനോദ് മങ്ങത്തായ, രവി മങ്ങത്തായ

മാനേജിംഗ് കമ്മിറ്റി

പ്രിന്റർ ആന്റ് പബ്ലിഷർ
കെ.ഐ.വിഷ്ണു നമ്പൂതിരി 9496925471

അംഗങ്ങൾ: നാറണിയാട് ദാമോദരൻ നമ്പൂതിരി
കിഴക്കുമ്പാട് ഉണ്ണികൃഷ്ണൻ നമ്പൂതിരിപ്പാട്

പരസ്യം:
ജയൻ പഴങ്ങോട്ടുപൊറ്റ 9745137987

ജില്ലാ സെക്രട്ടറി
താമരക്കുളം ദിവാകരൻ നമ്പൂതിരി 9447337337

ഡിസൈനിംഗ്
റീഡിഫൈൻ ഗ്രാഫിക്സ്, കോയൻകോ ബസാർ, കോഴിക്കോട് -673001,
മൊബൈൽ: 9847941277, 9847907630

വര: കൃഷ്ണൻ പാതിരിശ്ശേരി, പ്രീത കോരമ്പറ്റ

Printed & Published by
K.I. Vishnu Namboodiri



യോഗക്ഷേമസഭ
സ്വസ്തി
ത്രൈമാസിക


## ഗുരുപ്രസാദം

ആലപ്പുഴയിലവസാനിച്ച 'അദ്വൈതം 2019' പതിവിൽ നിന്നു വ്യത്യസ്തമായ ചില പ്രതീക്ഷകൾ ഉയർത്തുന്നു എന്നത് ഏറെ ആശാവഹമാണ്. സ്വപ്നം കാണാൻ കഴിയുന്നവനേ അത് സാക്ഷാത്കരിക്കാനാവൂ എന്ന എ.പി.ജെ. അബ്ദുൾ കലാമിന്റെ വാക്കുകൾ ഈ അവസരത്തിൽ നമുക്കോർക്കാം. നമ്മൾ സ്വപ്നം കാണാൻ തുടങ്ങിയിരിക്കുന്നു എന്നതിനു തെളിവാണ് ആലപ്പുഴ സമ്മേളനം മുന്നോട്ടു വയ്ക്കുന്ന കർമ്മപദ്ധതി. ഇത് സഫലമാകട്ടെ എത്രയും വേഗം.

അജ്ഞാന തിമിരാന്ധസ്യ
ജ്ഞാനാഞ്ജന ശലാകയാ
ചക്ഷുരുന്മീലിതം യേന
തസ്മൈ ശ്രീ ഗുരവേ നമഃ

അജ്ഞാനമാകുന്ന തിമിരത്തെ ഇല്ലാതാക്കാൻ ജ്ഞാനമാകുന്ന അഞ്ജനം കൊണ്ടെഴുതി കണ്ണു തുറപ്പിക്കുന്ന ഗുരുവിനെ നമസ്കരിക്കുന്ന ഭാരതം ഗുരുവിന്റെ മഹത്വത്തെയാണ് ഉദ്ഘോഷിക്കുന്നത്. ഗുരുവെന്ന സങ്കല്പം ലോകത്തെ ഒട്ടുമിക്ക മതങ്ങളിലും സംസ്കാരങ്ങളിലും നിലനിൽക്കുന്നുണ്ട്. എന്നാൽ ഭാരതത്തെപ്പോലെ ഗുരുവിന് ഇത്രയധികം പ്രാധാന്യം നൽകുന്ന മറ്റൊരു സംസ്കാരം ലോകത്തുണ്ടോയെന്ന് സംശയമാണ്. വേദങ്ങളിലും ഉപനിഷത്തുകളിലും സ്മൃതിശ്രുതികളിലും പുരാണേതിഹാസങ്ങളിലുമെല്ലാം ഗുരുവെന്ന സങ്കല്പം പ്രാധാന്യത്തോടു കൂടി വിവരിക്കപ്പെട്ടിട്ടുണ്ട്.

നമ്മുടെയിടയിൽ, പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തുകൊണ്ട് സാർത്ഥക ജീവിതം നയിക്കുന്ന ഗുരുശ്രേഷ്ഠരെ പരിചയപ്പെടുത്താൻ നവരാത്രി ആഘോഷിക്കപ്പെട്ട ഈ വേള എന്തുകൊണ്ടും ഉചിതമാണ്. കർമ്മക്ഷേത്രങ്ങളിൽ നിസ്വാർത്ഥ കർമ്മയോഗികളായി മാതൃകാ ജീവിതം നയിക്കുന്ന ചില വ്യത്യസ്ത വ്യക്തിത്വങ്ങളെ അവതരിപ്പിക്കുവാനുള്ള എളിയ ശ്രമമാണ് ഈ ലക്കത്തിൽ...ഭാരതത്തിലെ ഗുരുപരമ്പരയുടെ സ്മരണ ഇതിന് പ്രചോദനമാവട്ടെ.

വിദ്യാരംഭം കരിഷ്യാമി
സിദ്ധിർ ഭവതുമേ സദാ
ഗുരുപാദങ്ങളിൽ ഈ ലക്കം സമർപ്പിക്കുന്നു

**പത്രാധിപർ**

# ആരൊക്കെ എന്തൊക്കെ


| | | |
|---|---|---|
| ഗുരുപാദങ്ങളിൽ | കെ.പി.ശൈലജ | 3 |
| അദ്വൈതം നൽകുന്ന പ്രതീക്ഷകൾ | | 4 |
| മുല്ലമംഗലത്തുണ്ട് കുഞ്ഞുണ്ണിമാഷും കുട്ട്യോളും | മുരളി കൂടല്ലൂർ | 7 |
| പിതൃവാത്സല്യം സംഗീതം | കൃഷ്ണൻ എം.എൻ. | 10 |
| വൈദികരിലെ സാധാരണക്കാരൻ | മേല്പള്ളി നാരായണൻ അടിതിരിപ്പാട് | 13 |
| രഹസ്യമായി പരീക്ഷ പാസ്സായി ടീച്ചറായത് വിപ്ലവം | വിനോദ് മങ്ങത്തായ | 16 |
| സകലകലാ വല്ലഭൻ | എ.കെ.ഉഷ | 18 |
| നാടകമേ ഉലകം | വിദ്യ കൊയ്ത്തടി | 20 |
| കാവ്യം സുഗേയം കഥ വാമനീയം | വൈത്തല നാരായണൻ നമ്പൂതിരി | 23 |
| കരിക്കാടിന്റെ ഗുരു | പാലശ്ശേരി ഉണ്ണികൃഷ്ണൻ നമ്പൂതിരി | 25 |
| കേളികളാടി മുദ്രാ രാഗമാലകൾ പാടി | ഗീതാനാരായണൻ വേന്ത്രക്കാട്<br>നിഷാരവി പെരുമ്പടപ്പ് | 27 |
| ഏറനാടൻ തമ്പുരാന്മാർ | രവി മങ്ങത്തായ | 30 |
| ചന്ദ്രയാനിയൻ | ഉമശ്രീ കിഴക്കുമ്പാട്<br>ജയൻ പഴങ്ങോട്ടുപൊറ്റ | 39 |
| കടലിരമ്പം പോലെ കെ.എൻ. | വിഷ്ണു പുല്പറമ്പിൽ | 42 |
| ശ്രാദ്ധം | രഘുനാഥ് പി.കെ. | 44 |
| ചരിത്രരേഖകളുടെ സൂക്ഷിപ്പുകാരൻ | മുരളി പാലക്കൽ | 46 |

**കത്തുകൾ, അനുശോചനം, കുട്ടികളുടെ രചനകൾ, ഉപസഭാ വാർത്തകൾ, പാണിഗ്രഹണം, അഭിനന്ദനം**

കവിത

# ഗുരുപാദങ്ങളിൽ



കെ.പി. ശൈലജ
9946331863



അക്ഷരം നാവിൻതുമ്പിൽ,
അരിയിങ്കലും പിന്നെ -
യക്ഷിയിൽ മനസ്സിലു-
മാവോളം പകർന്നോരേ

അക്ഷയജ്ഞാനത്തിന്റെ
കവാടമനായാസം
അക്ഷീണം, ദിനംതോറും
ഞങ്ങൾക്കായ് തുറന്നോരേ

ധർമ്മഭൂമിയായീടും
ഭാരതസംസ്കാരത്തെ
സ്സമ്മോദം ഞങ്ങൾക്കായി-
ട്ടേകിയ വരിഷ്ഠരേ

വിജ്ഞരാമാചാര്യരേ,
നിങ്ങൾതൻ പാദങ്ങളിൽ
അജ്ഞരാം ഞങ്ങൾ വർണ്ണ-
പ്പൂക്കളിന്നർച്ചിയ്ക്കുന്നു.

ഇരുൾ മൂടിയ വഴി-
ത്താരയിൽ ഞങ്ങൾ പോകേ
തിരിനാളവുമേന്തി
നിങ്ങളുണ്ടല്ലോ കൂടെ

നിങ്ങൾതൻ വിരൽത്തുമ്പിൻ
ധൈര്യത്താൽ നടക്കുന്നൂ
ഞങ്ങളീ ഭുവനത്തിൻ
വീഥിയിൽ, വീഴാതെന്നും.

നിങ്ങൾ തന്നതാം സ്നേഹ
കവചം സംരക്ഷിപ്പൂ
ഞങ്ങളെയിജ്ജീവിത
സംഗ്രാമ ഭൂവിൽ നിത്യം

അന്നം നേടുവാൻ ധൈര്യം
തന്നതും നിങ്ങൾ തന്നെ
മന്നിതിൽ വാസസ്ഥാനം,
വസ്ത്രവും തരുന്നതും

അച്ഛനമ്മമാർക്കൊപ്പ,
മീശ്വരൻമാർക്കുമൊപ്പ -
മെപ്പോഴും വന്ദിക്കേണ്ടോർ
തന്നെയാണല്ലോ നിങ്ങൾ .

എങ്ങിരുന്നാലും മുന്നിൽ
കാണുംപോൾ പ്രണമിപ്പൂ
നിങ്ങളെ, ശ്ശിരസ്സിൽക്കൈ
വെച്ചനുഗ്രഹിച്ചാലും!

# 'അദ്വൈതം' നൽകുന്ന പ്രതീക്ഷകൾ

**അദ്വൈതം 2019 ആലപ്പുഴയിൽ വച്ച് നിലവിൽ വന്ന പുതിയ സംസ്ഥാന കമ്മറ്റി പതിവിൽ വ്യത്യസ്തമായി ഭാവി പ്രവർത്തനങ്ങളുടെ ഏകദേശ രൂപരേഖ - വിഷൻ - 22 തങ്ങളുടെ നയപ്രഖ്യാപനത്തിലൂടെ അന്നേ ദിവസം നൽകിയത് സഭാംഗങ്ങൾക്ക് പുത്തൻ പ്രതീക്ഷകൾ നൽകുന്നു. സഭ നേരിടുന്ന വെല്ലുവിളികളെ അതിജീവിക്കാൻ അഥവാ അതിനുള്ള മാർഗം കാണിച്ചു കൊടുക്കാൻ, സഭയെ നയിക്കാൻ പുതിയ സംസ്ഥാന കമ്മറ്റിയുടെ കരുത്തുറ്റ കരങ്ങൾക്ക് കഴിയുമെന്ന ശുഭാപ്തി വിശ്വാസത്തിൽ ആ നയപ്രഖ്യാപനം സ്വസ്തിയിലൂടെ സമുദായാംഗങ്ങൾക്കായി.**

ആലപ്പുഴയിൽ വച്ച് നടന്ന യോഗക്ഷേമസഭാ സംസ്ഥാന സമ്മേളനം 'അദ്വൈതം 2019' ന്റെ പ്രൗഢഗംഭീരമായ സമാപന സമ്മേളനത്തിൽ പുതിയ കമ്മറ്റിയ്ക്ക് വേണ്ടി ജനറൽ സെക്രട്ടറി സുബ്രഹ്മണ്യൻ നമ്പൂതിരി അവതരിപ്പിച്ച നയപ്രഖ്യാപനത്തിന്റെ പ്രസക്തഭാഗങ്ങൾ:

**സംസ്ഥാന ഭാരവാഹികളുടെ ജില്ലാ സന്ദർശനം**

സംസ്ഥാന ഭാരവാഹികൾ ജില്ലാ സന്ദർശനം നടത്തി സഭാ പ്രവർത്തനം നേരിട്ട് വിലയിരുത്തത്തും. 2019 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലായി ജില്ലാ പര്യടനം പൂർത്തീകരിക്കും. സംസ്ഥാന സഭ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ, അവയുടെ പ്രവർത്തനം എന്നിവ ജില്ലാ ഉപസഭാ പ്രവർത്തകരെ ബോധ്യപ്പെടുത്തും. ഉപസഭകളുടെ പ്രവർത്തന ഏകീകരണം, മെമ്പർഷിപ്പ് കൂട്ടൽ, സഭാതർക്കങ്ങൾ, പരാതികൾ പരിഹരിക്കൽ എന്നിവ പര്യടനത്തിന്റെ ഭാഗമായി ഉണ്ടാകും . പ്രവർത്തനത്തിൽ പിറകോട്ട് നിൽക്കുന്ന ഉപസഭകൾക്കും ജില്ലാ സഭകൾക്കും കൃത്യമായ നിർദ്ദേശങ്ങൾ നൽകുകയും പ്രവർത്തനോന്മുഖമാക്കുകയും ചെയ്യും . ഓരോ ജില്ലയിലും നിലച്ചുപോയ ഉപസഭകളുടെ പുനഃക്രമീകരണം, പുതിയ ഉപസഭകളുടെ സാദ്ധ്യതകൾ എന്നിവ പഠിക്കണം.

**മെമ്പർഷിപ്പുകൾ**

സഭാപ്രവർത്തനങ്ങളെ കൃത്യമായി ചിട്ടപ്പെടുത്തി മികച്ച ഒരു സംഘടനയായി സഭയെ വളർത്തേണ്ടതുണ്ട്. അതിന് അത്യന്താപേക്ഷിതമായിട്ടുള്ളത് സംഘടനയിലെ അംഗസംഖ്യ വർദ്ധിപ്പിക്കുക എന്നതാണ്. കേവലം 50 % മാത്രമാണ് ഇന്ന് സഭയുടെ ഭാഗമായി പ്രവർത്തിക്കുന്നത്. വരുന്ന മൂന്ന് വർഷം കൊണ്ട് മുഴുവൻ സമുദായാംഗങ്ങളെയും സഭയുടെ ഭാഗമാക്കണം. 2020 ജനുവരി, ഫെബ്രുവരി, മാർച്ച് എന്നീ മാസങ്ങളിൽ സംഘടനാ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും, മെമ്പർഷിപ്പുകൾ വർദ്ധിപ്പിക്കുന്നതിനും, സംഘടനാ പ്രവർത്തകരിൽ മികവ് വർദ്ധിപ്പിക്കുന്നതിനുമുള്ള പഠന ക്യാമ്പുകൾ, ക്ലാസ്സുകൾ, പരിശീലനകളരികൾ എന്നിവയ്ക്ക് പ്രാധാന്യം നൽകും.

**വിദ്യാഭ്യാസം, തൊഴിൽ**

യുവജനങ്ങളിൽ വിദ്യാഭ്യാസം തൊഴിൽ എന്നിവയെ അടിസ്ഥാനമാക്കിയുള്ള ബൃഹത്തായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകും. വരുന്ന പത്തുവർഷം കൊണ്ട് സമുദായ അംഗങ്ങളുടെ വിദ്യാഭ്യാസം, തൊഴിൽ രംഗങ്ങളിൽ സമഗ്രമായ മാറ്റവും, അഭൂതപൂർവ്വമായ വളർച്ചയും ഉണ്ടാക്കിയെടുക്കുന്നതിനും, സർക്കാർ ജോലികളിൽ കൂടുതൽ സേവനം അനുഷ്ഠിക്കുന്നതിനും, ഉന്നത സ്ഥാനങ്ങളിൽ എത്തിപ്പെടുന്നതിനും വിദ്യാഭ്യാസം തൊ














ടി.ആർ.വല്ലഭൻ
നമ്പൂതിരിപ്പാട്
പ്രസിഡന്റ്



എം.വി.സുബ്രഹ്മണ്യൻ
ജനറൽ
സെക്രട്ടറി



പ്രൊഫ. ചെമ്മരം
നാരായണൻ
ട്രഷറർ



മുല്ലപ്പള്ളി
കൃഷ്ണൻ നമ്പൂതിരി
വൈസ് പ്രസിഡന്റ്



കൊല്ലോറ്റ ഉണ്ണികൃ
ഷ്ണൻ നമ്പൂതിരി
കോഴിക്കോട് മാതൃസഭാ
പ്രതിനിധി



ലത തായട
കോഴിക്കോട്
വനിതാ വിഭാഗം
പ്രതിനിധി

ഴിൽ എന്നിവയുടെ ഉന്നമനത്തിനായി നടപ്പിലാക്കുന്ന പദ്ധതികൊണ്ട് സാധ്യമാകുമെന്ന് വിശ്വസിക്കുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളെ കണ്ടെത്തി അവർക്ക് അർഹമായ വിദ്യാഭ്യാസം നൽകുന്നതിനുള്ള പദ്ധതികൾ സഭ ആലോചിച്ചുവരികയാണ്.

**വിദ്യാഭ്യാസ പദ്ധതി (ഒന്നാം ഘട്ടം)**

2019 സെപ്തമ്പർ 12 ന് സംസ്ഥാനസമ്മേളനത്തിന്റെ ഭാഗമായി നടന്ന സംസ്ഥാന കൗൺസിൽ യോഗം പാസ്സാക്കിയ വിദ്യാഭ്യാസപദ്ധതി നടപ്പിലാക്കുന്നതിന്റെ ഒന്നാം ഘട്ടം എന്ന നിലയിൽ സഭാംഗങ്ങളുടെ കുട്ടികളിൽ വിദ്യാഭ്യാസം നടത്തിവരുന്നവരുടെ സെൻസസ്സ് എടുക്കും. പാവപ്പെട്ട കുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസം സാദ്ധ്യമാക്കുന്നതിനുള്ള സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്തി നൽകും.

**വാർദ്ധക്യസംരക്ഷണ കേന്ദ്രങ്ങൾ**

അനാഥരാകുന്ന വൃദ്ധമാതാപിതാക്കൾക്കു വേണ്ടി മുൻ ഭരണസമിതികൾ വിഭാവനം ചെയ്ത ശങ്കരഭവനപദ്ധതി നടപ്പിലാക്കുന്നതിന് തുടക്കം കുറിക്കും.

**സാമൂഹ്യ പ്രവർത്തനം**

സമൂഹത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്നതിനും, സാമൂഹ്യനവോത്ഥാന ശക്തിയായി വളരാനും ഉള്ള സഭയുടെ കാഴ്ചപ്പാടിനെ യുവജനങ്ങളിലൂടെ വളർത്തിക്കൊണ്ടുവരുന്നതിന് പ്രോത്സാഹനം നൽകും.

ബ്രാഹ്മണസമുദായം, നമ്മുടെ ആചാരാനുഷ്ഠാനങ്ങൾ എന്നിവ വെല്ലുവിളികളെ നേരിടുകയാണ്. അത്തരം വെല്ലുവിളികളെ രാഷ്ട്രീയലക്ഷ്യം കൂടാതെ സഭ ഒറ്റക്കെട്ടായി നേരിടും. സമുദായത്തെ പുച്ഛിക്കുന്നവർക്ക് കൃത്യമായ



മറുപടി നൽകാൻ സഭ മറക്കില്ല.

**ആദ്ധ്യാത്മിക, ആചാരസംരക്ഷണം, സംസ്കൃത പഠനം**

സഭയുടെ പ്രഖ്യാപിത ലക്ഷ്യങ്ങളാണിവ. അവ കൃത്യതയോടെ പുലർത്തുന്നതിനും, സംരക്ഷിക്കുന്നതിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യും.

അഖിലകേരള ശാന്തിക്ഷേമ യൂണിയൻ, അഖിലകേരള തന്ത്രിമണ്ഡലം, അഖില കേരള തന്ത്രിസമാജം, അഖിലകേരള വൈദികപരിഷത്ത് എന്നിവയുടെ സഹകരണം ഈ രംഗത്ത് ലഭ്യമാക്കും.

**സോണൽ ഓഫീസുകൾ**

സഭയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും, സുഗമമാക്കുന്നതിനും മൂന്ന് മേഖലകളിലും സോണൽ ഓഫീസുകൾ പ്രവർത്തനം ആരംഭിക്കും. കേരളത്തിന്റെ തലസ്ഥാന നഗരി എന്ന നിലയിൽ തിരുവനന്തപുരത്തെത്തുന്നവർക്ക് എല്ലാവിധ സഹായങ്ങളും ലഭ്യമാക്കുന്നതിനുള്ള എല്ലാ സൗകര്യങ്ങളും ഒരുക്കും. അതിന്ന് പ്രത്യേക സർവ്വീസ് സെൽ പ്രവർത്തിക്കും. വനിതാസഭയുടെയും, യുവജനസഭയുടെയും വളർച്ചയ്ക്കും പ്രവർത്തനത്തിനുമുള്ള സാഹചര്യം ഒരുക്കും. അതോടൊപ്പം ബാലജനസഭ, യുവശക്തി എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കും.

**പബ്ലിസിറ്റി**

സഭയുടെ പ്രവർത്തനങ്ങൾ കൂടുതൽ







ജനകീയവും, സുതാര്യവുമാക്കുന്നതിന് സഭയുടെ നിലവിലുള്ള പ്രസിദ്ധീകരണങ്ങളുടെ സൗകര്യം പരമാവധി പ്രയോജനപ്പെടുത്തും. അതോടൊപ്പം പൊതുമാധ്യമങ്ങളെയും സോഷ്യൽ മീഡിയകളെയും വേണ്ടവിധം പ്രയോജനപ്പെടുത്തും. സഭയുടെ ഐ.ടി. വിഭാഗം സുശക്തമാക്കും. മുൻ ഭരണസമിതി തുടക്കം കുറിച്ച മെമ്പർഷിപ്പ് ഡിജിറ്റലൈസേഷൻ പൂർണ്ണതയിൽ എത്തിക്കുന്നതിനും ആദ്യത്തെ മൂന്ന് മാസം കൊണ്ട് സാധിക്കുമെന്ന് വിശ്വസിക്കുന്നു. മൂന്നുമാസം കൂടുമ്പോൾ സംസ്ഥാനസഭ വാർത്താബുള്ളറ്റിൻ പ്രസിദ്ധീകരിക്കും.

**അച്ചടക്കം പാലിക്കൽ**

സഭ വളരണമെങ്കിൽ സഭയ്ക്ക് കൃത്യമായ പ്രവർത്തനരൂപരേഖയും അച്ചടക്കവും അനിവാര്യമാണ്. അച്ചടക്കമുള്ള പ്രവർത്തകരാണ് സഭയുടെ ശക്തി. കൃത്യമായ അച്ചടക്ക നടപടികൾ പ്രവർത്തനരംഗത്ത് സ്വീകരിക്കും. അതിന് പ്രത്യേകം അച്ചടക്കസമിതിയെ നിശ്ചയിക്കും.

**മൈക്രോ യൂണിറ്റുകളുടെ പ്രവർത്തനം**

മൈക്രോ യൂണിറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്. അതിനുള്ള നടപടികൾ സ്വീകരിക്കും. സഭാംഗങ്ങളുടെ വരുമാന സ്രോതസ്സായി മൈക്രോയൂണിറ്റുകളെ വളർത്തിക്കൊണ്ടുവരണം. അതിനുള്ള തീവ്രശ്രമം ഉണ്ടാകും.

## വനിതാ സാരഥികൾ



*സോയ അന്തർജ്ജനം*
*പ്രസിഡന്റ്*



*കെ.ജയശ്രീ*
*സെക്രട്ടറി*



*ശാന്താദേവി*
*ട്രഷറർ*

**സാമ്പത്തിക അച്ചടക്കം**

ഏത് പ്രസ്ഥാനത്തിന്റെയും ശക്തമായ വളർച്ചയ്ക്ക് കടുത്ത സാമ്പത്തിക അച്ചടക്കം അനിവാര്യമാണ്. അധിക സാമ്പത്തിക സമാഹരണ സാധ്യതകളെ കണ്ടെത്തുന്നതിനുള്ള ശ്രമം ഉണ്ടാകും.

**നവോത്ഥാനം പദ്ധതി**

യോഗക്ഷേമസഭയുടെ പരിശീലനാധിഷ്ഠിത കർമ്മ പദ്ധതിയാണ് നവോത്ഥാനം. സഭാംഗങ്ങളുടെ സമഗ്രവികസനം ലക്ഷ്യമാക്കിയുള്ളതാണ് ഇത്. ഇതിന്റെ പ്രയോജനം സമുദായാംഗങ്ങളിൽ എത്തിക്കുന്നതിനുള്ള കർമ്മപരിപാടികൾ ആസൂത്രണം ചെയ്യും.

**പാരമ്പര്യ സമ്പ്രദായങ്ങളെ നിലനിർത്തൽ**

വേദം, പൂജ, ജ്യോതിഷം, തുടങ്ങിയ മേഖലകളിൽ പ്രാവീണ്യം നേടുന്നതിന് ആഗ്രഹിക്കുന്നവർക്ക് പ്രത്യേക സാഹചര്യം ഒരുക്കുന്നതിനും, അതിന് കേന്ദ്രസർക്കാരിന്റെതുൾപ്പെടെ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുള്ള ശ്രമം നടത്തുകയും ചെയ്യും. ഇതിന്റെ പ്രവർത്തനത്തിന് വൈദിക പരിഷത്ത്, അഖിലകേരള തന്ത്രിസമാജം, അഖില കേരള തന്ത്രിമണ്ഡലം, അഖിലകേരള ശാന്തിക്ഷേമ യൂണിയൻ എന്നിവയുമായുള്ള ബന്ധം ദൃഢമാക്കിക്കൊണ്ട് കൂട്ടായ്മയോടെ പ്രവർത്തിക്കും.

**ഇതര ബ്രാഹ്മണ സംഘടനകളുമായുള്ള കൂട്ടായ്മ**

ഇതര ബ്രാഹ്മണസംഘടനകളുമായി ചേർന്ന് പ്രവർത്തിക്കാവുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കും. എ.കെ.ബി.എഫ്, എ.ഐ.ബി.എഫ്. എന്നിവയുമായി ചേർന്നുള്ള പ്രവർത്തനം ഊർജ്ജിതമാക്കും. മുന്നോക്ക സമുദായങ്ങളുടെ കൂട്ടായ്മയിൽ പങ്കുചേർന്ന് അവകാശങ്ങൾ നേടിയെടുക്കുന്നതിനുള്ള പോരാട്ടങ്ങൾ നടത്തും.

സഭയുടെ പോഷകഘടകങ്ങളുടെയും സഹോദര പ്രസ്ഥാനങ്ങളുടെയും പൂർണ്ണ പിൻതുണയും സഹായവും യോഗക്ഷേമസഭ ഇത്തരം പദ്ധതികൾക്കുവേണ്ടി അഭ്യർത്ഥിക്കുകയാണ്. 2019 – 22 കാലഘട്ടത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതി എന്ന നിലയിൽ സഭയുടെയും സഭാംഗങ്ങളുടെയും ഉന്നമനം മാത്രമായിരിക്കും ഭരണസമിതിയുടെ ലക്ഷ്യം .

## യുവജന സാരഥികൾ



*ഹരിശങ്കർ*
*പ്രസിഡന്റ്*



*ശന്തനു*
*സെക്രട്ടറി*



*നാരായണൻ തേവർക്കാട്*
*ട്രഷറർ*








### ഗുരുകുലം പുനർജ്ജനിക്കുന്നു

# മുല്ലമംഗലത്തുണ്ട് കുഞ്ഞുണ്ണിമാഷും കുട്ട്യോളും..



മുരളി കൂടല്ലൂർ
9496057392

കഠിനമായ പഴയ സമ്പ്രദായങ്ങളെ നുള്ളി ദൂരെക്കളഞ്ഞ് സ്നേഹവും അടുപ്പവുമായി പെരുമാറിയാൽത്തന്നെ 'ഓത്തുചൊല്ലാൻ' കുട്ടികൾ വന്നുകൊള്ളും എന്നതാണ് നാരായണൻ നമ്പൂതിരിയുടെ അനുഭവ സാക്ഷ്യം. എന്തിനും ഏതിനും അദ്ദേഹവും കുടുംബവും കുട്ടികളോടൊപ്പമുണ്ടാവും. നാരായണൻ നമ്പൂതിരിയും കുട്ടികളും ഒരുമിച്ചാണ് സ്കൂളിലേക്കും പോകാറ്. ഈ യാത്ര നാട്ടുകാർക്കും കൗതുകമാണ്. നമ്പൂതിരിയും കുട്ടികളും പോവുന്നത് കാണുമ്പോൾ ചിലർ ചോദിക്കും എന്താ കുഞ്ഞുണ്ണിമാഷും കുട്ട്യോളും ഇന്ന് വൈക്യോന്ന്.

ഇദം ന മമ എന്ന വേദദർശനത്തിന്റെ അന്തഃസത്ത ആവാഹിച്ച് ജീവിത സാക്ഷാൽക്കാരത്തിന്റെ ഉത്തുംഗപീഠത്തിലേക്ക് പടികയറിപ്പോയവരായിരുന്നു ഭാരത്തിലെ പൂർവ്വസൂരികൾ. പാരാവാരംപോലെ അനന്തമായ വേദസംസ്കൃതിയെ വാമൊഴികളിലൂടെ പകർന്നുനൽകി അവർ കാത്തുസൂക്ഷിച്ചു.

വേദദർശനത്തിന്റെ സമസ്ത മേഖലകളെയും സമസ്പർശം ചെയ്തുകൊണ്ട് നിരവധി വേദാധ്യയന പാഠശാലകൾ ഇന്ന് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ സജീവമായി ഉയർന്നുകൊണ്ടിരിക്കുന്നു. എന്നാൽ അതിൽ നിന്നെല്ലാം വ്യത്യസ്തമായി സങ്കീർണ്ണമായ വേദപഠനത്തെ ആത്മീയാനുഭൂതിയുടെയും ഭൗതികാനന്ദത്തിന്റെയും പ്രതലത്തിൽ ഇരുത്തിക്കൊണ്ട് തികച്ചും സമർപ്പണമായി പകർന്നുനൽകുകയാണ് തൃശൂർ കുന്നംകുളം വടക്കേക്കാടിനടുത്തുള്ള വന്നേരി ഗ്രാമത്തിലെ മുല്ലമംഗലം നാരായണൻ നമ്പൂതിരി.

ഗുരുകുല സമ്പ്രദായത്തിന്റെ എല്ലാ നന്മകളും സ്വാംശീകരിച്ചുകൊണ്ട് എന്നാൽ നൂതനമായ പാഠ്യശൈലി ഉൾക്കൊണ്ട് കുട്ടികളെ ഓത്തുചൊല്ലിക്കുമ്പോൾ പഴയ ഭയചകിത ബാല്യങ്ങളിൽ നിന്നും വ്യത്യസ്തമായി കുട്ടികൾക്ക് ആനന്ദമയമായ ഒരു മാനസികാന്തരീക്ഷം പകർന്നുകിട്ടുന്നു. കഠിനമായ പഴയ സമ്പ്രദായങ്ങളെ നുള്ളി ദൂരെക്കളഞ്ഞാൽ തന്നെ 'ഓത്തുചൊല്ലാൻ' കുട്ടികൾ വന്നുകൊള്ളും എന്നതാണ് നാരായണൻ നമ്പൂതിരിയുടെ അനുഭവസാക്ഷ്യം.

കുട്ടികൾ അഞ്ചു മണിയാവുമ്പോഴേക്കും എഴുന്നേൽക്കും. പ്രാഥമിക കർമ്മങ്ങൾ കഴിഞ്ഞ് ആറു മണിക്ക് വേദം ചൊല്ലാനിരിക്കും. അത് എട്ടേമുക്കാൽ വരെയൊക്കെ നീണ്ടുപോകും. അതു കഴിഞ്ഞാൽ കാപ്പികുടിയാണ്. പിന്നെ സ്കൂളിലേക്ക്. ഈ കുട്ടികളെല്ലാം മുല്ലമംഗലത്തടുത്തുള്ള സ്കൂളുകളിൽ തന്നെയാണ് പഠിക്കുന്നതും. സ്കൂളിൽ നിന്നെത്തിയാൽ ലഘുഭക്ഷണത്തിനു ശേഷം അല്പനേരം വിനോദം, കളികൾ. പിന്നെ കുളി, സന്ധ്യാവന്ദനം, ജപം എല്ലാം കഴിഞ്ഞാൽ അത്താഴം തയ്യാറാക്കിവെച്ചിട്ടുണ്ടാകും അന്തർജ്ജനം. ചില ദിവസങ്ങളിൽ അദ്ദേഹം കുടുംബത്തോടൊപ്പം വിദ്യാർത്ഥികളെയും കൂട്ടി പുറത്തിറങ്ങും. ചിലപ്പോൾ സിനിമക്കും പോകും. ആ യാത്ര നാട്ടുകാർക്കും ഒരു കൗതുകമാണ്. എല്ലാവരും ഒരുമിച്ചാണ് സ്കൂളിലേക്കും പോവുക. നമ്പൂതിരിയും കുട്ടികളും പോവുന്നത് കാണുമ്പോൾ ചിലർ ചോദിക്കും എന്താ കുഞ്ഞുണ്ണിമാഷും കുട്ട്യോളും ഇന്ന് വൈക്യേന്ന്.

മുല്ലമംഗലത്തെ പൂജാദി– തേവാര കാര്യങ്ങൾക്ക് മുഖ്യസഹായിയായിട്ടുള്ളത് ശ്രീധരൻ എന്ന 'നവയൗവ്വന' വേദപ്രതിഭയാണ്. ഗുരുവിന്റെ അഭാവത്തിൽ ശ്രീധരനാണ് വേദാധ്യായനം നടത്തുന്നത്. ഈ ഉണ്ണി തന്നെയാണ് നാരായണൻ നമ്പൂതിരിയുടെ പ്രഥമ ശിഷ്യനും. ആ കഥ നമ്പൂതിരി പരാമർശിച്ചത് വിധിയുടെ അപ്രതിരോധമായ കടന്നുവരവിനെ നമിച്ചുകൊണ്ടാണ്. മുല്ലമംഗലത്തെ പൂമുഖപ്പടിയി



*നാരായണൻ നമ്പൂതിരിയും ശിഷ്യന്മാരും*



ആദ്യ ശിഷ്യൻ പുരളിപ്പുറം ശ്രീധരൻ



ലിരുന്ന് അദ്ദേഹം ആ യാദൃച്ഛിക സംഭവം അയവിറക്കി.

പഠന കാലത്തും അധ്യാപക ജോലി തരപ്പെടുന്നതിനു മുമ്പും കുറേ കാലം പരികർമ്മത്തിനും ദേഹണ്ഡത്തിനും ആനപ്പുറം കയറാനുമൊക്കെ പോയിരുന്നു. പരികർമ്മങ്ങൾക്ക് സ്ഥിരായിട്ട് കൂടെ ഉണ്ടാവാറുണ്ടായിരുന്ന പുരളിപ്പുറം നമ്പൂതിരി ഒരിക്കൽ പറഞ്ഞു. നേരാംവണ്ണം സന്ധ്യാവന്ദനം ചെയ്യാൻ പോലും ഉണ്ണിക്ക് നിശ്ചല്യാ. തന്റെ വേദതാല്പര്യവും മറ്റും എനിക്കറിയാം. ന്റെ ഉണ്ണിയെ ഞാൻ തന്റടുത്ത് കൊണ്ടാക്കാണ്. എന്താച്ചാ വേണ്ടത് ചെയ്തോളാ. എന്താ ചെയ്യാ? ഞാൻ ആയ്ക്കോട്ടെന്ന് പറഞ്ഞു. അങ്ങിനെയാണ് സത്യത്തിൽ 2012-ൽ ഈ വേദപാഠശാലക്ക് തുടക്കമായത്. ആദ്യ വിദ്യാർത്ഥി ദാ ആ കുട്ടിയാണ്.'' തൊട്ടടുത്ത് നിന്നിരുന്ന ശ്രീധരനെ നോക്കി നാരായണൻ നമ്പൂതിരി അഭിമാനത്തോടെ പറഞ്ഞു. ഞാൻ കുട്ടികളോട് പഠിക്കാൻ പറയാറില്ല. അവർക്കതിനായി പ്രത്യേക സമയവുമില്ല. എങ്കിലും ആരും മോശമല്ല. 75-80 ശതമാനം മാർക്ക് വാങ്ങുന്നു. മിക്കവാറും എല്ലാ കുട്ടികളും.

ശ്രീധരനു ശേഷം ക്രമേണയായി മറ്റു ബാലന്മാരും പാഠശാലയിലെത്തി. ഇപ്പോൾ മൊത്തം ഇരുപത് കുട്ടികളുണ്ട്. അദ്ദേഹത്തിന്റെ രണ്ട് ഉണ്ണികൾ ഉൾപ്പെടെ. കുട്ടികൾക്ക് താമസിക്കാൻ മൂന്നാം നിലയിൽ വിശാലമായ ഹാൾ നന്നായി ഫർണിഷ് ചെയ്ത് ഒരുക്കിയിരിക്കുന്നു. കട്ടിലുകളും ഫാനുകളും കിടക്കകളും എല്ലാം സജ്ജമാണ്. ഇല്ലത്തുനിന്നും മാറിനിൽക്കുന്ന ഒരു വിഷാദം ആർക്കും തന്നെ ഉണ്ടാവരുതെന്ന് അദ്ദേഹത്തിന് നിർബന്ധമാണ്. അതുകൊണ്ടുതന്നെ എല്ലാ കുട്ടികളുമായി സ്നേഹത്തിന്റെ, വാത്സല്യത്തിന്റെ ഇഴയടുപ്പം കാത്തുസൂക്ഷിക്കുന്നു. ഈയടുപ്പം ഉണ്ടാക്കിയതല്ല. ക്രമേണ ഉണ്ടായിവന്നതാണ്. ഒരച്ഛന്റെ അടുപ്പം. അമ്മയുടെ, മുത്തശ്ശിയുടെ അടുപ്പം. ബഹുമാനത്തിനപ്പുറം, സ്വാഭാവികമായും നാരായണൻ നമ്പൂതിരിയുടെ പത്നി അവർക്ക് അമ്മ തന്നെയായി മാറുന്നു. ഗുരുപത്നി സ്വമാതാവായി പരിണമിക്കുന്ന വേദസംസ്കൃതിയുടെ ഐതിഹാസികമാനത്തോടൊപ്പം നിൽക്കുന്നു, ഗുരുമാതാവ് സ്വന്തം മുത്തശ്ശിയായി മുല്ലമംഗലത്തെ പഠിതാക്കൾക്ക് അനുഭവവേദ്യമാവുകയും ചെയ്യുന്ന കാഴ്ച.

ശ്രീധരൻ കടവല്ലൂർ അന്യോന്യത്തിന് പങ്കെടുക്കാൻ പ്രാപ്തനായത് നമ്പൂതിരിക്ക് അതിരറ്റ ചാരിതാർത്ഥ്യം നൽകുന്നു. ശ്രീധരൻ എന്ന വിദ്യാർത്ഥിയുടെ പ്രവേശം പോലെത്തന്നെയായിരുന്നു നാരായണൻ നമ്പൂതിരിയുടെ വേദജീവിതത്തിലേക്കുള്ള നാൾവഴികളുടെ യാദൃച്ഛിക ചരിത്രവും. ഏഴാം വയസ്സിൽ തുടങ്ങേണ്ട, ഓത്തുചൊല്ലൽ നമ്പൂതിരി തുടങ്ങിയത് അത് പൂർത്തീകരിക്കേണ്ട പന്ത്രണ്ടാം വയസ്സിലാണ്. അനുജനെയായിരുന്നു അച്ഛൻ വേദം പഠിക്കാൻ ചേർത്തത്. ഒരിക്കൽ അടുത്തുള്ള അമ്പലത്തിൽ വച്ച് വേദജപം കേട്ട് അദ്ദേഹത്തിന് തന്റെ ജന്മദൗത്യത്തെക്കുറിച്ച് ഉൾവിളിയുണ്ടായി. അങ്ങിനെയാണ് മഠത്തിൽ വേദപഠനത്തിനായി ചേർന്നത്. മഠത്തിൽ അഞ്ചു വർഷം പഠിച്ചു. പ്രകൃതി, വികൃതി എന്നിവയിലെ പ്രകൃതിയിൽപ്പെട്ട സംഹിത സ്വായത്തമാക്കി. കഠിനാധ്വാനത്താൽ ഇച്ഛാശക്തിയുടെ പിൻബലത്തോടെ നാരായണൻ നമ്പൂതിരി വേദപഠനം തുടർന്നുപോന്നു. ഒപ്പം 'വിവേകോദയം' സ്കൂളിൽ ചേരുകയും പഠനവും വേദപഠനവും ഒരുമിച്ച് കൊണ്ടുപോവുകയും ചെയ്തു. എസ്. എസ്.എൽ.സി. പരീക്ഷ പാസ്സായി. തുടർന്ന് കൊടുങ്ങല്ലൂർ



കളിനേരം



കുഞ്ഞിക്കുട്ടൻ തമ്പുരാൻ കോളേജിൽ പ്രാക് ശാസ്ത്രിക്ക് ചേർന്നു. രണ്ടു വർഷം അവിടെ കഴിഞ്ഞു. സംഘടനാ പ്രവർത്തനങ്ങളിലും സ്കൗട്ടിലുമൊക്കെ നാരായണൻ നമ്പൂതിരി സജീവമായി. സാത്വികമായ സമരങ്ങൾക്ക് കൂടെ നിന്നു. പ്രാക്ശാസ്ത്രി കോഴ്സ് കഴിഞ്ഞെങ്കിലും അദ്ദേഹത്തിന് പരീക്ഷ എഴുതാനായില്ല. ദിനങ്ങൾ വിടർന്നും കൊഴിഞ്ഞും കാലം കടന്നുപോയി. പിന്നെ ദേഹണ്ഡം, പൂജ, ശാന്തി, വൈദികം എല്ലാ മേഖലയിലും തിളങ്ങിയ കർമ്മകാണ്ഡം. പ്രശസ്തരായ തന്ത്രിമാരോടൊപ്പം പരികർമ്മിയായി കേരളത്തിനു പുറത്തും പോയിട്ടുണ്ട് നാരായണൻ നമ്പൂതിരി. ഇതിനിടെ കുറച്ചുകാലം തൃശൂർ ബ്രഹ്മസ്വം മഠത്തിൽ അധ്യാപകനുമായി.

അതിനിടക്ക് തൊട്ടടുത്തുള്ള ക്രിസ്ത്യൻ മാനേജ്മെന്റ് സ്കൂളിലെ സംസ്കൃതാധ്യാപിക വിരമിക്കാറായിരുന്നു. പ്രസ്തുത ഒഴിവിലേക്ക് നാരായണൻ നമ്പൂതിരിയെ നിയമിക്കുവാനായി അച്ഛൻ മാനേജ്മെന്റിനെ സമീപിക്കുകയും, അവരത് അനുഭാവപൂർവ്വം പരിഗണിക്കുകയും ചെയ്തു. പക്ഷേ, സംസ്കൃതാധ്യാപകനാവാനുള്ള പ്രാക്-ശാസ്ത്രി പരീക്ഷ നമ്പൂതിരി പാസ്സായിട്ടുണ്ടായിരുന്നില്ല. പലതവണ നമ്പൂതിരിയെ തിരക്കിയെങ്കിലും വേദാനുസാരിയായി പരിണമിച്ചിരുന്ന നമ്പൂതിരിക്ക് പഠനത്തിൽ വേണ്ടത്ര ശ്രദ്ധകൊടുക്കാൻ സാധിക്കാതെ വന്നു. പരികർമ്മവും പണ്ഡിതസദസ്സുകളും സംവാദങ്ങളുമൊക്കെയായി നമ്പൂതിരിയുടെ ദേശാടനം മുറയ്ക്ക് നടന്നുപോരുമ്പോഴാണ് അച്ഛന്റെ ശാസനാരൂപത്തിലുള്ള വിളി വരുന്നതും തുടർന്ന് അച്ഛന്റെ താല്പര്യപ്രകാരം വൈലത്തൂർ സെന്റ് ഫ്രാൻസിസ് സ്കൂളിൽ അധ്യാപകനായി ചേരുന്നതും. പിന്നെയെല്ലാം ചരിത്രമാണ്. പ്രാക് ശാസ്ത്രി പരീക്ഷ പാസ്സായതും വേദ ഗുരുകുലം തുടങ്ങുന്നതുമെല്ലാം.

സംഗീതാധ്യാപിക ശ്രീരഞ്ജിനിയെ ജീവിതസഖിയായി സ്വീകരിച്ചു. വിശ്വജിത്, ആര്യൻ എന്നിവർ മക്കൾ. ശ്രീദേവി അന്തർജ്ജനമാണ് അമ്മ.

അബ്രാഹ്മിക മതസിദ്ധാന്തങ്ങളെയും 'വേദപുസ്തകം' എന്ന് വിളിച്ചാദരിക്കുന്ന 'മതേതര കാഴ്ചപ്പാടുകൾ'ക്ക് യഥാർത്ഥത്തിൽ വേദം എന്ന ഭാരതീയ ദർശനത്തിന്റെ പ്രാമാണികതയെപ്പറ്റി വലിയ ബോധമില്ല എന്നതാണ് വാസ്തവം. മുഗളന്മാരുടെ കാലഘട്ടത്തിൽ തുടങ്ങി ബ്രിട്ടീഷുകാർ തുടർന്നുപോന്ന 'വേദവധം' പഠിച്ച് വേദനിരാസത്തിന്റെ വക്താക്കളായി പല ബുദ്ധിജീവികളും മാറിയത് ആധുനിക ഭാരതത്തിന്റെ ശാപമാണ്.

ചതുർവേദങ്ങളും, ഉപനിഷത്തുക്കളും, പുരാണ ഇതിഹാസങ്ങളും, ശ്രുതി- സ്മൃതികളുമെല്ലാം വിവിധ ചിന്താസരണികളുടെ ആശയ പ്രസരണങ്ങൾ പ്രോജ്ജ്വലിക്കുന്ന ഒരു ഭൂമികയിൽ നിന്നുകൊണ്ട് ചർച്ച ചെയ്യേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് നാരായണൻ നമ്പൂതിരി വിശ്വസിക്കുന്നു.


പഠിപ്പിക്കുന്നവന് മാറ്റിമറിക്കുവാനും തെറ്റിദ്ധരിപ്പിക്കുവാനും പഴുതുകൾ യഥേഷ്ടമുള്ള ഒരത്ഭുത പ്രപഞ്ചമാണ് വേദങ്ങളും, അനുബന്ധ ഗ്രന്ഥങ്ങളും. ഉപനിഷത്തുകളും പുരാണങ്ങളും ഇതിഹാസങ്ങളും എല്ലാം പല പ്രകാരത്തിൽ പ്രസരിപ്പിക്കുന്നത് വേദസാരം തന്നെ. മാനുഷികമായ വ്യത്യസ്ത തലങ്ങളിൽ നിന്നുകൊണ്ട് വേദത്തിന്റെ പ്രാമാണിക തലത്തിലേക്ക് ആധുനിക മനുഷ്യന് ഉയരാവുന്നതാണ്. ഭയപ്പെടാതെയുള്ള ജീവിതസംസ്കാരമാണ് വേദം ഉദ്ഘോഷിക്കുന്നത്. നമ്പൂതിരിയുടെ ഭാഷയിൽ പറഞ്ഞാൽ 'ശിവൻ പ്രസാദിക്കണമെങ്കിൽ, ആദ്യം അവനവന്റെ മനസ്സ് പ്രസാദിക്കണം. അവനവനിലേക്ക് മുഖം തിരിച്ചാലേ, ഈശ്വരനിലേക്കും മുഖംതിരിക്കാൻ പറ്റൂ.'

ഞാനും ഈശ്വരനും രണ്ടല്ല എന്ന സത്യം തിരിച്ചറിയാൻ മനസ്സിന്റെ ഹിമാലയസാനുക്കളിലൂടെ നിരന്തരം തീർത്ഥാടനം നടത്തണം. അലഞ്ഞുതിരിയണം. ഒടുവിലാ സത്യം 'തത്വമസി' തിരിച്ചറിയുമ്പോൾ ഓരോ മനുഷ്യനും വേദജ്ഞനാകുന്നു. ജീവിതം സാർത്ഥകമാവുന്നു. നാരായണൻ നമ്പൂതിരിയുടെ ഈ മഹാഗുരുകുലം ഇക്കാലത്തും ഏറെ പ്രസക്തമാവുന്നതും വേറിട്ടുനിൽക്കുന്നതും ഇതുകൊണ്ടുതന്നെ. ●



*നാരായണൻ നമ്പൂതിരിയും കുടുംബവും ശിഷ്യന്മാരും*

# പിതൃവാത്സല്യം സംഗീതം



**കൃഷ്ണൻ എം.എൻ.**
**9446812131**

നീലാകാശത്തിനു കീഴിൽ സൂര്യചന്ദ്രന്മാർ മാറിമാറിയുയരുന്ന ഈ ബ്രഹ്മാണ്ഡകോണിൽ ഭൂമിയുടെ മടിത്തട്ടിൽ കുട്ടിയും ഉണ്ണിയുമായി പിറന്നുവീഴുന്നതിനു മുമ്പേ, അമ്മയുടെ ഗർഭപാത്രത്തിലിരിക്കെ തന്നെ ഈ ഗുരു തന്റെയീ രണ്ടു ശിഷ്യരെ പഠിപ്പിച്ചുതുടങ്ങി എന്നു പറഞ്ഞാൽ അതിശയോക്തിയാവില്ല. പിതാവും ഗുരുവും ഒന്നാവുക, ചതുഷ് സങ്കൽപ്പത്തിലെ മറ്റു രണ്ടു മൂലാധാരങ്ങളായ മാതാവും ദൈവവും എന്നും ഒപ്പമുണ്ടാവുക, ആ ഭാഗ്യം സിദ്ധിച്ചവരാണ് ഈ ശിഷ്യർ. ഗർഭാശയ കോണിലെ ആ ഇരുട്ടിൽ ബുദ്ധി ഉരുവപ്പെട്ടുവരുന്ന ആ ജൈവ നിമിഷങ്ങളിൽ തന്നെ അച്ഛന്റെ മധുരമായ സംഗീതം ഈ ശിഷ്യരുടെ ബോധത്തിൽ പ്രവേശിച്ച് തുടങ്ങിയിട്ടുണ്ടാവും. നാക്കും വാക്കും ഉറച്ചുതുടങ്ങിയ കാലത്തുതന്നെ കഥകളിസംഗീതമാണ് കുട്ടിയും ഉണ്ണിയും പാടിയത് എന്ന് ആ അമ്മ പറയുന്നു. അങ്ങനെയെങ്കിൽ മൂന്നാം വയസ്സിൽ അച്ഛന്റെ അടുത്തുനിന്ന് ദക്ഷിണവെച്ച് തുടങ്ങിയ സംഗീതാഭ്യസനം രണ്ടാം ഘട്ട പഠനമാണ് ശിഷ്യരായ ദീപ പാലനാടിനും സുദീപ് പാലനാടിനും. ഗുരു ഒരേയൊരു പാലനാടും. പാലനാട് ദിവാകരൻ.



**ദീപാ സുദീപുമാർക്ക് കിട്ടിയ ഗുരു മറ്റുള്ളവർക്ക് വിരളമായി കിട്ടുന്ന ഒരു സൗഭാഗ്യമാണ്. അച്ഛൻ തന്നെ ഗുരുവാകുക, ആ ഗുരു തന്റെ കലയെ തന്റെ കാലഘട്ടത്തിൽ അടയാളപ്പെടുത്തിയ ആളാകുക, ജീവിതത്തിൽ എന്നും ഇന്നും ആ ഗുരുസാമീപ്യമുണ്ടാവുക, പഠിച്ചുകൊണ്ടേയിരിക്കുക എന്നിങ്ങനെ.**

കഥകളിപ്പാട്ടിനെ മറ്റു സംഗീതങ്ങളിൽ നിന്ന് വ്യത്യസ്തമാക്കുന്നത് അത് അഭിനയ സംഗീതമാണ് എന്നതാണ്. കഥകളിപ്പദം കച്ചേരിയായി പാടുമ്പോഴും രംഗവും നടനെയും മുന്നിൽ കണ്ടു പാടുമ്പോഴാണ് അത് ആ കലയോടുള്ള നീതിപുലർത്തലാവുക. മലയാള ഗാന സംസ്കാരത്തിന്റെ മുഴുവൻ ചമൽക്കാരവും നമ്മെ അറിയിക്കാൻ പ്രാപ്തമായ വിശിഷ്ട മണ്ഡലമാണ് കഥകളി സംഗീതം. കളിയരങ്ങിൽ നവരസങ്ങളെ പാട്ടിലേക്ക് പരാവർത്തനം ചെയ്തുകൊണ്ടാണ് ഈ സംഗീതം ഉണ്ടാകുന്നത്. ഉച്ചാരണത്തിലും ഭാവോൽപ്പാദനത്തിലും ഭാവപ്പകർച്ചകളിലും ബദ്ധശുദ്ധമായ ഇതിനെ ഒരു വാചികാഭിനയം എന്നും പറയാം.

കഥകളി രൂപപ്പെട്ട കാലത്ത് കളിയിൽ നടൻ തന്നെ പാടി അഭിനയിക്കുമായിരുന്നുവത്രേ. പിന്നീട് സംഗീതവും അഭിനയവും വേറെയായി. പ്രശസ്തരായ പല കലാകാരന്മാരും പ്രതിഭകൊണ്ട് ഈ സംഗീതത്തെ അവിസ്മരണീയമാക്കി ഒരു സ്വതന്ത്ര ആരാധകവൃന്ദത്തെ സൃഷ്ടിച്ചു. ആധുനിക കഥകളി സംഗീത ചരിത്രത്തെ അതതു കാലത്തെ നിർണ്ണയിക്കുകയോ പുതുക്കിപ്പണിയുകയോ ചെയ്ത ആചാര്യരുടെ പേരുകൾ വെച്ച് രേഖപ്പെടുത്തുകയാണെങ്കിൽ വെങ്കിടകൃഷ്ണ ഭാഗവതരുടെ കാലം, നീലകണ്ഠൻ നമ്പീശന്റെ കാലം എന്നിവ കഴിഞ്ഞാൽ ശങ്കരൻ എമ്പ്രാന്തിരിയുടെ കാലം എന്നായിരിക്കും രേഖപ്പെടുത്തുക എന്നതാണ് വിദഗ്ധമതം. എന്നാൽ അതേ കാലത്ത് കഥകളി അതുവരെ രുചിച്ചിട്ടില്ലാത്തത്രയും മധുരോദാരമായ സംഗീതംകൊണ്ട് കഥകളി സംഗീതാരാധകരെ വ്യാമുഗ്ദ്ധരാക്കിയ സംഗീതപ്രതിഭയായിരുന്നു




*ദീപ, പാലനാട് ദിവാകരൻ, സുദീപ്*

കലാമണ്ഡലം ഉണ്ണികൃഷ്ണക്കുറുപ്പ്. വലിയ ഒരനുവാചകവൃന്ദവും കുറുപ്പിനുണ്ടായിരുന്നു. കുറുപ്പിന്റെ വിയോഗം 1988-ൽ സംഭവിച്ച ശേഷം ആ സംഗീതശൈലിയെ അതേപടി പിന്തുടർന്ന് അതേ അനുവാചകവൃന്ദത്തിന് കുറുപ്പിന്റെ നഷ്ടം ഏറെക്കുറെ നികത്തിയ കുറുപ്പിന്റെ പ്രഖ്യാതശിഷ്യനാണ് പാലനാട് ദിവാകരൻ. സ്വന്തം സംഗീതവാസനയെ സ്ഥിരോത്സാഹവും സ്വപ്രത്യയസ്ഥൈര്യവും ചേർത്തിഴപാകി വളർത്തുകയും കഥകളി ലോകത്ത് പ്രതിഷ്ഠിക്കുകയും ചെയ്ത പ്രതിഭാശാലി- സംഗീതപ്രേമികൾക്കിടയിൽ മുഖവുര വേണ്ടാത്ത പാലനാട് ദിവാകരൻ.

പരമ്പരാഗതമായി പുരുഷന്മാർ മാത്രം കൈകാര്യം ചെയ്യുന്ന കഥകളിപ്പാട്ട് മേഖലയിൽ ആധുനികകാലത്ത് ശക്തമായ സ്ത്രീസാന്നിധ്യമായി മാറിയിരിക്കുകയാണ് മകൾ ദീപാ പാലനാട്. ഗുരുവായ അച്ഛന്റെയും അതുവഴി അദ്ദേഹത്തിന്റെ ഗുരുവായ ഉണ്ണികൃഷ്ണക്കുറുപ്പിന്റെയും ആലാപനശൈലി അതേപോലെ പിന്തുടരുന്നതാണ് ദീപയുടെ രീതി. ഇന്ന് അംഗീകൃത കഥകളി പഠനകേന്ദ്രങ്ങളിലൊന്നും, കേരള കലാമണ്ഡലം ഉൾപ്പെടെ, പെൺകുട്ടികൾക്ക് പാട്ട് പഠിക്കാൻ പ്രവേശനമില്ല. രാത്രി മുഴുവൻ എട്ടു മണിക്കൂറൊക്കെ നീളുന്ന കളിരീതി, ചെണ്ട, മദ്ദളം എന്നീ വാദ്യങ്ങളുടെ അകമ്പടിയിൽ പാടാൻ പതിഞ്ഞ സ്ത്രീശബ്ദം യോജിക്കില്ലേയെന്ന പരമ്പരാഗത രീതിക്കാരുടെ ആശങ്ക, ഇതൊക്കെയായിരിക്കാം അധികം സ്ത്രീകൾ കഥകളി സംഗീതത്തിലേക്ക് കടന്നുവരാത്തതും. വിരലിലെണ്ണാവുന്ന എണ്ണം പറഞ്ഞ സ്ത്രീകഥകളിപ്പാട്ടുകാരിൽ ഒരാളാണ് ദീപാ പാലനാട്. തന്റെ ജന്മവാസനയും അച്ചടക്കത്തോടെയുള്ള അഭ്യസനവും കറകളഞ്ഞ ആത്മാർത്ഥതയും കൊണ്ട് ഈ പരിമിതികളെ മുഴുവൻ മറികടന്നു ദീപ. കഥകളിപ്പാട്ടിൽ അടിസ്ഥാനമിട്ട് പിന്നീട് കർണ്ണാട്ടിക് കച്ചേരികൾ, ആൽബങ്ങൾ എന്നിവയിലൂടെ സിനിമാ പിന്നണിഗാനത്തിലെത്തി നിൽക്കുന്നു ആ പ്രതിഭ. ഗുരു അച്ഛൻ പാലനാട് ദിവാകരൻ.

ഓപ്പോളിൽ (ദീപ) നിന്ന് കട്ട് പഠിച്ചതാണ് തന്റെ സംഗീതം എന്നു പറയും സുദീപ് പാലനാട്. ചാരുലത, ബാലെ, മനുമലയാളം പോലെയുള്ള സ്വതന്ത്ര സംഗീത ആൽബങ്ങൾ ചെയ്ത് സ്വന്തമായ ഇടമുണ്ടാക്കിയിരിക്കുന്നു സുദീപ്. സിനിമാ സംഗീതരംഗത്തെ കുലപതികളിൽ ഒരാളായ ഔസേപ്പച്ചന്റെ സഹായിയായി തുടങ്ങി ഒരു സിനിമാ സംഗീത സംവിധായകനായും പേരെടുത്തിരിക്കുന്നു. സുദീപിനും ഗുരു അച്ഛൻ തന്നെ.


അരങ്ങേറ്റം

രണ്ടു വയസ്സ് പ്രായത്തിൽ അച്ഛനെ ഇല്ലത്തുവച്ച് കുറുപ്പാശാൻ അഭ്യസിപ്പിക്കുന്നതു കേട്ട് പഠിച്ചുതുടങ്ങി ദീപ. പിന്നെ എന്നും സംഗീതം, അതും കഥകളി സംഗീതം, നിറഞ്ഞുനിൽക്കുന്ന കുടുംബാന്തരീക്ഷം. അച്ഛൻ പാടുന്നത്. അച്ഛന്റെ അടുത്ത് പഠിക്കാൻ വരുന്ന ശിഷ്യർ പാടുന്നത്. അതിലും മുമ്പ് എത്രയോ കഥകളികൾക്ക്, അമ്മയുടെ കാലിന്മേൽ കിടക്കുന്ന പ്രായത്തിലും കഥകളി കേട്ടിട്ടുണ്ട്, എന്ന് അമ്മ സുധ പറയും. അക്ഷരങ്ങൾ കൂട്ടിപ്പറയാൻ തുടങ്ങിയ പ്രായത്തിൽ കുറുപ്പാശാൻ പറഞ്ഞുകൊടുത്ത പദങ്ങൾ അതേപോലെ ഏറ്റുപറഞ്ഞ് ആശാനേയും അച്ഛനേയും അത്ഭുതപ്പെടുത്തിയിട്ടുമുണ്ട് ദീപ. ജീവിതത്തിലെ മറക്കാനാകാത്ത അനുഭവം അഞ്ചുവയസ്സുകാലത്ത് സംഭവിച്ചുകഴിഞ്ഞുവെന്നും അത് സാക്ഷാൽ ഉണ്ണികൃഷ്ണക്കുറുപ്പിൽ നിന്നു നേരിട്ട് പദങ്ങൾ കേട്ട് പഠിച്ചതാണ് എന്നും ഈ പ്രതിഷ്ഠിത കലാകാരി ഇന്ന് പറയും.

പിന്നെ അച്ഛൻ ശാസ്ത്രീയ സംഗീതം ചിട്ടയായി അഭ്യസിപ്പിച്ചുതുടങ്ങി. ശാസിക്കുകയോ നിർബന്ധിക്കുകയോ ഒന്നും ചെയ്യില്ല അച്ഛൻ എന്ന് ദീപ പറയും. വേണമെങ്കിൽ ഇരുന്ന് പഠിക്കട്ടെ എന്ന മട്ടാണ് അച്ഛന്. അങ്ങനെ യാതൊരു സമ്മർദ്ദവുമില്ലാതെ ദീപ പഠിച്ചു. എന്നാൽ ബാലനായ സുദീപ് അത്ര ക്ഷമയുള്ള കൂട്ടത്തിലായിരുന്നില്ല. ഇരുന്ന് പഠിക്കാൻ മടി, ചില സൂത്രങ്ങൾ പറഞ്ഞ് അച്ഛൻ പഠിപ്പിക്കുന്ന സ്ഥലത്തുനിന്ന് പോകും. പിന്നെ കുറേ നേരത്തേക്ക് കാണില്ല. പത്നി സുധ അന്തർജ്ജനം പറയും. സ്വന്തം കുട്ടികളല്ലേ, ഒന്നു ശാസിച്ചിരുത്തിക്കൂടേ എന്ന്. പക്ഷേ, പാലനാടിന് അതല്ല ശീലം. ഇനി ഒന്നു ശാസിക്കണം എന്നു തീരുമാനിച്ച്, മുഖവും ശബ്ദവും ഗൗരവമാക്കി പുറപ്പെടും. അപ്പോഴേക്കും ചിരി വരും പാലനാടിന്- കഴിഞ്ഞു ശാസിക്കൽ. പനയൂർ കുട്ടൻ, അത്തിപ്പറ്റ രവി എന്നിങ്ങനെ സജീവമായി ഇന്ന് കഥകളി സംഗീതരംഗത്തുള്ള പലരേയും ശിഷ്യരുടെ ഇല്ലങ്ങളിൽ താമസിച്ചും മറ്റും പഠിപ്പിച്ചിട്ടുണ്ട്. കുറച്ചുകാലം മാത്രം അഭ്യസിപ്പിച്ചിട്ടുള്ള അനേകർ വേറെയും. പാലനാട്ടുമനയിൽ വന്ന് അഭ്യസിക്കുന്നവരായി എല്ലാ കാലത്തും ഒന്നോ അതിലധികമോ കുട്ടികളുണ്ടാകും. ആരെയും പാലനാട് ശാസിച്ചിട്ടില്ല. ശിഷ്യർക്ക് പലപ്പോഴും ഒരു ജ്യേഷ്ഠസഹോദരനാണ്, ശിഷ്യന് എന്തും പറയാൻ സ്വാതന്ത്ര്യമുള്ള ഗുരു.

കുട്ടികളും മറ്റു ശിഷ്യരും തമ്മിലുള്ള വ്യത്യാസമെന്താണ് എന്നു ചോദിച്ചാൽ പാലനാട് പറയും. ഇവർ ശിഷ്യർ മാത്രമല്ലല്ലോ, മറ്റുള്ളവർ ശിഷ്യർ മാത്രമാണുതാനും, എന്ന്. നിയതമായ ഒരു ചട്ടക്കൂടും ചിട്ടയും മറ്റു ശിഷ്യർക്ക് ഉണ്ട്, കുട്ടികൾക്ക് അതില്ല എന്ന്.

ദീപയെ അച്ഛൻ പഠിപ്പിച്ച രീതി നേരിട്ട് ഗുരുമുഖത്തുനിന്ന് കേട്ട് പഠിക്കുക എന്നതാണ്. സംസ്കൃതത്തിലുള്ള ആഴത്തിലുള്ള അറിവ്, ഒരു സംസ്കൃതാധ്യാപകനാണല്ലോ പാലനാട്, ഒരു കഥകളി സംഗീത ഗുരു എന്ന നിലയിൽ വളരെ പ്രധാനമാണ്. ദീപ എല്ലാ കഥകളും അച്ഛനിൽ നിന്ന് പാടിപ്പഠിച്ചതാണ്. വരികൾ എല്ലാം ഹൃദിസ്ഥമായിരിക്കുക എന്നത് കഥകളിക്ക് പാടുമ്പോൾ പ്രധാനമാണ്. നടന്റെ ചലനങ്ങളെ സസൂക്ഷ്മം നിരീക്ഷിച്ച്

ഭാവങ്ങളും രസങ്ങളും കൃത്യമായി ആലാപനത്തിൽ കൊണ്ടുവരണം പൊന്നാനി പാട്ടുകാരിക്ക്. അപ്പോൾ നോക്കിവായിക്കുക എന്നത് അപ്രായോഗികമാണ്. അച്ഛൻ പാടിപ്പഠിപ്പിച്ച പാട്ടുകൾ, കളിക്കിടയിൽ മറ്റെന്തിലേക്ക് ശ്രദ്ധതിരിഞ്ഞുപോയാലും, അടുത്ത വരി തനിയെ തോന്നിക്കൊള്ളും എന്ന് പറയും ദീപ.

പാലനാടിന്റെ ഗുരുസ്ഥാനത്തുനിന്നുകൊണ്ടുള്ള നിർബന്ധബുദ്ധിയില്ലായ്മയാണ് ഒരുപക്ഷേ, സുദീപിനെ ഈ തരത്തിൽ വളരാൻ സഹായിച്ചത്. ഓപ്പോളായ ദീപയുടെ അരങ്ങേറ്റത്തിന് കൂടെപ്പാടാൻ യോജിക്കുന്ന ഒരു ശബ്ദം വേണം. സുദീപ് അന്ന് പന്ത്രണ്ട് വയസ്സുകാരൻ. ശബ്ദം കനത്തിട്ടില്ല. അങ്ങനെ അരങ്ങേറ്റത്തിന് 'കുചേലവൃത്തം' പാടാൻ സുദീപ് തയ്യാറെടുത്തു. അന്നാണ് ആദ്യമായി സുദീപ് ഒരു കഥ മുഴുവൻ പഠിക്കുന്നത്. ഗുരുവായൂർ വെച്ച് നെല്ലിയോടിനെ പോലെയുള്ള പ്രഗത്ഭ നടന്മാർ തന്നെ അരങ്ങത്തു വന്ന കളിക്ക് ദീപാസുദീപുമാർ പാ ടി. ''അടിയുറച്ച അഭ്യാസബലം, അചഞ്ചലമായ ആത്മവിശ്വാസം, ഭക്തിനിർഭരമായ ഭാവലയം, പഴുതില്ലാത്ത താളബോധം എന്നിവ അവിശ്വസനീയമാക്കിയ അരങ്ങേറ്റം'' എന്ന് ശ്രീ. ചൊവ്വല്ലൂർ കൃഷ്ണൻകുട്ടി അന്നത്തെ കളിയെ വാഴ്ത്തി.

തുടർന്ന് ഇരുവർക്കും ധാരാളം വേദികൾ കിട്ടി. കച്ചേരികൾ. അങ്ങനെ ഇരുവരും അറിയപ്പെട്ടുതുടങ്ങി. എന്നാൽ കഥകളിക്ക് പാടുക എന്ന ചോദന ഓപ്പോളെപ്പോലെ സുദീപിന് ഇല്ലായിരുന്നു. സ്കൂൾ കുട്ടിയായിരിക്കെ കലോത്സവത്തിൽ പാടാൻ ലളിതഗാനങ്ങൾ സ്വയം ചിട്ടപ്പെടുത്തുമായിരുന്നു സുദീപ്. സമ്മാനവും കിട്ടും. അന്ന് മനസ്സിൽ രൂപപ്പെട്ട ചില ഈണങ്ങൾ ഇന്ന് ഒരു പ്രൊഫഷണൽ കലാകാരൻ എന്ന രീതിയിൽ സാക്ഷാൽക്കരിക്കാറുണ്ട് സുദീപ്. അങ്ങനെ സൗണ്ട് എൻജിനീയറിംഗ് എന്ന കോഴ്സും തുടർന്ന് ടെലിവിഷൻ- സിനിമാ രംഗത്ത് തന്റെ പ്രവർത്തനമേഖലയും സുദീപ് കണ്ടെത്തിയപ്പോൾ പാലനാട് അതിന് പിന്തുണയും അംഗീകാരവും നൽകി. പക്ഷേ, അച്ഛൻ നൽകിയ ശാസ്ത്രീയ സംഗീത ബാലപാഠങ്ങളാണ് തന്റെ അടിസ്ഥാനമെന്ന് സുദീപ് പറയും. കഥകളിപ്പദത്തിൽ മാത്രമുപയോഗിക്കുന്ന ചില ഭാവങ്ങൾ, ചില സ്വരപ്പെടുത്തലുകൾ, കുറുപ്പാശാന്റെ പാട്ടുവഴികൾ എന്നിവ തന്റെ കമ്പോസിങ്ങിൽ, രാഗങ്ങളിലെ സ്ഥിരം ശൈലി ഒന്നു മാറ്റുന്നതിനുൾപ്പെടെ സഹായിക്കാറുണ്ടെന്ന് സുദീപ്.

ദീപാ സുദീപുമാർക്ക് കിട്ടിയ ഗുരു മറ്റുള്ളവർക്ക് വിരളമായി കിട്ടുന്ന ഒരു സൗഭാഗ്യമാണ്. അച്ഛൻ തന്നെ ഗുരുവാകുക, ആ ഗുരു തന്റെ കലയെ തന്റെ കാലഘട്ടത്തിൽ അടയാളപ്പെടുത്തിയ ആളാകുക, ജീവിതത്തിൽ എന്നും ഇന്നും ആ ഗുരുസാമീപ്യമുണ്ടാവുക, പഠിച്ചുകൊണ്ടേയിരിക്കുക എന്നിങ്ങനെ.

ഇന്നും ദീപ ഓരോ കളിക്കു മുമ്പും അച്ഛന്റെയും കുറുപ്പാശാന്റേയും റെക്കോഡ് കേൾക്കും. എന്നും അച്ഛൻ പാടുന്നത് റെക്കോഡ് വെച്ച്, പഠിപ്പിക്കുന്ന പോലെ കരുതി, ഏറ്റുപാടും. പാലനാട് തന്റെ ഗുരുവായ കുറുപ്പാശാന്റെ റെക്കോഡ് കഥകളിപ്പദങ്ങൾ ഓരോ കളിക്കുമുമ്പും കേൾക്കുന്നതുപോലെ. പലനാടിന്റെ ഗുരുത്വം അനിതരസാധാരണമാണ്. കുറുപ്പാശാൻ തുറന്നുതന്ന വഴിയിൽ ആ പാരമ്പര്യത്തിൽ നിന്നും ശൈലിയിൽ നിന്നും അണുവിട വ്യതിചലിക്കാതെ പാടുന്നു എന്നതുമാത്രമല്ല ആ ഗുരുത്വം. കുറുപ്പാശാന്റെ രണ്ട് അനുസ്മരണങ്ങളാണ് എല്ലാ വർഷവും നടക്കുക. അവസാനമായി പാടിയതിന്റെ വാർഷികവും ചരമവാർഷികവും. ഒന്ന് പാലക്കാട് ജില്ലയിലെ വെള്ളിനേഴിയിലും മറ്റേത് തൃശൂർ ജില്ലയിലെ ഇരിങ്ങാലക്കുടയിലും. രണ്ടിലും ഒറ്റ വർഷവും മുടങ്ങാതെ പാലനാട് നേതൃസ്ഥാനത്തുണ്ടാവും. ഏതനാരോഗ്യമുണ്ടെങ്കിലും അവിടങ്ങളിൽ പാടും. മറ്റു ചില ഗുരുക്കന്മാർക്കെങ്കിലും സംഭവിച്ചിട്ടുള്ളതുപോലെ വിസ്മൃതിയിൽ പെട്ടുപോകാതെ ഇന്നും എല്ലാ വർഷവും ഈ അനുസ്മരണങ്ങൾ നടക്കുന്നത് ഈ പ്രഖ്യാത ശിഷ്യന്റെ ആദ്യവസാനംകൊണ്ടാണ്. ഈ ഗുരുത്വം കൊണ്ടായിരിക്കാം പാലനാട് ഏറ്റവും കൂടുതൽ ശിഷ്യന്മാരുള്ള ഒരു പാട്ടുകാരനാണെന്ന് കലാമണ്ഡലം ഹൈദരാലിയെപ്പോലെയുള്ള സമകാലീന മഹാരഥന്മാർ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്.

അച്ഛൻ തന്നെ ഗുരുവായപ്പോൾ തന്റെ മക്കളായ ശിഷ്യരുടെ കഥാജീവിതത്തിനപ്പുറമുള്ള വാഴ്‌വും അനിവാര്യമായ കരുതലായി വന്നു. കഥകളിപ്പാട്ട് ഒരു ഉപജീവനമാർഗ്ഗമായി മാറിക്കൂടാ എന്ന് ആ അച്ഛൻ കരുതി. തന്റെ ബാല്യകൗമാരങ്ങളിലും യൗവനാരംഭത്തിലും അനുഭവിച്ച ദാരിദ്ര്യം ഒരു സ്ഥിരവരുമാനമുണ്ടാവുക എന്നതിന്റെ വലുപ്പം പാലനാടിനെ പഠിപ്പിച്ചിട്ടുണ്ട്. സർക്കാർ സ്കൂൾ അധ്യാപകൻ എന്ന തൊഴിലും വരുമാനവും പാലനാടിന് അത്ര വില മതിക്കാനാവാത്തതായിരുന്നു. ദാരിദ്ര്യവും കുടുംബപ്രാരാബ്ധങ്ങളും അങ്ങനെ സംഗീതാഭ്യസനക്കാലത്തൊക്കെ മനസ്സിനെ മഥിച്ചിരുന്നത് തന്റെ കലയെ തന്റെ ജീവവായുവാക്കാൻ കൂടുതൽ സഹായിച്ചു എന്നു പറയും പാലനാട്.

ദുഃഖങ്ങൾക്കിടയിലുള്ള ഒരു ദൈവിക ദൗത്യമായി, ഉപാസനയായി, മനസ്സിനെ തണുപ്പിക്കുന്ന കലയായി പാട്ട് ജീവിതപ്പാതയിലേക്ക് നവോന്മേഷം പകർന്നുതന്നു. അങ്ങനെ ദീപ ഒരു ഗണിതശാസ്ത്ര ബിരുദധാരിയും അധ്യാപികയുമായി. സുദീപ് ഒരു സൗണ്ട് എൻജിനീയറും സംഗീത സംവിധായകനുമായി.

ഏറെ അംഗീകാരങ്ങൾ തേടി വന്നിട്ടുണ്ട് മൂവരെയും. ചേലപ്പറമ്പ് സ്മാരക പുരസ്കാരം, പൈങ്കുളം രാമചാക്യാർ പുരസ്കാരം, തൗര്യത്രിക പുരസ്കാരം, കൊല്ലം കഥകളി ക്ലബ്ബിന്റെ കലാമണ്ഡലം ഉണ്ണികൃഷ്ണക്കുറുപ്പ് അവാർഡ്, പനച്ചിക്കാട് ദക്ഷിണ മൂകാംബിക ക്ഷേത്രം- പള്ളം മാധവൻ സ്മാരക സംഗീത സരസ്വതി പുരസ്കാരം എന്നിവ പാലനാടിന് ലഭിച്ച ബഹുമതികളിൽ ചിലത് മാത്രം.

## നീയില്ലാ നേരം...

ടോവിനോ നായകനായ 'ലൂക്കാ'യിൽ ദീപ സൂരജ് എസ്.കുറുപ്പിനൊപ്പം പാടിയ നീയില്ലാ നേരം എന്ന് തുടങ്ങുന്ന ഗാനം സമീപകാല ഹിറ്റുകളിലൊന്നാണ്. നവരസം 'സ്ത്രീരത്നം' പുരസ്കാരം, കൊല്ലം കഥകളി ക്ലബ്ബിന്റെ ആദരപത്രം, ആനമങ്ങാട് കഥകളി ക്ലബ്ബിന്റെ ആദരമുദ്ര, മുംബൈ ഭേരി സംഘടനയുടെ പുരസ്കാരം തുടങ്ങി ദീപയെയും തേടിയെത്തിയിട്ടുണ്ട് നിരവധി ആദരങ്ങൾ.

## സൂഫിയും സുജാതയും

സുദീപ് സംഗീത സംവിധാനം നിർവ്വഹിക്കുന്ന പുതിയ ചിത്രമാണ് സൂഫിയും സുജാതയും. ആദ്യ സ്വതന്ത്ര സംഗീത സംവിധായകനായത് ചെമ്പൻ വിനോദ് നായകനായ 'ശിഖാമണി'യിലായിരുന്നു. അപ്പോത്തിക്കിരിയിലെ ഈറൻ കണ്ണിനോ എന്ന പാട്ടിലൂടെ ജനപ്രിയ ഗായകനുമായി സുദീപ്. റെഡ് എഫ്.എം. ഇൻഡിപെൻഡന്റ് മ്യൂസിക് കാറ്റഗറി അവാർഡുൾപ്പെടെ ഒട്ടേറെ പുരസ്കാരങ്ങൾ സുദീപിന് ലഭിച്ചിട്ടുണ്ട്.

ഡ്രീം പ്രോജക്ട് ഏതെന്ന് ചോദിക്കുന്നവരോട് ദീപ പറയും. കഥകളിക്ക് പാടുക എന്നതിൽ കവിഞ്ഞ് ഒരു സ്വപ്നവുമില്ലെന്ന്, അങ്ങനെ താൻ സ്വപ്നത്തെ യാഥാർത്ഥ്യമാക്കിയിരിക്കുന്നുവെന്ന്. ഓരോ പാട്ടിലും ഉച്ഛ്വാസവായുവായി കഥകളി സംഗീതമുണ്ടെന്ന് സുദീപും പറയും. ഈ ഗുരുശിഷ്യരിലൂടെ ആ മഹത്തായ കല ആസ്വാദക ഹൃദയങ്ങളെ എന്നും സാന്ദ്രലോലമാക്കുന്നു.

●



# വൈദികരിലെ സാധാരണക്കാരൻ

**മേൽപ്പള്ളി നാരായണൻ അടിതിരിപ്പാട്**
9847557361



എടവപ്പാതിയ്ക്ക് ശേഷമുള്ള ഒരു നനുത്ത പ്രഭാതത്തിലാണ് ഞാൻ എളമന ഇല്ലത്തെത്തുന്നത്. ചുമലിരൊരു തോൾസഞ്ചിയുമായി കുറേ അന്വേഷിച്ചു നടന്നാണ് അല്പം ഉൾപ്രദേശമായ അവിടെ എത്തിയത്

''എളമന വല്യ ആളുടെ ഇല്ലമല്ലേ?''

''അതെ, ഇരുന്നോളൂ അച്ഛൻ ഇപ്പോ വരും.''

പൂമുഖത്തു കണ്ട ഒരു സ്റ്റൂളിൽ കയറിയിരുന്നു. പൂജയ്ക്കോ മറ്റോ പോയതായിരിക്കുമെന്ന ധാരണയിൽ ആയിരുന്നു ഞാൻ.. കാത്തിരിപ്പ് മുന്നിൽ കണ്ട പത്രത്താളുകളിലൂടെ കടന്നു പോയി. കുറച്ചുനേരം കഴിഞ്ഞപ്പോൾ മുന്നിലുള്ള വഴിയിലൂടെ ഒരാൾ ദേഹം മുഴുവൻ ചെളിയുമായി കയറിവന്നു. വയലിലെ ചെളിയാണ്. ഉടുത്ത തോർത്തുമുണ്ടും ചെളിയിൽ മുങ്ങിയിരുന്നു. മുഖത്ത് പെട്ടെന്നുതന്നെ അറിയാൻ പറ്റുന്ന നമ്പൂരിത്തവും പൂണൂലും കണ്ട ഉടനെത്തന്നെ അത് ആരാണെന്ന് വ്യക്തമായി മനസ്സിലായി.



**കളം ഉണ്ണികൃഷ്ണൻ നമ്പൂതിരി**

## ചട്ടക്കൂടിനുള്ളിൽ നിന്നു കൊണ്ടുള്ള പുരോഗമനാശയക്കാരൻ

എന്റെ ജീവിതത്തിൽ ഞാൻ കണ്ടവരിൽ വളരെയധികം വ്യക്തിപ്രഭാവമുള്ള, സാധാരണക്കാരിൽ സാധാരണക്കാരനായ ഒരു വ്യക്തിയായിരുന്നു എളമന നാരായണൻ നമ്പൂതിരി. ആഗമങ്ങളിലും സ്മൃതികളിലും പരാമർശിച്ചിട്ടുള്ള നമ്മുടെ ആചാരങ്ങളെ ആ ചട്ടക്കൂടിൽ നിന്നു കൊണ്ടു തന്നെ അത്യാവശ്യമായ മാറ്റങ്ങൾ വരുത്താമെന്ന പുരോഗമനചിന്താഗതിയും അദ്ദേഹം മുന്നോട്ടുവെച്ചിരുന്നു. നാലു ദിവസം കൊണ്ട് നടത്തുന്ന ഉപനയനം എന്നത് എല്ലാ വ്രതങ്ങളും അനുഷ്ഠിച്ചു കൊണ്ടു സമാവർത്തനം എന്ന സമ്പ്രദായം തന്നെയാണ് അദ്ദേഹം നിഷ്കർഷിച്ചിരുന്നത്. മൂന്നു വർഷമെന്നത് എപ്പോഴാണോ വ്രതാനുഷ്ഠാനങ്ങൾ കഴിയുന്നത്; അപ്പോൾ സമാവർത്തനം എന്ന് അദ്ദേഹം സൂചിപ്പിച്ചിരുന്നു.മറ്റു വിഭാഗങ്ങളിൽ നിന്നും നമ്പൂതിരിമാർ വിവാഹം കഴിക്കുന്ന സമ്പ്രദായത്തിന് കേരളത്തിൽ മൊത്തമായി ഒരു ഐകരൂപ്യം ഉണ്ടാകണമെന്ന അദ്ദേഹത്തിന്റെ അഭിപ്രായം കാലത്തിനനുസരിച്ച് ചിന്തിക്കുന്ന അദ്ദേഹത്തിന്റെ വ്യക്തിപ്രഭാവം എടുത്തുകാണിക്കുന്നു.

**പഠിപ്പിക്കുന്ന കാര്യങ്ങൾ കൃത്യവും വ്യക്തവുമായി ശിഷ്യർ പഠിക്കണമെന്ന നിർബന്ധബുദ്ധി അദ്ദേഹത്തിനുണ്ടായിരുന്നു. അതുകൊണ്ടു തന്നെ ഓരോ ശിഷ്യർക്കും അദ്ദേഹം കണിശക്കാരനായ ഗുരുവായിരുന്നു. ഓരോ ക്ലാസുകളിലും ആ കാര്യം ഞാൻ കൂടുതൽ കൂടുതൽ മനസ്സിലാക്കി വന്നു.**

ഞാൻ എഴുന്നേറ്റു നിന്നു.

''കന്നുപൂട്ടാൻ ഏൽപ്പിച്ചിരുന്നു. അയാൾക്ക് പനിയാണെത്രെ. മൂരിയ്ക്ക് പനിയില്ലല്ലോ. ഞാൻ മൂരികളെ കൊണ്ടുവന്ന് പൂട്ടി. അത്രന്നെ...''

ദേഹത്ത് ചെളി ആയതിന്റെ കാരണം ചോദിക്കാതെ തന്നെ കിട്ടി. എളമന നാരായണൻ നമ്പൂതിരിയെ, എന്റെ ഗുരുവിനെ ഞാൻ ആദ്യമായി കാണുന്നത് ഇങ്ങനെ ആയിരുന്നു.

''ഇരിക്കൂ.. മേൽപ്പള്ളി നാരായണൻ അല്ലേ? ഏട്ടൻ പറഞ്ഞിരുന്നു വരുമെന്ന്..'' അത്രയും പറഞ്ഞു കൊണ്ട് അദ്ദേഹം കാലും മുഖവും കഴുകി വന്നു.

''എന്തൊക്കെ പഠിച്ചു? ഇനിയെന്താ പഠിക്കേണ്ടത്?''

''നാരായണാ ഇവിടെ വന്നിരിക്കു''

''ചായ ആയോ?''

മൂന്നു പേരോടാണ് നാല് ചോദ്യങ്ങൾ. മകൻ നാരായണൻ മുന്നിൽ വന്നിരുന്നു. വേദം പഠിക്കാനാണ്. അയാൾ പഠിച്ച് കഴിയാറായിട്ടുണ്ട്.

''പൂജ പഠിച്ചു വച്ചിട്ടുണ്ട്'' എന്നോടുള്ള ചോദ്യത്തിന് മറുപടി പറഞ്ഞു.

''എന്നാലിനി ഒറ്റക്കലശം പഠിക്കാം'' ഇനിയെന്താ പഠിക്കേണ്ടത് എന്ന ചോദ്യത്തിന് അദ്ദേഹം തന്നെ ഉത്തരം പറഞ്ഞു. ചായയും വന്നു.

പത്തുമിനിട്ടു കൊണ്ട് ക്രിയ വായ്ത്താരിയായി പറഞ്ഞു തന്നു. പുസ്തകത്തിൽ എഴുതിച്ചു. ഇതിനിടക്ക് നാരായണനെ പഠിപ്പിക്കുന്നുമുണ്ട്. ഇതിനിടയ്ക്ക് കിട്ടിയ ചെറിയ ഇടവേളയിൽ അദ്ദേഹം ചായയും കഴിച്ചു.

''എന്റെ ചായ കഴിഞ്ഞു. ഞാൻ വയലിൽ പോയി വരാം. കുറച്ചു കൂടി പൂട്ടാനുണ്ട്. അര മണിക്കൂർ കൊണ്ട് തീർത്തു വരാം. അപ്പോഴേക്ക് നാരായണൻമാർ ചായ കഴിക്കണം. ഇത്രേം നേരം പറഞ്ഞു തന്നത് മുഴുവൻ കാണാതെ ചൊല്ലി കേൾപ്പിക്കണം.'' അത്രയും പറഞ്ഞു കൊണ്ട് അദ്ദേഹം വന്ന വഴിയിലൂടെ തന്നെ ഇറങ്ങിപ്പോയി.

ഞാൻ ശരിക്കും അന്തംവിട്ടു. പഠനസമയത്തെ കൃത്യത, കണിശത, വേഗത ഇവയിലെല്ലാം അദ്ദേഹത്തിനുണ്ടായിരുന്ന നിർബന്ധബുദ്ധി പിന്നീട് ഓരോ ക്ലാസുകളിലും ഞാൻ കൂടുതൽ കൂടുതൽ മനസ്സിലാക്കി വന്നു.



**കിഴക്കുമ്പാട്ട് ഉണ്ണികൃഷ്ണൻ നമ്പൂതിരിപ്പാട്** (താന്ത്രികാചാര്യൻ)

## പ്രമുഖ വൈദികരെല്ലാം അംഗീകരിച്ച വ്യക്തിത്വം

ഞാൻ ഹൈസ്ക്കൂളിൽ പഠിക്കുന്ന കാലത്താണ്. ഇല്ലത്തെ തന്ത്രമുള്ള ക്ഷേത്രത്തിൽ കലശം നടക്കുന്നു. ഏട്ടൻമാരുടെ കൂടെ വെറുതെ ഞാനും പോയി. പൂജ മാത്രമേ അന്ന് ഞാൻ വശമാക്കിയിരുന്നുള്ളു. എളമനയും അന്ന് കലശത്തിന് ഉണ്ടായിരുന്നു. ''കൃഷ്ണാ ഇന്ന് കലശപൂജയ്ക്ക് കൃഷ്ണനാണ് ട്ടോ'' എന്ന് അദ്ദേഹം പറഞ്ഞു. കലശപൂജ വശമാക്കാത്ത ഞാൻ എന്തു ചെയ്യും എന്നു ചിന്തിച്ചിരിക്കുമ്പോൾ അദ്ദേഹം എന്നെ കൊണ്ട് പേനയും കടലാസും എടുപ്പിച്ച് കലശപൂജ എഴുതിപ്പിച്ച് പറഞ്ഞു തരികയും ചെയ്തു. അദ്ദേഹത്തിന്റെ നിർബന്ധബുദ്ധി കാരണം ഞാനത് പെട്ടെന്ന് പഠിച്ചെടുക്കുകയും അന്നത്തെ കലശപൂജ കഴിക്കുകയും ചെയ്തു. പിന്നീട് ഇല്ലത്തേക്ക് തിരിച്ചുപോരുമ്പോൾ അദ്ദേഹം പറഞ്ഞു. 'ഇങ്ങനെയായാൽ ശരിയാവില്ല. കൃഷ്ണൻ തന്ത്രം പഠിക്കണം.''

സത്യത്തിൽ അന്നെനിക്ക് തന്ത്രത്തിൽ താൽപര്യമില്ലായിരുന്നു. ഞാൻ പഠിക്കുന്നില്ല. മറ്റെന്തിങ്കിലും ജോലി നോക്കിക്കോളാം എന്നൊക്കെ പറഞ്ഞു. പക്ഷേ അദ്ദേഹം ഉറപ്പിച്ചു പറഞ്ഞു '' തന്ത്രി കുടുംബമായ കിഴക്കുമ്പാട്ടെ ഒരാൾ തന്ത്രമറിയില്ല എന്ന് പറയാൻ പാടില്ല. ജോലി മറ്റെന്തു വേണമെങ്കിലും നോക്കിക്കോളൂ. പക്ഷേ തന്ത്രം പഠിക്കണം.'' ആ നിർബന്ധബുദ്ധിയുള്ള ഉപദേശം തന്നെയാണ് എന്നെ തന്ത്രത്തിൽ എത്തിച്ചത് എന്ന് ഞാൻ കരുതുന്നു. താന്ത്രികക്രിയകളിൽ എന്റെ ഗുരുക്കൻമാരിൽ ഒരു പ്രധാനസ്ഥാനം എളമന നാരായണൻ നമ്പൂതിരിക്കു തന്നെയാണ്. അദ്ദേഹത്തിന്റെ അറിവുകൾ എനിക്ക് പകർന്നു തന്ന നിമിഷങ്ങളെ ഞാനീ വേളയിൽ അനുസ്മരിക്കുന്നു.

അതുപോലെ തന്നെ അദ്ദേഹത്തിന്റെ അറിവിനെ കേരളത്തിലെ മറ്റു വൈദികർ അംഗീകരിച്ച ഒരു അനുഭവം ഓർക്കുന്നു.

ആലുവ തന്ത്രവിദ്യാപീഠത്തിലെ പ്രിൻസിപ്പലും തന്ത്രശാസ്ത്ര കുലപതിയുമായിരുന്ന കല്പുഴ ദിവാകരൻ നമ്പൂതിരിപ്പാടിനോട് തന്ത്രവിദ്യാപീഠത്തിലെ ബൗദ്ധായന ഹോമാചാരത്തിലെ അദ്ധ്യയനരീതിയിലുള്ള വ്യത്യാസം എളമന നാരായണൻ നമ്പൂതിരി ചൂണ്ടിക്കാണിക്കുകയുണ്ടായി.

കൽപ്പുഴ നമ്പൂതിരി അത് കേരളത്തിലെ മറ്റ് പ്രധാന വൈദികരുമായി ചർച്ച ചെയ്ത് എളമന പറഞ്ഞതാണ് ശരി എന്ന് അംഗീകരിച്ചു. വിദ്യാപീഠത്തിലെ അദ്ധ്യയനരീതിയിൽ മാറ്റം വരുത്തുകയും ചെയ്തു. എളമനയ്ക്ക് ആ വിവരം അറിയിച്ച് അദ്ദേഹം കത്തയക്കുകയും ഉണ്ടായിട്ടുണ്ട്. ആ കത്ത് ഞാൻ കണ്ടിട്ടുമുണ്ട്.

## അംഗീകരിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അത് അദ്ദേഹത്തിന്റെ വ്യക്തി പ്രഭാവത്താൽ



**പുല്ലങ്കോട് വിഷ്ണു നമ്പൂതിരി**

താന്ത്രികത്തിലും വൈദികത്തിലും ആശൗചവിഷയങ്ങളിലും തന്റെ അറിവ് മറ്റുള്ളവർക്ക് പകർന്നു കൊടുക്കുന്നതിൽ അതീവ തൽപ്പരനായിരുന്നു എളമന. വൈദികത്തിൽ ഓരോ കർമ്മങ്ങളുടെയും ഉദ്ദേശ്യം വളരെ വ്യക്തമായി കർത്താവിനെ ധരിപ്പിക്കുന്നതിൽ അതിസമർത്ഥനായിരുന്നു. അദ്ദേഹത്തിന്റെ ഗഹനമായ ജ്ഞാനം പകർന്നു കിട്ടി ഞാനുൾപ്പെടെയുള്ള വൈദികരംഗത്ത് നിലനിൽക്കുന്നവർ ഇന്ന് സാമാന്യേന ജനങ്ങൾക്കിടയിൽ അംഗീകരിക്കപ്പെട്ടത് ആ വ്യക്തിപ്രഭാവം ഒന്നുകൊണ്ട് മാത്രമാണ്.

പ്രായാധിക്യം വന്നപ്പോഴും വൈദികം, താന്ത്രികം, ജ്യോതിഷം എന്നിവയിൽ പല സംശയങ്ങളും പരിഹരിക്കുവാൻ വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പുസ്തകങ്ങളും ഗ്രന്ഥങ്ങളും നാട്ടുനടപ്പും അന്വേഷിക്കുക അദ്ദേഹത്തിന്റെ പതിവായിരുന്നു. ആ മഹത് പ്രതിഭയുടെ ഓർമ്മകൾക്കു മുമ്പിൽ എന്റെ സ്മരണാഞ്ജലികൾ അർപ്പിക്കുന്നു.



## ആഴത്തിലുള്ള വായന


**കിഴക്കുമ്പാട്ട് ദാമോദരൻ നമ്പൂതിരിപ്പാട് (അനൂപ്)** എം.എ. എം.ഒ കോളേജ് മുക്കം- ഗണിത വിഭാഗം അദ്ധ്യാപകൻ


ഒരാൾ മന്ത്രം ചൊല്ലുന്നു, ഒരാൾ ക്രിയ പറഞ്ഞു പഠിക്കുന്നു, മറ്റൊരാൾ ക്ഷേത്രാചാരങ്ങളെ കുറിച്ച് ചർച്ച നടത്തുന്നു. ഇതിനിടയിൽ അനിയനോ മറ്റാരെങ്കിലുമോ ഇല്ലത്തെ തന്നെ എന്തെങ്കിലും കാര്യങ്ങൾ അവതരിപ്പിക്കുന്നു. ഇതിലെല്ലാം വല്യമ്മാവന് ഒരേപോലെ ശ്രദ്ധ കൊടുക്കാൻ കഴിഞ്ഞിരുന്നത് പഠനകാലയളവിൽ എന്നെ വല്ലാതെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. ആഴത്തിലുള്ള വായന തന്നെയായായിരുന്നു അദ്ദേഹത്തിന്റെ അറിവിന്റെ ആധാരം. അദ്ദേഹം പഠിക്കാത്ത, വായിക്കാത്ത താന്ത്രിക വൈദിക ഗ്രന്ഥങ്ങൾ കുറവായിരുന്നു. ഞാൻ തന്ത്രം പഠിച്ചു തുടങ്ങിയ കാലത്ത് പല ഗ്രന്ഥങ്ങളും വായിച്ച് സംശയം വന്ന് അദ്ദേഹത്തെ സമീപിച്ച് വിഷയം സൂചിപ്പിക്കുമ്പോൾ തന്നെ ആ ഗ്രന്ഥമേതാണ് എന്നും അതിൽ എന്തൊക്കെയാണ് പറഞ്ഞത് എന്നും കൃത്യമായി അമ്മാമൻ പറഞ്ഞു തരും. എല്ലാ ദിവസവും പത്രത്തിലെ ചെറിയ വാർത്തകൾ പോലും വിടാതെ ശ്രദ്ധയോടു കൂടി വായിക്കുമായിരുന്നു. എന്തിന് പ്രായമേറെ എത്തിയിട്ടും ബാലമാസികകൾ വരെ ശ്രദ്ധാപൂർവം വായിക്കുന്നത് കണ്ട് നോക്കി നിന്നിട്ടുണ്ട്. ഏത് കാര്യത്തിലും അദ്ദേഹത്തിന് വ്യക്തമായ ഒരു കാഴ്ചപ്പാട് ഉണ്ടായിരുന്നു. പുതിയ തലമുറയെ അംഗീകരിക്കാൻ വിമുഖതയുള്ള പഴയ തലമുറയിൽ നിന്ന് വ്യത്യസ്തനായിരുന്നു വല്യമ്മാമൻ. പഴയതിനെ പുതിയ കാലഘട്ടത്തിന് അനുസരിച്ച് അദ്ദേഹം അവതരിപ്പിക്കും...

വൈദികത്തിലും താന്ത്രികത്തിലും മലബാറിലെ ഒരു അവസാനവാക്കു തന്നെയായിരുന്നു എളമന നാരായണൻ നമ്പൂതിരിയുടേത്. ഒരിക്കലും തുളുമ്പിയിട്ടില്ലാത്ത അറിവിന്റെ നിറകുടം. വൈദികത്തിലും തന്ത്രികത്തിലുമായി നിരവധി ശിഷ്യഗണങ്ങൾക്കുടമയാണ് എളമന. പഠിപ്പിക്കുന്ന കാര്യങ്ങൾ കൃത്യവും വ്യക്തവുമായി ശിഷ്യർ പഠിക്കണമെന്ന നിർബന്ധബുദ്ധി അദ്ദേഹത്തിനുണ്ടായിരുന്നു. അതുകൊണ്ടു തന്നെ ഓരോ ശിഷ്യർക്കും അദ്ദേഹം കണിശക്കാരനായ ഗുരുവായിരുന്നു. ഇങ്ങനെയൊക്കെയായിരുന്നെങ്കിലും ടി വി യിൽ ക്രിക്കറ്റ് ലൈവ് ഉണ്ടെങ്കിൽ അത് നന്നായി ആസ്വദിച്ചിരുന്നു. ടി വി ഇല്ലാതിരുന്ന കാലത്ത് റേഡിയോ ചെവിക്കരികിൽ വച്ച് കമൻററി കേട്ടുകൊണ്ട് തന്നെ ശിഷ്യർക്ക് ക്ലാസെടുക്കുന്നത് രസകരമായ ശീലമായിരുന്നു.

വളരെ ചെറുപ്പത്തിൽ തന്നെ താന്ത്രിക വിദ്യകളും യജുർവേദപഠനവും സ്വായത്തമാക്കിയ എളമന നാരായണൻ നമ്പൂതിരി പ്രമുഖരായ തന്ത്രിവര്യൻമാരുടെ കൂടെ നവീകരണ കലശങ്ങൾ പ്രതിഷ്ഠകൾ തുടങ്ങിയ കർമ്മങ്ങൾക്കെല്ലാം നിരവധി തവണ സദസ്യനായിട്ടുണ്ട്. താന്ത്രികക്രിയാദികളിൽ സംശയം ചോദിച്ചാൽ തന്ത്രസമുച്ചയത്തിലെ ശ്ളോകങ്ങൾ ചൊല്ലി വ്യാഖ്യാനിച്ചാണ് ഉത്തരം പറഞ്ഞു കൊടുക്കുക. പ്രമാണപ്രകാരം മാത്രമാണ് മറുപടി എന്നർത്ഥം.

അഭിമാനിക്കുവാനും വേണമെങ്കിൽ അഹങ്കരിക്കുവാനുള്ള അറിവ് അദ്ദേഹത്തിനുണ്ടായിരുന്നിട്ടും സാധാരക്കാരിൽ സാധാരണക്കാരനായിരുന്നു മരണം വരെ അദ്ദേഹം. ഷോഡശ ക്രിയകൾ യാതൊരു സംശയവുമില്ലാതെ മന്ത്രങ്ങൾ മുഴുവൻ ഹൃദിസ്ഥമാക്കിക്കൊണ്ട്,മാത്രമല്ല സ്വരത്തോടു കൂടിയും സദസ്സുകളിൽ ചൊല്ലിയിരുന്നത് ആദരവോടേയും അത്ഭുതത്തോടെയും ആയിരുന്നു കേൾവിക്കാർ നോക്കിക്കണ്ടിരുന്നത്. അദ്ദേഹത്തിന്റെ ഷഷ്ഠിപൂർത്തി ആഘോഷത്തിൽ നടത്തിയ സെമിനാറിൽ സംസാരിക്കാൻ എത്തിയ ആന്ധ്രാക്കാരനായ, ബാലുശേരി ആദർശ സംസ്കൃത വിദ്യാപീഠത്തിൽ പ്രവർത്തിച്ചിരുന്ന Dr.മഹാബലേശ്വർ പി. ഭട്ട് സാറിനോട് സംസ്കൃതത്തിൽ അക്കാദമിക് വിദ്യാഭ്യാസം നേടിയിട്ടില്ലാത്ത എളമന സംസ്കൃതത്തിൽ സംസാരിക്കുന്നത് കേട്ടപ്പോൾ ശ്രോതാക്കളും ശിഷ്യരും ഒരേപോലെ അത്ഭുതപ്പെട്ടു എന്നത് വാസ്തവമാണ്.

താന്ത്രിക ക്രിയകളിലും വൈദിക ക്രിയകളിലും ഒരുപോലെ അവഗാഹം ഉണ്ടായിരുന്ന എളമന നാരായണൻ നമ്പൂതിരിയെപ്പോലൊരാളുടെ വിയോഗം ഉണ്ടാക്കിയ വിടവ് തീർക്കാൻ മറ്റൊരാൾ ഇനി ഉണ്ടാവേണ്ടിയിരിക്കുന്നു.

എളമന ശ്രീധരൻ നമ്പൂതിരിയുടേയും പുത്തൂർ മുതുമന സാവിത്രി അന്തർജ്ജനത്തിന്റെയും പ്രഥമപുത്രനായി പിറന്ന നാരായണൻ നമ്പൂതിരി വേളി കഴിച്ചത് ആട്ടീരി ശ്രീദേവി അന്തർജ്ജനത്തെ.

നാലു മക്കൾ: ശ്രീധരൻ നമ്പൂതിരി, ശോഭന, നാരായണൻ നമ്പൂതിരി, പ്രസന്ന.

ജീവിതത്തിന്റെ പ്രതിസന്ധിഘട്ടങ്ങളിലൊന്നും പതറാതെ, തളരാതെ കുടുംബത്തിലും പൊതു സമൂഹത്തിലും ഉറച്ച കാൽവയ്പ്പോടെ ജീവിതത്തെ നേരിട്ട ഒരു വ്യക്തിയായിരുന്നു അദ്ദേഹം. കർമ്മമണ്ഡലത്തിലെ പോലെ തന്നെ കുടുംബത്തിലേയും അവസാനവാക്ക് അദ്ദേഹം തന്നെയായിരുന്നു. സ്വന്തം കുട്ടികൾക്ക് പ്രത്യേകമായി ഒന്നും കരുതിവച്ചിരുന്നില്ല എന്നത് അദ്ദേഹത്തിലെ കുടുംബനാഥൻ എന്ന ഭാവത്തിന് ഏറെ മാറ്റ് കൂട്ടി.

സ്നേഹനിധിയായ ഒരു മകൻ, അച്ഛൻ, ഏട്ടൻ, വല്യച്ഛൻ, അമ്മാമൻ എല്ലാമായിരുന്നു അദ്ദേഹം. എന്റെ ഗുരുവിന്റെ ഓർമ്മക്ക് മുന്നിൽ സാദരപ്രണാമം. ●




**ശ്രീധരൻ നമ്പൂതിരി**
**പൊയിൽ ഇല്ലം**


## വൈദികം പഠിച്ചയാളുകൾ ധാരാളമുണ്ടാകണം

വൈദിക ചടങ്ങുകൾ കഴിപ്പിക്കുന്ന ആളുകൾ ധാരളമുണ്ടെങ്കിലും തികച്ചും വ്യത്യസ്തമായിരുന്നു നാരായണപ്ഫന്റെ രീതി. പഠിക്കുന്ന ആളുടെ താൽപര്യം മനസ്സിലാക്കി ചടങ്ങുകൾ എന്തിനാണെന്ന് വിശദീകരിച്ചു കൊടുത്ത് കൂടെ ക്രിയകൾക്ക് കൊണ്ടുപോയാണ് ശിഷ്യരെ പരിശീലിപ്പിച്ചിരുന്നത്. വൈദിക ചടങ്ങുകൾ പഠിച്ച ആളുകൾ ധാരാളം ഉണ്ടാവണമെന്ന് ആഗ്രഹിച്ചിരുന്നു. നാരായണപ്ഫന്റെ അറിവ് നമ്മുടെ സമൂഹത്തിൽ ധാരാളം പേർക്ക് ഉപയോഗപ്പെട്ടിരുന്നെങ്കിലും അദ്ദേഹത്തിന് ലഭിക്കേണ്ടുന്നത്രയും ആദരവും പരിഗണനയും സമൂഹം നൽകിയിരുന്നോ എന്നത് സംശയമാണ്.



# രഹസ്യമായി പരീക്ഷ പാസായി; ടീച്ചറായത് വിപ്ലവം



വിനോദ് മങ്ങത്തായ
9895621493

മാറു മറയ്ക്കാനായി ഒരു ബ്ലൗസ് ധരിക്കുന്നതു പോലും നിഷേധിച്ചിരുന്ന കാലം, പെൺകുട്ടിയുടെ പരസ്യമായുള്ള പഠനം തിരണ്ടു കല്യാണം വരെയായിരുന്ന കാലം, ബ്രഹ്മജ്ഞാനികളുടെ പെണ്ണറകളിൽ അറിവിന്റെ വെളിച്ചം എത്താത്ത കാലം.....

അക്കാലം തിരൂർ ആലത്തിയൂർ തോട്ടുവാ മൂത്തേടത്തില്ലത്ത് ഉമാദേവി അന്തർജനത്തിന്റെ മൂത്ത മകളായി നങ്ങേലി ജനിച്ചു .പിതാവ് ത്രിവിക്രമൻ അടിശ്ശേരിപ്പാട് വി.ടി യുടെ സുഹൃത്തും പുരോഗമനവാദിയും യോഗക്ഷേമസഭയുടെ ആദ്യകാല നേതാക്കളിൽ ഒരാളുമായിരുന്നു.

ഇല്ലത്തെ നാലിറയത്തിന്റെ വക്കത്ത് മണൽ നിരത്തി എഴുതിക്കുന്ന അക്ഷരാഭ്യാസം നങ്ങേലി ക്കും തുടങ്ങി. പതിവു പോലെ രാമായണം കിളിപ്പാട്ടും ഭാഗവതം ദശമവും ഇല്ലത്തു വന്ന് ചൊല്ലി പഠിപ്പിക്കാൻ വാസു നമ്പീശൻ എന്ന സാത്വികൻ ഗുരുവായി വന്നു. തന്റെ മകൾ കൂടുതൽ എഴുതാനും വായിക്കാനും പഠിക്കണമെന്ന് നിശ്ചയിച്ച് ഉൽപ്പതിഷ്ണുവായ പിതാവ് നങ്ങേലിയെ സ്കൂളിൽ ചേർക്കാൻ തന്നെ തീരുമാനിച്ചു.

## ആദ്യത്തെ 'നങ്ങേലി' ടീച്ചർക്കു പറയാനുള്ളത്:

ഇല്ലത്തു നിന്ന് ഒരു മൈൽ ദൂരെയാണ് വിദ്യാലയം. സ്കൂൾ തുറന്നപ്പോൾ ഞാനും രണ്ടനിയന്മാരും അവിടെ ചേർന്നു. ഞാൻ നാലാം ക്ലാസിൽ .

എന്തു വിപ്ലവമായിരുന്നു അതെന്നോ? നമ്പൂതിരിക്കുട്ടികൾ താഴ്ന്ന ജാതിയിലുള്ള കുട്ടികളുടെ കൂടെ സ്കൂളിൽ പോയിരുന്നു പഠിക്കുക. അതിലും വിശേഷിച്ച് ഒരു പെൺകുട്ടി .അന്നത്തെ കാലത്ത് അത് ആലോചിക്കാനേ വയ്യ. നാലുപുറത്തു നിന്നും ആക്ഷേപങ്ങൾ, പരിഹാസങ്ങൾ. അച്ഛൻ കുലുങ്ങിയില്ല. പഴമക്കാരെ പാടെ വെറുപ്പിക്കേണ്ടെന്നു കരുതി അച്ഛൻ ആചാരങ്ങളെ തീരെ ഉപേക്ഷിച്ചുമില്ല.

മുഴുവൻ നാട്ടുകാരുടെയും ബന്ധുക്കളുടെയും കുറെശ്ശെയൊക്കെ വീട്ടുകാരുടെയും പരിഹാസം, അവഗണന, ഒറ്റപ്പെടുത്തൽ ഇവ സഹിച്ചു കൊണ്ട് പ്രൈമറി വിദ്യാഭ്യാസം കഴിഞ്ഞു.ഇനി പഠിക്കണമെങ്കിൽ നാലു നാഴിക അകലെയുള്ള തിരൂർ ഹൈസ്കൂളിൽ പോണം. അച്ഛന് എന്നെ പഠിപ്പിക്കണമെന്ന് ആഗ്രഹമുണ്ട്. ഫീസ്സ്, പുസ്തകങ്ങൾ, അതിനൊക്കെ പുറമേ ഒരു പെൺകുട്ടിയെ തനിച്ച് അയക്കണം. അതും പൊതുറോട്ടിലൂടെ, വിജാതീയരുടേയും അന്യമതക്കാരായ ധാരാളം മുസ്ലീങ്ങളുടെയും നടുവിലൂടെ. പ്രശ്നങ്ങളൊന്നും ഉണ്ടായിട്ടില്ല. എന്നാലും അച്ഛൻ വല്ലാതെ വേദനിച്ചു കാണണം.

സ്കൂളിനടുത്തുള്ള പ്രഭു ഗൃഹമായ വഞ്ഞേരി ഇല്ലക്കാരോട് അച്ഛൻ സഹായം അഭ്യർത്ഥിച്ചു .എന്നെ അവിടെ താമസിച്ചു പഠിച്ചു കൊള്ളാൻ അവർ അനുവദിച്ചു.. അവിടെയും ആക്ഷേപക്കാർ വന്നു. ഓത്തുള്ള മൂത്തേടത്തുമനക്കാർ ഓത്തില്ലാത്ത ഇല്ലത്ത് നിൽക്കുകയോ? ഏതായാലും രണ്ടു വർഷം ഞാൻ അവിടത്തെ കുട്ടിയായി വഞ്ഞേരി ഇല്ലത്ത് താമസിച്ചു പഠിച്ചു.

ഫസ്റ്റ് ഫോറത്തിലാണ് ഞാൻ ഹൈസ്ക്കൂളിൽ ചേർന്നത്. യോഗക്ഷേമസഭയുടെ തളിപ്പറമ്പ് വാർഷികം അക്കാലത്തായിരുന്നു. മുത്തശ്ശി മരിച്ചുള്ള ദീക്ഷ ആയതിനാൽ അച്ഛൻ ആ സമ്മേളനത്തിനു വന്നില്ല. പത്തു വയസ്സുകാരിയായ എന്നെ പാർവ്വതി നെന്മിനിമംഗലത്തിന്റെയും ആര്യാ പള്ളത്തിന്റെയും കൂടെ അച്ഛൻ തളിപ്പറമ്പിലേക്ക് വിട്ടു. തിരൂർ റെയിൽവേ സ്റ്റേഷനിൽ വെച്ച് ഹാരാർപ്പണം നടത്തിയ എന്നെയങ്ങു കൂട്ടുകയായിരുന്നു അവർ. എന്റെ സമപ്രായക്കാരിയായി ആര്യാ പള്ളത്തിന്റെ മകൾ ദേവകി വാര്യരും ഉണ്ടായിരുന്നു.

അടുത്ത വർഷം കാറൽമണ്ണ സഭാസമ്മേളനത്തിനും അച്ഛന്റെയും സഹോദരങ്ങളുടെയും കൂടെ ഞാനും പോയിരുന്നു. ഘോഷ (വെളുത്ത വസ്ത്രം കൊണ്ട് ശരീരമാകെ മൂടി മറക്കുട ചൂടി മാത്രം പുറത്തിറങ്ങുന്ന രീതി) കളഞ്ഞ നമ്പൂതിരി സത്രീകൾ ധാരാളമായി തന്നെ കാറൽമണ്ണസമ്മേളനത്തിന് എത്തിയിരുന്നു. അപ്പോഴേക്കും ഒട്ടേറെ നമ്പൂതിരിപ്പെൺകുട്ടികൾ സദനത്തിൽ താമസിച്ച് തൃശൂർ നമ്പൂതിരിവിദ്യാലയത്തിൽ പഠിക്കാനും തുടങ്ങിയിരുന്നു .

അക്കാലത്ത് അച്ഛൻ സാമ്പത്തികമായി വളരെ ശോഷിച്ചു. പഴമക്കാർ അച്ഛനെ തഴഞ്ഞു. അച്ഛൻ സാമൂഹികാചാരങ്ങൾ തെറ്റിച്ച ആളാണ്. പെൺകിടാവിനെ പഠിക്കാൻ വിട്ടതൊക്കെ ഒന്നാന്തരം കുറ്റം. പ്രായശ്ചചിത്തം ചെയ്യണം. അച്ഛനെ ക്രിയക്കു കൂട്ടില്ല, ഊറ്റും മാറ്റും മുടക്കും. അങ്ങിനെ പലതും ശിക്ഷാവിധികളായി ഉണ്ടായി പുതുമക്കാർ ഇതൊന്നും വേണ്ടത്ര എതിർത്തുമില്ല.

അപ്പോഴേക്കും നാലാം ഫോറത്തിലെത്തിയ എന്നോട് (നിവൃത്തിയില്ലാതെ) ഇനി സ്കൂളിൽ പോകേണ്ടെന്ന് അച്ഛൻ പറഞ്ഞു. അമ്മയുടെ കരച്ചിലിനൊടുവിൽ ഋതുമതിയാകുന്നതു വരെ എന്നെ പഠിക്കാൻ വിടാമെന്ന് വെച്ചു. പഠിക്കുന്ന നമ്പൂതിരിപ്പെൺകുട്ടികൾക്ക് യോഗക്ഷേമസഭയുടെ യുവജന സംഘത്തിന്റെ സ്കോളർഷിപ്പൊക്കെ ഉണ്ടായിരുന്നത് എനിക്കും കിട്ടിയിരുന്നു.

വിഘ്നങ്ങൾ തീർന്നിരുന്നില്ല. അച്ഛൻ ചെയ്ത ആചാരവിരുദ്ധമായ പുരോഗമന പ്രവർത്തനങ്ങൾക്കെല്ലാം പ്രായശ്ചിത്തം ചെയ്യണമെന്ന് പഴമക്കാർ വിധിച്ചു. അതിനു മുമ്പ് തന്നെ എന്റെ പഠിത്തം നിർത്തണമെന്നും അവർ വ്യവസ്ഥ വെച്ചു.

എനിക്കന്ന് 13 വയസ്സ്, ഋതുമതിയായിരുന്നില്ല. എന്നിട്ടും 1934 നവംബറോടെ എന്റെ പഠനം നിർത്തേണ്ടി വന്നു .

അനുജന്മാരെ പഠിപ്പിക്കാൻ ഇല്ലത്തു ഒരു സാർ വരുന്നുണ്ട്. ആ മാഷിന്റെ അടുത്തു പോകാൻ പക്ഷേ എനിക്ക് അനുവാദമില്ല: അന്യപുരുഷനാണല്ലോ. അനുജന്മാരോട് ചിലത് ചോദിച്ചു പഠിക്കുക മാത്രമാണ് പിന്നെ നടന്നത്. എന്റെ ഔപചാരിക സ്കൂൾ വിദ്യാഭ്യാസം അങ്ങിനെ അവസാനിച്ചു

## വിവാഹം, കുടുംബം : അഥവാ അതിജീവനം

എന്റെ ഇല്ലത്തെ അകന്ന ചാർച്ചക്കാരായിരുന്നു പട്ടാമ്പി കണ്ണനൂർ തെക്കേടത്ത് മനക്കാർ. അവിടത്തെ രാമൻ നമ്പൂതിരിക്ക് നവീന വിദ്യാഭ്യാസം നേടണമെന്ന്

കലശലായ മോഹം. ഇദ്ദേഹം വൈശ്രവണത്ത് ഇല്ലത്ത് പോയി താമസിച്ച് കുറേശ്ശെ സംസ്കൃതവും ഹിന്ദിയും ഇംഗ്ലീഷും പഠിച്ചു. എന്റെ അച്ഛന്റെ ഉൽപ്പതിഷ്ണുത്വം കാരണം രാമൻ നമ്പൂതിരിക്ക് അച്ഛനോട് വലിയ ആദരവായിരുന്നു. അച്ഛന്റെ ശ്രമഫലമായി രാമൻ നമ്പൂതിരിക്ക് വാളമരുതൂർ ഭയങ്കാവിൽ ശാന്തിക്കാരനായി ജോലി കിട്ടി. തെയ്ക്കാട്ട് യോഗക്ഷേമസഭയുടെ യോഗത്തിന് പോകൽ, വി.ടിയുടെ അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് എന്ന നാടകം കാണാൻ പോകൽ, അയിത്തോച്ചാടനപരിപാടികൾ, ജയിലിൽ കിടന്നു തിരിച്ചുവന്ന മോഴികുന്നത്തിനെ കണ്ണനൂർ അമ്പലത്തിൽ കടത്താൻ ശ്രമിക്കൽ മുതലായ ഗുരുതര കുറ്റങ്ങളാൽ പണ്ടേ തന്നെ തന്റെ ഇല്ലത്തെ കാരണവന്മാരുടെ അപ്രീതി രാമൻ നമ്പൂതിരി നേടിക്കഴിഞ്ഞിരുന്നു .

സ്വല്പം വിദ്യാഭ്യാസമുള്ള കുട്ടിയെ വിവാഹം കഴിക്കാനായിരുന്നു രാമൻ നമ്പൂതിരിയുടെ മോഹം . സാമ്പത്തിക സ്ഥിതി മോശം. അഫൻ നമ്പൂതിരിമാർക്ക് അന്ന് സംബന്ധമേ വിധിച്ചിട്ടുള്ളൂ .മാത്രമല്ല രാമൻ നമ്പൂതിരിയുടെ ജ്യേഷ്ഠന്മാർ വിവാഹം കഴിക്കാതെ അനുജൻ വേളി കഴിച്ചാൽ അത് പരിവേദനം ആവും.

പുരോഗമനമൊക്കെ ഉള്ള മൂത്തേടം അടീരി ഏട്ടന്റെ മകളെ, എന്നെ ആലോചിച്ചാലെന്താ എന്നായി യുവനമ്പൂതിരിയുടെ ചിന്തകൾ .

എനിക്കന്ന് 14 വയസ്സ് . 1933 ലാണ് . അന്നത്തെ നടപ്പിൽ നിന്നും വ്യത്യസ്തമായി രാമൻ നമ്പൂതിരി വിവാഹത്തിന് എന്റെ സമ്മതമാരാഞ്ഞു .ഞാൻ അതൊന്നും ആലോചിച്ചിട്ടില്ല എന്നോ മറ്റോ മറുപടി പറഞ്ഞു എന്നാണ് ഓർമ്മ .

എന്നെ പുരോഗമനവാദിയായ രാമൻ നമ്പൂതിരിയെ ഏൽപ്പിക്കാൻ തന്നെ അച്ഛൻ നിശ്ചയിച്ചു . രാമൻ നമ്പൂതിരിയുടെ വ്യക്തിത്വം മാത്രം കണക്കിലെടുത്തും ബന്ധുക്കളുടെ മുഴുവൻ എതിർപ്പിനെ നേരിട്ടുമായിരുന്നു അച്ഛന്റെ തീരുമാനം .

വേളി ദിവസം മുഖദർശന സമയത്തേ അന്നത്തെ നമ്പൂതിരി പെൺകുട്ടികൾ വരനെ കാണാറുള്ളൂ .പെൺകുട്ടിയെ വിവാഹക്കാര്യം അറിയിക്കുന്നതു പോലും പാപമായി കരുതിയിരുന്ന കാലം .എന്റെ കാര്യം പക്ഷേ അങ്ങിനെയായിരുന്നില്ല. തെക്കേടം രാമനെ വേൾക്കാൻ നിനക്ക് ഇഷ്ടമാണോ എന്ന് എന്നോടും അച്ഛൻ ചോദിച്ചിരുന്നു ..

യാഥാസ്ഥിതികരിൽ ഭൂകമ്പം സൃഷ്ടിച്ചു ഞങ്ങളുടെ വിവാഹം. പരിവേദനം അന്ന് അപൂർവ്വം. ജ്യേഷ്ഠന്മാർ ഇരിക്കെ നിഷേധിയായ യുവാവ് വേളി കഴിക്കുക, അതും സ്കൂളിൽ പഠിച്ച പെൺകുട്ടിയെ വേൾക്കുക. ബന്ധുക്കൾ മിക്കവരും പങ്കെടുത്തില്ല. ക്രിയകളിൽ പങ്കെടുക്കാൻ ഏറ്റ നമ്പൂതിരിമാർ വന്നില്ല. എല്ലാം പ്ലാൻ ചെയ്ത് അനുയായികളായ യുവാക്കളെയും



*നങ്ങേലി ടീച്ചറും രാമൻ നമ്പൂതിരിയും– 1975ൽ എടുത്ത ചിത്രം*

കൂട്ടിയാണ് രാമൻ നമ്പൂതിരി വന്നത്. ഓയ്ക്കന്റെ സ്ഥാനത്തും ഒരാൾ ഉണ്ടായിരുന്നു. ക്രിയാഭാഗങ്ങൾ വരനു തന്നെ നന്നായി അറിയാമായിരുന്നു താനും.

മാംഗല്യം കഴിഞ്ഞു.പരിവേദനക്കാരിയായ എന്നെ വിധിയാം വണ്ണം കുടിവെപ്പ് നടത്തി സ്വീകരിക്കാൻ ഭർത്താവിന്റെ ഇല്ലക്കാർ തയ്യാറായില്ല. അദ്ദേഹത്തിന് ശാന്തി വെളുത്താട്ട് ഇല്ലക്കാരുടെ അമ്പലത്തിലായിരുന്നു . അവിടത്തെ ഒരു വീട്ടിൽ ഞങ്ങൾ ഒന്നിച്ചു താമസം തുടങ്ങി .

വിവാഹം കഴിഞ്ഞതിനു ശേഷം ഞാൻ ഭർത്താവിൽ നിന്നും ഹിന്ദിയും സംസ്കൃതവും പഠിച്ചു. എന്റെ സഹോദരന്മാരോടൊപ്പം ഹിന്ദി പ്രചാര സഭയുടെ മധ്യമ പരീക്ഷക്ക് ഫീസടച്ച് റജിസ്റ്റർ ചെയ്തു. പരീക്ഷക്കു പോയത് വളരെ രഹസ്യമായിട്ടായിരുന്നു. സമൂഹം അറിഞ്ഞാൽ ഭർത്താവിന്റെ ജോലി പോലും നഷ്ടപ്പെട്ടേക്കാം. തുടർന്ന് രാഷ്ട്രഭാഷയും വിശാരദും രഹസ്യമായി തന്നെ പാസ്സായി.

അക്കാലത്ത് ഞങ്ങളുടെ മൂന്നാമത്തെ മകൻ പെട്ടെന്നൊരു പനി മൂലമുണ്ടായ അസുഖങ്ങൾ കാരണം ഞങ്ങളെ വിട്ടു പോയി. ഭർത്താവിന്റെ തുച്ഛമായ വരുമാനം ഒന്നു കൊണ്ടു മാത്രം ജീവിതം കഷ്ടത്തിലായി .മറ്റു രണ്ടു മക്കളെ പഠിപ്പിക്കയും വേണമല്ലോ. അവർ ഏഴാം ക്ലാസിലും അഞ്ചാം ക്ലാസിലും എത്തിയിരുന്നു. പഠിത്തച്ചിലവും കൂടുകയാണ്. എനിക്കും ഒരു ജോലി കിട്ടിയാൽ ഒരാശ്വാസമാവുമെന്ന് ഭർത്താവു പറഞ്ഞു .

പിന്നെ താമസിച്ചില്ല. നാട്ടിലെ വായനശാല പ്രവർത്തനം ഞങ്ങൾക്ക് ഉണ്ടായിരുന്നു .അവിടത്തെ പത്രം വഴി വിശാരദ് പാസായവരിൽ നിന്നും പാർട്ട് ടൈം ഹിന്ദി അധ്യാപികയുടെ ഒഴിവ് ഉള്ളതായി പരസ്യം കണ്ടു. തൊട്ടടുത്തുള്ള വരവൂർ ഹൈസ്കൂളിലായിരുന്നു ഈ ഒഴിവ്. അപേക്ഷിച്ചു ഉടൻ നിയമനവും ആയി. 1951 ജൂലെ രണ്ടിന് പാർട് ടൈം ഹിന്ദി അധ്യാപികയായി വരവൂർ സ്കൂളിൽ ജോലിക്ക് ചേർന്നു.

അതുണ്ടാക്കിയ ഭൂകമ്പത്തെപ്പറ്റിയൊന്നും. പറയണ്ട. ജോലിക്ക് ചേർന്ന ശേഷമാണ് പൊതുജനം കാര്യമറിയുന്നത്.

വിദ്യാഭ്യാസമുള്ള സ്ത്രീകൾ ജോലിക്കു പോകാൻ കുറെശ്ശെ തുടങ്ങിയിരുന്നെങ്കിലും നമ്പൂതിരി സ്ത്രീകൾ അങ്ങിനെയൊന്നും പോയിരുന്നില്ല. അടുത്തും ദൂരെയുള്ള വിദ്യാലയങ്ങളിലൊന്നും തന്നെ അന്തർജനങ്ങൾ ടീച്ചർമാരായി ഇല്ലായിരുന്നു .

എന്റെ ജോലി നേടൽ കൂടി അറിഞ്ഞപ്പോൾ പുച്ഛം, അസൂയ ഇവയെല്ലാം കൂടിച്ചേർന്ന് യാഥാസ്ഥിതികൾ പലതും കാട്ടിക്കൂട്ടി. ഭർത്താവിന്റെ ജോലി പോയേക്കുമോ എന്നു പോലും ഭയന്നു .എങ്കിൽ മറ്റെന്തെങ്കിലും പണി നോക്കാം എന്ന മിഥ്യാ ധൈര്യത്തോടെ എല്ലാം നേരിട്ടു .

പേടിച്ചത് ഒന്നും സംഭവിച്ചില്ല. കാലം മാറുക തന്നെയായിരുന്നു. എന്റെ കാര്യത്തിൽ ,പതിനാലാമത്തെ വയസ്സിൽ കൂട്ടിലടക്കപ്പെട്ട കിളി മുപ്പതാമത്തെ വയസ്സിൽ സ്വതന്ത്രയായി .

ഇന്ന് നമ്പൂതിരി സമുദായത്തിൽ എത്രയോ ടീച്ചർമാർ. എൺപത് വർഷം മുമ്പ് ഒരു നമ്പൂതിരിക്കുട്ടി വിദ്യാഭ്യാസത്തിനും ജോലിക്കും വേണ്ടി അന്തഃപുരം വിട്ടിറങ്ങി. നങ്ങേലി അന്തർജനം. മലബാറിലെ നമ്പൂതിരിപ്പെൺകുട്ടികളിൽ ഒരുപക്ഷേ ആദ്യത്തെ സർക്കാർ സ്കൂളധ്യാപിക. 1920ൽ ആലത്തിയൂർ മൂത്തേടത്ത് മനയിൽ ജനനം. 1938ൽ പരിവേദനമായി പട്ടാമ്പി തെക്കേടത്ത് രാമൻ നമ്പൂതിരിയെ വേട്ടു. 1951 ജൂലൈ 2 ന് വരവൂർ (തൃശൂർ ജില്ല) ഹൈസ്കൂളിൽ പാർട്ട് ടൈം ഹിന്ദി അധ്യാപിക. 1976–ൽ തിരുവനന്തപുരം വലിയതുറ സ്കൂളിൽ നിന്നും റിട്ടയർ ചെയ്തു. 1995 ഡിസംബർ 21 ന് നിര്യാതയായി.

ഒട്ടനവധി പരിഷ്ക്കരണ വിപ്ലവങ്ങൾക്കിടയിലും 1965 വരെയൊക്കെ അന്നത്തെ നമ്പൂതിരിപ്പെൺകുട്ടികൾ ഈ ദുരവസ്ഥ അനുഭവിച്ചിരുന്നു. *വി.ടിയും ഇ.എം.എസ്സും എം.ആർ ബിയും ആര്യാ പള്ളവും മറ്റനേകം സാമൂഹ്യ പരിഷ്ക്കർത്താക്കളും മറക്കുടക്കുള്ളിലെ മഹാനരകത്തെ എല്ലാ അർത്ഥത്തിലും ന്യൂജൻ ഭാഷയിൽ പറഞ്ഞാൽ പൊളിച്ചു പണിതു. സംബന്ധത്തിന്റെയും നാലാംവേളിയുടേയും ദുർഗന്ധം അന്തർജനങ്ങൾ തീണ്ടാപ്പാടകലെ നിർത്തി. പെൺകുട്ടികൾ പഠിച്ചു. അടുക്കളയിൽ നിന്നും വിശ്വമഹാവിദ്യാലയത്തിലെ ഒട്ടേറെ വേദികളിൽ നമ്പൂതിരിപ്പെൺകുട്ടികൾ നടന്നും പറന്നുമെത്തിക്കൊണ്ടിരിക്കുന്നു പഠിക്കാനും ജീവിക്കാനുമുള്ള വിമൻസ് ലിബറേഷൻ തന്നെയായിരുന്നു നങ്ങേലി ടീച്ചറടക്കമുള്ള അന്നത്തെ പെൺനമ്പൂതിരിത്തം നടത്തിയത്.

(ഈ ഫീച്ചറിലെ വിവരങ്ങൾക്കാധാരം സ്ത്രീശബ്ദം മാസികയിൽ നങ്ങേലി ടീച്ചറുടെ ഡയറിക്കുറിപ്പുകളെ ആധാരമാക്കി കൊച്ചുമകൾ എൻ.സുകന്യ എഴുതിയ ലേഖനങ്ങൾ.)

●

# സകലകലാവല്ലഭൻ

**പറഞ്ഞാൽ തീരില്ല കൃഷ്ണൻ നമ്പൂതിരി മാസ്റ്റർ എന്ന മഹാപ്രതിഭയുടെ മിന്നലാട്ടങ്ങൾ. സകലകലാവല്ലഭനായ നമ്പൂതിരിയെ അടയാളപ്പെടുത്തുന്നു അദ്ദേഹത്തിന്റെ ജ്യേഷ്ഠന്റെ മകൾ.**



**എ.കെ. ഉഷ**
9442765280



ചിത്രകലയായിരുന്നു പ്രധാന പാഠ്യവിഷയം. പക്ഷേ, ചിത്രകല കുട്ടികൾക്ക് പറഞ്ഞുകൊടുക്കുന്നതിൽ മാത്രം ഒതുങ്ങിനിന്നില്ല കുന്നത്ത് മനയ്ക്കൽ കൃഷ്ണൻ നമ്പൂതിരി മാസ്റ്ററുടെ പ്രവർത്തനങ്ങൾ. 1958-ൽ തുടങ്ങിയ അടയ്ക്കാപുത്തൂർ ഹൈസ്കൂളിലെ ആദ്യത്തെ അഞ്ച് അദ്ധ്യാപകരിൽ ഒരാളായി ഔദ്യോഗിക ജീവിതത്തിന് അരങ്ങേറ്റം കുറിച്ച് കൃഷ്ണൻ നമ്പൂതിരി തന്റെ ഭാവനയുടെ ലോകങ്ങൾ സാക്ഷാൽക്കരിച്ച് പുതിയ വിസ്മയങ്ങൾക്ക് തുടക്കമിടുകയായിരുന്നു.

### ഭാവനാകാരൻ

കലയോട് അടങ്ങാത്ത അഭിനിവേശമായിരുന്നു മാസ്റ്റർക്ക്. സ്കൂൾ കെട്ടിടത്തിന്റെ മരാമത്ത് പണികൾ നടക്കുമ്പോൾ അത് വീക്ഷിക്കാനും നിർദ്ദേശങ്ങൾ നൽകാനും മുന്നിലുണ്ടായിരുന്നു. കൂടാതെ സ്കൂളിലെ ആഘോഷങ്ങൾ, വാർഷികോത്സവങ്ങൾ, കലാപരിപാടികൾ, കലയോടനുബന്ധിച്ചുള്ള എക്സിബിഷനുകൾ തുടങ്ങിയവയിലും സജീവ സാന്നിദ്ധ്യമായി. ഡാൻസ്, നാടകങ്ങൾ, നൃത്ത നാടകങ്ങൾ ഇവയിലെല്ലാം കഥാപാത്രങ്ങളുടെ രംഗവിധാനങ്ങളും, ഓരോ നാടകവേദികളിലും വേദികളുടെ പശ്ചാത്തലത്തിൽ കർട്ടനുകളിലെ പെയിന്റിംഗുകളും കട്ടൗട്ടുകളും മാസ്റ്ററായിരുന്നു ചെയ്തത്. സ്കൂളിൽ ഇടശ്ശേരിയുടെ പൂതപ്പാട്ട് അവതരിപ്പിച്ചപ്പോൾ പൂതത്തിന്റെ കിരീടവും വേഷവിധാനങ്ങളും ഡിസൈൻ ചെയ്ത് അദ്ദേഹം ശ്രദ്ധേയനായി. നൃത്തനാട്യരൂപമായ ബാലെയുടെ ട്രൂപ്പ് നാട്ടിൽ ആരംഭിച്ചപ്പോൾ അതിന്റെ മേക്കപ്പ്, രംഗസംവിധാനം തുടങ്ങിയവയിലെല്ലാം തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ചു. അടയ്ക്കാപുത്തൂരിൽ വായനശാലയുടെ കയ്യെഴുത്തു മാസികകൾക്ക് മുഖചിത്രങ്ങൾ വരച്ചതും സ്കൂളിൽ സ്റ്റേജ് നിർമ്മിച്ചപ്പോൾ അതിൽ രണ്ട് നർത്തകിമാരുടെ ചിത്രരൂപം ഉണ്ടാക്കിയതും വാർഷികാഘോഷ കവാടങ്ങൾ രൂപകൽപ്പന ചെയ്തതും കൃഷ്ണൻ മാസ്റ്ററായിരുന്നു.

മുൻകാലങ്ങളിൽ പഞ്ചായത്തിനാവശ്യമായ ബോർഡുകൾ, ബാനറുകൾ, പരസ്യപ്പലകകൾ തുടങ്ങിയവയും പ്രതിഫലേച്ഛയില്ലാതെ മാസ്റ്റർ ചെയ്തുകൊടുത്തിരുന്നു.

### കരകൗശല വിദഗ്ധൻ

നല്ലൊരു കരകൗശല വിദഗ്ധൻ കൂടിയായിരുന്നു കൃഷ്ണൻ നമ്പൂതിരി മാസ്റ്റർ. കിട്ടുന്ന വസ്തുക്കൾ ശേഖരിച്ച് അനവധി കലാരൂപങ്ങൾ അദ്ദേഹം തീർത്തു. ചിരട്ടകൊണ്ട് നിലവിളക്കുകൾ, കീചെയിനുകൾ, പേപ്പർ പൾപ്പ്, മെഴുക് എന്നിവകൊണ്ട് ആൾരൂപങ്ങൾ, മരവള്ളികൾ കൊണ്ട് പാമ്പുകൾ എന്നിങ്ങനെ ഒട്ടനവധി കലാസൃഷ്ടികളുണ്ട് അദ്ദേഹത്തിന്റേതായി. ഏറെ പ്രശംസ നേടിയ ഈ കരകൗശല ശേഖരം സ്വന്തം ശിഷ്യന്മാർക്കും സമീപ സ്കൂളുകൾക്കും, ഇതര വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അദ്ദേഹം സന്തോഷപൂർവ്വം സമ്മാനിച്ചു.

### നടൻ

യൂട്യൂബിൽ ഏറെപേർ ആസ്വദിച്ച 'സമ്മാനം' എന്ന ടി.കെ. ശ്യാം നാരായൺ സംവിധാനം ചെയ്ത ഷോർട്ട് ഫിലിമിൽ മുത്തച്ഛനായി അഭിനയിച്ച് മാസ്റ്റർ സമാനതകളില്ലാത്ത അഭിനയപാടവം ആസ്വാദകർക്ക് മുമ്പിൽ കാഴ്ചവെച്ചു.

### മാതൃകാധ്യാപകൻ

വിദ്യാർത്ഥികളുടെ സ്വഭാവ രൂപീകരണത്തിലും വ്യക്തിത്വവികസനത്തിലും മാസ്റ്റർ ശ്രദ്ധപതിപ്പിച്ചിരുന്നു. ചിത്രരചനയിൽ താല്പര്യമുള്ളവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും മാസ്റ്റർ ഏറെ താല്പര്യം കാണിച്ചു. അതുകൊണ്ടുതന്നെ ഇത്രയും ശിഷ്യസമ്പത്തുള്ള മറ്റൊരദ്ധ്യാപകനും ആ സ്കൂളിൽ ഉണ്ടായിരുന്നില്ല. ചിത്രകലാരംഗത്ത് പ്രതിഭകളായ ബനാറസ് ഹിന്ദു സർവ്വകലാശാല പ്രൊഫസർ ശ്രീ. സുരേഷ് കെ.നായർ, ശില്പങ്ങൾ ഉണ്ടാക്കുന്നതിൽ പ്രസിദ്ധനായ ശ്രീ. ഹരിഗോവിന്ദൻ, പ്രസിദ്ധമായ അടയ്ക്കാപുത്തൂർ കണ്ണാടി നിർമ്മാതാവ് ശ്രീ. കൃഷ്ണകുമാർ തുടങ്ങി നിരവധി പേർ മാസ്റ്റർക്ക് ശിഷ്യന്മാരായുണ്ട്.

പാലക്കാട് ജില്ലയിലെ അടയ്ക്കാപുത്തൂർ ദേശത്ത് കുന്നത്തുമനയ്ക്കൽ നാരായണൻ സോമയാജിപ്പാടിന്റെയും ആര്യപ്പത്തനാടിയുടെയും മകനായി ജനനം. ചെർപ്പുളശ്ശേരി ഹൈസ്കൂളിൽ വിദ്യാഭ്യാസം. പിന്നെ മദിരാശിയിൽ ചിത്രകലാ പഠനം.

സകലകലാവല്ലഭനായി ജീവിത വേദിയിൽ നിരവധി വേഷങ്ങളാടിത്തീർത്ത് കൃഷ്ണൻ മാസ്റ്റർ മടങ്ങിയെങ്കിലും അദ്ദേഹത്തിന്റെ കൗതുകം തീരാത്ത കരവിരുതുകളിലൂടെ, കുന്നത്ത് കൃഷ്ണൻ നമ്പൂതിരി മാസ്റ്ററുടെ ക്രിയേറ്റിവിറ്റി ഇന്നും ചരിത്രം കുറിക്കുന്നു. അങ്ങിനെ ലോകമുള്ളിടത്തോളം അദ്ദേഹം അനശ്വരനായിത്തീരുന്നു. എണ്ണമറ്റ പ്രശസ്ത കലാകാരന്മാരെ സൃഷ്ടിച്ച മഹാഗുരുവാണ്, ഗന്ധർവ്വ ശില്പിയാണ് കൃഷ്ണൻ മാസ്റ്റർ. പക്ഷേ, തന്റെ കഴിവുകളൊന്നും ആരെയും അറിയിക്കണമെന്ന് അദ്ദേഹത്തിന് ഒരു നിർബന്ധവുമുണ്ടായിരുന്നില്ല. മൂന്നു മാസങ്ങൾക്ക് മുമ്പ് വിടപറഞ്ഞുപോകുന്നതുവരെയും!! ●

# എല്ലാം മംഗളമാവും!







❒ ഷോഡശ ക്രിയകൾക്ക് ആവശ്യമായ എല്ലാ വിധ ദ്രവ്യങ്ങളും മുൻകൂട്ടി ഓർഡർ പ്രകാരം തയ്യാറാക്കി കൊടുക്കുന്നു

❒ ക്ഷേത്ര സംബന്ധിയായ ശുദ്ധി, ഉത്സവം, ദ്രവ്യ -നവീകരണ കലശങ്ങൾ എന്നിവ ഉത്തരവാദിത്തത്തോടെ ഏറ്റെടുത്ത് നടത്തി കൊടുക്കുന്നു

❒ പരിഹാര ക്രിയകൾക്കാവശ്യമായ എല്ലാ ദ്രവ്യങ്ങളും ചമതകളും തയ്യാറാക്കി കൊടുക്കുന്നു

❒ സ്വർണ്ണം വെള്ളി ചെമ്പ് പ്രതിമകൾ ലഭ്യമാണ്

❒ പൂജാപാത്രങ്ങളും ഹോമപാത്രങ്ങളും വാടകയ്ക്കും വിലയ്ക്കും ലഭ്യമാണ്

❒ ഭാരതത്തിനകത്തും പുറത്തും സാധനങ്ങൾ കൊറിയർ മുഖേന എത്തിക്കാനുള്ള സൗകര്യം ലഭ്യമാണ്

മോഹനൻ അവണപ്പറമ്പ്, സുഹാസ് വടക്കില്ലം, ഹരി വെമ്പോല
സുദീപ് നാരായണൻ കുട്ടനെല്ലൂർമന, സുനിൽ കണ്ടൻജാത

# തേവാരം

## പൂജാ സ്റ്റോഴ്സ്

S & S കോംപ്ലക്സ്, ഷൊർണൂർ റോഡ്, തൃശൂർ- 680022

Ph: 0487 2323338, Mob: 85890 09493, 94469 59445

Email: thevarampoojastore@gmail.com

20 വർഷത്തെ പ്രവർത്തന പാരമ്പര്യം



# നാടകമേ ഉലകം

**നൃത്തത്തിന്റെയും കഥകളിയുടെയും ചുവടുകൾ വെച്ച്, പിന്നീട് നാടകവേദികളെ ധന്യമാക്കിക്കൊണ്ടിരിക്കുന്ന രജിത നരിപ്പറ്റ.... അഭിനയത്തിന്റെ സ്ഥായിയായ ചില ഭാവങ്ങൾ ആ കണ്ണുകളിൽ നിന്ന് തന്നെ വായിച്ചെടുക്കാം, ലാളിത്യമുള്ള തനി നമ്പൂരി ശൈലിയിലുള്ള സംസാരം.. ചെയ്ത ഓരോ നാടക കഥാപാത്രങ്ങളും സ്ത്രീ പ്രാധാന്യമുള്ളതും തികച്ചും വേറിട്ട് നിൽക്കുന്നവയുമാണ്**




**വിദ്യ കൊയ്ത്തടി**
**9946884502**




'കലയുടെ കലവറ' എന്ന് വിശേഷിപ്പിക്കുന്ന 'കാറൽമണ്ണ' കലാകാരന്മാരുടെയും കലാകാരികളുടെയും ഈറ്റില്ലമാണ്.... ഏത് മേഖലയിൽ കർമ്മനിരതരാണെങ്കിലും കലയെ ഉപാസിക്കാൻ മറക്കാത്തവരും മടിക്കാത്തവരുമാണ് കാറൽമണ്ണക്കാർ. വൈദിക പാരമ്പര്യത്തിന്റെ പ്രൗഢിയും മഹിമയും നെഞ്ചോട് ചേർത്തവരുമാണ് ഇവിടെയുള്ളവർ.

നൃത്തത്തിന്റെയും കഥകളിയുടെയും ചുവടുകൾ വെച്ച്, നാടകവേദികളെ ധന്യമാക്കിക്കൊണ്ടിരിക്കുന്ന രജിത നരിപ്പറ്റ.... അഭിനയത്തിന്റെ സ്ഥായിയായ ചില ഭാവങ്ങൾ ആ കണ്ണുകളിൽ നിന്ന് തന്നെ വായിച്ചെടുക്കാം, ലാളിത്യമുള്ള തനി നമ്പൂരി ശൈലിയിലുള്ള സംസാരം.. ചെയ്ത ഓരോ നാടക കഥാപാത്രങ്ങളും സ്ത്രീ പ്രാധാന്യമുള്ളതും തികച്ചും വേറിട്ട് നിൽക്കുന്നവയുമാണ്..ഓരോ കഥാപാത്രത്തെപ്പറ്റി പറയുമ്പോഴും രജിത വാചാലയാവുകയാണ്.. പറഞ്ഞാലും പറഞ്ഞാലും തീരാതെ..

ജനിച്ചതു മുതൽ കഥകളിയും നൃത്തവും സംഗീതവും കണ്ട് വളർന്ന താൻ അതിലേക്ക് തന്നെ എന്നുറപ്പിച്ച കലാകാരി, കഥകളി ആചാര്യൻ നരിപ്പറ്റ നാരായണൻ നമ്പൂതിരിയുടെയും ആര്യാദേവി ടീച്ചറുടെയും രണ്ട് പെൺമക്കളിൽ മൂത്തവൾ.. ബാല്യം മുതലേ കഥകളിയും നൃത്തവും അഭ്യസിച്ചെങ്കിലും അഭിനയത്തിലേക്ക് ചുവടുവെച്ചത് പത്താം ക്ലാസ് കഴിഞ്ഞ സമയത്ത് കാരണക്കാരനായത് അപ്ഫനും നാടക സംവിധായകനുമായ നരിപ്പറ്റ രാജുവാണ്. ആ സമയത്താണ് ഏഷ്യാനെറ്റിലുണ്ടായിരുന്ന എം.ആർ രാജൻ, നരിപ്പറ്റ വെച്ച് എം ആർ ബി യെക്കുറിച്ചും, പ്രേം

ജിയെക്കുറിച്ചും ഒരു ഡോക്യുമെന്ററി ചെയ്തത്, കലാകുടുംബമായ നരിപ്പറ്റയിലെ അംഗങ്ങളിൽ പലരും അതിലെ നാടകരംഗങ്ങളിൽ ഉണ്ടായിരുന്നു.. രജിത ഋതുമതി, മറക്കുടയിലെ മഹാനരകം എന്നിവയിൽ സാന്നിധ്യമറിയിച്ചു.. കവി എൻ എൻ കക്കാടിന്റെ ധർമ്മ പത്നിയും രജിതയുടെ അച്ഛൻ പെങ്ങളുമായ ശ്രീദേവി കക്കാടും അതിലെ കഥാപാത്രമായിരുന്നു.. അതുകൊണ്ടുതന്നെ നാടകാഭിനയത്തിന്റെ ആദ്യപാഠങ്ങൾ ഇല്ലത്ത് നിന്ന് തന്നെ സ്വായത്തമാക്കി.

പ്രി. ഡിഗ്രി കാലഘട്ടത്തിലാണ് നാടകവേദിയിലേക്ക് പൂർണമായി ശ്രദ്ധ തിരിച്ചത്. ഒരു നിമിത്തം പോലെ കാറൽമണ്ണ എ.എസ് സ്മാരക കലാവേദി നാടകം വീണ്ടും ആരംഭിക്കുന്നത്, 'ഷെക്സ്വാനിലെ നല്ല സ്ത്രീ' എന്ന ബൃഹത്തി യൻ നാടകത്തിലൂടെ ശക്തമായ 'ഷെൻതെ' എന്ന കഥാപാത്രത്തിന് ജീവൻ നൽകി.. സമൂഹത്തിൽ സ്ത്രീയായി ജീവിക്കാൻ നിവൃത്തിയില്ലാതായ സമയത്ത് ഷുയിത എന്ന പുരുഷനായി വേഷം മാറിവരുന്ന ഇരട്ടക്കഥാപാത്രങ്ങളിലൂടെയാണ് രജിത അഭിനയജീവിതം തുടങ്ങുന്നത്..

പിന്നീടാണ് ശ്രീജ ആറങ്ങോട്ടുകരയുടെ നാടക സംഘത്തിലേക്ക് രജിതയെ ക്ഷണിക്കുന്നതും, അവിടെ എത്തി ഒരു മുഴുനീള നാടകനടിയായി മാറുകയും ചെയ്തു. ചെറിയ കഥാപാത്രങ്ങളിൽ നിന്ന് ശക്തമായ സ്ത്രീ കഥാപാത്രങ്ങളിലേക്കുള്ള ഒരു പ്രയാണം തന്നെയായിരുന്നു അത്.. ശ്രീജയുടെ തൂലികയിൽ നിന്ന് ജനിക്കുന്ന ശക്തരായ സ്ത്രീ കഥാപാത്രങ്ങൾക്ക് ജീവൻ നൽകാനുള്ള യാത്ര.. തുടക്കം 'ലേബർ റൂം ' എന്ന നാടകത്തിൽ പ്രസവിച്ച് കിടക്കുന്ന ഒരു സ്ത്രീ..

''പക്ഷെ ആ നാടകത്തിൽ വേദിയിൽ ഉണ്ടെങ്കിലും ശബ്ദം കൊണ്ടു മാത്രമാണ് സാന്നിധ്യമറിയിക്കാൻ സാധിച്ചത്. പ്രസവത്തെ കുറിച്ചോ പേറ്റുനോവിനെ കുറിച്ചോ ഒന്നുമറിയാതെ ഞാനന്നത് ചെയ്തു. പക്ഷേ

പിന്നീട് പ്രധാന റോൾ ചെയ്ത നടിക്ക് അസൗകര്യം ആയതിനാൽ കേന്ദ്രകഥാപാത്രം എന്നെ തേടി എത്തി. അത് എന്റെ നാടക ജീവിതത്തിലെ ഒരു വഴിത്തിരിവായി മാറി.'' രജിത പറയുന്നു

> രജിതയുടെ നാടക ജീവിതത്തിൽ ഒരു പ്രധാനപ്പെട്ട വഴിത്തിരിവായെന്നു പറയാവുന്ന ഒരു നാടകമായിരുന്നു ശ്രീജ ആറങ്ങോട്ടുകരയും ദിനേശ് അരീക്കോടും ഒരുമിച്ച് ഒരുക്കിയ 'ഉർവര സംഗീതം '. സംഗീത നാടക അക്കാദമിയുടെ മികച്ച സഹനടിക്കുള്ള അവാർഡും സംസ്ഥാന നാടക മത്സരത്തിൽ മികച്ച നടിക്കുള്ള പുരസ്കാരവും രജിതയ്ക്ക് ലഭിക്കാനിടയായ നാടകം. തികച്ചും വ്യത്യസ്തമായ കഥയും കഥാപാത്രങ്ങളും..പഞ്ചഭൂതങ്ങളിൽ നിന്നുള്ള ജീവന്റെ ഉത്പത്തി ഇതാണ് ഇതിവൃത്തം

കടമ്പഴിപ്പുറം നാട്യശാസ്ത്രയുടെ നേതൃത്വത്തിൽ നരിപ്പറ്റ രാജു സംവിധാനം ചെയ്ത തുപ്പേട്ടന്റെ 'ഡബിൾ ആക്ട്' എന്ന തുപ്പേട്ടന്റെ നാടകത്തിലെ 'നീലി സാലി' എന്ന കഥാപാത്രം തുടങ്ങിയവയെല്ലാം രജിതയുടെ അഭിനയ മികവിലൂടെ പൂർണത നേടി. 'നീലി സാലി' എന്ന കഥാപാത്രം തികച്ചും നാടൻസ്ത്രീ ആണെങ്കിലും അത് ചിട്ടപ്പെടുത്തിയത് ഒരു ശാസ്ത്രീയ നൃത്ത, കഥകളി പശ്ചാത്തലത്തിലായതിനാൽ കൂടുതൽ മിഴിവേകാൻ രജിതക്ക് കഴിഞ്ഞു.

പിന്നീട് ബോംബെയിൽ പൃഥി തീയ്യറ്ററിൽ തുപ്പേട്ടന്റെ നാടകങ്ങൾ കോർത്തിണക്കി, ഡോക്യു പ്ലേ എന്ന രീതിയിൽ ചെയ്തു.. കേരളത്തിലെ വിവിധ നാടകസംഘങ്ങൾ ഒരുമിച്ച് ആണ് ഇത് സംഘടിപ്പിച്ചത്.

ആകാശവാണിയിലും പ്രൊജക്ട് ആയി പഴയ നാടകങ്ങൾ അവതരിപ്പിച്ചതിലും രജിത തന്റെ റോളുകൾ ഭംഗിയാക്കി.

ആയിടക്കാണ് നാടക വേദികളിൽ രജിതയുടെ കഥാപാത്രങ്ങൾക്ക് പൂർണത പകർന്നിരുന്ന പ്രശാന്ത് ചെറുമിറ്റം തന്റെ ജീവിതത്തിന് പൂർണത നൽകാൻ ക്ഷണിക്കുകയും അവരുടെ വേളി നടക്കുകയും ചെയ്തത്. കഥകളിയുടെ ലോകത്തു നിന്നാണ് പ്രശാന്തും നാടകരംഗത്തേക്ക് എത്തിയത്. 'ഞാനും പ്രശാന്തേട്ടനും നായികാനായകന്മാരാവുമ്പോൾ ഞങ്ങൾക്കിടയിലെ കെമിസ്ട്രി ആവോളം ആസ്വദിച്ചായിരുന്നു ഓരോ റോളുകളും ചെയ്തിരുന്നത്' എന്ന് രജിത പറയുമ്പോൾ കണ്ണുകളിൽ പ്രണയത്തിന്റെയും അല്പം ലജ്ജയുടെയും സ്ഫുലിംഗങ്ങൾ മിന്നിമറയുന്നുണ്ടായിരുന്നു..

കാവാലം ഫെസ്റ്റിവലിൽ കാവാലത്തിന്റെ തന്നെ 'കലിവേഷം' എന്ന നാടകം ചെയ്തു. അതിൽ കഥകളി നടന്റെ ഭാര്യയുടെ റോൾ ആയിരുന്നു. കഥകളിയുടെ ലോകത്തു നിന്ന് വന്ന രജിതക്ക് ആ കഥാപാത്രവും അനായാസേന ചെയ്യാൻ കഴിഞ്ഞു.

ഷേക്സ്പിയർ നാടക ഫെസ്റ്റിവലിൽ ജൂലിയസ് സീസറിന്റെ ഭാര്യയായാണ് വേഷമിട്ടത്.. തികച്ചും ശക്തമായ ഒരു സ്ത്രീ കഥാപാത്രം..

കാസർഗോഡ് വെച്ച് നടന്ന കേരള സംഗീത നാടക അക്കാദമിയുടെ അമേചർ നാടക മത്സരത്തിൽ ആറങ്ങോട്ടുകര കലാപാഠശാലയുടെ കലംകാരിയുടെ കഥ എന്ന നാടകം സംസ്ഥാനതലത്തിൽ മികച്ച വിജയം നേ


പ്രശാന്ത്, രജിത, ശ്രീദേവൻ, ദേവദത്തൻ

ടി. അതിലെ കലംകാരി രജിതയുടെ നല്ല കഥാപാത്രങ്ങളിൽ ഒന്നാണ്. ഭർത്താവ് മരിച്ച വേദനയിൽ കഴിയുന്ന കലംകാരി, പൂക്കാരി, കള്ളൻ തുടങ്ങിയ വേഷങ്ങളിലൂടെ ജീവിതത്തിലേക്ക് തിരിച്ചുവരുന്ന മനോഹരമായ ഒരു കഥയാണ് ഇതിൽ.

'ഓരോരോ കാലത്തിൽ' എന്ന ചരിത്രപ്രധാനമായ നാടകത്തിലെ കുറിയേടത്ത് താത്രിയ്ക്ക് ജീവൻ നൽകണമെന്ന ആഗ്രഹം സഫലമാക്കാൻ ഒരു കാലയളവിന് ശേഷം രജിതക്ക് കഴിഞ്ഞു.

ബാബുരാജ് സംഗീതത്തിന്റെ പിൻബലത്തോടെ ശിഹാബുദ്ദീൻ പൊയ്ത്തുംകടവിന്റെ കഥ 'ബസ്തുഗര' എന്ന നാടകത്തിലെ ഉമ്മ, കടമ്പഴിപ്പുറത്ത് ടാഗോർ ഫെസ്റ്റിൽ ബംഗാൾ രാജവംശത്തിന്റെ കഥ പറയുന്ന 'ബലി' എന്ന നാടകത്തിലെ കൽക്കത്താ റാണിയുടെ വേഷം ഇങ്ങനെ ഇങ്ങനെ രജിതയുടെ ഭാവാഭിനയ പ്രകടനമികവുകളുടെ പട്ടിക നീണ്ടു നീണ്ടു കിടക്കുന്നു.

രജിതയുടെ നാടക ജീവിതത്തിൽ ഒരു പ്രധാനപ്പെട്ട വഴിത്തിരിവായെന്നു പറയാവുന്ന ഒരു നാടകമായിരുന്നു ആറങ്ങോട്ടുകര കലാപാഠശാലയുടെ 'ഉർവര സംഗീതം'. സംഗീത നാടക അക്കാദമിയുടെ മികച്ച സഹനടിക്കുള്ള അവാർഡും പെരിന്തൽമണ്ണ നഗരസഭയുടെ സംസ്ഥാനതല നാടക മത്സരത്തിൽ മികച്ച നടിക്കുള്ള പുരസ്കാരവും രജിതയ്ക്ക് ലഭിക്കാനിടയായ നാടകമാണിത്. തികച്ചും വ്യത്യസ്തമായ കഥയും കഥാപാത്രങ്ങളും.. ആദിമാതാവിന്റെയും ആദിപിതാവിന്റെയും സന്തതിപരമ്പരകളായി വെള്ളത്തിലും ആകാശത്തിലും ഭൂമിയിലും ജീവനുണ്ടാകുന്നു. വിശ്വാസങ്ങളും അനുഷ്ഠാനങ്ങളും പുതുമകളും ഇഴചേർന്ന ഈ നാടകത്തിൽ ആദിമാതാവായ കൊറ്റി എന്ന കഥാപാത്രത്തെയാണ് രജിതയിലൂടെ ലോകം ആസ്വദിച്ചത്..


*പ്രശാന്തും രജിതയും ഒരേ വേദിയിൽ*

കേന്ദ്രകഥാപാത്രങ്ങളും, ശക്തമായ സ്ത്രീ കഥാപാത്രങ്ങളും ചെയ്ത രജിത നെഗറ്റീവ് കഥാപാത്രങ്ങളിലും തന്റെ അഭിനയമികവും തികവും തെളിയിച്ചു.

നാടകങ്ങൾ കൂടാതെ ചരിത്ര പ്രാധാന്യമുള്ള ഡോക്യുമെന്ററികളിലും, ഷോർട്ട് ഫിലിമുകളിലും സാന്നിധ്യമറിയിച്ചു കഴിഞ്ഞു ഈ കലാകാരി.. പക്ഷെ, നാടകങ്ങളിൽ ചെയ്യുന്ന സംതൃപ്തി സിനിമകളിലും മറ്റും ചെയ്യുമ്പോ കിട്ടുന്നില്ലെന്ന് രജിത പറയുന്നു.


നാടകവേദികളിൽ ഒരു പാട് ദൂരം പോകാനുണ്ട് ഈ കലാകാരിക്ക്, കുറെ നല്ല ശക്തമായ സ്ത്രീ പ്രാധാന്യമുള്ള കഥാപാത്രങ്ങൾ അരങ്ങിൽ ഉണരാനുണ്ട്, ഇവൾക്ക് ഉണർത്താനുണ്ട്.. എന്നിരുന്നാലും കാറൽമണ്ണ സ്കൂളിലെ തന്റെ കുട്ടികളുടെ പ്രിയ സംസ്കൃതംടീച്ചറായി ഒപ്പം കലയുടെ ടീച്ചറുമായി, നല്ലൊരു കുടുംബിനിയായി, അമ്മയായി തന്റെ പരിധിയിൽ ഒതുങ്ങുന്ന നല്ല കഥാപാത്രങ്ങൾ മാത്രം സ്വീകരിക്കാനുള്ള മനസ്സൊരുക്കത്തിലാണ്... ഒപ്പം അവസരങ്ങൾ ഒരു പാടു തവണ തന്നെ തേടി വന്നിട്ടും ചെയ്യാനാവാതെ പോയ, അപ്ഫനായ രാജു നരിപ്പറ്റയുടെ കൂട്ടുകൃഷി എന്ന നാടകത്തിലെ ആയിഷ എന്ന കഥാപാത്രത്തെ ചെയ്യണം എന്നത് ഏറ്റവും വലിയ മോഹമായി അവശേഷിക്കുന്നു.. ഒരിക്കൽ ചെയ്യാനാവും എന്ന പ്രതീക്ഷയിൽ.... കൂട്ടിന് പ്രിയതമൻ പ്രശാന്ത് ചെറുമിറ്റവും..


അമ്മയുടെയും അച്ഛന്റെയും കലാപാരമ്പര്യത്തിൽ തങ്ങളും ഉണ്ടെന്ന ഉറച്ച കാൽവയ്പ്പോടെ കഥകളിയിലും ചെണ്ടമേളത്തിലും കഴിവു തെളിയിച്ചു കൊണ്ടിരിക്കുന്ന പത്താം ക്ലാസുകാരൻ ശ്രീദേവനും, ആറാം ക്ലാസുകാരൻ ദേവദത്തനും... പ്രിയ കലാകാരിക്ക്, എന്റെ പ്രിയ കൂട്ടുകാരിക്ക് ആശംസകൾ, പ്രാർത്ഥനകൾ...

*ഉർവര സംഗീതം... നാടക അക്കാദമിയുടെ നല്ല സഹനടിക്കുള്ള അവാർഡ് ലഭിച്ചു. കൊറ്റി എന്ന കഥാപാത്രം*



# കാവ്യം സുഗേയം കഥ വാമനീയം






വൈത്തല നാരായണൻ നമ്പൂതിരി
9446372698


1993-94 വിദ്യാഭ്യാസ വർഷം - സംസ്ഥാന തല യുവജനോത്സവ വേദി - സ്ഥലം കോഴിക്കോട് '. വേദി 5 ൽ നിന്നും അനൗൺസ്മെന്റ് കേൾക്കുന്നു ' ഈ വേദിയിൽ ഇതുവരെ നടന്ന ഹൈസ്കൂൾ വിഭാഗം കാവ്യകേളി മത്സരം സമാപിച്ചിരിക്കുന്നു. അൽപസമയത്തിനകം വിധികർത്താക്കൾ തന്നെ മത്സരഫലം സദസ്സിനെ അറിയിക്കുന്നതാണ്. ഏറെ താമസിച്ചില്ല വിധി വിവരം പുറത്തു വന്നു. കാവ്യകേളി മത്സരം വരികളുടെ തിരഞ്ഞെടുപ്പിലും ആലാപനശൈലിയിലും മികച്ച നിലവാരം പുലർത്തുന്നു.

എ ഗ്രേഡോടെ ഒന്നാം സ്ഥാനത്തിന് അർഹമായിരിക്കുന്നത് കോഴിക്കോട് ജില്ല - മേമുണ്ട ഹൈസ്കൂളിലെ സുധാകരൻ ബി.കോഴിക്കോട് ജില്ലയുടെ അഭിമാനഭാജനം.കലാരംഗത്ത് എന്നും തലയെടുത്ത് നിൽക്കുന്ന കോഴിക്കോട് ജില്ല ഒരു മത്സര ഇനത്തിൽ കൂടി ശ്രദ്ധേയമാവുകയാണ് - കാവ്യകേളിയിൽ -

ഇന്ന് മത്സര ഇനങ്ങൾക്ക് സ്ഥാന നിർണയമില്ല. ഗ്രേഡിംഗ് മാത്രം. കാവ്യകേളിയിൽ മികച്ച എ ഗ്രേഡുമായി തല യുയർത്തി നിൽക്കുന്നു കോഴിക്കോട്, കണ്ണൂർ, മലപ്പുറം ജില്ലയിലെ വിദ്യാർത്ഥികൾ. കാരണം പരിശീലനത്തിന്റെ മികവു തന്നെ. തന്റെ കുട്ടികളെ മികച്ച എ ഗ്രേഡിന് അർഹരാക്കുന്നൂ ഒരദ്ധ്യാപകൻ - അതെ അഭിമാനത്തോടെ നമുക്കു ചൂണ്ടിക്കാട്ടാം ഒരു കാവ്യകേളി ആചാര്യനെ. കോഴിക്കോട് ജില്ലയുടെ ആലാപന പരിശീലകൻ. തോളിൽ ഒരു കാവി പൊക്കണം തൂക്കി കുറ്റിത്താടി തലോടി വേദിയുടെ പുറത്ത് അരികു ചേർന്ന് അതാ നിൽക്കുന്നു കൃശഗാത്രനായ ഒരാൾ. കാവ്യകേളിയുടെ ആചാര്യ മഹിമ - ബ്രഹ്മശ്രീ തയ്യില്ലത്ത് വാമനൻ നമ്പൂതിരി .

സംസ്ഥാന തല മത്സരവേദിയിൽ തന്റെ ശിഷ്യഗണങ്ങൾ മാറ്റുരക്കുന്നതും നോക്കി - അവരുടെ മികവും പരിമിതിയും കണ്ടെത്തി ഇനി എങ്ങനെ, മെച്ചപ്പെടുത്താനുള്ള വഴിയെന്ത് എന്നിങ്ങനെ പരിശീലന പ്രയോഗങ്ങൾ സ്വീകരിക്കുകയാണ് ആ സമഭാവനയുടെ ഗുരുമഹത്വം. അച്ഛന്റെ പേര് തയ്യില്ലത്ത് വാമനൻ നമ്പൂതിരി. തന്റെ പേരും വാമനൻ നമ്പൂതിരി. കൺഫ്യൂഷൻ ഒഴിവാക്കുവാൻ ടി.ഐ.വി എന്ന ചുരുക്കപ്പേര് സ്വയം സ്വീകരിച്ചു.മലയാള പഠനം ഇഷ്ട മേഖലയായി. മാവൂരിനടുത്ത് പെരുവയൽ ഗ്രാമത്തിൽ സഹോദരി ദേവകിയുടെ ഇല്ലത്ത് (കട്ടയാട്ടു പാട്ടം) - 1970 കളിൽ താമസിക്കേണ്ടി വന്നത് കോളേജ് പഠനത്തിനും നാടക കമ്പത്തിനും വഴിമരുന്നിട്ടു.

പെരുവയലിലെ സാംസ്കാരിക സംഘടനകളിൽ സജീവ സാന്നിധ്യമായി ടി ഐ വി.പെരുവയൽ സ്പോർട്സ് ആന്റ് ആർട്സ് ക്ലബ്, സാംസ്കാരപോഷിണി വായനശാല, ഭാവന, പ്രിയദർശിനി, നവധാര തുടങ്ങി നിരവധി ക്ലബുകളുടെ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പെരുവയലിലും സ്വന്തം നാടായ വടകരയിലുമായി ടി ഐ വി വർഷങ്ങളോളം നേതൃത്വം നൽകി

ഇതിനിടെ കാവ്യകേളി എന്ന യുവജനോത്സവ മത്സരയിനം അദ്ദേഹത്തിന്റെ തലക്കു പിടിച്ചു. കാ വ്യ കേളിയുടെ ചരിത്രം തേടി, മികവുകൾ സ്വായത്തമാക്കുന്ന ഒരു സഞ്ചാരപഥം സ്വയം ആവിഷ്ക്കരിച്ചു.1970 കളിൽ യുവജനോത്സവ വേദികളിൽ മഹാകവി വൈലോപ്പിള്ളി ശ്രീധരമേനോൻ വിധികർത്താവായി വന്നെത്തിയിരുന്നു. അത് മലയാള ഭാഷയുടെ ഒരു സുവർണ കാലം.

ഒരിക്കൽ അക്ഷരശ്ലോക മത്സരത്തിന്റെ വിധി നിർണയിക്കുമ്പോൾ: നിയമത്തിന്റെ ചട്ടക്കൂട്ടിലൊതുങ്ങി പൂർണമായും പുറത്താവുന്ന ദ്രാവിഡ വൃത്തശീലുകളുടെ ദുരവസ്ഥ മഹാകവിയെ വേദനിപ്പിച്ചിട്ടുണ്ടാവാം. ഈ പ്രശ്നത്തിന് ഒരു പരിഹാരമായി മഹാകവി വൈലോപ്പിള്ളി ആവിഷ്ക്കരിച്ച് നടപ്പാക്കിയ ഒരു പുതിയ ആലാപന മത്സര ഇനമാണ് കാവ്യകേളി.

ദ്രാവിഡ വൃത്തശീലുകളേ പാടുളളൂ. നിയമ വ്യവസ്ഥകൾ അക്ഷരശ്ലോക മത്സരത്തിന്റെ ചുവടുപിടിച്ച് തയ്യാറാക്കി. 70 കളിൽ ആരംഭിച്ചെങ്കിലും 1988 മുതൽ കാവ്യകേളി ഒരു സജീവ മത്സരയിനമായി.

മലയാള ഭാഷയുടെ നന്മ നിലനിർത്തുന്ന ഈരടികൾ, ദ്രാവിഡ വൃത്ത വിരചിതമായ പദ്യശകലങ്ങൾ. ആലാപന മാധുരിയോടെ ആശയപൂർണതയുള്ള 8 വരികൾ – 4 ഈരടികൾ മന:പാഠമായി ചൊല്ലണം 5–മത്തെ വരിയിലെ ആദ്യ അക്ഷരം വെച്ച് അടുത്ത ഊഴക്കാരൻ തുടങ്ങണം.

ഇന്ന് സർവകലാശാലാ തലം വരെ കാവ്യകേളി നിലനിൽക്കുന്നു. അങ്ങനെ മലയാൺമയുടെ തനതു താളത്തിലുള്ള കേകയും കാകളിയും മഞ്ജരിയും വഞ്ചിപ്പാട്ടും എല്ലാം യുവജനോത്സവ വേദികളിൽ നിറഞ്ഞാടി.

ഈ മർമം തിരിച്ചറിഞ്ഞ ടി.ഐ.വി കാവ്യകേളിയിൽ കുട്ടികൾക്ക് പരിശീലനം ആരംഭിച്ചു. അതിനിടയിൽ വടകര മേമുണ്ട ഹൈസ്ക്കൂളിൽ മലയാളം അദ്ധ്യാപകനായി 1983 മുതൽ ജോലിയിൽ പ്രവേശിച്ചു. തന്റെ മോഹങ്ങൾക്ക് അനുസൃതമായ ഒരു പ്രവർത്തനമണ്ഡലം അദ്ദേഹത്തിന് തുറന്നു കിട്ടി. പിന്നെ മനസ്സുനിറഞ്ഞ മനോധർമത്തിന്റെ ഒരു ഇളകിയാട്ടം.

1988 മുതൽ കഴിഞ്ഞവർഷം 2018 വരെ കുട്ടികളെ സംസ്ഥാനതല കാവ്യകേളിയിലേക്ക് പരിശീലിപ്പിച്ചു വരുന്നു. പരിശീലനം കിട്ടിയാൽ സംശയിക്കേണ്ട എ ഗ്രേഡ് ഉറപ്പ്. ഒരേ വേദിയിൽ പല ജില്ലകളിൽ നിന്നായി പ്രിയശിഷ്യൻമാർ പരസ്പരം ഏറ്റുമുട്ടുന്നതു കണ്ട് പുളകമണിയുന്നു ഈ ബ്രഹ്മഗുരു. പരിശീലനത്തിന് ഫീസില്ല. തയ്യില്ലം തന്നെയാണ് പലപ്പോഴും പരിശീലന വേദി. അക്ഷരശ്ലോകം, കവിത, നാടകമെഴുത്ത്, അഭിനയം, സംവിധാനം തുടങ്ങിയ മേഖലകളും ടി.ഐ.വി.യുടെ മേച്ചിൽപുറങ്ങളാണ്.

2007 ൽ ഹൈസ്ക്കൂൾ അദ്ധ്യാപകജോലിക്ക് വിരാമമായി. ഇല്ലത്തിനടുത്തെ പ്രതിഭ തയില്ലത്തുതാഴം എന്ന കലാസമിതിയിൽ ഇന്നും നിറസാന്നിധ്യമാണ് വാമനേട്ടൻ.

അക്ഷരശ്ലോകത്തിന്റെ ഒരു വാട്സാപ് ഗ്രൂപ്പ് ഉണ്ടാക്കി എല്ലാ ദിവസവും രാവിലെ 5 മണി മുതൽ ആരംഭിക്കുന്ന ഒരു അക്ഷരശ്ലോക സദസ്സ് ഇദ്ദേഹം നടത്തിവരുന്നുണ്ട്. ആർക്ക് എപ്പോൾ വേണമെങ്കിലും അടുത്ത ഒരു ശ്ലോകം ആഡ് ചെയ്യാം രാത്രി 11 മണി വരെ – നിത്യമായ ഈ ശ്ലോക സദസ്സ് നമ്മുടെ ആലാപനമാധുരിയെയും ആസ്വാദന ക്ഷമതയെയും അനുനിമിഷം ഇളക്കി മറിക്കുന്നു.

സംഗീതം പഠിച്ചിട്ടില്ല. നല്ല താളബോധമുണ്ട്. പരിശീലനത്തിൽ ചൊല്ലിക്കൊടുക്കുന്ന പതിവ് കുറവാണ്. മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങളാണ് പഠനതന്ത്രം. അത് ഓരോ കുട്ടിയുടെയും തനത് ശേഷികളുടെ പൂർണ വികാസത്തിന് വഴിയൊരുക്കുന്നു. ഇതിനെല്ലാം പുറമെ കാർഷികരംഗം കൂടി ടി ഐ വി വെട്ടിപ്പിടിക്കുന്നു. മികച്ച കർഷകനുള്ള കർഷകശ്രീ അവാർഡ് രണ്ടു തവണ അദ്ദേഹത്തിനു ലഭിച്ചു, നോട്ടീസുകൾ, പത്രവാർത്തകൾ, പരസ്യമുദ്രകൾ തുടങ്ങിയവ സൂക്ഷിച്ച് ഒരു ചരിത്ര ശേഖരമാക്കുന്ന ഹോബിയും ഇദ്ദേഹത്തിനുണ്ട്. കടത്തനാട്, തച്ചോളി മാണിക്കോത്ത് തറവാട്ടുകളരിയുടെ കുലദേവതാ ക്ഷേത്രം – പ്രസിദ്ധമായ ലോകനാർകാവ് – അമ്മയുടെ മേൽശാന്തി പദവി തയ്യില്ലത്തിന് കാരായ്മയാണ്. അതെ, വാമനേട്ടൻ ലോകനാർകാവിലമ്മയുടെ മേൽശാന്തി കൂടിയാണ്.– തന്റെ തറവാട്ടിലെ പൂർവികരുടെ വിവരങ്ങൾ ശേഖരിച്ച് ഇന്നത്തെ തലമുറ വരെ കൂട്ടിച്ചേർത്ത് ഒരു ഡാറ്റാബാങ്ക് ടി.ഐ.വി തയ്യാറാക്കിയിട്ടുണ്ട്. ഈ വംശാവലി പൂർണമാകുമ്പോൾ വടകര കുട്ടോത്ത് തയില്ലത്തിന്റെ ചരിത്രകാരൻ കൂടിയാവുന്നു നമ്മുടെ വാമനേട്ടൻ


കാവ്യകേളി പരിശീലനത്തിന് യോജിച്ച ഒരു കൈ പുസ്തകം തയാറാക്കി വരുന്നു.പരിശീലനം ആവശ്യമെങ്കിൽ ആർക്കും സമീപിക്കാം. തയ്യില്ലത്തിന്റെ തിരുമുറ്റമാണ് സൗജന്യ പരിശീലനക്കളരി.

കൊളായി പട്ടേരി മഹൾ അംബികാ അന്തർജനമാണ് ടി ഐ വി യുടെ കുടുംബിനി. ഹരീഷ്, ഗിരീഷ്, ധനേഷ്, എന്നീ മൂന്ന് ആൺകുട്ടികൾ. കാവ്യകേളിയെക്കുറിച്ച് ചോദിക്കുമ്പോൾ അവരെല്ലാവരും പറയുന്നു തയ്യില്ലത്തേക്ക് വന്നോളൂ സ്വാഗതം, സുസ്വാഗതം...

●



# കരിക്കാടിന്റെ ഗുരു





**പാലശ്ശേരി**
**ഉണ്ണികൃഷ്ണൻ നമ്പൂതിരി**
**9496702912**

ശ്.... എല്ലാരും നിശ്ശബ്ദായി നടക്കൂ.. ആരും ശബ്ദമുണ്ടാക്കരുത്. അപ്പുണ്ണി മാഷ് ഉച്ചത്തിൽ പറഞ്ഞു. വിരലിനു പകരം കയ്യിലെ ചൂരൽ വടി ചുണ്ടത്ത് വെച്ച് ആംഗ്യ ഭാഷയിൽ താക്കീതും തന്നു.

പെട്ടെന്ന് ഞങ്ങളെല്ലാവരും നിശ്ശബ്ദരായി നടക്കാൻ തുടങ്ങി.

ആദ്യമായിട്ടാണ് കരിക്കാട് സ്കൂളിലെ കുട്ടികൾ ദേശീയ പതാകയുമേന്തി പൊതുവഴിയിലൂടെ മുദ്രാവാക്യം വിളിച്ച് നീങ്ങുന്നത്.

ആവേശത്തോടെയുള്ള ഞങ്ങളുടെ പ്രകടനത്തിന് ഭംഗം വന്നതിലുള്ള വിഷമത്തോടെ ഞങ്ങൾ മെല്ലെ നടന്നു നീങ്ങി. അല്പദൂരം പിന്നിട്ടപ്പോൾ എമ്പ്രാന്തിരി മാഷ് ഉച്ചത്തിൽ വിളിച്ചു.

' ഭാരത് മാതാ കീ ."

ഞങ്ങളെല്ലാവരും സന്തോഷത്തോടെ, കൂടുതൽ ആവേശത്തോടെ വിളിച്ചു.

'ജയ്'. 'മഹാത്മാഗാന്ധിജീ കീ ജയ്'

മാഷ് ഉച്ചത്തിൽ പാടി തന്നു.

'രഘുപതി രാഘവ രാജാറാം

പതീത പാവന സീതാറാം'

ഞങ്ങൾ ഉച്ചത്തിൽ ഏറ്റുപാടി

തങ്ങളുടെ കുട്ടികൾ ആദ്യമായി ഉത്സാഹത്തോടെ നടത്തുന്ന സ്വാതന്ത്ര്യദിനാഘോഷ ജാഥ കാണാൻ വഴിവക്കിൽ രക്ഷിതാക്കളും നാട്ടുകാരും വിടർന്ന കണ്ണുകളോടെ നോക്കി നിന്നു.

1955 ൽ എട്ടാം സ്വാതന്ത്ര്യ ദിനം ആഘോഷിക്കുകയാണ് ഞങ്ങൾ. പുതിയതായി വന്ന എമ്പ്രാന്തിരി മാഷാണ് ഇങ്ങനെ ഒരു ആഘോഷത്തിന് മുൻകൈ എടുത്തത്. കുട്ടികൾക്കും, രക്ഷിതാക്കൾക്കും, നാട്ടുകാർക്കും ഒരു പുതിയ അനുഭവമായിരുന്നു അത് .

അതിനിടയിൽ എന്തിനാണ് അപ്പുണ്ണി മാഷ് നിശ്ശബ്ദമായി നടക്കാൻ പറഞ്ഞത്.

അന്ന് മനസ്സിലായില്ലെങ്കിലും പിന്നീട് മനസ്സിലായി.

റോഡുവക്കിൽ ഒരു മുസ്ലിം പള്ളിയുണ്ട്. പള്ളിയുടെ മുന്നിലൂടെ മുദ്രാവാക്യം വിളിയോ ചെണ്ടമുട്ടലോ ഒന്നും പാടില്ല എന്ന ഒരലിഖിത നിയമമുണ്ടായിരുന്നു അന്ന്.

ഇന്ന് ആ നിയമം ആരും പാലിക്കാറില്ല..

1955 ലാണ് മാഷ് കരിക്കാട് SVALP സ്കൂളിൽ അദ്ധ്യാപകനായി നിയമിതനായത്.

ഊർജ്ജസ്വലനായ എമ്പ്രാന്തിരി മാഷിന്റെ വരവോടെയാണ് കരിക്കാട് സ്കൂളിന് ഒരു ഉണർവുണ്ടായത് . സർവ്വോദയ പ്രവർത്തകനായ മാഷിൽ നിന്നാണ് വിനോബ ഭാവെ എന്ന മഹാത്മാവിനെക്കുറിച്ച് അറിയാനായത്.

വേതനത്തേക്കാൾ സേവനത്തിന് പ്രാധാന്യം നൽകിയ ജീവിതമായിരുന്നു എമ്പ്രാന്തിരി മാഷിന്റേത് .

1955 മുതൽ 1989 വരെയുള്ള മുപ്പത്തിനാലു വർഷത്തിനിടയിൽ കരിക്കാട് സ്കൂളിൽ പഠിച്ചവരുടെ ഗുരുവായ എമ്പ്രാന്തിരി മാഷ് വലിയൊരു ശിഷ്യ സമ്പത്തിന്നുടമയാണ്.

കെ.ആർ.കെ. എന്ന അദ്ധ്യാപകനോടൊപ്പം ഒരു നിസ്വാർത്ഥ ഗ്രാമസേവകനെ കൂടിയാണ് രാമനാട്ടുകര സേവാ മന്ദിരം ടി.ടി.ഐ. സൃഷ്ടിച്ചു വിട്ടത്. രാധാകൃഷ്ണമേനോൻ എന്ന രാധേട്ടൻ സ്ഥാപിച്ച സേവാ മന്ദിരം ടി.ടി.ഐയിലെ സ്നേഹവും, അച്ചടക്കവും, കൃത്യനിഷ്ഠയുമുള്ള പരിശീലനവുമാണ് രാമകൃഷ്ണനെ പൊതുസേവകനാക്കി മാറ്റിയത്.

ഖദർ ജുബ്ബയും ഖദർ മുണ്ടും തോളിൽ ഒരു സൈഡ് ബാഗുമായി കെ.ആർ.കെ.എന്ന എമ്പ്രാന്തിരി മാഷെ, ഒട്ടുമിക്ക സാംസ്കാരിക വേദികളിലും കാണുമായിരുന്നു.

സാമൂഹ്യബോധവും ഉത്തരവാദിത്വബോധവുമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കാനുള്ള വിദ്യാഭ്യാസ മായി രു ന്നു ഈ ഗുരുവിൽ നിന്നും ശിഷ്യർക്കു ലഭിച്ചിരുന്നത്. ക്ലാസ്സുമുറിയിലെ പഠനത്തോടൊപ്പം , സേവന പ്രവർത്തനങ്ങളേയും സാമൂഹ്യ പ്രതിബദ്ധതയേയും കുറിച്ച് ചെറുപ്രായത്തിൽ തന്നെ ബോധവാനാക്കി നല്ല പൗരന്മാരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെയായിരുന്നു എമ്പ്രാന്തിരി മാഷിന്റെ അദ്ധ്യാപനം.

കരിക്കാട് സ്കൂളിൽ മാഷ് വന്ന വർഷം മുതൽക്കാണ് സ്വാതന്ത്ര്യദിനത്തിന്റെ പ്രാധാന്യം കുട്ടികളായ ഞങ്ങൾക്ക് മനസ്സിലായത്. 1955 ൽ എട്ടാമത്തെ സ്വാതന്ത്ര്യദിനാഘോഷം ; അടുത്ത യു.പി. സ്കൂളിനെ കൂടി കൂട്ടുപിടിച്ച് വിവിധ പരിപാടികളോടും പൊതുജനപങ്കാളിത്തത്തോടും കൂടിയാണ് ആഘോഷിച്ചത്.

എമ്പ്രാന്തിരി മാഷ് എന്ന എന്റെ ഗുരുനാഥൻ പ്രധാന അദ്ധ്യാപകനായി നിയമിതനായ അതേ വർഷം ആഘോഷിച്ച സംയുക്ത സ്വാതന്ത്ര്യദിനാഘോഷത്തിന്റെ നോട്ടീസ് ഇന്നും ഞാൻ അമൂല്യ രേഖയായി സൂക്ഷിച്ചുവെച്ചിട്ടുണ്ട്.

ആദ്യമായി സ്കൂളിൽ സാഹിത്യ സ

മാജവും സ്കൂൾ വാഷികാഘോഷവും എമ്പ്രാന്തിരി മാഷാണ് തുടങ്ങി വെച്ചത്. തന്റെ കുട്ടികളുടെ കലാവാസനകളെ പ്രോത്സാഹിപ്പിക്കാൻ മാഷ് പ്രത്യേകം ശ്രദ്ധിക്കാറുണ്ട്.

അദ്ധ്യാപനത്തിൽ മാത്രമൊതുങ്ങിയിരുന്നില്ല മാഷ്ടെ കർമ്മമണ്ഡലം .ഈ പ്രദേശത്തിന്റെ മുഖഛായ തന്നെ മാറ്റാനിടയാക്കിയ പല പൊതുപ്രവർത്തനങ്ങൾക്കും മാഷ് മുന്നിട്ടിറങ്ങി. റോഡുകളും, ഇടവഴികളും മാഷ്ടെ നേതൃത്വത്തിൽ നടത്തിയ ശ്രമദാനഫലമായി സഞ്ചാരയോഗ്യമായി. ഈ പഞ്ചായത്തിന്റെ അതിർത്തിക്കപ്പുറം മഞ്ചേരിയിൽ ഒരു കുന്നിൻ മുകളിൽ ടെക്നിക്ക് സ്കൂൾ തുറന്നപ്പോൾ ,അവിടേക്ക് റോഡ് നിർമ്മാണത്തിനായി കരിക്കാട് പ്രദേശത്തെ ചെറുപ്പക്കാരെ സംഘടിപ്പിച്ച് ദിവസങ്ങളോളം ശ്രമദാനമായി റോഡുനിർമ്മാണം നടത്തിയതും മാഷ്ടെ നേതൃത്വത്തിലായിരുന്നു.

തികഞ്ഞ ഗാന്ധിയനായ മാഷ് ഹരിജനോദ്ധാരണത്തിലും മദ്യനിരോധന പ്രവർത്തനത്തിലും മുൻപിൽ നിന്നിരുന്നു.

ഒരിക്കൽ മദ്യനിരോധന മീറ്റിംഗ് കഴിഞ്ഞ് ഭാര്യയോടൊത്ത് നടന്നു വരുമ്പോൾ, ഒരുത്തൻ പിന്നിലൂടെ വന്ന് ഭാര്യയുടെ തലയിൽ ചളി കൊട്ട കമിഴ്ത്തി . അന്നത്തെ സംഭവം ചിരിതൂകികൊണ്ട് പിന്നീട് മാഷ് വിവരിച്ചപ്പോൾ സഹനശക്തിയാർന്ന ഹൃദയവിശാലതയാണ് അവിടെ ദർശിക്കാൻ കഴിഞ്ഞത്.

സർക്കാർ സാക്ഷരതാ മിഷൻ തുടങ്ങുന്നതിനു മുമ്പുതന്നെ കരിക്കാട് ദേശത്ത് നിശാക്ലാസ്സുകൾ സംഘടിപ്പിച്ച് നിരക്ഷരരായവർക്ക് അക്ഷരജ്ഞാനം പകരുന്ന പ്രവർത്തകരിൽ മാഷായിരുന്നു മുൻപിലുണ്ടായിരുന്നത്.

ഗ്രന്ഥശാല പ്രവർത്തകനായ മാഷ് പി .എൻ.പണിക്കരുടെ പ്രിയശിഷ്യനായിരുന്നു. ദീർഘകാലം ഗ്രന്ഥശാലാ യൂനിയൻ ഭാരവാഹിയായി മാഷ് സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഗ്രാമങ്ങളുടെ മുക്കിലും മൂലയിലും എത്തി എഴുത്തിന്റേയും, വായനയുടേയും സുഗന്ധം പരത്തിയ കർമ്മയോഗിയായിരുന്നു മാഷ്. അവനവനു വേണ്ടിയല്ലാതെ, മറ്റുള്ളവർക്കു വേണ്ടി ജീവിച്ച വ്യക്തി. അതാണ് കെ.ആർ.കെ.

ഒരു മാതൃകാ അദ്ധ്യാപകനുണ്ടായിരിക്കേണ്ട എല്ലാ യോഗ്യതകളും നിറഞ്ഞ വ്യക്തി.

അദ്ധ്യാപക അവാർഡിനായി പലതവണ ലിസ്റ്റിൽ സ്ഥാനം ലഭിച്ചെങ്കിലും കക്ഷിരാഷ്ട്രീയക്കാർ അവസാനം വെട്ടിനിരത്തിയ കൂട്ടത്തിൽ മാഷ്ടെ പേരും താഴെ പതിച്ചു.

1964ൽ അമ്പലപ്പുഴ സുലതാ ദേവിയെ വിവാഹം കഴിച്ചു. രാധിക (സംഗീത ടീച്ചർ), സേതു (വിദ്യാഭ്യാസ വകുപ്പ്), ആയുർവ്വേദ ഡോക്ടർ ബേബി സുഭദ്ര എന്നിവരാണ് മക്കൾ.

1964ൽ മഞ്ചേരി ബ്ലോക്കിന്റെ കീഴിൽ കർഷകർക്ക് ഒരു പഠനയാത്ര സംഘടിപ്പിക്കുകയുണ്ടായി. തിരുവനന്തപുരം വരെയുള്ള യാത്രയിൽ അമ്പലപ്പുഴ എത്തിയപ്പോൾ മാഷ്ടെ പത്നിയുടെ ഇല്ലത്തായിരുന്നു. അമ്പതോളം വരുന്ന യാത്രാ സംഘത്തിന് ഉച്ചഭക്ഷണം. അന്യമതസ്ഥരുൾപ്പെട്ട യാത്രാ സംഘത്തിലെ പലരും ആദ്യമായി അമ്പലപ്പുഴ പാൽപ്പായസം ആസ്വദിച്ച് കഴിച്ചത് എന്റെ ഗുരുപത്നിയുടെ നാലുകെട്ടിൽ വെച്ചായിരുന്നു.

കെ.ആർ.കെ. കോഴിക്കോട് ആകാശവാണിയുടെ 'വഴിവിളക്ക്' എന്ന പരിപാടിയിൽ വർഷങ്ങളോളം പങ്കെടുത്തിട്ടുണ്ട്.

പി.എൻ.പണിക്കർ, പി.ടി.ഭാസ്കരപണിക്കർ , കെ.പി.കേശവമേനോൻ ,വി.എം.നായർ , എം.പി.മൻമഥൻ, ജി.കുമാരപിള്ള ,കേളപ്പജി, എന്നീ മഹാരഥന്മാരുടെ കീഴിൽ സേവന പ്രവർത്തനങ്ങൾ ചെയ്യാൻ കഴിഞ്ഞത് കെ.ആർ.കെ.യെ ഒരു കർമ്മയോഗിയാക്കി.

കേരളത്തിലെ ഭരണകർത്താക്കളിലും, സാംസ്കാരിക നായകരിലും, സാധാരണക്കാരിലും KRK എന്ന വ്യക്തിക്ക് ഒരു സ്ഥാനമുണ്ടായിരുന്നു. ഇയ്യിടെ ലോകമറിഞ്ഞ മൊയ്തീന്റെ കാഞ്ചനയുടെ മനസ്സിലും KRKയെ ജ്യേഷ്ഠസഹോദരനായിട്ടാണ് പ്രതിഷ്ഠിച്ചിട്ടുള്ളത്. ജീവിത പരീക്ഷണത്തിൽ എനിക്ക് ധൈര്യം പകർന്നു തന്ന, ജീവിത വഴികാട്ടിയാണ് KRK മാഷ് എന്നാണ് മൊയ്തീന്റെ കാഞ്ചന പറഞ്ഞത്.

എത്രയോ നീറുന്ന മനസ്സുകൾക്ക് ശാന്തിയും, സന്തോഷവും നൽകാൻ അഹോരാത്രം പ്രവർത്തിച്ച കെ. രാമകൃഷ്ണൻ എമ്പ്രാന്തിരി മാഷ്ക്ക് 30–06 2002 ൽ തിരുവനന്തപുരം വി.ജെ. ടി ഹാളിൽ വെച്ച്, കാൻഫഡ് രജതജൂബിലി പി.ടി.ബി. അവാർഡ് ഏറ്റുവാങ്ങുവാനുള്ള ഭാഗ്യം ഉണ്ടായി.

ആ കർമ്മയോഗി 20– ഏപ്രിൽ 2017 ന് ഇഹലോകവാസം വെടിഞ്ഞു.


ആ നിസ്വാർത്ഥ സേവകനായ കരിക്കാടിന്റെ ഗുരുവിന് പ്രണാമം.

●



'കേയാർക്കേ' (KRK)യെന്ന നാമശ്രവണമതുതരും ദീപ്തമാമോർമ്മയായി–
ച്ഛായാചിത്രം;കരിക്കാടിനു വരഗുരുവായ്ത്തീർന്ന സൗമ്യസ്വരൂപം
മായാതെന്നും മനോമണ്ഡലമതിൽ വിലസും ബാപ്പു,*ചാച്ചാജി*യെപ്പോൽ
ശ്രേയൻ,ഗ്രാമീണ ബാല്യ സ്മരണയിലൊളിയായ്ത്തീർന്ന സ്നേഹസ്വരൂപൻ

*ഗാന്ധിജി,ജവഹർലാൽ നെഹ്റു



സംയുക്ത ആഘോഷം.

തൃക്കലങ്ങോട്,
28—7—'55.

മാന്യരെ,

തൃക്കലങ്ങോട് മാനവേദൻ സ്കൂൾ, കരിക്കാട് ഷൺമുഖവിലാസം സ്കൂൾ, തൃക്കലങ്ങോട് പൊതുജന വായനശാല; വില്ലേജ് കമ്മററി എന്നീ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ [illegible] കാര്യപരിപാടിയനുസരിച്ച് ഈ വരുന്ന 9-ാമത്തെ സ്വാതന്ത്ര്യദിനം മാനവേദൻ സ്കൂളിൽ വെച്ച് [illegible] തീരുമാനിച്ചിരിക്കുന്നു.

പൊതുയോഗത്തിൽ ശ്രീമാൻ ടി. എസ്. എഴുത്തച്ഛൻ ([illegible]) അദ്ധ്യക്ഷത വഹിക്കുന്നതാണ്. [illegible] പൊതുജനവ [illegible] അംഗങ്ങളുടെയും വിദ്യാർത്ഥി വിദ്യാർത്ഥിനികളുടെയും കലാപരിപാടികളും ഉണ്ടായിരിക്കുന്നതാണ്.

നിങ്ങളുടെ [illegible] നാട്ടുകാർ പങ്കെടുത്ത് സ്വാതന്ത്ര്യദിനാഘോഷം [illegible] വാൻ അഭ്യർത്ഥിക്കുന്നു.

[illegible], വിധേയർ
പി. [illegible] (പ്ര. അ.)
കെ. ആർ. കെ. എമ്പ്രാന്തിരി (പ്ര. അ.)
എ. [illegible] (പ്രസിഡണ്ട്)
[illegible] (പ്രസിഡണ്ട്)

★ കാര്യപരിപാടി ★

| | | |
|---|---|---|
| 1. | പതാക വന്ദനം. (രാവിലെ 9 മണിക്ക് മാനവേദൻ സ്കൂൾ, ഷൺമുഖവിലാസം സ്കൂൾ) | |
| 2. | ഷൺമുഖവിലാസം സ്കൂളിൽനിന്ന് ഘോഷയാത്ര | (10 മണിക്ക്) |
| 3. | പൊതു [illegible] | (10½ to 11½) |
| 4. | [illegible] | (11½ to 12½) |
| 5. | [illegible] | (1 to 2½) |
| 6. | വിശ്രമം | (2½ to 3½) |
| 7. | ഘോഷയാത്ര | (3½ to 4½) |
| 8. | പൊതുയോഗം | (4½ to 6) |
| 9. | കലാപരിപാടി | (6 to 8) |

[illegible], മഞ്ചേരി.

*ലേഖകൻ സൂക്ഷിച്ചുവെച്ചിട്ടുള്ള 1955 ൽ എമ്പ്രാന്തിരി മാഷുടെ നേതൃത്വത്തിൽ നടന്ന എട്ടാമത്തെ സ്വാതന്ത്ര്യദിനാഘോഷ നോട്ടീസ്*



# കേളികളാടി മുദ്രാ രാഗമാലകൾ പാടി...

ഗീതാനാരായണൻ വേന്ത്രക്കാട് 9446158241
നിഷാരവി പെരുമ്പടപ്പ് 9747417868

**ആടിയും പാടിയും പഠിപ്പിച്ചും പ്രതികരിച്ചും സാംസ്കാരിക മലയാളത്തിന്റെ അക്ഷരവും ആതിരയുമായി ഉയരങ്ങളിലേക്ക് ചുവടുവെക്കുകയാണ് അണിമംഗലത്തെ സാവിത്രി ടീച്ചർ**

"മുതിർന്നവർ പാടിക്കളിക്കുന്നതുനോക്കി അവരുടെ കൂടെ കുറേശ്ശെ ചുവടുകൾ വയ്ക്കണം"–അമ്മയുടെ നിർബന്ധം. അങ്ങനെ എട്ട് വയസ്സ് മുതൽ കളി തുടങ്ങി. ചീരപ്പാട്ട്, ചോണനുറുമ്പിന്റെ പാട്ട്, ഇട്ടിത്തുപ്പൻ തുടങ്ങിയ നേരമ്പോക്ക് പാട്ടുകളോടായിരുന്നു കുട്ടിക്കാലത്ത് ഏറെ പ്രിയം.

ആ കുട്ടി ഇന്ന് കൈകൊട്ടിക്കളികളിൽ കേരളത്തിന്റെ ആധികാരിക സ്വരമാണ്. അണിമംഗലം സാവിത്രി ടീച്ചർ! തികഞ്ഞ ആത്മവിശ്വാസമാണ് അവരുടെ മുഖമുദ്ര. നിറഞ്ഞ ചിരി... സ്പഷ്ടമായ മൊഴി.. അക്ഷരവും ആതിരയും സംഗീതവും ജീവന്റെ ജീവൻ.

കൈകൊട്ടിക്കളി എന്ന കലാരൂപത്തിന് എത്ര വർഷത്തെ പാരമ്പര്യമുണ്ടെന്ന് കൃത്യമായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ടോ എന്നറിയില്ല. എങ്കിലും പുരാതന ബ്രാഹ്മണ ഗൃഹങ്ങളിലാണ് ഇതിന് പ്രചാരവും പ്രാമുഖ്യവും കണ്ടുവന്നിരുന്നത്. സ്ത്രീകൾ വിശേഷിച്ച് അന്തർജ്ജനങ്ങൾ അകത്തളങ്ങളിൽ തളയ്ക്കപ്പെട്ട അന്നത്തെ കാലഘട്ടത്തിൽ, പുരുഷകേന്ദ്രീകൃതമായ ഒരു സാമൂഹ്യ വ്യവസ്ഥിതിയിൽ സ്വാതന്ത്ര്യത്തിന്റെ ഒരു വാതിൽ അവർക്കു മുന്നിൽ തുറക്കപ്പെടുന്നത് തിരുവാതിരക്കാലങ്ങളിലാണെന്ന് ഒരു നവോത്ഥാന വീക്ഷണത്തിൽ വേണമെങ്കിൽ കരുതാം. തങ്ങളുടെ ക്ഷേമത്തിനും ഐശ്വര്യത്തിനും ആയുസ്സിനും വേണ്ടിയാണ് തിരുവാതിര ആഘോഷങ്ങൾ എന്ന പുരുഷന്റെ പരിപൂർണ്ണബോധ്യത്തിന്റെ അടിസ്ഥാനത്തിലാകണം അവർ ഇതിനനുവദിച്ചതും. സ്ത്രീകൾ അവർക്കായി ലഭിച്ച ഈ ദിനങ്ങൾ ആടിയും പാടിയും ആഘോഷിക്കുന്നു. മനസ്സിലെ ഭക്തി ഇമ്പമുള്ള പാട്ടുകൾക്ക് ജീവൻ പകരുന്നു.

ലാസ്യം, സുന്ദരം, പ്രൗഢം ഇത്രയും ചേർന്നതാണ് തിരുവാതിരക്കളി. കേരള സംസ്കാരത്തിന്റെ ആത്മാവ് ഈ കലയിൽ ഇഴചേർന്ന് കിടക്കുന്നു എന്ന് സാവിത്രി ടീച്ചറും തന്റെ ജീവിതം സന്ദേശമാക്കി നമ്മോട് പറയുന്നു. ഭക്തിയുടെ, പ്രാർത്ഥനയുടെ ആതിരനാളുകൾ. ഉമാമഹേശ്വര സങ്കൽപ്പത്തിന്റെ കാൽപ്പനിക ഭാവം. ആചാരാനുഷ്ഠാനങ്ങളോടെ അംഗനമാരുടെ സമർപ്പണം.

## സംഗീതം.. കളി.. കലോത്സവം

1985ൽ തൃശ്ശൂർ വെസ്റ്റ് ഫോർട്ട് കോൺവെന്റ് ഗേൾസ് ഹൈസ്കൂളിൽ സംഗീത അധ്യാപികയായി സാവിത്രി ടീച്ചർ ഔദ്യോഗിക ജീവിതം ആരംഭിച്ചു. എല്ലാ കഴിവുകളും പ്രകടിപ്പിക്കാനുള്ള ഇടം ആയിരുന്നു അത്. സ്കൂളും സംഗീതവും കുട്ടികളും എല്ലാം കൂടി ഹൃദ്യമായൊരു അരങ്ങ്. സ്കൂൾ കലോത്സവങ്ങൾക്ക് വേണ്ടിയാണ് കൈകൊട്ടിക്കളി പരിശീലനത്തിന് തുടക്കം കുറിച്ചത്. കലോത്സവവേദികളിൽ തിരുവാതിരക്കളി കൂടാതെ മലയാള പദ്യം, സംസ്കൃത, മലയാള ലളിതഗാനങ്ങൾ, സംഘഗാനം, ദേശഭക്തിഗാനം തുടങ്ങിയവയും പഠിപ്പിച്ചു മത്സരിപ്പിച്ചു. ടീച്ചറുടെ കൈകളിൽ കുട്ടികൾ ഭദ്രം, വിജയം സുനിശ്ചിതം.

താമസം ഇരിങ്ങാലക്കുട കൂടൽമാണിക്യ ക്ഷേത്രത്തിന് തൊട്ട്. സംഗമേശനെ വണങ്ങിയേ ടീച്ചറുടെ ഒരു ദിവസം ആരംഭിക്കൂ. സംഗമേശൻ വിളിപ്പുറത്തുണ്ടെന്ന ഉറച്ച വിശ്വാസം. ഇന്നിവിടെ ടീച്ചർക്ക് 200ൽപ്പരം ശിഷ്യഗണങ്ങളുണ്ട്. ഇവിടെ നിന്നാണ് 'സംഗമഗ്രാമം' തിരുവാതിരകളരി എന്ന സംരംഭത്തിന് തുടക്കം കുറിക്കുന്നത്. മൂന്ന് വയസ്സുമുതൽ 70 വയസ്സുവരെയുള്ളവർ ഇതിൽ ഉൾപ്പെടും. ഇവരെയെല്ലാം കോർത്തിണക്കിക്കൊണ്ട് വിവിധ വേദികളിൽ പരിപാടികൾ അവതരിപ്പിച്ചു വരുന്നു. പല വേദികളിലും സ്വന്തമായി എഴുതി ചിട്ടപ്പെടുത്തിയ പാട്ടുകളാണ് അവതരിപ്പിക്കാറുള്ളത്. യോഗക്ഷേമസഭയുടെ തൃശ്ശൂർ ജില്ലാ കലാമേളയിലും സജീവസാന്നിദ്ധ്യമാണ്.

## പുരാവൃത്തം

പുതുതലമുറയ്ക്ക് അപരിചിതങ്ങളായ, അന്യംനിന്നു പോയ്കൊണ്ടിരിക്കുന്ന, വാമൊഴിയിലൂടെ കൈമാറിപ്പോന്നിരുന്നതുമായ കൈക്കൊട്ടിക്കളിപ്പാട്ടുകളുടെ പ്രാഥമിക പാഠങ്ങൾ എന്ന് വിശേഷിപ്പിക്കാവുന്ന 500–ഓളം വൃത്തഗീതങ്ങൾ ദൃശ്യശ്രാവ്യ ആവിഷ്കാരങ്ങളാക്കി കലാകേരളത്തിനു സമർപ്പിക്കുവാനുള്ള ശ്രമത്തിന്റെ ഭാഗമായി 'പുരാവൃത്തം' പദ്ധതി ആവിഷ്ക്കരിച്ചു. കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള 19



*കാവനാട്ട് സാവിത്രി അന്തർജ്ജനം, കടലൂർ ശ്രീദേവി അന്തർജ്ജനം എന്നിവരോടൊപ്പം*

കൈക്കൊട്ടിക്കളി സംഘങ്ങളുടെ സഹകരണത്തോടെ ഇതിന്റെ ദൃശ്യാവിഷ്കാരം നടത്തി. ഇതിനു പ്രചോദനമായത് വൈദിക കുടുംബമായ കൈമുക്ക് മന മഹൾ കടലൂർ ശ്രീദേവി അന്തർജ്ജനം പെൺകിടാവായിരിക്കുമ്പോൾ എഴുതിവെച്ച 500ൽ പ്പരം പാട്ടുകളാണ്. സ്കൂൾ വിദ്യാഭ്യാസം ലഭിച്ചിട്ടില്ലാത്ത അവർ ഇത്രയും പാട്ടുകൾ എഴുതി സൂക്ഷിച്ചുവെച്ചു എന്നത് മഹത്തായ ഒരു കാര്യമാണ്. കാവനാട് സാവിത്രി അന്തർജ്ജനത്തിന്റെ ആഗ്രഹപ്രകാരം ഈ പാട്ടുകൾ അണിമംഗലം സാവിത്രി ടീച്ചർക്ക് കൈമാറിയതാണ് ഈ പദ്ധതിയുടെ തുടക്കം. ഇതിന്റെ മുമ്പിലും പിമ്പിലും നിന്ന് അക്ഷീണം പ്രയത്നിച്ച പുത്തില്ലത്തെ ലീല അന്തർജ്ജനത്തിന്റെ പങ്ക് പറയാതെ വയ്യ. പുരാവൃത്തം പദ്ധതിയ്ക്ക് ചിട്ടയായ ഒരു ചട്ടക്കൂട് നൽകാൻ ലീല അന്തർജ്ജനത്തിനു കഴിഞ്ഞു.

## കലോത്സവമാന്വൽ പരിഷ്ക്കരണം ആവശ്യപ്പെട്ടു

കലോത്സവവേദികളിൽ കാണുന്ന കൈക്കൊട്ടികളിയിൽ പാരമ്പര്യ തനിമയുള്ള പാട്ടുകൾ കുറവാണ്. കലോത്സവ മാന്വൽ പരിഷ്കരണത്തിനായി അധികൃതരെ സമീപിക്കുകയും മാറ്റങ്ങൾ എഴുതി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഗണപതി, സരസ്വതി വന്ദനങ്ങൾക്കു ശേഷം തനിമയാർന്ന കൈക്കൊട്ടിക്കളിപ്പാട്ടുകൾക്ക് മുൻഗണന കൊടുക്കണം. 'പദം' എന്ന പ്രയോഗത്തിനു പകരം പ്രധാനപ്പാട്ട് എന്ന് പറയാനാണ് ഇഷ്ടം. കളിയുടെ ലാസ്യഭംഗി നഷ്ടപ്പെടാതെ കാത്തുസൂക്ഷിക്കണമെന്നും കൂട്ടിചേർത്തു.

തിരുവാതിരക്കളിയ്ക്കുള്ള 2015ലെ ഫോക്‌ലോർ അക്കാദമി പുരസ്കാരം, ക്ഷേത്രകീർത്തി പുരസ്കാരം, നാദോപാസന പുരസ്കാരം എന്നിങ്ങനെ ഒട്ടനവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. തിരുവാതിരക്കളിയുടെ പാട്ടുരീതികൾ, തിരുവാതിരയുടെ ആചാരാനുഷ്ഠാനങ്ങൾ എന്നീ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. കൂടാതെ നിരവധി കൈക്കൊട്ടികളിപ്പാട്ടുകൾ എഴിതിയിട്ടുണ്ട്. വ്യത്യസ്ത ഈണങ്ങളിൽ ചിട്ടപ്പെടുത്തിയിട്ടുള്ള ദശപുഷ്പഗീതങ്ങൾ ഏറെ ശ്രദ്ധേയമാണ്. പ്രതിഫലേച്ഛയില്ലാതെ കലയ്ക്കുവേണ്ടി മാറ്റിവെച്ച ജീവിതം.

## അക്ഷരങ്ങളുടെ സങ്കടമറിഞ്ഞ അമ്മ

തികഞ്ഞ ഭാഷാസ്നേഹിയാണ്, നല്ല ജ്ഞാനവും ഉണ്ട്. മലയാളത്തിലെ അക്ഷരങ്ങൾ ഉച്ചരിക്കുന്നതിലെ തെറ്റുകൾ കണ്ടും കേട്ടും സഹിക്കവയ്യാതെ സാവിത്രി ടീച്ചർ എഴുതാൻ തുടങ്ങി. തന്റെ വിഷയം അല്ലാതിരുന്നിട്ടുകൂടി ആക്ഷൻ റിസർച്ച് (എസ് എസ്എ പ്രൊജക്ട്) സ്വയം ഏറ്റെടുത്തു. ഓരോ അക്ഷരവും ഉച്ചരിക്കേണ്ട രീതിയും, ആ അക്ഷരത്തിന്റെ സങ്കടവും ക, ച, ട, ത, പ വരെയുള്ള എല്ലാ അക്ഷരങ്ങളുടെയും ഉച്ചാരങ്ങൾ സാവിത്രിയേടത്തി കവിതയായി ചൊല്ലി. ഈ അഭ്യാസ വാക്യങ്ങൾ ഏറെ ശ്രദ്ധയാകർഷിച്ചു.



*ലേഖികമാരായ നിഷാരവി പെരുമ്പടപ്പ്, ഗീതാനാരായണൻ വേന്ത്രക്കാട് എന്നിവർ സാവിത്രി അന്തർജ്ജനത്തോടൊപ്പം*

'ഫ'യുടെ സങ്കടം ആരറിയാൻ?
'ഫ' എന്നുള്ളൊരു ഞാനാണെങ്കിൽ
അധികാരത്തിൽ സ്വരമുള്ളോൻ
ശരികേടെങ്ങാൻ കണ്ടാൽ പലരും
ആയുധമാക്കാറുണ്ടെന്നെ
ഇംഗ്ലീഷിനും ഉറുദുവിനും ഞാൻ
കടമെടുത്തവനായപ്പോൾ
തിരിച്ചുവന്നെപ്പോളെൻ ശബ്ദം
മറന്നുപോയീ... മലയാളി!

സംഗീതഅധ്യാപനത്തിൽ നിന്ന് ഭാഷാസ്നേഹത്തിലേക്ക് വളർന്ന സമർപ്പണത്തിനെ ഏവരും കൈനീട്ടി സ്വീകരിച്ചു. വിദ്യാഭ്യാസ രംഗത്തെ ഹൈടെക് ആക്കി മാറ്റുന്നതിൽ പ്രധാന പങ്കുവഹിച്ച സമഗ്രയിൽ ഉൾപ്പെടുത്തിയ സാവിത്രിയേട്ടത്തിയുടെ ക്ലാസുകളും അഭ്യാസവാക്യങ്ങളും ശ്രദ്ധേയമായി. അധ്യാപനത്തിന്റെ വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച സാവിത്രി ഏട്ടത്തി ടീച്ചർ എന്ന നിലയിൽ റോൾ മോഡൽ കൂടിയാണ്.

'The dedication and works of Savithri Mam can be a rolemodel for other teacher's too'. Action Research director അയച്ച റിപ്പോർട്ടിലെ ഈ വാചകം സാവിത്രി ടീച്ചർ ഹൃദയത്തോട് ചേർത്ത് വച്ച് പറഞ്ഞു- ''ഏത് അവാർഡിനേക്കാളും വലുതാണ് എനിക്ക് ഈ വാചകങ്ങൾ'' എന്ന്. വാക്കുകൾ പലപ്പോഴും വിലമതിക്കാനാവാത്തതാണെന്ന സത്യം അറിഞ്ഞുകൊണ്ട് പ്രതിബദ്ധതയുള്ള അധ്യാപനത്തിന്റെ പ്രതിരൂപം നാം മനസ്സാ വണങ്ങണം.

തൃശ്ശൂർ പാവറട്ടി ചെറുവക്കര കൃഷ്ണൻ നമ്പൂതിരിയുടെയും പാർവ്വതി അന്തർജ്ജനത്തിന്റെയും മകളായി 1959ൽ ജനനം. അമ്മയാണ് ഗുരു. അമ്മയ്ക്ക് സംഗീതത്തിലും സംസ്കൃതത്തിലും നല്ല പാണ്ഡിത്യം. അമ്മാത്തെ മുത്തശ്ശൻ (പട്ടാഴി മന, വളാഞ്ചേരി) കഥകളി പാട്ടുകാരൻ. സാവിത്രിയേട്ടത്തിയുടെ തിരുവാതിരച്ചുവടുകൾക്കും സംഗീതത്തിനും മേളക്കൊഴുപ്പൊരുക്കിയ ജീവിതപശ്ചാത്തലം

തിരുവാതിരക്കളിയുടെ പാരമ്പര്യതനിമ ഒട്ടും നഷ്ടപ്പെടാതെ വരുംതലമുറ നിലനിർത്തണമെന്ന ഒരു ആഗ്രഹമേ ടിച്ചർക്ക് ഉള്ളു. മനസ്സുകൊണ്ട് അവരുടെ പാദങ്ങളിൽ തൊട്ടുവണങ്ങി. ടീച്ചർ പറഞ്ഞു ''അധ്യാപകദിനത്തിൽ അധ്യാപകർ എന്നെ കാണാൻ വന്നതിൽ ഒരുപാട് സന്തോഷമുണ്ട്''. ഈ വാക്കുകളിൽ സ്നേഹമുണ്ട്, പ്രചോദനമുണ്ട്, പ്രത്യാശയുമുണ്ട്. ടീച്ചർ അണയാത്ത വെളിച്ചമായി കേരളത്തിന്റെ കലാലോകത്തിനെന്നെന്നും പ്രചോദനമാവട്ടെ. ●

# ശിവാഞ്ജലി പൂജാ സ്റ്റോഴ്സ്

## ചെത്തുകടവ്, കുന്ദമംഗലം

ക്ഷേത്രങ്ങളിലെ ഉത്സവം, ശുദ്ധി, പ്രതിഷ്ഠ, കലശം തുടങ്ങി
വിവിധതരം പൂജകൾക്കാവശ്യമായ എല്ലാ സാധനങ്ങൾക്കും സമീപിക്കുക

**ഹോമദ്രവ്യങ്ങൾ, പൂജാദ്രവ്യങ്ങൾ, വെള്ളിക്കുടം, വെള്ളിശംഖ്, പൂജാപാത്രം, കലശപ്പാനി, ഹോമസെറ്റ്, പ്രതിമകൾ, ചമതകൾ, വിളക്കുകൾ, ഹോമകുണ്ഡം**

**ജനനമരണങ്ങൾക്കിടയിലുള്ള എല്ലാ ക്രിയകൾക്കും വേണ്ട ദ്രവ്യങ്ങളും വാടകയ്ക്കും വിലയ്ക്കും ലഭ്യമാകുന്നു**

എല്ലാ സാധനങ്ങളും മിതമായ നിരക്കിലും
ഉത്തരവാദിത്തത്തോടുകൂടിയും എത്തിച്ചുകൊടുക്കുന്നു

ശ്രീജിത് കൊറ്റിവട്ടം
9447357865
വാസുദേവൻ പേരൂർ
9446356185
ശ്രീകാന്ത് കൊറ്റിവട്ടം
974501 2354
kottivattam@gmail.com

**ഇല്ലപ്പെരുമ**



കാരണവർ നീലകണ്ഠൻ മൂസതും പത്നി രാധ അന്തർജ്ജനവും

# ഏറനാടൻ തമ്പുരാന്മാർ

**ഏറനാടിന്റെ ചരിത്രം പുനർവായനക്കെടുക്കുമ്പോൾ അവിടത്തെ സാമൂഹ്യ, വിദ്യാഭ്യാസ, സാംസ്കാരിക, മേഖലകളിലെ മാറ്റത്തിന്റെ കഥയും അതിന് കാരണമായ കറുകമണ്ണയുടെ മതേതര, പുരോഗമന ആശയങ്ങളിലൂന്നിയുള്ള ഇടപെടലുകളും വിസ്മരിക്കാനാവില്ല. ഭൂപരിഷ്കരണ നയം ബ്രാഹ്മണവർഗ്ഗത്തിനാകെ വെല്ലുവിളിയായിട്ടും ലോകാഃ സമസ്താഃ സുഖിനോ ഭവന്തു എന്ന പ്രാർത്ഥനയുടെ അർത്ഥവും പുണ്യവും ഒരു നാടിനു മുഴുവൻ പകർന്ന കറുകമണ്ണയുടെ കഥ ഉദാരമനഃസ്ഥിതിയുടെയും, നാടിന്റെതന്നെ അതിജീവനത്തിന്റെയും കഥയാവുന്നു.**



**രവി മങ്ങത്തായ**

**9447885595**

കിഴക്കൻ ഏറനാടിന്റെ ചരിത്രത്തോടു കൂട്ടി വായിക്കാൻ പാണ്ടിക്കാടിനൊരു പേരുണ്ട്, കറുകമണ്ണ. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ വിശപ്പിന്റെയും വറുതിയുടെയും നാളുകളിൽ ഭൂപരിഷ്കരണ നിയമം നടുവൊടിച്ചിട്ടും തെല്ലുംപതറാതെ ജാതി മത വർഗ്ഗ ചിന്തകൾക്കതീതമായി സമൂഹ മനസ്സറിഞ്ഞ് നാടിനു വേണ്ടി ജീവിതമുഴിഞ്ഞുവച്ചവരാണ് കറുകമണ്ണയിലെ മുൻ തലമുറക്കാർ.

കേരളത്തിന്റെ സാമൂഹ്യഘടന തന്നെ മാറ്റി മറിച്ച ഭൂപരിഷ്കരണ നിയമം വലിയൊരു വിപ്ലവമാക്കി മാറ്റാൻ ലക്ഷ്യമിട്ട അന്നത്തെ ഭരണാധികാരികൾ നിയമം നിയമമാവുന്നതിനു മുമ്പു തന്നെ 'വേണ്ടപ്പെട്ടവർക്ക് വിവരമെത്തിച്ച കൂട്ടത്തിൽ കറുകമണ്ണയുണ്ടായിരുന്നില്ല. ജന്മികളായ ബ്രാഹ്മണ വർഗ്ഗം അഭിമുഖീകരിക്കേണ്ടി വന്ന ഏറ്റവും ഭീകരമായ പ്രശ്നം ഈ നിയമത്തിന്റെ തീരാനഷ്ടങ്ങളിൽ നിന്നുള്ള അതിജീവനമായിരുന്നു. ഇത്രയൊക്കെയായിട്ടും നഷ്ടപ്പെട്ടതിനെ ചൊല്ലി വിലപിക്കാതെ അരയും തലയും മുറുക്കി കർമ്മരംഗത്തേക്കിറങ്ങി ചരിത്രം തിരുത്തിക്കുറിച്ചവരാണ് കറുകമണ്ണ മൂസത്മാരുടെ കുടുംബം. അതിരുകവിഞ്ഞ നാടിന്റെ ഈ ആദരം ദേശത്തെ തമ്പുരാൻമാർ എന്ന അർത്ഥത്തിൽ നാട്ടുകാർ തമ്പാൻമാർ എന്ന് വിളിച്ചപ്പോൾ ആ നാടിനും പെരുമയുള്ളൊരു പേരുണ്ടായി ... തമ്പാനങ്ങാടി!

കറുകമണ്ണയിലെ കാരണവർ നാട്ടുകാർക്ക് 'യജമാനൻ' ആയിരുന്നു. ജാതി വ്യവസ്ഥ കൊടുമ്പിരികൊണ്ടിരുന്ന ആ കാലത്തും പൊതുജനത്തോട് ഇത്രയും ഇടപഴകാൻ ചങ്കൂറ്റം കാണിച്ച ഒരു ബ്രാഹ്മണ കുടുംബം കേരളത്തിൽത്തന്നെ ഉണ്ടെന്ന് തോന്നുന്നില്ല. പാണ്ടിക്കാടിന്



കാരണവർക്കൊപ്പം: ഇടത്തുനിന്ന് ശിവശങ്കരൻ മൂസത്, പ്രസാദ്, ജയപ്രകാശ്, മോഹൻദാസ്

പുതിയ ആകാശവും പുതിയ ഭൂമിയും കയ്യെത്തിപ്പിടിക്കാൻ കറുകമണ്ണ ഇല്ലക്കാരുടെ സന്മനസ്സും സൗഹാർദ്ദ മനോഭാവവും വഴിയൊരുക്കി. ഇവിടെ ഒരു നവോത്ഥാനത്തിന് കളമൊരുങ്ങി. കൃഷ്ണ തരകൻ മാസ്റ്ററുടെ തരകൻ സ്കൂൾ പ്രാഥമിക വിദ്യാഭ്യാസത്തിലേക്കുള്ള ഒരു കൈച്ചൂണ്ടി മാത്രമായിരുന്നു. അത് അപര്യാപ്തമാണെന്ന അദ്ദേഹത്തിന്റെ തോന്നൽ നാട്ടുകാർക്കുമുണ്ടായി. പിന്നെ വൈകിയില്ല. ഹൈസ്കൂൾ തുടങ്ങാനുള്ള സ്ഥലം കറുകമണ്ണ ഇല്ലത്ത് ഗോവിന്ദൻ മൂസത് ദാനം ചെയ്തു. ഇതാണ് പാണ്ടിക്കാട്ടെ ആദ്യത്തെ ഗവ: ഹൈസ്കൂൾ. ഇന്ന് കിഴക്കൻ ഏറനാടിന്റെ സാമൂഹ്യ സാംസ്കാരിക വിദ്യാഭ്യാസ മേഖലകളിൽ അറിവിന്റെ രജതരേഖകൾ ചാർത്തിയ ഈ ഹയർ സെക്കന്ററി സ്കൂൾ ഇപ്പോൾ ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തപ്പെടാൻ പോകുന്നു.

മതസൗഹാർദ്ദത്തിന്റെ മതമായിരുന്നു കറുകമണ്ണ ഇല്ലത്തിന്റേത്. മാപ്പിള ലഹളക്കാലത്ത് ഇല്ലത്തുള്ളവരെല്ലാം തൃശൂരിലേയ്ക്ക് താമസം മാറിയപ്പോൾ ഇല്ലത്തിന്റെ സംരക്ഷണ ചുമതല ഏറ്റെടുത്തത് കുടിയാന്മാരായ മുസ്ലീം സമുദായമായിരുന്നു. കലാപത്തിന് നടുനായകത്വം വഹിച്ച വാരിയൻ കുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയും ചെമ്പ്രശ്ശേരി തങ്ങളും കറുക മണ്ണയിലെ കുടിയാന്മാരായിരുന്നു. മുപ്പതിനായിരം പറ നെല്ല് പാട്ടം മിച്ചവാരം കിട്ടിയിരുന്നു. ഏറ്റവും ഊഷ്മളമായ ജന്മി കുടിയാൻ ബന്ധമാണ് ഇതിന്റെയൊക്കെ കാരണമായി വർത്തിച്ചത് എന്നത് പുതിയ തലമുറക്കാരിലും സൗഹാർദ്ദ മനോഭാവത്തിന്റെയും സൗമനസ്യത്തിന്റെയും വിത്തുപാവുന്നു.

## മങ്ങാത്ത നക്ഷത്രത്തിളക്കം

പാണ്ടിക്കാടിന്റെ സാമൂഹിക സാംസ്കാരിക നവോത്ഥാനത്തിന് തുടക്കമിട്ട് നാടിന് വികസനക്കുതിപ്പിലേയ്ക്ക് വെളിച്ചം കാണിച്ച ഒളിമങ്ങാത്ത താരങ്ങൾ കറുകമണ്ണയിലേതായി രു ന്നു. ജാതിക്കോമരങ്ങൾ കലിതുള്ളുമ്പോഴും മനുഷ്യൻ എന്ന ഒറ്റ ജാതി മാത്രമേ ഉള്ളു എന്ന് സ്വന്തം പ്രവൃത്തികളിലൂടെ തെളിയിച്ച് നാട്ടിലെ താരങ്ങളായി സർവ്വ സ്വീകാര്യത നേടിയവരാണ് എന്നും എപ്പോഴും അവർ. ഉണ്ണാനും ഉടുക്കാനും ഇല്ലാത്തവർക്കും മറ്റ് ആശ്രയങ്ങളില്ലാത്തവർക്കും ഭൂമിയിൽ അവതരിച്ച ദൈവങ്ങളായിരുന്നു അവർ. ദയയും ദാനശീലവും സമഭാവനയും കറുകമണ്ണയിലെ താര ശോഭയുടെ തിളക്കമേറ്റി. ഓരോ തലമുറയിലുമുണ്ടായിരുന്നു കറുകമണ്ണയിൽ മനുഷ്യനായി അവതരിച്ച ഈശ്വരന്മാർ.. മനുഷ്യസ്നേഹികളായി തിളങ്ങുന്ന താരങ്ങൾ!

ഗോവിന്ദൻ മൂസതിന്റെ മക്കൾ നീലകണ്ഠൻ മൂസതും ശങ്കരൻ മൂസതും. രണ്ടാമത്തെ മകൻ ശങ്കരൻ മൂസതാണ് ഭരണകാര്യങ്ങൾ നിർവ്വഹിച്ചത്. മുരിങ്ങൂർ മന ശ്രീദേവി അന്തർജ്ജനമാണ് പത്നി .ശങ്കരൻ മൂസതിന് മൂന്ന് ആൺമക്കളും നാല് പെൺമക്കളും. ആൺമക്കളുടെ ഈ മൂന്ന് താവഴിയിൽ മൂത്തയാൾ ഗോവിന്ദൻ മൂസത് പാണ്ടിക്കാട്ട് പയ്യ പറമ്പിൽ ശിവക്ഷേത്രത്തിനടുത്തും രണ്ടാമത്തെ മകൻ നീലകണ്ഠൻ മൂസത് പാണ്ടിക്കാട്ടടുത്ത് വെട്ടിക്കാട്ടിരി തറവാട്ടിലും മൂന്നാമത്തെയാൾ ശങ്കരൻ മൂസത് കീഴാറ്റൂർ കൊണ്ടിപറമ്പിലുള്ള അയ്യപ്പക്ഷേത്രത്തിനടുത്ത് കളത്തിലും താമസമാക്കി. മൂത്ത മകൻ ഗോവിന്ദൻ മൂസത് മൊറയൂർ മോങ്ങത്തമ്പലത്ത് ദേവകി അന്തർജ്ജനത്തെയാണ് വേട്ടത്.ഇവർക്ക് ഇന്ദിര (മമ്മിളി ഇല്ലം), രമണി (മമ്മിളി ഇല്ലം), ഗിരിജ (മാരാമിറ്റത്ത് ഇല്ലം) എന്നീ മൂന്ന് പെൺമക്കളും ശിവശങ്കരൻ മൂസത്, മോഹൻ ദാസ്, ജയ പ്രകാശ് എന്നിങ്ങനെ മൂന്ന് ആൺമക്കളും. പാണ്ടിക്കാട് പൂളമണ്ണയിലാണ് കേരള ഗ്രാമീണ ബാങ്കിൽ നിന്നും മാനേജരായി വിരമിച്ച് പൊതുരംഗത്തും ക്ഷേത്ര കാര്യങ്ങളിലും സജീവ സാന്നിദ്ധ്യമായ ശിവശങ്കരൻ മൂസത് താമസിക്കുന്നത്. കുടുമക്കാട് മന ഷീല അന്തർജ്ജനമാണ് സഹധർമ്മിണി. മകൾ ശില്പയെ വേളികഴിച്ചത് കോട്ടയം കാഞ്ഞിരക്കാട് ജയദീപ് കൃഷ്ണൻ. രോഗാതുരർക്ക് സാന്ത്വന സ്പർശമേകി തുവ്വൂരിൽ മകൻ ഡോക്ടർ ശരത് ഗോവിന്ദന്റെ സ്പർശം ഹോമിയോ ക്ലിനിക്. അദ്ധ്യാപിക ചാരങ്കാവ് പട്ലകത്ത് ശ്യാമിനി പത്നി. രണ്ടാമത്തെ മകൻ പാണ്ടിക്കാടിന്റെ സാമൂഹിക സാംസ്കാരിക രംഗങ്ങളിലെ പ്രവർത്തനങ്ങൾ കൊണ്ട് നാട്ടുകാർക്ക് പ്രിയങ്കരനായിത്തീർന്ന മോഹൻ ദാസ് അച്ഛന്റെ വഴിയേ ബിസിനസ് മേഖലകളിലും തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച് അശ്വമേധം തുടരുകയാണ്. പുന്നത്തൂർ കുഞ്ഞനുജൻ രാജയുടെ മകളും പോരൂർ ഹയർ സെക്കന്ററി സ്കൂളിലെ പ്രധാനാധ്യാപികയുമായ പുഷ്പയാണ് പത്നി. മകൻ പാണ്ടിക്കാട്ടെ പ്രശസ്ത ദന്തരോഗ വിദഗ്ധൻ ഡോ.വൈശാഖ്.ജി. ദാസ് സ്വന്തമായി ദന്താശുപത്രി നടത്തുന്നു. വിവാഹം ചെയ്തത് ഈരാറ്റുപേട്ട വെള്ളൂർ ഇല്ലത്ത് ഡോക്ടർ പവിത്രയെ. പവിത്ര കോട്ടയം മെഡിക്കൽ കോളേജിൽ എം.ഡി. ചെയ്യുകയാണ്. എം.ബി.ബി.എസ്.കഴിഞ്ഞ് ബംഗ്ലൂരുവിൽ എം.ഡി ചെയ്യുകയാണ് മകൾ ഡോക്ടർ



കറുകമണ്ണ ഇല്ലത്തെ ഏറ്റവും സീനിയറായ ദേവകി അന്തർജ്ജനവും ഏറ്റവും ജൂനിയറായ സാത്വിക് ശങ്കറും



*നിൽക്കുന്നവർ ഇടത്തുനിന്ന്: പ്രസാദ്, ശ്രീകുമാരി, പ്രീത, അശോക്, ഡോ. അജിത്, ഡോ. രേഖ. മധ്യനിരയിൽ ഇടത്തുനിന്ന്: പുഷ്പ, മോഹൻദാസ്, തങ്കമണി അന്തർജ്ജനം, ദേവകി അന്തർജ്ജനം, രാധ അന്തർജ്ജനം, നീലകണ്ഠൻ മൂസത്, ശിവശങ്കരൻ മൂസത്, ഷീല. താഴത്തെ വരിയിൽ ഇടത്തുനിന്ന്: ഡോ. രശ്മിക, ഡോ. പവിത്ര, ഡോ. വൈശാഖ്, ജയപ്രകാശ്, ബിന്ദു, വിഷ്ണുപ്രകാശ്, ഡോ. ശരത്, സാത്വിക ശങ്കർ, ശ്യാമിനി*

രശ്മിക ദാസ്.

മൂന്നാമത്തെയാൾ പാണ്ടിക്കാട്ടെ പ്രശസ്ത ഫാർമസിസ്റ്റായ ജയപ്രകാശ്. ഭാര്യ തൃശൂർ മുരിങ്ങൂർ മന ബിന്ദു ഇല്ലത്തെത്തന്നെ സ്കൂളിൽ അദ്ധ്യാപിക. ഗുവാഹട്ടി ഐ.ഐ.ടിയിൽ നിന്നും മെക്കാനിക്കൽ എൻജിനീയറിംഗിൽ എം.ടെക് കഴിഞ്ഞ് പാലക്കാട് ഐ.ഐ.ടിയിൽ പി.എച്ച്.ഡി ചെയ്യുകയാണ് മകൻ വിഷ്ണു പ്രകാശ് .

ശങ്കരൻ മൂസതിന്റെ രണ്ടാമത്തെ മകനും ഇപ്പോഴത്തെ കാരണവരുമായ നീലകണ്ഠൻ മൂസത് പാണ്ടിക്കാട് തമ്പാനങ്ങാടിക്കടുത്ത് കറോണക്കുന്നിൽ പഴയ തറവാടുണ്ടായിരുന്ന സ്ഥലത്താണ് താമസിക്കുന്നത്. തലയൂർ ഇല്ലത്ത് രാധ അന്തർജ്ജനം സഹധർമ്മിണി. ചെങ്ങന്നൂർ ഇടവൂർ മഠം താര, ചെങ്ങന്നൂർ വാഴ മാവേലി മഠം ഷീല, അരീക്കോട് പെരിഞ്ചേരി ഗീത, ചെറുപാലത്ത് ബീന, അദ്ധ്യാപകനായ പ്രസാദ് എന്നിവർ മക്കൾ. ബാലുശ്ശേരി തൃക്കുറ്റിശ്ശേരി (കക്കഞ്ചേരി കളം) വിഷ്ണു നമ്പൂതിരിയുടെ മകളും ഇല്ലത്തെ സ്കൂളിൽ അദ്ധ്യാപികയുമായ ശ്രീകുമാരി ജീവിത സഖി. പുന്നപുറത്ത് മന അർജ്ജുൻ ആണ് മകൾ സ്വാതിയെ വിവാഹം ചെയ്തത്. മകൻ സഞ്ജയ് ബി.ടെക് വിദ്യാർത്ഥിയാണ്.

മൂന്നാം താവഴിയിൽ മൂന്നാമത്തെയാൾക്ക് അച്ഛന്റെ പേരു തന്നെ. ശങ്കരൻ മൂസത്. അദ്ദേഹം 1997 ൽ മരണപ്പെട്ടു. തറവാട്ടിൽ നിന്നും ഏകദേശം എട്ടുകിലോമീറ്ററുണ്ട് ഇദ്ദേഹത്തിന്റെ കുടുംബം താമസിക്കുന്ന കീഴാറ്റൂർ കൊണ്ടി പറമ്പത്തേക്ക്. ചിലവിൽ ഇല്ലത്തെ തങ്കമണിയാണ് പത്നി.

ശങ്കരൻ മൂസ്സതിന്റെ മരണശേഷം അദ്ദേഹത്തിന്റെ സഹധർമ്മിണി ശ്രീമതി തങ്കമണി അന്തർജ്ജനമാണ് ഇപ്പോൾ ഇല്ലത്തെ കാര്യങ്ങൾ നോക്കിനടത്തുന്നത്. ഇല്ലത്തിനടുത്തുള്ള ക്ഷേത്രവും അവിടുത്തെ കാര്യങ്ങളും ജനകീയ കമ്മിറ്റികളെ ഏൽപ്പിക്കാതെ സ്വന്തമായി നോക്കിനടത്തുന്നുണ്ട്. കൊല്ലംതോറും മകരച്ചൊവ്വക്ക് കൂറയിട്ട് അവിടെ നടത്തിവരുന്ന താലപ്പൊലി വളരെ ഗംഭീരമാണ് (ഭഗവതിക്കും അയ്യപ്പനും കാഴ്ചപ്പാട്ട്). അതിന് തങ്കമണി അന്തർജ്ജനം നേരിട്ടാണ് നേതൃത്വം നൽകുന്നത്. അതുകൊണ്ടെല്ലാംതന്നെ അവർ ഇപ്പോൾ ആ പ്രദേശത്തെ ഏവർക്കും സ്വീകാര്യയായ ഒരു വ്യക്തിത്വമായി മാറിയിരിക്കുന്നു.

മകൾ ഡോ. സ്മിതയെ കാസർകോട്ടേയ്ക്കാണ് വിവാഹം ചെയ്തിരിക്കുന്നത്. ഗുരുവായൂർ ദേവസ്വം ആശുപത്രിയിലെ ഫാർമസിസ്റ്റ് സീനിയർ സ്റ്റോർ കീപ്പർ അശോക്, ഡോക്ടർ അജിത് എം.ഡി എന്നിവരാണ് മറ്റു മക്കൾ. ചിറയത്ത് ഇല്ലത്ത് പ്രീത, അശോകിന്റെയും ദന്തൽ കോളേജ് എച്ച്.ഒ.ഡി ആയ ഡോക്ടർ രേഖ, അജിത്തിന്റെയും ഭാര്യയാണ്. കറുകമണ്ണ ഇല്ലത്ത് ആദ്യമായി എം.ബി.ബി.എസ്. ബിരുദമെടുത്ത് ഡോക്ടറായ വ്യക്തിത്വമാണ് അജിത്. അദ്ദേഹം വയനാട് ഡി.എം. മെഡിക്കൽ കോളേജിൽ അസിസ്റ്റന്റ് പ്രൊഫസറായി ജോലിനോക്കുന്നു. അജിത്തിന്റെ മകൾ ശ്രദ്ധ തിരുവനന്തപുരം ഐസറിൽ പഠിക്കുന്നു.

ശങ്കരൻ മൂസതിന്റെ മൂത്തമകൻ ഗോവിന്ദൻ മൂസതായിരുന്നു കറുകമണ്ണ പരമ്പരയിൽ ഉദിച്ച ആദ്യ താരം. തൃശൂരിലെ കണിമംഗലത്ത് ഇല്ലംവക സ്ഥലവും സ്വത്തുക്കളും ഉണ്ടായിരുന്നതിനാൽ അവിടെയായിരുന്നു അദ്ദേഹത്തിന്റെ ബാല്യകാലം. പിതാവിന്റെ അകാല നിര്യാണം മൂലം പാണ്ടിക്കാട്ടേക്കുള്ള മടക്കം അദ്ദേഹത്തിന്റെ ജീവിതത്തിൽ വഴിത്തിരിവായി. പൊതുവെ ബ്രാഹ്മണസമൂഹം ബിസിനസിനോട് താല്പര്യമുള്ളവരായിരുന്നില്ല. അഥവാ ഒരു ബിസിനസ് തുടങ്ങിയാൽത്തന്നെ വി

**1960കളിൽ ബിസിനസ് രംഗത്തേക്കു ചുവടുവച്ച ഗോവിന്ദൻ മൂസതിന് ചില തിരിച്ചടികൾ നേരിട്ടെങ്കിലും അതിൽ പതറാതെ പതിന്മടങ്ങ് ആത്മവിശ്വാസത്തോടെ തിരിച്ചു വന്ന് പ്രശസ്ത വിജയം തന്നെ അദ്ദേഹം കരസ്ഥമാക്കി. ഈ ഇച്ഛാശക്തിയും മനക്കരുത്തും അർപ്പണബോധവും അദ്ദേഹം അടുത്ത തലമുറയ്ക്കും പകർന്നു കൊടുത്തു.**

*ഇരിക്കുന്നവർ മുകളിലെ വരി: ഇടത്തുനിന്ന്: നാരായണൻ മൂസത്, ശ്രീധരൻ നമ്പൂതിരി, തങ്കമണി അന്തർജ്ജനം, ദേവകി അന്തർജ്ജനം, രാധ അന്തർജ്ജനം, നീലകണ്ഠൻ മൂസത്, പ്രതാപൻ, സന്തോഷ്കുമാർ. നടുവിലത്തെ വരി: ശ്രീജിത്, ശ്യാമ, രമണി, ഇന്ദിര, ഗിരിജ, ഡോ. സ്മിത, ഗീത, ഷീല, ബീന. താഴത്തെ വരി: റികേഷ്, ഡോ. ദൃശ്യ, ശില്പ, ജയദീപ്, പ്രവീൺ, ആദിത്യ, അൻവിത, ജിഷ, ശ്രീജിത, നിരഞ്ജന, മനോജ്*





ശങ്കരൻ മൂസത് മെമ്മോറിയൽ എ.എൽ.പി.സ്കൂൾ

ജയിച്ചവർ വളരെ വിരളമായിരുന്നു. പക്ഷേ ഗോവിന്ദൻ മൂസത് നിശ്ചയദാർഢ്യവും ലക്ഷ്യബോധവുമുള്ള മഹത് വ്യക്തിയായിരുന്നു. 1960കളിൽ ബിസിനസ് രംഗത്തേക്കു ചുവടുവച്ച അദ്ദേഹത്തിന് ചില തിരിച്ചടികൾ നേരിട്ടെങ്കിലും അതിൽ പതറാതെ പതിന്മടങ്ങ് ആത്മവിശ്വാസത്തോടെ തിരിച്ചു വന്ന് പ്രശസ്ത വിജയം തന്നെ അദ്ദേഹം കരസ്ഥമാക്കി. ഈ ഇച്ഛാശക്തിയും മനക്കരുത്തും അർപ്പണബോധവും അദ്ദേഹം അടുത്ത തലമുറയ്ക്കും പകർന്നു കൊടുത്തു. ചുരുങ്ങിയ കാലത്തിനിടയ്ക്ക് അദ്ദേഹം കച്ചവടം, ലോറി, ബസ്സ്, ഹോട്ടലുകൾ, സിനിമ തിയറ്റർ തുടങ്ങി ഒട്ടനവധി സംരംഭങ്ങൾ നടത്തി വിജയം വരിക്കുകയുണ്ടായി. 1978ൽ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ തുടങ്ങിയ സിനിമ തിയറ്റർ പാണ്ടിക്കാടിന്റെ കലാ സാംസ്കാരിക, വിനോദ രംഗത്ത് മാറ്റത്തിന്റെ കാറ്റായി.



ഗോവിന്ദൻ മൂസത്

സാമൂഹ്യ, ആരോഗ്യ, പൊതുപ്രവർത്തന രംഗത്തും പാണ്ടിക്കാടിനെ പുരോഗമനത്തിന്റെ പൊൻ ചിറകിലുയർത്താൻ അഹോരാത്രം യത്നിച്ച മഹാത്മാവായിരുന്നു ഗോവിന്ദൻ മൂസത്. 1957ൽ പാണ്ടിക്കാട്ട് ഹൈസ്കൂൾ തുടങ്ങാൻ 13.5 ഏക്ര ഭൂമി അദ്ദേഹമാണ് വിട്ടുനൽകിയത്. മാത്രമല്ല സർക്കാർ തലത്തിൽ സ്വാധീനം ചെലുത്തി അത് യാഥാർത്ഥ്യമാക്കും വരെ നിസ്വാർത്ഥമായി പ്രവർത്തിക്കുകയും ചെയ്തു. അഞ്ചാം



ശങ്കരൻ മൂസത്

**ഇപ്പോഴത്തെ കാരണവർ നീലകണ്ഠൻ മൂസത് തന്റെ വ്യക്തിപ്രഭാവം കൊണ്ട് ജനഹൃദയം കവർന്ന മഹാത്മാവാണ്. ആരെയും ആകർഷിക്കുന്ന സ്വതസ്സിദ്ധമായ തന്റെ പെരുമാറ്റ രീതി പൊതുരംഗത്തും മറ്റ് സാമൂഹ്യ ഇടപെടലുകളിലും അദ്ദേഹത്തെ അതിവേഗം സ്വീകാര്യനാക്കി. തമ്പാന്റെ അങ്ങാടി എന്ന സവിശേഷതയിലേയ്ക്ക് തമ്പാനങ്ങാടിയെ ഉയർത്തുന്നതായിരുന്നു നീലകണ്ഠൻ മൂസതിന്റെ നേതൃത്വത്തിലാരംഭിച്ച ആദ്യകാല കച്ചവടങ്ങൾ.**


തരം മുതലായിരുന്നു ഹൈസ്കൂളിൽ പഠനാവസരമുണ്ടായിരുന്നത്. പ്രാഥമിക വിദ്യാഭ്യാസത്തിന് പുറത്തുപോകേണ്ടുന്ന അവസ്ഥ. ഇതു മാറ്റാൻ പിതാവ് ശങ്കരൻ മൂസതിന്റെ ഓർമ്മയ്ക്കായി 1964ൽ ശങ്കരൻ മൂസത് മെമ്മോറിയൽ എ.എൽപി.സ്കൂൾ സ്ഥാപിച്ചു. അന്നു തൊട്ട് ഈ പ്രദേശത്തെ കുട്ടികൾക്ക് പ്രിപ്രൈമറി മുതൽ പ്ലസ്ടു വരെ പഠിക്കാൻ മറ്റു സ്ഥലങ്ങളിൽ പോകേണ്ടി വന്നിട്ടില്ല. ഗോവിന്ദൻ മൂസതിന്റെ പൗത്രൻ ഡോക്ടർ വൈശാഖ് മാനേജരായി പ്രവർത്തിക്കുന്ന ഈ സ്കൂൾ തമ്പാന്റെ സ്കൂൾ എന്ന് അറിയപ്പെടുന്നു. 1964ൽ രണ്ട് അദ്ധ്യാപകരും 68 കുട്ടികളുമായി ഇല്ലത്തെ കളപ്പുരയിൽ തുടങ്ങിയ ഈ വിദ്യാലയം ഇന്ന് 704 കുട്ടികളും 25 അദ്ധ്യാപകരുമായി കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗത്തെ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന എൽ.പി.സ്കൂളുകളിൽ ഒന്നായി വളർന്നിരിക്കുന്നു. ഈ വിദ്യാലയത്തിന്റെ മുൻ മാനേജരായ നീലകണ്ഠൻ മൂസതിന്റെയും ദീർഘകാലം അദ്ധ്യാപകനായും പ്രധാനാധ്യാപകനായും പ്രവർത്തിച്ച് വിരമിച്ച മോഹൻദാസിന്റെ



ഇല്ലം എയർകണ്ടീഷൻഡ് കൺവെൻഷൻ സെന്റർ



കൊണ്ടിപ്പറമ്പ് വേട്ടയ്ക്കരൻ, ഭഗവതി ക്ഷേത്രങ്ങൾ



കണ്ടപ്പൻതൊടിക ശിവക്ഷേത്രം

യും ഇപ്പോൾ അദ്ധ്യാപകരായി പ്രവർത്തിക്കുന്ന കറുക മണ്ണ ഇല്ലത്തെ ഷീല, ബിന്ദു, ശ്രീകുമാരി എന്നിവരുടെയും നിസ്വാർത്ഥ സേവനമാണ് ഇതിന് നിദാനമായിട്ടുള്ളത്. ഗോവിന്ദൻ മൂസതിന്റെ നിശ്ചയദാർഢ്യവും ഡ്രൈവിംഗിലുണ്ടായിരുന്ന സ്പിരിട്ടും ബെൻസ്, ഷെവർലെ, അംബാസിഡർ, ഫിയറ്റ് തുടങ്ങി പുത്തൻകാറുകളെല്ലാം സ്വന്തമാക്കാൻ അവസരമൊരുക്കി. ദീർഘദൂരം ഡ്രൈവ് ചെയ്യുക അദ്ദേഹത്തിന് ഒരു ഹരം തന്നെയായിരുന്നു. 1983ൽ അദ്ദേഹം തന്റെ 50-ാം വയസ്സിൽ വിട പറയുമ്പോൾ സംഭവബഹുലമായ ഒരു കാലഘട്ടത്തിനാണ് തിരശ്ശീല വീണത്. ഒപ്പം വരും തലമുറയ്ക്ക് പ്രതിബന്ധങ്ങളെ മനഃസംയമനത്തോടെ നേരിടാനും പൊരുതി വിജയം നേടി ലക്ഷ്യപ്രാപ്തിയിലെത്താനുമുള്ള കരുത്തിന്റെ വഴികൾ തുറന്നു കാട്ടുന്ന ജീവിത പുസ്തകമായി മാറി ആ മഹത് ജന്മം. അദ്ദേഹത്തിന്റെ ഭാവനയും വീക്ഷണപാടവവും ആർക്കിടെക്ച്ചറൽ എൻജിനീയറിംഗ് വിജ്ഞാനവും തുളുമ്പി നിൽക്കുന്നതാണ് 'ദേവീവിഹാർ' എന്ന പേരിൽ 1960 ൽ അദ്ദേഹം പണിത

# കളത്തിലെ കളികൾ... മായാത്ത ഓർമ്മ

വില്യംലോഗന്റെ മലബാർ മാന്വലിൽ കറുകമണ്ണയെക്കുറിച്ച് പരാമർശമുണ്ട്. പാണ്ടിക്കാട്ടെ സാമൂഹ്യ പരിഷ്കർത്താക്കളായിരുന്നു കറുകമണ്ണ ഇല്ലക്കാർ. നാടിന്റെ വിദ്യാഭ്യാസപരവും സാംസ്കാരികവുമായ ഉന്നമനത്തിന് കാരണമായത് പ്രദേശത്തെ ഹൈസ്കൂളിന്റെ ആരംഭമാണ്. അതിന് മൂസതുമാരുടെ സംഭാവന വിലമതിക്കാനാവാത്തതാണ്. ഒരു പൈസ പോലും വാങ്ങാതെ ഏക്കറുകണക്കിന് സ്ഥലമാണ് സ്കൂളിനായി കറുകമണ്ണക്കാർ വിട്ടു കൊടുത്തത്. ഞാനും ആ സ്കൂളിലാണ് പഠിച്ചത്. സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിന്റെയും ഖിലാഫത്ത് മൂവ്മെന്റിന്റെയും ഇങ്ങേത്തലയ്ക്കൽ ഉണ്ടായിരുന്നവരാണ് ആലിഹാജിയും കൃഷ്ണ തരകനും. ഒരു വിദ്യാഭ്യാസ മുന്നേറ്റത്തിന് തുടക്കം കുറിച്ചത് ഇവരായിരുന്നെങ്കിലും അത് അക്ഷരാർത്ഥത്തിൽ പ്രായോഗികമായതും പ്രവർത്തനപഥത്തിലെത്തിച്ചതും കറുകമണ്ണക്കാർ തന്നെയാണ്.

ഇല്ലായ്മയും ക്ഷാമവുമുള്ള കാലത്ത്, രണ്ടു നേരം ഭക്ഷണം കിട്ടുക എന്നത് വലിയ കാര്യമാണ്. ഒന്നുമില്ലാത്ത അക്കാലത്ത് കറുകമണ്ണയിൽ രണ്ടു നേരം ഭക്ഷണമുണ്ടായിരുന്നു. ആരു ചെന്നാലും. ഓണമുണ്ണാൻ നാട്ടിലെ ആബാലവൃദ്ധം ജനങ്ങളും കറുകമണ്ണ ഇല്ലത്തേക്ക് പോകുന്നത് ഞാൻ കണ്ടിട്ടുണ്ട്.

ഞങ്ങളൊക്കെ 1959-60 കാലത്ത് ഗോവിന്ദൻ മൂസത് പണി കഴിപ്പിച്ച വീട് കാണാൻ പോവുമായിരുന്നു. ആധുനിക ആർക്കിടെക്ച്ചർ സങ്കല്പങ്ങളിൽ പണിത ആ വീട് അന്ന് എല്ലാവർക്കും ഒരത്ഭുതമായിരുന്നു. ചെറ്റക്കുടിലുകളും ചില പ്രമാണിമാരുടെ വീടുകളും മാത്രമുണ്ടായിരുന്ന അക്കാലത്ത് പുതിയ വാസ്തുശില്പ മാതൃകയിൽ ഇങ്ങനെയൊരു വീട് ഞങ്ങൾക്കാർക്കും സങ്കൽപ്പിക്കാൻ കഴിയാത്തതായിരുന്നു. അതിന്റെ മുറ്റത്ത് താമരക്കുളവും ഫൗണ്ടനും ഉണ്ടായിരുന്നു. അന്ന് മതിലിന്റെ ഇപ്പുറത്ത് നിന്ന് ഞങ്ങൾ ആശ്ചര്യത്തോടെ നോക്കി നിൽക്കുമായിരുന്നു.

മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിനെപ്പോലെയുള്ളവരുടെ പോരാട്ടം കൊണ്ട് സ്വാതന്ത്ര്യ സമര ചരിത്രത്തിൽ ദേശീയ ധാരയിലേയ്ക്ക് ഉയർത്തപ്പെട്ട സ്ഥലമാണ് പാണ്ടിക്കാട്. ദേശീയ കോൺഗ്രസ് പാരമ്പര്യമുള്ള സ്ഥലം. ഇതിന്റെ തുടർച്ചയായി കറുകമണ്ണ ഇല്ലക്കാരും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഭാഗമായി. പാണ്ടിക്കാടിന്റെ നവോത്ഥാനത്തിൽ കറുകമണ്ണക്കാരുടെ പങ്ക് വളരെ വലുതാണ്.

ദീർഘകാലം പഞ്ചായത്ത് പ്രസിഡണ്ടായിരുന്ന നീലകണ്ഠൻ മൂസത് ശുദ്ധനും സാത്വികനും ആയിരുന്നു. ഒരഴിമതിക്കും ഇടം കൊടുക്കാത്ത ഭരണമായിരുന്നു അദ്ദേഹത്തിന്റേത്. നാട്ടുകാരുമായി ജാതിമത വ്യത്യാസമില്ലാതെ ഇടപഴകിയവരാണ് കറുകമണ്ണ ഇല്ലക്കാരെല്ലാം.

ഞാൻ പഠിക്കുന്ന കാലത്തു തന്നെ മൂസതുമാരെക്കുറിച്ച് കേട്ടിരുന്നു. പാണ്ടിക്കാടിന്റെ ബിസിനസ് രംഗത്ത് കാതലായ മാറ്റം ഉണ്ടാക്കിയത് അവരാണ്. പാണ്ടിക്കാട്ട് ഏറ്റവും ആദ്യം ഒരു സിനിമാ ടാക്കീസ് തുടങ്ങിയതും മൂസത് മാരുടെ നേതൃത്വത്തിലായിരുന്നു എന്നാണെന്റെ അറിവ്. യൂനിയൻ ടാക്കീസ് എന്നായിരുന്നു അതിന്റെ പേര്. ആദ്യകാലത്ത് മഞ്ചേരിയിൽ ഒരു ഹോട്ടലും നടത്തിയിട്ടുണ്ട് ഈ ഇല്ലക്കാർ.

കറുകമണ്ണക്കാരുടെ അമ്പലങ്ങളിലെ ഉത്സവങ്ങളും മറ്റും കാണാൻ ഞാനും പോകാറുണ്ടായിരുന്നു. ഗോവിന്ദൻ മൂസതിന്റെ രണ്ടാമത്തെ മകൻ മോഹൻദാസ് ഏകദേശം എന്റെ സമപ്രായക്കാരനായിരുന്നു. അവിടെ പോകുമ്പോൾ എല്ലാവരുമൊരുമിച്ച് കളത്തിൽ കളിക്കാറുള്ളത് ഇന്നും ഓർമ്മയിൽ മായാതെ നിൽക്കുന്നു.

ജനകീയാസൂത്രണത്തോടനുബന്ധിച്ച് പാണ്ടിക്കാട് പഞ്ചായത്തിന്റെ ഒരു സമഗ്ര വികസന രേഖ തയ്യാറാക്കുന്നതിൽ ഞാനും പങ്കാളിയായിരുന്നു. പാണ്ടിക്കാടിന്റെ മൊത്തം സാംസ്കാരിക വിദ്യാഭ്യാസ ചരിത്രം അതിലെഴുതാൻ എനിക്ക് ഭാഗ്യം കിട്ടി. അതിൽ കറുകമണ്ണയുടെ സംഭാവനകളെപ്പറ്റി സൂചിപ്പിച്ചത് ഞാനോർക്കുന്നു.

**വി.പി.ഷൗക്കത്തലി**
കവി, എഴുത്തുകാരൻ,
ഇടതുപക്ഷ സഹയാത്രികൻ:



*കക്കളം ശ്രീ ദുർഗ്ഗാ വിഷ്ണു ക്ഷേത്രത്തിലെ ബാലാദുർഗ്ഗയുടെ ശ്രീകോവിൽ*



*കക്കളം ശ്രീ ദുർഗ്ഗാ വിഷ്ണു ക്ഷേത്രത്തിലെ വിഷ്ണുവിന്റെ ശ്രീകോവിൽ*

അത്യാധുനിക ഭവനം. ബാത്ത് ടബ്ബും പൂന്തോട്ടവും ഫൗണ്ടനും ഉൾപ്പെടുന്ന കൊട്ടാരസദൃശമായ ഈ ഭവനം നാട്ടുകാർക്ക് ഇന്നും അത്ഭുതമാണ്.

ഗോവിന്ദൻ മൂസതിന്റെ കനിഷ്ഠ സഹോദരൻ, ഇപ്പോഴത്തെ കാരണവർ നീലകണ്ഠൻ മൂസതും തന്റെ വ്യക്തി പ്രഭാവം കൊണ്ട് ജനഹൃദയം കവർന്ന മഹാത്മാവാണ്. ആരെയും ആകർഷിക്കുന്ന സ്വതസ്സിദ്ധമായ തന്റെ പെരുമാറ്റ രീതി പൊതുരംഗത്തും മറ്റ് സാമൂഹ്യ ഇടപെടലുകളിലും അദ്ദേഹത്തെ അതിവേഗം സ്വീകാര്യനാക്കി. തമ്പാന്റെ അങ്ങാടി എന്ന സവിശേഷതയിലേയ്ക്ക് തമ്പാനങ്ങാടിയെ ഉയർത്തുന്നതായിരുന്നു നീലകണ്ഠൻ മൂസതിന്റെ നേതൃത്വത്തിലാരംഭിച്ച ആദ്യകാല



*തറവാട്ടുപറമ്പിലെ കിരാതമൂർത്തി ഭുവനേശ്വരി രക്ഷസ്സ് ശ്രീകോവിലുകൾ*

**1963 മുതൽ 16 വർഷക്കാലം പാണ്ടിക്കാട് പഞ്ചായത്തിന് ശുക്രദശാകാലമായിരുന്നു. പാണ്ടിക്കാട്ട് ഒട്ടനവധി വികസന പ്രവർത്തനങ്ങൾ നടന്നു. നാടിന്റെ മുഖച്ഛായ തന്നെ മാറ്റുന്ന അഭിവൃദ്ധിയാണ് പഞ്ചായത്തിൽ അക്കാലത്തുണ്ടായത്. കുടിവെള്ള പദ്ധതി, വൈദ്യുതി, ടെലഫോൺ തുടങ്ങിയ അത്യന്താപേക്ഷിത സൗകര്യങ്ങൾ പാണ്ടിക്കാട്ടിന് വലിയ അനുഗ്രഹമായി.**




*ശങ്കരൻ മൂസതും ശ്രീദേവി അന്തർജ്ജനവും*

കച്ചവടങ്ങൾ. അദ്ദേഹത്തിന്റെ ഉടമസ്ഥതയിൽ നിരവധി ബഹുനിലക്കെട്ടിടങ്ങൾ ഇവിടെയുണ്ടായിരുന്നു.

പാണ്ടിക്കാട് പഞ്ചായത്തിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ കാലം പ്രസിഡണ്ടായി ഭരണം നിർവ്വഹിച്ച വ്യക്തിയാണ് നീലകണ്ഠൻ മൂസത്. കോൺഗ്രസ്സിന്റെ പ്രതിനിധിയായി ലീഗ് കമ്മ്യൂണിസ്റ്റ് സ്ഥാനാർത്ഥിയെ തോൽപ്പിച്ച് വൻ ഭൂരിപക്ഷത്തോടെയാണ് അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടത്. രാഷ്ട്രീയശക്തികൾക്കുമപ്പുറത്ത് ഇല്ലത്തിന്റെ നന്മയും വ്യക്തിപ്രഭാവവുമാണ് അദ്ദേഹത്തിന്റെ വിജയം അനായാസമാക്കിയത്. 1963 മുതൽ 16 വർഷക്കാലം പാണ്ടിക്കാട് പഞ്ചായത്തിന് ശുക്ര ദശാകാലമായിരുന്നു. പാണ്ടിക്കാട്ട് ഒട്ടനവധി വികസന പ്രവർത്തനങ്ങൾ നടന്നു. നാടിന്റെ മുഖച്ഛായ തന്നെ മാറ്റുന്ന അഭിവൃദ്ധിയാണ് പഞ്ചായത്തിൽ അക്കാലത്തുണ്ടായത്. കുടിവെള്ള പദ്ധതി, വൈദ്യുതി, ടെലഫോൺ തുടങ്ങിയ അത്യന്താപേക്ഷിത സൗകര്യങ്ങൾ പാണ്ടിക്കാട്ടിന് വലിയ അനുഗ്രഹമായി. ആരോഗ്യരംഗത്തും പഞ്ചായത്തിൽ വൻ കുതിച്ചു ചാട്ടം തന്നെ നടന്നു. അലോപതി, ആയുർവേദ, ഹോമിയോ ഡിസ്പൻസറികൾ, മൃഗാശുപത്രി എന്നിവയ്ക്കു പുറമെ യാത്രകൾ സുകരമാക്കാൻ നിരവധി റോഡുകളും ഈ കാലയളവിൽ ഉണ്ടായി. അടുത്ത കാലത്ത് തമ്പാനങ്ങാടിയിൽ ക്ഷീരോത്പാദക സഹകരണ സംഘം ആരംഭിക്കുന്നതിന് നേതൃത്വം നൽകുകയും നല്ല നിലയിൽ പ്രവർത്തിക്കുന്ന സൊസൈറ്റിക്ക് മിൽമയുടെ അംഗീകാരം നേടിക്കൊടുക്കുകയും ചെയ്തു.

ബിസിനസ് കാര്യങ്ങളിൽ ജ്യേഷ്ഠൻ ഗോവിന്ദൻ മൂസതിന്റെ സന്തത സഹചാരിയായിരുന്നു നീലകണ്ഠൻ മൂസത്. ബസ് സർവ്വീസ്, കച്ചവടം, തീപ്പെട്ടിക്കമ്പനി തുടങ്ങി ധാരാളം സംരംഭങ്ങൾ ഇദ്ദേഹം നടത്തിയിട്ടുണ്ട്.

ഏത് തുറയിലായാലും അതിലെ അപര്യാപ്തതകളും ആവശ്യങ്ങളും അറിയാനും അവ പരിഹരിക്കാനുമുള്ള കഴിവും വലിയ മനസ്സും നീലകണ്ഠൻ മൂസതിനെ പാണ്ടിക്കാട്ടും പുറത്തും ആദരണീയനും ഏവർക്കും പ്രിയപ്പെട്ട വ്യക്തിയുമാക്കി. ഇന്നും പൊതു കാര്യങ്ങളിൽ ഇടപെട്ടുകൊണ്ട് ജനപക്ഷത്തെ വെള്ളിനക്ഷത്രമായി നീലകണ്ഠൻ മൂസത് ശോഭിക്കുന്നു. നീലകണ്ഠൻ മൂസത്– രാധാ അന്തർജനം ദമ്പതികളുടെ ഐശ്വര്യപൂർണ്ണമായ



*കാരണവർ നീലകണ്ഠൻ മൂസതിന്റെ ഭവനം*



*കൊണ്ടിപ്പറമ്പിലെ തങ്കമണി അന്തർജ്ജനത്തിന്റെ ഭവനം*



*ശിവശങ്കരൻ മൂസ്സതിന്റെ പൂളമണ്ണയിലുള്ള ഇല്ലം*



*മോഹൻദാസിന്റെ ഭവനം*



*ജയപ്രകാശിന്റെ ഭവനം*

ദാമ്പത്യത്തിന്റെ 60–ാം വാർഷികം ഈയിടെ സമുചിതമായി ആഘോഷിക്കുകയുണ്ടായി.

സഹോദരന്മാരെ പോലെ തന്നെ ബിസിനസ് രംഗത്തും പൊതു കാര്യങ്ങളിലും മുൻനിരയിൽ പ്രവർത്തിച്ചയാളാണ് മൂന്നാമത്തെ സഹോദരൻ ശങ്കരൻ മൂസതും. ഇപ്പോഴും പാണ്ടിക്കാട്ടെ പ്രധാന കച്ചവട കേന്ദ്രമായ കറുകമണ്ണ കോംപ്ലക്സ് അദ്ദേഹം പണികഴിപ്പിച്ചതാണ്. 1997ൽ ഹൃദയസംബന്ധമായ അസുഖത്തെ തുടന്ന് അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു.

ബിസിനസ് വൈദഗ്ദ്ധ്യത്തിനു പുറമെ സാംസ്കാരിക, ആദ്ധ്യാത്മിക, സാമൂഹ്യ രംഗങ്ങളിലും പ്രസക്തനാണ് ഗോവിന്ദൻ മൂസതിന്റെ രണ്ടാമത്തെ മകൻ മോഹൻദാസ്. പയ്യപ്പറമ്പിലെ തറവാട്ടിൽ താമസിക്കുന്ന ഇദ്ദേഹം സ്കൂളിൽ നിന്ന് അദ്ധ്യാപകനായി വിരമിച്ച ശേഷം പാണ്ടിക്കാടിന്റെ വികസനക്കുതിപ്പിന് പുതിയ മാനങ്ങൾ സൃഷ്ടിക്കുകയാണ്. പാണ്ടിക്കാട് പട്ടണത്തിൽ എല്ലാവിധ അത്യാധുനിക സൗകര്യങ്ങളോടും കൂടിയ എയർ കണ്ടീഷൻഡ് 'ഇല്ലം കൺവെൻഷൻ സെന്റർ', ഹൈടെക് അതിശയങ്ങളിൽ രൂപകല്പന ചെയ്ത 'ഇല്ലം സിനിമാസ്' എന്ന മൾട്ടിപ്ലക്സ് തിയറ്റർ സമുച്ചയം, 'ഇല്ലം ഡെന്റിസ്ട്രി' എന്ന പേരിലുള്ള ഡെന്റൽ ക്ലിനിക് തുടങ്ങിയ സ്ഥാപനങ്ങൾ മോഹൻദാസിന്റെയും മകൻ വൈശാഖ് ജി. ദാസിന്റെയും നേതൃത്വത്തിൽ നടന്നുവരുന്നു. കരുവാരക്കുണ്ട് സർവ്വീസ് സഹകരണ ബാങ്കിന്റെ ഡയറക്ടർ കൂടിയാണ് മോഹൻദാസ്. പഴയ കോൺഗ്രസ് അനുഭാവികളായ കറുകമണ്ണ ഇല്ലക്കാരുടെ പാരമ്പര്യം കോൺഗ്രസ് സജീവ പ്രവർത്തകനായി മോഹൻദാസും തുടരുന്നു. ഇന്ന് പാണ്ടിക്കാടിന്റെ വ്യാപാര വ്യവസായ മേഖലകളിൽ ഏറെ ശ്രദ്ധേയനാണ് ഇദ്ദേഹം. കാരണം പുതിയ ചിന്തകളും ആശയങ്ങളും ആവിഷ്കരിക്കാനും നാടിന് ഗുണകരമാകുന്ന രീതിയിൽ അത് പ്രവർത്തനപഥത്തിലെത്തിക്കാനുമുള്ള അദ്ദേഹത്തിന്റെ കർമ്മധീരതയും സമയോചിതമായ ഇടപെടലുകളും പാണ്ടിക്കാടിന് ബിസിനസ് തലങ്ങളിൽ പുതിയ മാനം നൽകുന്നു.

ആരോഗ്യ, സാന്ത്വന, സാമൂഹ്യ രംഗത്ത് സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും സ്പർശമാണ് കറുകമണ്ണ ഇല്ലത്തെ ഡോക്ടർ ശരത് ഗോവിന്ദിന്റെ സേവനങ്ങൾ. ഭിന്ന ശേഷിയുള്ള വിദ്യാർത്ഥികൾക്കായി പാണ്ടിക്കാട് തുവ്വൂർ പഞ്ചായത്തുകളിലെ ബഡ്സ് സ്കൂളിലെ വിദ്യാർത്ഥികളെ ദത്തെടുക്കുന്ന സ്പർശം സമഗ്ര ആരോഗ്യ പദ്ധതിക്ക് നേതൃത്വം കൊടുക്കുന്നത് ഡോക്ടർ ശരത്താണ്. ഈ സ്കൂളുകൾ ഓരോ മാസവും സന്ദർശിക്കുകയും കുട്ടികൾക്കാവശ്യമായ ചികിത്സയും മരുന്നും നൽകുകയും ചെയ്യുന്നു. ഇതു കൂടാതെ കുട്ടികൾക്കും രക്ഷിതാക്കൾക്കും വേണ്ട കൗൺസലിംഗും സൗജന്യമായി നൽകുന്നു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോമിയോപതി്സ്, കേരള മഞ്ചേരി യൂനിറ്റിന്റെ പ്രസിഡണ്ടാണ് ഡോക്ടർ ശരത്.

## വിശക്കുന്ന ആർക്കും വയറ് നിറയെ ഭക്ഷണം

വരുന്നോർക്കെല്ലാം ഏതു സമയത്തും ഭക്ഷണം വെച്ചുവിളമ്പിയിരുന്ന തറവാടാണ് കറുകമണ്ണ. ജാതിയോ വർഗ്ഗമോ നോക്കാതെ വിശക്കുന്നവർക്ക് അന്നം നൽകുകയെന്ന ധർമ്മമാണ് ഇല്ലക്കാർ നിറവേറ്റിയത്. ആ അഗ്രശാലയും ദേഹണ്ണപ്പുരയും ഇന്നും കാരണവർ നീലകണ്ഠൻ മുസതിന്റെ വസതിയോട് ചേർന്ന് നമുക്കു കാണാം. യാത്രക്കിടയിൽ വിശ്രമത്തിനും ഭക്ഷണത്തിനുമായി വരുന്ന നമ്പൂതിരിമാരും കൂടാതെ അമ്പലവാസികൾ, കാര്യസ്ഥന്മാർ, ആനക്കാർ, വാല്യക്കാർ, അടിച്ചു തളിക്കാർ, പശുക്കളെയും കന്നുകളെയും നോക്കുന്ന ജോലിക്കാർ തുടങ്ങിയവരും നിത്യേന ഭക്ഷണത്തിനുണ്ടാവും. വിശേഷ

ദിവസങ്ങളിൽ പ്രഥമനോടു കൂടിയ സദ്യ അന്ന് ക്ഷണിച്ചിട്ടും അല്ലാതെയും വരുന്ന എല്ലാർക്കും സുഭിക്ഷമായി കൊടുത്തിരുന്നു. മൂന്ന് പറയിൽ കുറയാതെ അരിവയ്ക്കും. ഇല്ലത്തുള്ളവർക്ക് വേറെ വെപ്പും തീനും ഒന്നും ഉണ്ടായിരുന്നില്ല. പുറത്ത് എന്താണോ ഭക്ഷണം അതു തന്നെയായിരുന്നു അകത്തും. ഇല്ലത്തുള്ളവർക്കായി പ്രത്യേക വിഭവങ്ങൾ ഒന്നും തന്നെ ഉണ്ടാക്കിയില്ല. ഇതാണ് കറുകമണ്ണയുടെ ആഢ്യത്തവും ലാളിത്യവും. ദേഹണ്ണത്തിന് സ്ഥിരം നമ്പൂതിരിമാരുണ്ടായിരുന്നു. അവർക്കും അന്നംമുട്ടാതെ കഴിയാനുള്ള ഒരു തൊഴിലായിരുന്നു ഇവിടത്തെ പാചകം.

സമൂഹവുമായി കറുകമണ്ണയ്ക്ക് അഭേദ്യബന്ധം തന്നെയുണ്ടായിരുന്നു. വിശക്കുന്ന ഒരു വയറു പോലും ശേഷിക്കരുതെന്നത് കറുകമണ്ണ ഇല്ലക്കാർക്ക് നിർബന്ധമായിരുന്നു. അതുകൊണ്ടു തന്നെ രാത്രി പടിപ്പുര അടയ്ക്കുമ്പോൾ 'അത്താഴപ്പഷ്ണിക്കാർ ആരെങ്കിലുമുണ്ടോ' എന്ന് മൂന്നു തവണ വിളിച്ചു ചോദിച്ചിരുന്നു. വിശപ്പു തിന്നുന്ന ഒരാൾ പോലും ഇല്ലെന്ന് ഉറപ്പു വരുത്തിയ ശേഷമേ ഓരോ ദിവസവും കറുകമണ്ണ ഇല്ലക്കാർ ഉറങ്ങാൻ പോവുമായിരുന്നുള്ളു. ഒരു നാടിന് എല്ലാ അർത്ഥത്തിലും പുണ്യമേകിയ മനുഷ്യസ്നേഹമാണ് അവരെ ഏറനാടിന്റെ തമ്പാന്മാരെന്ന വിളിപ്പേരിന് അർഹരാക്കിയത്. ഈ പേര് ഇല്ലക്കാർ ചമച്ചതല്ല. നാട്ടുകാർ കൽപ്പിച്ചു ചൊരിഞ്ഞ സ്നേഹമാണ്. അതിരുകളില്ലാത്ത ആദരമാണ്.

## വേട്ടയ്ക്കരൻ നേരിട്ട് കുറ്റിയടിച്ച ഭവനം

ഈ ഇല്ലത്തിന്റെ കയ്യും കണക്കും ഘടനയുമൊക്കെ തീരുമാനിച്ച് ഈ ഭവനത്തിന് കുറ്റിയടിച്ചത് ഈശ്വരൻ തന്നെയാണെന്ന് ഐതിഹ്യം. അത് വെറും ഐതിഹ്യമല്ല എന്നു പറയുന്നു മുൻ തലമുറയിലെ ഒരു കാരണവരുടെ അനുഭവം. പൂർണ്ണമായും വൈക്കോൽ മേഞ്ഞ മാളികപ്പുരയോടു കൂടിയ എട്ടു കെട്ടായിരുന്നു കറുകമണ്ണയിലേത്. പത്തായപ്പുരയും പടിപ്പുരകളും അഗ്രശാലയും തൊഴുത്തുകൾ പോലും ഓടുമേഞ്ഞതായിരുന്നിട്ടും എട്ടുകെട്ടിന് ആരും ഒരു മാറ്റവും വരുത്തിയില്ല. മേഞ്ഞത് വൈക്കോൽ തന്നെ. ഒരു കാരണവർ എട്ടുകെട്ട് ഓടാക്കാൻ തീരുമാനിച്ച് പണി തുടങ്ങിയപ്പോഴേക്കും പല അനർത്ഥങ്ങളും ഉണ്ടാവാൻ തുടങ്ങി. അഗ്നിബാധ പോലുമുണ്ടായി. പ്രശ്നം വെപ്പിച്ചപ്പോൾ വേട്ടയ്ക്കരനാൽ കുറ്റിയടിയ്ക്കപ്പെട്ട ഭവനമാണെന്നും കണക്കിലോ ഘടനയിലോ യാതൊരു മാറ്റങ്ങളും

# ഊണു കഴിയുംമുമ്പ് എല മടക്കിവച്ച് ഓടും...

കറുകമണ്ണ ഇല്ലവുമായി ബാപ്പ മുതലുള്ള ബന്ധമാണ്. എരഞ്ഞിയിൽ കുഞ്ഞലവി എന്നാണ് ബാപ്പയുടെ പേര്. ബാപ്പ കറുകമണ്ണയിലെ മുസ്‌ലിം കാര്യക്കാരിൽ ഒരാളായിരുന്നു. ആ കാലത്ത് ഒരു ഏക്കറിന് ഒരു പൈസ നികുതിയുള്ള കാലത്ത് 3000 ഉറുപ്പിക നികുതിയടച്ചിരുന്നു കറുകമണ്ണ ഇല്ലം. രണ്ടു പെട്രോൾ ബങ്കും രണ്ട് ബസ് സ്റ്റാന്റും ശാസ്ത ബസ് സർവ്വീസും മൂസതുമാർക്ക് സ്വന്തമായി ഉണ്ടായിരുന്നു. എന്റെ ഓർമ്മ ശരിയാണെങ്കിൽ ഇത്രയും പാട്ടവും ഭൂമിയും ഒക്കെയുള്ള കറുകമണ്ണ ഇല്ലം ഇക്കാലം വരെ ആരോടും വ്യവഹാരം നടത്തിയിട്ടില്ല. സമുദായ സൗഹാർദ്ദത്തിൽ കേരളത്തിനു തന്നെ മാതൃകയാണ് കറുകമണ്ണ ഇല്ലത്തിന്റെ സമീപനം. മലപ്പുറം ജില്ലയുണ്ടായി ആദ്യത്തെ കലക്ടർ ഭാസ്കരൻ നായർ നീലകണ്ഠൻ മൂസത് പ്രസിഡണ്ടായിരിക്കുന്ന കാലത്ത് പാണ്ടിക്കാട് വന്നു. തമ്പാന്മാരുടെ തീപ്പെട്ടി കമ്പനിയുടെ ഉദ്ഘാടനത്തിന്. അന്ന് കറുകമണ്ണയിലും അദ്ദേഹം വന്നു. ഞാനും കൂടെയുണ്ടായിരുന്നു. തിരിച്ചുപോരുമ്പോൾ അദ്ദേഹം പറഞ്ഞു: ഇങ്ങനെയും മനുഷ്യരുണ്ടാവോ എന്ന്. കാരണം 11 മണിക്ക് ഇല്ലത്ത് ചെന്നിട്ട് ഞങ്ങൾ ഭക്ഷണം കഴിച്ച് പോരുന്നതുവരെ പ്രസിഡണ്ട് നീലകണ്ഠൻ മൂസത് ഇരുന്നിട്ടില്ല. അത്ര ആതിഥ്യ മര്യാദയുള്ളവരായിരുന്നു കറുകമണ്ണ ഇല്ലക്കാർ. ഓണത്തിന് എന്റെ അനിയനൊക്കെ ഇല്ലത്ത് ഉണ്ണാൻ ചെന്നാൽ എല മടക്കിവച്ച് ഓടലാ, ഊണു കഴിയും മുമ്പുതന്നെ എല മടക്കും. കാരണെന്താന്നറിയോ.. ഓരോരുത്തരായി പായസം വിളമ്പും. ഒരു കയ്യിൽ ന്റെ വക, ഒരു കയ്യിൽ ന്റെ വക ന്ന്. പിന്നെ എല മടക്കി ഓടുകയല്ലേ രക്ഷയുള്ളൂ. ഈ ആതിഥ്യ മര്യാദ ഇല്ലത്തിന്റെ പാരമ്പര്യമാണ്. അതുകൊണ്ട് ഇവിടെ നടക്കുന്ന ഫങ്ഷനൊക്കെ ഭയങ്കര വിജയമാവും. ഇതിന് ഞങ്ങള് പറയ ദൈവികാന്നാ

ഒരിക്കലും ഒരാൾക്കും ഉപദ്രവകരമായ പെരുമാറ്റമോ സംസ്കാര ശൂന്യതയോ ഇല്ലത്തു നിന്ന് ഉണ്ടായിട്ടില്ല. ഇന്നും അതങ്ങനെത്തന്നെ.

തമ്പാന്മാരുടെ സ്കൂൾ പിടിഎ കമ്മിറ്റി, ഹൈസ്കൂൾ പിടിഎ കമ്മിറ്റി ഇതിലൊക്കെ ഞാനുണ്ടായിട്ടുണ്ട്.

ഗോവിന്ദൻ മൂസതിന്റെ വേളി എട്ട് ദിവസമായിരുന്നു. അന്ന് എട്ട് ദിവസവും സദ്യയായിരുന്നു. ഈയിടെ നീലകണ്ഠൻ മൂസതിന്റെ പിറന്നാളാഘോഷത്തിൽ എനിക്കും പങ്കെടുക്കാൻ ഭാഗ്യമുണ്ടായി. എനിക്ക് എന്തും തുറന്നുപറയാനുള്ള അടുപ്പം ആ കുടുംബത്തോടുണ്ടായിരുന്നു. ഇപ്പോഴും ഉണ്ട്. എത്ര പുകഴ്ത്തിയാലും പറഞ്ഞു തീർക്കാനാവാത്ത നന്മയുടെ പൈതൃകമാണ് ഇല്ലത്തേത്. അന്ന് 12 കൊല്ലം കൂടുമ്പോൾ കാണം ചാർത്തലാണ് ഭൂമി. ഒരിക്കൽ കാണം ചാർത്താൻ ചെന്നവരിൽ ഒരാളായിരുന്ന പറമ്പൂർ കുഞ്ഞിപ്പൂഹാജി ചോദിച്ചു: ആ സ്ഥലം അടിയന് തന്നൂടെ, വിലയ്ക്ക്? പിന്നെ യജമാനൻ അയാളോട് മിണ്ടിയതേയില്ല. പിന്നീട് വെറ്റിലയിൽ ഒരു വെള്ളി ഉറുപ്പിക വച്ച് വണങ്ങിയപ്പോൾ (ക്ഷമാപണം ചെയ്യൽ) തമ്പാന്മാർ ഇറങ്ങി വന്ന് ഇനി കാണം വേണ്ട, വിലയും തരണ്ട, ആ ഭൂമി താൻ എടുത്തോ എന്ന് പറഞ്ഞ് അത് ദാനം ചെയ്തു. അത്ര ഉദാരമതികളാണ് ഇല്ലക്കാർ.

ഏറനാട്, വള്ളുവനാട് താലൂക്കിലെ മിക്കവാറും ഭൂമിയും കോഴിക്കോട്, തൃശൂർ താലൂക്കുകളിലെ കുറച്ചുഭൂമിയും കറുകണ്ണയുടെ കൈവശമായിരുന്നു. പാണ്ടിക്കാട്ടെ മൃഗാശുപത്രി, പോസ്റ്റോഫീസ് തുടങ്ങിയവയ്ക്കും തമ്പാന്മാരായിരുന്നു സ്ഥലം കൊടുത്തത്. പാണ്ടിക്കാട്ടുകാർ ആദ്യമായി ഫുട്ബോൾ മാച്ചിന്റെ റണ്ണിംഗ് കമന്ററി കേൾക്കുന്നത് കറുകമണ്ണ ഇല്ലത്തെ റേഡിയോയിൽ നിന്നായിരുന്നു.

കറുകമണ്ണ ഇല്ലക്കാർ ഇതുവരെ ആരെയും പിണക്കിയിട്ടില്ല. ഒരു കുടിയാനെയും വേദനിപ്പിക്കുകയോ ദ്രോഹിക്കുകയോ ചെയ്തിട്ടില്ല. നാട്ടുകാരുമായുള്ള സൗഹൃദത്തിലും സ്നേഹത്തിലും വിനയത്തിലും എല്ലാം തമ്പുരാക്കന്മാർ തന്നെയാണ് അവർ. ആ സംസ്കാരം തെല്ലും മാറ്റമില്ലാതെ പുതിയ തലമുറയും നിലനിർത്തിപോരുന്നു.

**ശ്രീ. എരഞ്ഞിയിൽ ഹൈദ്രു**
(ഇന്ത്യൻ നാഷണൽ കോൺഗ്രസ് നേതാവ്, പാണ്ടിക്കാട് പഞ്ചായത്ത് മുൻ പ്രസിഡണ്ട്)




*പൂന്താനം ഉപസഭയുടെ കുടുംബ സംഗമത്തിൽ കേരള സംഗീത നാടക അക്കാഡമി അവാർഡ് നേടിയ കരിയന്നൂർ നാരായണൻ നമ്പൂതിരിയെ കറുകമണ്ണ ഇല്ലത്ത് തങ്കമണി അന്തർജ്ജനം ആദരിക്കുന്നു.*

**ഓരോ തലമുറയിലും പ്രതിഭാധനരായ വ്യക്തികളുടെ ജന്മം കൊണ്ട് ധന്യമാണ് കറുകമണ്ണ. കേവലം സ്വന്തം കുടുംബത്തിനു മാത്രമല്ല, വളരെ വിശാലമായ ഒരു ദീർഘ വീക്ഷണമുണ്ടായിരുന്നു അവർക്കെല്ലാം. ഇന്നുള്ളവരിലും അത് പതിന്മടങ്ങ് ഉജ്ജ്വലമായി ശോഭിക്കുന്നു.**

വരുത്തരുതെന്നുമായിരുന്നു വിധി. പിൽക്കാലത്ത് അത് ഇപ്പോഴത്തെ കാരണവർ നീലകണ്ഠൻ മൂസതിന്റെ ഓഹരിയിൽ വന്നു. ഇത് സംരക്ഷിക്കുക പ്രായോഗികമല്ലാത്തതിനാൽ വിദഗ്ധോപദേശം തേടുകയും അവരുടെ നിർദ്ദേശാനുസരണം നാലകത്തുണ്ടായിരുന്ന തേവാരമൂർത്തിയായ രക്തേശ്വരിയുടെയും പരദേവതയായ വേട്ടയ്ക്കരന്റെയും ശ്രീലകം മാത്രം നിലനിർത്തിക്കൊണ്ട് ബാക്കിയുള്ളവ പൊളിച്ചുനീക്കുകയും അതിനു മുമ്പിൽ തൊട്ടടുത്തു തന്നെ പുതിയ ഭവനം നിർമ്മിക്കുകയും ചെയ്തു.

## ക്ഷേത്രങ്ങൾക്കും അധികാരി

ഭക്തിയും ഭക്തരോടുള്ള വാത്സല്യവും കറുകമണ്ണക്കാരുടെ കൈമുതലാണ്. ദേശത്തെ നാലു ക്ഷേത്രങ്ങളുടെയും അധികാരികളായിരിക്കുമ്പോഴും നാട്ടുകാരുടെ ക്ഷേമവും താല്പര്യങ്ങളും വിശ്വാസങ്ങളും സംരക്ഷിക്കുന്നതിൽ ബദ്ധശ്രദ്ധരായിരുന്നു കറുകമണ്ണയില്ലക്കാർ. അതിനു തെളിവാണ് ക്ഷേത്രോത്സവങ്ങളും ചടങ്ങുകളുമെല്ലാം ഭംഗിയായി നടത്തുന്നതിന് ജനകീയ കമ്മിറ്റികൾ രൂപീകരിക്കപ്പെട്ടതും അവരുടെ പ്രവർത്തനങ്ങൾക്ക് സർവ്വ പിന്തുണയും നൽകുന്നതും. ഖര മഹർഷിയാൽ പ്രതിഷ്ഠിക്കപ്പെട്ട പാണ്ടിക്കാട് പയ്യപറമ്പ് മഹാശിവക്ഷേത്രം ടിപ്പുവിന്റെ പടയോട്ടക്കാലത്ത് ഭാഗികമായി നശിപ്പിക്കപ്പെട്ടിരുന്നു. 1998 ൽ ബിംബം മാറി കലശവും നവീകരണ കലശവും കഴിഞ്ഞു. 2020 ജനുവരിയിൽ ധ്വജപ്രതിഷ്ഠ നടത്താനുള്ള തയ്യാറെടുപ്പിലാണ്. ശിവരാത്രിക്ക് തന്ത്രിയുടെ വിശേഷാൽ പൂജകൾ പതിവുണ്ട്. എല്ലാ വർഷവും ഉത്രട്ടാതിക്ക് കൊടിയേറി ആറാം നാളിൽ ആറാട്ടോടുകൂടി സമാപിക്കുന്ന ഉത്സവം മലപ്പുറം ജില്ലയിലെത്തന്നെ ഏറ്റവും കൂടുതൽ പേർ പങ്കെടുക്കുന്ന പരിപാടിയാണ്.

കക്കുളം വേങ്ങാശ്ശേരി ദുർഗ്ഗാ വിഷ്ണു ക്ഷേത്രത്തിലെയും ഊരായ്മ കറുകമണ്ണക്കാർക്കാണ്. ടിപ്പുവിന്റെ പടയോട്ടത്തിൽ തകർന്നും പിന്നീടുണ്ടായ പ്രകൃതിദുരന്തത്തിൽ പൂർണ്ണമായും മണ്ണിനടിയിലായും ക്ഷേത്രം നാമാവശേഷമായി. ഇതിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ഇവിടെ ബാലാദുർഗ്ഗ, വിഷ്ണു ശ്രീകോവിലുകളുടെ പണി തീർത്ത് പ്രതിഷ്ഠാകർമ്മം നടത്തി നിത്യപൂജയാരംഭിച്ചു. സുബ്രഹ്മണ്യൻ, അയ്യപ്പൻ എന്നീ ഉപദേവന്മാരുടെ പ്രതിഷ്ഠ ഉടനുണ്ടാവും.

കറുകമണ്ണയുടെ ഊരായ്മയിലുള്ള മറ്റൊരു ക്ഷേത്രമാണ് പെരിന്തൽമണ്ണ പാണ്ടിക്കാട് പാതയോരത്തുള്ള അയ്യപ്പന്റെയും ഭഗവതിയുടെയും ക്ഷേത്രങ്ങൾ. ഇത് മൂന്നാം താവഴിയിലെ കാരണവരായ പരേതനായ ശങ്കരൻ മൂസതിന്റെ കൊണ്ടിപറമ്പത്തുള്ള ഇല്ലപ്പറമ്പിലാണ്. ഇവിടെ വർഷം തോറും പാട്ടു താലപ്പൊലിയും വൃശ്ചികമാസത്തിൽ അഖണ്ഡനാമവും സമുചിതമായി നടത്തി വരുന്നു.

പാണ്ടിക്കാട് പന്തലൂർ റോഡിൽ ഒറുവമ്പ്രത്തുള്ള കോണൂർ വിഷ്ണു ക്ഷേത്രവും ഇല്ലത്തിന്റെ ഊരായ്മയിൽപ്പെട്ടതാണ്.

കോണ്ടിപറമ്പിലുള്ള ക്ഷേത്രമൊഴിച്ച് മറ്റു മൂന്നും ജനകീയ കമ്മിറ്റികളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു. എല്ലാ കാര്യങ്ങളിലും ഇല്ലത്തുള്ളവർ മുന്നിൽ നിന്ന് നയിക്കുന്നു. എന്തിനും ഏതിനും അവസാനവാക്ക് ഇല്ലക്കാരുടേതു തന്നെ.

ഓരോ തലമുറയിലും പ്രതിഭാധനരായ വ്യക്തികളുടെ ജന്മം കൊണ്ട് ധന്യമാണ് കറുകമണ്ണ. കേവലം സ്വന്തം കുടുംബത്തിനു മാത്രമല്ല, വളരെ വിശാലമായ ഒരു ദീർഘ വീക്ഷണമുണ്ടായിരുന്നു അവർക്കെല്ലാം. ഇന്നുള്ളവരിലും അത് പതിന്മടങ്ങ് ഉജ്ജ്വലമായി ശോഭിക്കുന്നു. ഏറെ തിളക്കമാർന്ന കാലിബറിനൊപ്പം സാമൂഹ്യ പ്രതിബദ്ധതയും സഹാനുഭൂതിയും ഓരോരുത്തരിലും വിശിഷ്ട ഗുണങ്ങളോടെ തലമുറകളിൽ നിന്ന് തലമുറകളിലേയ്ക്ക് പടരുന്നു. കാലത്തിന്റെ മാറ്റം ഉൾക്കൊണ്ട് പഴയതിന്റെ തനിമയും പെരുമയും നിലനിർത്തി എന്നും അവരുടെ പുതിയൊരു വിഷനിലേയ്ക്ക് ഇവയെല്ലാം സമന്വയിപ്പിച്ച് വീടിനെയും നാടിനെയും മുന്നോട്ടു നയിക്കാൻ കെൽപ്പുള്ളവരാണ് കറുകമണ്ണക്കാർ. അതു കൊണ്ടാണ് പുതുതലമുറയും കറുകമണ്ണ ഇല്ലക്കാരെ തമ്പാൻമാർ എന്നു തന്നെ വിശേഷിപ്പിക്കുന്നത്. ഇല്ലക്കാരുടെ ഒരുമ എടുത്തു പറയേണ്ടതു തന്നെയാണ്. കുടുംബാംഗങ്ങൾ തമ്മിലുള്ള ഒരിക്കലും മുറിയാത്ത ഇഴയടുപ്പമാണ്, തമ്മിൽ തമ്മിലുള്ള സ്നേഹാദരങ്ങളാണ് നാട്ടുകാരിലും കറുകമണ്ണയെക്കുറിച്ച് മതിപ്പും ബഹുമാനവുമുണ്ടാക്കുന്നത്.

ചരിത്രകാലത്തിലൂടെ വരും കാല സാക്ഷാത്കാരങ്ങൾ സ്വപ്നങ്ങളാക്കി, നാടിനെ മുഖ്യധാരയിലേയ്ക്ക് കൈപിടിച്ചുയർത്തിയ കറുകമണ്ണയുടെ കഥ ഒരു ദേശത്തിന്റെ മുഴുവൻ അതിലുമപ്പുറം ഏറനാടിന്റെ കൂടി സാംസ്കാരിക, സാമൂഹ്യ, വിദ്യാഭ്യാസ വിപ്ലവത്തിന്റെ മാറ്റി നിർത്തപ്പെടാനാവാത്ത നവോത്ഥാനത്തിന്റെ കഥയാവുന്നു. ഇന്നുള്ളവർക്കും ഇനി വരുംതലമുറക്കും പഠിക്കാനും വളരാനും പ്രചോദനമാവാനും.

●

# ചന്ദ്രയാനിയൻ



ഉമശ്രീ
കിഴക്കുമ്പാട്



ജയൻ
പഴങ്ങോട്ടുപൊറ്റ

**ഔദ്യോഗികലോകം ടെക്നോളജിയുടേത് ആണെങ്കിലും ഗൃഹാതുരത്വവും, ഭാഷാസ്നേഹവും, സാഹിത്യവും വളരെയധികം മനസ്സിൽ സൂക്ഷിക്കുന്നു നാരായണൻ നമ്പൂതിരി. ആദ്യകാലങ്ങളിൽ ഇല്ലം, ഗ്രാമം, അമ്പലം ഇവയെല്ലാം വലിയ ഗൃഹാതുരതയായിരുന്നു. പിന്നെ മനസ്സുകൊണ്ട് അവിടെയൊക്കെ എത്താം എന്നായി. കർമ്മക്ഷേത്രം തന്നെ ക്ഷേത്രം എന്ന അവസ്ഥയും വന്നു.**



...−3, −2, −1, 0, ചാന്ദ്രയാൻ 2 GSLV mK III - M I റോക്കറ്റിൽ ശ്രീഹരിക്കോട്ടയിൽ നിന്നും കഴിഞ്ഞ മാസം കുതിച്ചുയർന്നു. ഓരോ ഭാരതീയനും അഭിമാനം തോന്നിയ നിമിഷങ്ങൾ .ചാന്ദ്രയാന്റെ ചന്ദ്രനിലുള്ള സോഫ്റ്റ് ലോഞ്ചിങ് കാണാൻ ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദി നേരിട്ടു തന്നെ എത്തിയിരുന്നു. പൂർണ വിജയത്തിന് ചില തടസ്സങ്ങൾ ഉണ്ടായപ്പോൾ ഡയറക്ടർ ശിവന്റെ തോളിൽ തട്ടി പ്രധാനമന്ത്രി ആശ്വസിപ്പിച്ചതും നമ്മൾ കണ്ടു.

ശ്രീഹരിക്കോട്ടയിൽ നിന്ന് രാജ്യത്തിന്റെ അഭിമാനം ഉപഗ്രഹങ്ങളിലൂടെ വാനോളമെത്തിക്കുമ്പോൾ നമ്മൾ നമ്പൂതിരിമാർക്ക് അഭിമാനിക്കത്തക്കതായ ഒരു മുഖം ഈ ഉയർച്ചക്കൊപ്പമുണ്ട്. മാങ്ങോട്ടുശ്ശേരി നാരായണൻ നമ്പൂതിരിപ്പാട് എന്ന അനിയൻ മാങ്ങോട്ട്രി.

തിരുവനന്തപുരം VSSCയിൽ ഏവിയോണിക്ക്സ് ഡപ്യൂട്ടി ഡയറക്ടർമാരിൽ ഒരാളാണ് നമ്മുടെ നാരായണൻ നമ്പൂതിരിപ്പാട്.

ഏറെ സങ്കീർണ്ണമാണ് വാനശാസ്ത്ര പ്രൊജക്ടുകളെല്ലാം. ഏവിയോണിക്സും തെർമോ ഡൈനാമിക്സുമടക്കം നിരവധി ടെക്നോളജികളാണ് റോക്കറ്റ് വിക്ഷേപണത്തിൽ പ്രവർത്തിക്കുന്നത്.

ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷനും (ISRO) അനുബന്ധ സ്ഥാപനമായ തിരുവനന്തപുരം തുമ്പയിൽ പ്രവർത്തിക്കുന്ന VSSC യും ഈ പ്രവർത്തനങ്ങൾ സംയോജിപ്പിക്കുന്നു .

ഉപഗ്രഹവിക്ഷേപണ വാഹനങ്ങളുടെ തലച്ചോറും നാഡീകേന്ദ്രവും മ

സിൽസും ഒക്കെ ഏവിയോണിക്ക്സ് എന്ന ബ്രാഞ്ച് ആണെന്ന് പറയാം .

സർക്കാർ വിദ്യാഭ്യാസത്തിന്റെ മൂല്യമേറിയ ഒരു 'പ്രൊഡക്ട്' ആയി നാരായണൻ നമ്പൂതിരിപ്പാട് പുതു തലമുറയ്ക്ക് മാതൃകയാകുന്നു. കരിക്കാട്, മഞ്ചേരി എന്നിവിടങ്ങളിലെ സ്‌കൂൾ കോളേജ് പഠനങ്ങൾക്ക് ശേഷം കോഴിക്കോട് REC(ഇന്നത്തെ NIT) യിൽ നിന്ന് ബിടെക് ബിരുദം നേടി. 1984 ൽ ക്യാമ്പസ് റിക്രൂട്ട്മെന്റ് വഴി വി.എസ്.എസ്.സി യിൽ ചേർന്നു. പി. എസ്.എൽ.വിയുടെ കൺട്രോൾ സിസ്റ്റംസിന്റെ നിർമ്മാണ വിഭാഗത്തിൽ ഡിസൈൻ എഞ്ചിനീയർ ആയിട്ടാണ് ഔദ്യോഗിക പദവി തുടങ്ങുന്നത്. ഔദ്യോഗിക യാത്രയിൽ GSLV, GSLV. MK III, RLV തുടങ്ങിയ പ്രധാനപ്പെട്ട വാഹനങ്ങളുടെയും കൺട്രോൾ സിസ്റ്റംസ് ,ഏവിയോണിക് തുടങ്ങിയവയുടെ രൂപകൽപനകളിലെല്ലാം അദ്ദേഹത്തിന്റെ കൈയ്യൊപ്പ് പതിഞ്ഞിട്ടുണ്ട്. മികവിനുള്ള നിരവധി അവാർഡുകൾ അദ്ദേഹത്തെ തേടി എത്തിയിട്ടുണ്ട്.

ഔദ്യോഗികലോകം ടെക്നോളജി യുടേത് ആണെങ്കിലും ഗൃഹാതുരത്വവും, ഭാഷാസ്നേഹവും, സാഹിത്യവും വളരെയധികം മനസ്സിൽ സൂക്ഷിക്കുന്നു മാങ്ങോട്ട്രി അനിയേട്ടൻ.

തൃക്കലങ്ങോട് സ്‌കൂളിൽ അദ്ധ്യാപികയായിരുന്ന, കരിക്കാട്, തൃശൂർ നമ്പൂതിരി വിദ്യാലയങ്ങളുടെ സന്തതിയായിരുന്ന അമ്മ പുന്നപ്പാല പാതിരിശ്ശേരി മഹൾ ലീലാ അന്തർജനത്തിന്റെ ശിക്ഷണം അനിയൻ മാങ്ങോട്ട്രിയെ ഗണിതത്തിലും ശാസ്ത്രത്തിലും തൽപരനാക്കി. എഴുത്തുകാരനും യോഗക്ഷേമസഭയുടെ സ്ഥാപകാംഗങ്ങളിൽ പ്രമുഖനുമായിരുന്ന അച്ഛൻ ശാസ്ത്രശർമ്മൻ കരിക്കാട് സാഹിത്യത്തിലും പ്രചോദനമായി.

ബാല്യം, അമ്മ, പിറന്നാൾ ഇതൊക്കെ എത്ര പറഞ്ഞാലും അനിയൻ മാങ്ങോട്ട്രിക്ക് മതിയാവില്ല. ചിങ്ങമാസത്തിലെ തിരുവോണത്തേക്കാൾ ഉത്രാടദിനമായിരുന്നു അമ്മ ലീലാ അന്തർജ്ജനത്തിന് ഏറെ പ്രിയം. കാരണം അത് തന്റെ പ്രിയപുത്രൻ അനിയന്റെ പിറന്നാളാണ് എന്നതുതന്നെ. അമ്മയോടൊപ്പമുള്ള കുട്ടിക്കാല ക്ഷേത്രദർശനങ്ങൾ, ഉത്രാടത്തിന് ഇല്ലത്ത് നടക്കാറുണ്ടായിരുന്ന കൈകൊട്ടിക്കളി ഇവയെല്ലാം ദീപ്തസ്മരണകളായി നാരായണൻ നമ്പൂതിരിപ്പാട് ഉള്ളിൽ സൂക്ഷിക്കുന്നു.

''ആദ്യകാലങ്ങളിൽ ഇല്ലം, ഗ്രാമം, അമ്പലം ഇവയെല്ലാം വലിയ ഗൃഹാതുരതയായിരുന്നു. പിന്നെ മനസ്സുകൊണ്ട് അവിടെയൊക്കെ എത്താം എന്നായി. കർമ്മക്ഷേത്രം തന്നെ ക്ഷേത്രം എന്ന അവസ്ഥയും വന്നു.'' തന്നെ ഗൃഹാതുരതയെ ഇങ്ങനെയും മാങ്ങോട്ട്രി



*സ്വസ്തി ചീഫ് എഡിറ്റർ കൊയ്ത്തടി പരമേശ്വരൻ നാരായണൻ നമ്പൂതിരിപ്പാടിനെ സന്ദർശിച്ചപ്പോൾ*

## കരിയർ

ഡപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം വിക്രം സാരാഭായി സ്പേസ് സെന്റർ (VSSC). കോഴിക്കോട് NIT യിൽ നിന്നും ഉയർന്ന മാർക്കോടെ BTech. 1984 ൽ, PSLV കൺട്രോൾ സിസ്റ്റം പ്രൊഡക്ഷൻ & ഡിസൈൻ ഡിപ്പാർട്ടുമെന്റിൽ ഡിസൈൻ എഞ്ചിനീയർ ആയി VSSC യിൽ ചേർന്നു. IISC ബാംഗ്ലൂരിൽ നിന്ന് ISRO സ്പോൺസേഡ് കാൻഡിഡേറ്റായി ME ഡിഗ്രി നേടി.

## പുരസ്ക്കാരങ്ങൾ

VSSC മെരിറ്റ് അവാർഡ്

ടീം എക്സ്‌ലൻസ് അവാർഡ്. ഏറോനോട്ടിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യയുടെ ബിരൻ റോയ് ഡിസൈൻ പുരസ്ക്കാരം ...

അനിയൻ മാങ്ങോട്ട്രി എന്ന തൂലികാനാമത്തിൽ സാഹിത്യ സാംസ്ക്കാരിക മേഖലകളിൽ സജീവം. പുതിയ വീട്ടിലെ കുട്ടി, ധ്രുവാസി എന്നീ കഥാ സമാഹാരങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്

ഓൺലൈൻ സാഹിത്യ മാഗസിനായ സൗപർണികയിൽ സജീവം. ശ്ലോകപഠനം, അക്ഷരശ്ലോകം, ശ്ലോകരൂപത്തിലെ കവിതാ രചന, മുക്തക രചന എന്നിവയിൽ പ്രാഗത്ഭ്യം.

മലയാളം ആനുകാലികങ്ങളിൽ അനിയൻ മാങ്ങോട്ട്രിയുടെ ധാരാളം രചനകൾ വന്നിട്ടുണ്ട്.




*നാരായണൻ നമ്പൂതിരിപ്പാട് ബിരൻ റോയ് ഡിസൈൻ പുരസ്ക്കാരം ഏറ്റു വാങ്ങുന്നു*

മനസ്സിൽ സൂക്ഷിക്കുന്നു.

തന്നെ സ്വാധീനിച്ച പുസ്തകം ഭഗവത്ഗീതയാണെന്ന് പറയുന്നു അദ്ദേഹം. ഗീതയുടെ നിരവധി വ്യാഖ്യാനങ്ങൾ വായിച്ചത് ജീവിതത്തിൽ ഏറെ മാറ്റങ്ങൾക്ക് കാരണമായി. വിവേകാനന്ദനേയും, ശ്രീരാമകൃഷ്ണപരമഹംസരേയും ഇന്നും അന്വേഷണത്വരയോടെ ശ്രദ്ധിക്കുന്നു.

''ജോലിയിലേയും മറ്റ് മേഖലകളിലേയും പല വ്യക്തികളിലും എന്നെ ആകർഷിച്ച ഗുണങ്ങൾ ചേർത്ത് വച്ച് ഞാൻ തന്നെ ഭാവനയിൽ സൃഷ്ടിച്ച വ്യക്തിയാണ് എന്റെ ജീവിതത്തിലെ 'റോൾ മോഡൽ' എന്ന് ഞാൻ പറയും. എന്റെ മിത്രങ്ങൾ പലരും അതിലുണ്ട്. അവർ അത്ര മഹാൻമാരായിട്ടൊന്നുമല്ല. എങ്കിലും ഞാനവരിലുള്ള ചില മൂല്യങ്ങളെ എന്റെ ജീവിതത്തിലേക്ക് എടുക്കുന്നു'' തന്റെ സങ്കൽപത്തിലെ റോൾ മോഡലിനെ കുറിച്ച് അനിയേട്ടന് ഇങ്ങനെയാണ് പറയാനുള്ളത്.

യോഗ, പ്രാണായാമം (ബ്രീത്തിംഗ് എക്സെർസൈസ്), ശ്ലോകാലാപനം, സാഹിത്യരചന, കൂട്ടുകാരുമൊത്തുള്ള സരസഭാഷണം തുടങ്ങിയവയിലൂടെ തന്റെ ഔദ്യോഗിക ജീവിതത്തിലെ സമ്മർദ്ദങ്ങൾ കുറയ്ക്കുന്നു ഈ ശാസ്ത്രജ്ഞൻ.

''കണ്ണു പേടിക്കും കയ്യ് പേടിക്കില്ല എന്നാണ് എന്റെ അനുഭവം. പേടിച്ചിരുന്നാൽ ഒന്നും നടക്കില്ല, അങ്ങോട്ടിറങ്ങി പ്രവർത്തിച്ചാൽ അതങ്ങ് തീരും'' ടെൻഷനെ മറികടക്കാനുള്ള അനിയേട്ടന്റെ വഴികൾ.

ഔദ്യോഗിക ജീവിതത്തിൽ മുന്നിലുള്ള ലക്ഷ്യങ്ങൾ കൃത്യസമയത്ത് ടീം വർക്കിലൂടെ തീർക്കുക, ആ പ്രവർത്തനങ്ങൾ ISROവിന്റെ വിജയകരമായ ഭാവിദൗത്യങ്ങൾക്ക് മുതൽക്കൂട്ടാവുക, 1984 ൽ ഒരു യുവ എഞ്ചിനീയറായി ചേർന്ന ഊർജ്ജം എപ്പോഴും സൂക്ഷിക്കാൻ കഴിയുക ഇതെല്ലാം തന്റെ ഔദ്യോഗിക ജീവിതത്തിൽ എന്നും ശ്രദ്ധിക്കുന്ന ചില കാര്യങ്ങളാണ് എന്ന് നാരായണൻ നമ്പൂതിരിപ്പാട് പറയുന്നു

പുതുതലമുറയോട് അദ്ദേഹം പറയുന്നു. ''നല്ലവണ്ണം പഠിയ്ക്കുക, ഉത്തരവാദിത്വബോധത്തോടെ, എങ്കിൽ അവസരങ്ങൾ നമ്മോടൊപ്പം വന്ന് ചേരും. പഠനത്തോടൊപ്പം കലയും സാഹിത്യവുമൊക്കെ അഭിരുചിക്ക് ചേരുന്നുവെങ്കിൽ കൂടെ കൂട്ടുക. പ്രാർത്ഥനയുടെ ബലത്തിൽ വിശ്വസിക്കുക.''

ശാസ്ത്ര - സാങ്കേതിക മേഖലയിൽ വളർന്നുവരുന്നവരോട് പറയാനുള്ളത് ""Be passionate about the job you are doing. Acquire the knowledge and skill to convert concepts into products.''



*നാരായണൻ നമ്പൂതിരിപ്പാട് കുടുംബത്തോടൊപ്പം*

സഹധർമ്മിണി മായ, മകൻ വിഷ്ണു (കൊച്ചിയിൽ വിപ്രോ-വി.എൽ.എസ്.ഐയിൽ ജോലി ചെയ്യുന്നു) മകൾ വീണ (പ്ലസ്ടു കഴിഞ്ഞു) എന്നിവരോടൊപ്പം ഔദ്യോഗിക ജീവിതത്തിന്റെ ബാക്കി മൂന്നു കൊല്ലം കൂടി തിരുവനന്തപുരത്ത് തന്നെ.


തിരുവനന്തപുരത്ത് കുതിച്ചുയരുന്ന ബഹിരാകാശ വാഹനങ്ങളുടെ സാങ്കേതികതയിൽ നിൽക്കുമ്പോഴും നിത്യവും കരിക്കാട്ടെ ക്ഷേത്രമുറ്റത്ത് മനസ്സുകൊണ്ട് എത്തുന്നു ഇദ്ദേഹം. എന്നും വിഷ്ണു സഹസ്രനാമം ജപിച്ച് ആകാശത്തോളം ഉയരങ്ങളിൽ നിന്ന് ഏകം, ദ്വയം, ത്രയം.... ധ്രുവാസി എന്ന് അസ്സൽ നമ്പൂതിരിയായി സവിനയം തല കുമ്പിടുന്നു ഈ കരിക്കാട്ടുകാരൻ. ●



*നീതി ആയോഗ് അംഗവും മുൻ ഡി.ആർ.ഡി.ഒ. മേധാവിയുമായ ഡോ. വി.കെ. സാരസ്വതിനോടൊപ്പം*



# കടലിരമ്പം പോലെ... കെ.എൻ.

**വിഷ്ണു പുൽപ്പറമ്പിൽ**
**9562272400**


**പെരുന്തച്ചനെപ്പോലെ ഒരാശാരി വേറെയില്ല. അതുപോലെ നല്ല ഒരദ്ധ്യാപകനും മാതൃക വേറെയുണ്ടാവില്ല. കെ.എൻ. മാഷ്ക്ക് പകരം കെ.എൻ. മാത്രം. പക്ഷേ, ഒരുപാട് ഗുരുക്കന്മാരുടെ തികഞ്ഞ കരുണയും ശ്രദ്ധയും ലാളനയും ആണ് നല്ലൊരു അദ്ധ്യാപകനെ സൃഷ്ടിക്കുന്നത്.**

കുഞ്ഞുന്നാളിലേ പിതാവിനെ നഷ്ടപ്പെട്ട ബാല്യകാലത്തിന്റെ അവഗണനയിൽ നിന്നും അമ്മയുടെ കൈക്കും പിടിച്ച് ഉണ്ണിനാരായണൻ അമ്മാത്തേക്ക് നടന്നു. കുമരനെല്ലൂരും ആനയാംകുന്നും ആനയാംകുന്നത്തപ്പന്റെ അമ്പലവും കടന്ന്, ഇരുവഞ്ഞിപ്പുഴയുടെ കടവിൽ നിന്നും തോണി കയറി, പുഴ കടന്ന് നടന്നുകയറിയത് വിശാലമായ തനിക്ക് അന്യമായ ഒരു ലോകത്തിലേക്കായിരുന്നു. അമ്മാത്ത് ഉണ്ണിയുടെ വരവും കാത്തിരുന്ന മുത്തശ്ശിയുടെ കോന്തലയിൽ പിടിച്ച് ഉണ്ണിനാരായണൻ വളർന്നു. പിന്നീട് അനാഥത്വത്തിന്റെ ബാല്യകാലത്തു നിന്നും സംഭരിച്ച തീക്കനലുകൾ ഊതിക്കാച്ചിയെടുത്ത് തന്നെയും കാത്തിരിക്കുന്ന യാഗഭൂമിയിലേക്ക്!

ഭൂസ്വത്ത് മാത്രം സമ്പാദ്യമായുള്ള എല്ലാ ഇല്ലങ്ങളിലെയും പോലെ ഓർക്കാൻ തക്ക പൂത്തിരി വെളിച്ചവും ഓണനിലാവും ഒന്നുമില്ലാത്തതായിരുന്നു ഉണ്ണിനാരായണന്റെ ബാല്യവും. മൂന്നു രൂപക്ക് വാങ്ങി അന്തിയാകുന്നത് വരെ മുട്ടുശാന്തി, ദേഹണ്ഡം, ആനപ്പുറം മുതലായ ജീവിതവഴിയിലെ സർക്കസ്സുകൾക്കിടയിൽ ഇല്ലം കുറുഞ്ഞങ്ങോട്ടും അമ്മാത്ത് കിഴിനിപ്പുറവുമായി നാരായണൻ എന്ന കൗമാരക്കാരനായി വളരുന്ന കാലം. വാചകമടിയിലും കാര്യസ്ഥതയിലും ഗുരുശ്രീ കീഴിനിപ്പുറം വിഷ്ണുനമ്പൂതിരി, മഹാകേമൻ, സരസൻ... പിൽക്കാലത്ത് കെ.എൻ. മാഷുടെ ശൈലിയിൽ എവിടെയൊക്കെയോ നമ്മൾക്ക് ഒരു കീഴിനിപ്പുറം ടച്ച് കാണാവുന്നതാണ്. ദേഹണ്ഡത്തിൽ ഗുരു സാക്ഷാൽ മണിയഞ്ചീരി കൃഷ്ണമ്മാമൻ കൈപ്പുണ്യമുള്ള ദേഹണ്ഡക്കാരനാകാൻ കാരണക്കാരൻ കൃഷ്ണമ്മാമൻ തന്നെയായിരുന്നു. ശാന്തിപ്രവൃത്തിയിൽ, പൂജാപഠനത്തിൽ ഗുരു സാക്ഷാൽ തായാട്ട് വലിയ വാസുദേവൻ നമ്പൂതിരി. പിൽക്കാലത്ത് അദ്ദേഹത്തിന് നൽകിയ ഗുരുവന്ദനമായിരുന്നു 'വാസുദേവ കേശവീയം' എന്ന തായാട്ട് കുടുംബസംഗമത്തിന്റെ അമരക്കാരനായത്. സമീപകാലത്ത് ശതംജീവ ശരദശ്ശതം ചൊല്ലി വിവിധങ്ങളായ 102 വിവാഹങ്ങൾക്ക് കാർമ്മികനായും കെ.എൻ. തന്റെ കൈയൊപ്പ് ചാർത്തി. നല്ല ഗുരു നല്ല മാനവികനാവണമെന്ന സിദ്ധാന്തത്തിൽ ഇവിടെയും കെ.എൻ. ഉറച്ചുനിന്നു.

പെരുന്തച്ചനെപ്പോലെ ഒരാശാരി വേറെയില്ല. അതുപോലെ നല്ല ഒരദ്ധ്യാപകനും മാതൃക വേറെയുണ്ടാവില്ല. കെ.എൻ. മാഷ്ക്ക് പകരം കെ.എൻ. മാത്രം. പക്ഷേ, ഒരുപാട് ഗുരുക്കന്മാരുടെ തികഞ്ഞ കരുണയും ശ്രദ്ധയും ലാളനയും ആണ് നല്ലൊരു അദ്ധ്യാപകനെ സൃഷ്ടിക്കുന്നത്.

ഒറ്റയാൾ പട്ടാളം പോലെ ജീവിതത്തിന്റെ സമസ്ത മേഖലകളിലും പിൽക്കാലത്ത് അജയ്യനാവാൻ തന്നെ സഹായിച്ചത് പ്രശസ്തരായ ഗുരുക്കന്മാരുടെ ശിഷ്യത്വമാണ് എന്ന് കെ.എൻ. സാക്ഷ്യപ്പെടുത്തുന്നു.

അമ്മാത്തും പരിസരപ്രദേശങ്ങളിലും അടുത്തുള്ള ബന്ധുവീടുകളിലുമായി വർഷങ്ങൾ കടന്നുപോയി. 1961-ൽ കുന്ദമംഗലം സ്കൂളിൽ നിന്നും പത്താം ക്ലാസ് പാസ്സായി അമ്മാത്ത് മടങ്ങിയെത്തുമ്പോൾ ഭാവി ഒരു ചോദ്യചിഹ്നമായി തലക്കുമുകളിൽ ഓങ്ങിനിൽക്കുന്നുണ്ടായിരുന്നു.

അമ്മാത്തെ താമസത്തിനിടയിൽ നാരായണന്റെ ആദ്യഗുരു ശ്രീ.പുല്ലങ്കോട് കൃഷ്ണൻ മാഷായിരുന്നു. കേമന്മാരായ ഒരുപാട് ശിഷ്യന്മാരെ സൃഷ്ടിച്ച കൃഷ്ണൻ മാഷായിരുന്നു കെ.എൻ.ന്റെ ജീവിതത്തിലെ പ്രധാന ദിശാസൂചിയായി ചലിച്ചിരുന്നത്.

കുന്ദമംഗലം സ്കൂളിൽ വെച്ച് തുടങ്ങിയ പ്രസിദ്ധ കവി ശ്രീ. രാധാകൃഷ്ണൻ കാക്കശ്ശേരിയുമായുള്ള ബന്ധം പിൽക്കാലത്തും തുടർന്നു. മുതലക്കുളം പോലീസമ്പലത്തിലെ ശാന്തിക്കാരനായി ജീവിതവൃത്തി നിവർത്തിച്ചുവരുമ്പോഴാണ് കാക്കശ്ശേരി മാഷ് 'മലയാളം വിദ്വാൻ' കോഴ്സിന് ചേരാൻ പ്രേരിപ്പിക്കുന്നത്. 'സാഹിത്യ ദീപിക സംസ്കൃത വിദ്യാലയം' പാവറട്ടിയിലേക്ക് ശ്രീ. ലക്ഷ്മണൻ മാഷ് നൽകിയ

കത്തും മുത്തശ്ശി നൽകിയ നാലു രൂപ വണ്ടിക്കൂലിയുമായി ഗുരുവായൂർക്ക് തിരിക്കുമ്പോൾ നാരായണന്റെ മനസ്സിൽ അടങ്ങാത്ത ആഗ്രഹമായിരുന്നു ഒരു അദ്ധ്യാപകനാവുകയെന്നത്.

അക്കാരപ്പള്ളിയില്ലത്തെ ഇടത്താവളത്തിൽ നിന്നും മൂന്നു രൂപ മാസഫീസ് കൊടുക്കാൻ പിന്നീട് ചിറ്റാട്ടുകരയിലെ ജലദുർഗ്ഗാ ക്ഷേത്രത്തിലെ ശാന്തിക്കാരനായി.

വീണ്ടും കാക്കശ്ശേരി രാധാകൃഷ്ണൻ മാഷും പി.ടി. കുര്യാക്കോസ് മാഷും വഴികാട്ടികളായ ചിറ്റാട്ടുകരയിലെ ജീവിതത്തിന്റെ സന്തോഷം നിറഞ്ഞ ദിവസങ്ങൾ. ജലദുർഗ്ഗാ ക്ഷേത്രത്തിലെ ശാന്തിക്കാരനായിരിക്കുമ്പോൾ നഷ്ടപ്പെട്ട നീലാംബരി പോലെ ചിറ്റാട്ടുകരയിലെ മഴവിൽ ദിനങ്ങളായിരുന്നു തന്നെ മുന്നോട്ടു നയിച്ചതെന്ന് ഓർമ്മകളുടെ താമരത്തോണിയേറി മാഷ്.

കാക്കശ്ശേരി മാഷ് തുറന്നുകൊടുത്ത സ്വന്തം ലൈബ്രറിയിൽ നിന്നും ഊറ്റിക്കുടിച്ച ലോകവിവരങ്ങൾ കരതലാമലകമായി ഉപകാരപ്പെട്ട പിൽക്കാലത്തെ അദ്ധ്യാപക ജീവിതം. രണ്ട് മല്ല് മുണ്ടും കോട്ടൺ ഷർട്ടും കഞ്ഞിമുക്കി തേച്ച് വടിയാക്കിയിട്ട ചിറ്റാട്ടുകരയിലെ വിദ്യാർത്ഥി പിൽക്കാലത്ത് നല്ലൊരു ഇസ്തിരിക്കാരനുമായി.

പ്രൊഫ. വാസുദേവൻ ഇളയത്, പ്രൊഫ. ഉണ്ണികൃഷ്ണൻ ഇളയത്, പ്രൊഫ. രാമചന്ദ്ര ശാസ്ത്രികൾ തുടങ്ങി വിസിറ്റിംഗ് പ്രൊഫസർമാരായ പ്രൊഫ നാരായണപ്പിഷാരടിയും, പ്രൊ ഇ.പി.ഭാരതപ്പിഷാരടിയും ഇക്കാലത്ത് മറ്റ് ആർക്കും ലഭിക്കാത്ത ഗുരുക്കന്മാരുടെ അനുഗ്രഹമായിരുന്നു. കോളേജിൽ നടന്ന അദ്ധ്യാപക- മാനേജ്മെന്റ് സമരത്തിൽ തന്റെ പ്രിയപ്പെട്ട ഗുരുക്കന്മാരുടെ കൂടെ നിന്നതിന്, സമരം നടത്തിയതിന് കോളേജിൽ നിന്നും പിരിച്ചുവിട്ട് വീണ്ടും പെരുവഴിയമ്പലത്തിൽ ദിക്കറിയാതെ നടന്നു. സാംസ്കാരിക വിദ്യാഭ്യാസ വിപ്ലവകാരികളായ ടാഗോർ, വിവേകാനന്ദൻ, ഡോ. എസ്.രാധാകൃഷ്ണൻ, വിദ്വാൻ കെ.എൻ.മുൻഷി, അബ്ദുൾ കലാം എന്നിവർ തിരികൊളുത്തി വിട്ട വിപ്ലവചിന്തകൾ നാരായണനെയും പിടിവിടാതെ കൂടിയ വിദ്യാലയ ജീവിതം. ഈ തിരുത്തൽവാദിയുടെ മുഖമാണ്, ഈ വിപ്ലവവീര്യമാണ് പിൽക്കാലത്ത് കെ.എൻ. മാഷിന് ഗംഭീരന്മാരായ ശിഷ്യപരമ്പരയെ ലഭിക്കാനിടയായത്.

പാവറട്ടി സംസ്കൃത വിദ്യാലയത്തിൽ നിന്നും ടി.സി. വാങ്ങി ചെന്നെത്തിയത് പട്ടാമ്പി സംസ്കൃത കോളേജിൽ. സാക്ഷാൽ പുന്നശ്ശേരി നമ്പി നീലകണ്ഠ ശർമ്മ ഗവ. സംസ്കൃത കോളേജ്. അവിടെ മൂന്നാം വർഷം സംസ്കൃത വിദ്യാർത്ഥിയായിട്ടിരിക്കുമ്പോൾ



പ്രശസ്തരായ പ്രൊഫ. വിഷ്ണുനാരായണൻ നമ്പൂതിരി, പ്രൊഫ. ചെറുകാട് ഗോവിന്ദപ്പിഷാരടി, പ്രൊഫ. വെങ്കിടകൃഷ്ണൻ, പ്രൊഫ. പെരുമുടിയൂർ ഗോപി എന്നിവരുടെ ശിഷ്യത്വം സ്വീകരിച്ചു.

അങ്ങിനെ ഒരു കൊല്ലം പട്ടാമ്പിയിലെ പെരുമുടിയൂർ ഗ്രാമക്കാരനായി ഓർമ്മകളിൽ സൂക്ഷിക്കാൻ ഒരുപാട് കഥകളുമായി, മലയാളം വിദ്വാനായി വള്ളുവനാട്ടിൽ നിന്നും വീണ്ടും നാട്ടിലേക്ക്.

സമാനതകളില്ലാത്ത വിദ്യാർത്ഥി ജീവിതത്തിന്റെ കാലഘട്ടം ഇവിടെ അവസാനിക്കുന്നു. നാരായണനിൽ നിന്നും നാരായണൻ നമ്പൂതിരി മാഷ് എന്ന അദ്ധ്യാപകനിലേക്കുള്ള പകർന്നാട്ടം ഇവിടെ തുടങ്ങുന്നു.

ആയിരത്തിത്തൊള്ളായിരത്തി അറുപത്തിനാല് മുതൽ ദേവഗിരി സാവിയോ സ്കൂളിൽ അദ്ധ്യാപകനായി ചേർന്നു. ബാല്യകാലം മുതൽ തന്റെ ഗുരുവും ഉപദേഷ്ടാവുമായ ശ്രീ. പുല്ലങ്കോട്ട് കൃഷ്ണൻ മാഷിന്റെ സഹപ്രവർത്തകനായിട്ട്. സാവിയോ സ്കൂളിൽ അദ്ധ്യാപകനായിരിക്കുമ്പോൾ വിദ്യാർത്ഥികളെയും കൂട്ടി ദേശരക്ഷാറാലി നടത്തി തന്റെ വിപ്ലവവീര്യം വീണ്ടും മാറ്റുരച്ചു. പിന്നീട് 1968 മുതൽ 1998 വരെ ജെ.ഡി.ടി.യിൽ അദ്ധ്യാപകനായി..

സംഭവബഹുലമായ അദ്ധ്യാപക ജീവിതത്തിൽ നിന്നും നേടിയെടുത്ത അനുഭവസമ്പത്തിൽ നിന്നും ഊതിക്കാച്ചിയെടുത്തതായിരുന്നു നാരായണൻ നമ്പൂതിരി മാഷുടെ പിന്നീടുള്ള ദിവസങ്ങൾ. രാഷ്ട്രപതിയിൽ നിന്നും ആ വർഷത്തെ നല്ല അദ്ധ്യാപകനുള്ള അവാർഡ് വാങ്ങിയ കെ.എൻ. മാഷ് ഇപ്പോഴും ഇവിടെയൊക്കെ സജീവമാകുന്നു. പൈങ്ങോട്ടുപുറം ഗ്രാമത്തിൽ തന്റെ പ്രിയ പത്നി, പട്ടാമ്പി അഴകത്ത് മന രവി നമ്പൂതിരിപ്പാടിന്റെ മകൾ നളിനി അന്തർജ്ജനത്തിന്റെ പ്രിയതമനായി, സന്തോഷ് ബാബുവിന്റെയും സജീഷ് നാരായണന്റെയും അച്ഛനും സുഹൃത്തുമായി, മരുമക്കളുടെയും പേരക്കുട്ടികളുടെയും വാത്സല്യനിധിയായ അച്ഛനും മുത്തച്ഛനുമായി നല്ല ഗൃഹസ്ഥനായി, സാഹിത്യകാരനായി, വിദ്യാഭ്യാസ പ്രവർത്തകനായി, പ്രാസംഗികനായി, സാംസ്കാരിക വേദികളിൽ അരാഷ്ട്രീയവാദിയായി, അറുപത് വർഷം വായനശാലാ പ്രവർത്തകനായി, സാന്ത്വന ചികിത്സാമേഖലയിൽ കരുണയുടെ സ്പർശമായി, നാട്ടുകാരുടെ പ്രിയ കെ.എൻ. ആയി എഴുപത്തിനാലാം വയസ്സിലും പഴയ പട്ടാമ്പി കോളേജിലെ ചുറുചുറുക്കുള്ള വിദ്യാർത്ഥിയുടെ മനസ്സുമായി, ഇനിയും ഒരങ്കത്തിന് ബാല്യവുമായി.

1994 സെപ്തംബർ അഞ്ച്. രാഷ്ട്രപതി ഭവന്റെ ഡൽഹിയിലെ മിനാരങ്ങൾ സൂര്യരശ്മികൊണ്ട് വെട്ടിത്തിളങ്ങുന്നു. അദ്ധ്യാപക ദിനത്തിന്റെ ആഘോഷങ്ങൾ മാറ്റുകൂട്ടുന്ന മന്ദിരം.

രാഷ്ട്രപതി ശ്രീ. ശങ്കർദയാൽ ശർമ്മയിൽ നിന്ന് ഏറ്റവും മികച്ച അദ്ധ്യാപകനുള്ള അവാർഡ് വാങ്ങിയതിനു ശേഷം നാരായണൻ നമ്പൂതിരി മാഷ് എന്ന കെ.എൻ. മാഷ് സമസ്ത ലോകങ്ങളെയും വന്ദിച്ച് ഒരു ഭൂമിവന്ദനം നടത്തി. ജീവിതത്തിൽ തനിക്ക് ലഭിച്ച വിശിഷ്ടമായ അവാർഡ് കൈയിൽ വാങ്ങി അദ്ദേഹം തന്റെ ഗുരുപരമ്പരയെയും അഭ്യുദയകാംക്ഷികളെയും മനസ്സിൽ വന്ദിച്ച് അവാർഡ് തന്റെ അമ്മയുടെ കാൽക്കൽ സമർപ്പിച്ചു.

പലപ്പോഴായി തലമുറകൾ അന്വേഷിച്ചുനടന്ന ഒരു ചോദ്യം. ആരാണ് ഗുരു?

ഗുരു ക്രാന്തദർശിയാണ്.

ഗുരു ആത്മീയ എഞ്ചിനീയറാണ്. യഥാർത്ഥ ഗുരു പുതിയ അറിവുകൾ പകർന്ന്, പുതുമയിലൂടെ കാലികമായതിനെയെല്ലാം തിരുത്തി, ശിഷ്യന്മാരിലൂടെ തലമുറകൾക്ക് വെളിച്ചം പകർന്ന്, യാഥാർത്ഥ്യങ്ങളിൽ നിന്നും ഒളിച്ചോടാതെ, വിപ്ലവവീര്യം പകർന്നു നൽകി, വലിയ ലോക വീക്ഷണങ്ങളിലൂടെ ശിഷ്യഗണത്തെ സ്വന്തം കുഞ്ഞുങ്ങളെപ്പോലെ സ്നേഹിച്ച്, ലാളിച്ച്, ശിക്ഷിച്ച്, തന്റെ ജീവിതം മറ്റുള്ളവർക്ക് ഉഴിഞ്ഞുവെച്ചവനാകുന്നു.

മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ ഒരാൾ അദ്ധ്യാപകനാകുന്നതിലൂടെ മനുഷ്യനായി മാറുന്നു. ഇവിടെയിതാ സകല മേഖലകളിലും അനുകരണീയനായ ഒരു അദ്ധ്യാപകൻ. ഉണ്ണിനാരായണൻ എന്ന നാരായണൻ നമ്പൂതിരിയെന്ന കെ.എൻ.മാഷ്. Yes. He is a facilitator. The one and only KN. ●



കഥ

# ശ്രാദ്ധം


**രഘുനാഥ് പി.കെ.**
**9400415226**


അതേയ്.. നാലഞ്ചു നാക്കില മുറിക്കണം, ചെറൂള വേണം

സമയം എത്രയായീന്നറിയോ ?

കൈ തുടച്ച ഭാഗത്ത് നനഞ്ഞ സെറ്റുമുണ്ടിൽ പരന്ന കരിയുമായി മുന്നിൽ പാർവതി !

ഏട്ടന്റെ അവടെ പടിഞ്ഞാറു ഭാഗത്ത് കണ്ടേർന്നു കേടില്ലാത്ത നല്ല ചെറൂള. ചെലപ്പോ ഏടത്തിയമ്മ ഇല നുള്ളി വൃത്തിയാക്കി വെച്ചിട്ടും ണ്ടാവും പതിവുണ്ടല്ലോ ? അവിടെ ചോയ്ച്ചിട്ട് മതി വേറെ അന്വേഷിച്ചു നടക്കല്. എണീക്കൂ... വേഗാവട്ടെ.

' ദേ... എണീക്കാണ് '

പിതൃക്കളെ കൊല്ലത്തിൽ ഒരിക്കലെങ്കിലും ഓർക്കാൻ കാരണവന്മാർ ചെയ്തുവെച്ച ചടങ്ങാവും ഈ ശ്രാദ്ധം. അത് ഇത്തിരി വൈകിയാലും ഒന്നൂല്യ !

അച്ഛന്റെ ചാത്തത്തിന് അമ്മയും ഇതുപോലെ ധൃതി കൂട്ടുമായിരുന്നു

പഴയൊരു ചാത്തൊരിക്കൽ ദിനം ഓർത്തു.

അമ്മ നീട്ടി വിളിക്കും..

'ഉണ്ണീ...എണീക്കു അവിടുന്ന്."

കൊറച്ച് എള്ള് വാങ്ങണം, തറവാട്ടിലെ പറമ്പിൽ ചെറൂളണ്ടാവും അത് നാലഞ്ചു കട പറിക്കണം.

'ദേ ഇപ്പൊ പൂവാം' ന്ന് പറഞ്ഞ്

ഞാൻ വീണ്ടും അമ്പിളി അമ്മാമനിലെ ഏട്ടൻ പറഞ്ഞു തരാറുള്ള വേതാളത്തിന്റെ കഥ വായിച്ചു കൊണ്ടിരുന്നു.

എനിക്കന്നു എട്ടോ ഒമ്പതോ വയസ്സ് കാണും .

ഓപ്പോളും, അമ്മാവന്റെ ഇരട്ടക്കുട്ടികളായ മക്കൾ കുട്ടനും അപ്പുവും എൻറെ അടുത്തേക്ക് ഓടി വരുമ്പോളും , മറ്റൊന്നും അറിയാതെ തിണ്ണയിൽ ചിത്രകഥയിൽ മുഴുകി കമിഴ്ന്നു കിടക്കുകയായിരുന്നു ഞാൻ.

അപ്പു അടുത്തു വന്നതും എന്റെ പുറത്ത് ആഞ്ഞു ഒരടി അടിച്ചു .

എന്താണ് സംഭവിച്ചത് എന്നെനിക്കു മനസ്സിലാവും മുൻപ് അടുത്ത അടിയും വീണു. അത് മറ്റേ ആളുടെ വക . അപ്പു ഇടം കയ്യനാണ് ...

അവർക്ക് എന്നേക്കാൾ ശക്തിയും ഉണ്ട്.

ദുര്യോധനന്റെയും ദുശ്ശാസനന്റെയും ഇടയിലകപ്പെട്ട സഹദേവന്റെയോ, നകുലന്റെയോ, ശക്തികുറഞ്ഞ മറ്റേതോ ഒരുത്തന്റെയോ പോലെ ഞാൻ നിസ്സഹായനായി.

ഇവർ രണ്ടുപേരും എന്നെ എപ്പോഴും ഉപദ്രവിക്കുന്നത് ഞാൻ തിരിച്ചൊന്നും ചെയ്യാറില്ല എന്ന ധൈര്യത്തിലാണ്!

തറവാട്ടിലെ മറ്റു കുട്ടികളെ ഒരുമിച്ചു നിന്ന് ആക്രമിക്കുന്നത് ഇവർക്ക് ഹരമാണ് .

മൂന്നാമത്തെ അടി വീഴുംമുൻപ് ഞാൻ ചാടി എഴുന്നേറ്റു .

സർവശക്തിയും സംഭരിച്ചു അപ്പുവിന്റെ ഇരു കൈകളും കൂട്ടിപ്പിടിച്ചു ...

'ഉവ്വോ ...ഇനി എന്നെ അടിക്കോ ' ന്ന് ചോദിക്കുന്ന സമയത്ത് അഫൻ കടന്നു വന്നു.

എന്റെ കാല ദോഷം ....

വിഷ്ണുവിന്റെ ഇരു കൈകളും ഞാൻ കൂട്ടിപ്പിടിച്ചിരിക്കുന്നതാണ് അഫൻ കാണുന്നത് !

വിവാഹം കഴിക്കാത്ത അഫനെ ഞങ്ങൾ കുട്ടികൾക്ക് എല്ലാവർക്കും പേടിയാണ്.

ആ മുഖം ഞാൻ ചിരിച്ചു കണ്ടിട്ടേയില്ല.

എല്ലാവരുടെയും തെറ്റുകൾ കണ്ടെത്തലും ശാസിക്കലും ഉപദ്രവിക്കലും ആണ് കൂടുതലും കണ്ടിട്ടുള്ളത്.

അപ്പു അവസരം പാഴാക്കിയില്ല . 'എന്നെ ഇവൻ വെറുതേ ഉപദ്രവിക്കുന്നു."

'അല്ല ...ഞാനല്ല" എന്ന് പറയും മുൻപ് അഫന്റെ പരുപരുത്ത വലതുകൈ അഞ്ചാറ് പ്രാവശ്യം എന്റെ തുടകളിൽ ആഞ്ഞു പതിച്ചു.

ഇടതു കൈ കൊണ്ട് പുറത്ത് കിട്ടിയ പ്രഹരത്തിന്റെ നീറ്റൽ മാറും മുൻപാണ് വീണ്ടും ഒരു കാരണവുമില്ലാതെ ......

കണ്ണിൽ നിന്നും ഒലിച്ചു വരുന്ന നനവ് തുടക്കാൻ എന്റെ കൈ സ്വതന്ത്രമായിരുന്നില്ല

വേദനയും , നിസ്സഹായതയും കൂടി 'അമ്മേ ....." എന്നുള്ള അലർച്ചയായി പുറത്ത് വന്നു.

ഒന്നിനും പ്രതികരിക്കാതെ പലപ്പോഴും കാരണമില്ലാതെ കരയാറുള്ള അമ്മ ,

എന്നെ കരയാൻ അനുവദിക്കാറില്ലായിരുന്നു ...

'എന്താ...എന്താ...'..എന്ന് ഓടിവന്നു ചോദിച്ച അമ്മയോട്...

'എന്താണെന്നോ,..... ഇപ്പൊ കാണിച്ചു തരാം'

കുറേ നേരമായി എണീക്കു എണീക്കുന്ന് പറഞ്ഞിട്ട് വല്ല അനുസരണയും ഉണ്ടോ? ആത്തേമ്മാരാണ് ഇവനെ ലാളിച്ചു വഷളാക്കുന്നത് എന്ന് പറഞ്ഞ് അഫൻ എന്റെ ഇരു ചെവിയും പിടിച്ചു വൃത്താകൃതിയിൽ കറക്കിക്കൊണ്ടിരുന്നു...

ഉണ്ണി തിണ്ണയിൽ കമിഴ്ന്നു കിടക്കായിരുന്നു അടിച്ചത് ഇവരാണ് എന്ന്, ഓപ്പോൾ പതിയെ പറഞ്ഞത് അഫൻ കേട്ടില്ല... അല്ലെങ്കിൽ കേട്ടതായി നടിച്ചില്ല.

അപ്പുവും കുട്ടനും മുറ്റത്തേക്കിറങ്ങി ഓടി.

നരച്ച് ചാരനിറമായി തുടങ്ങിയ പെറ്റിക്കോട്ട് ഇട്ട ഓപ്പോൾ നഖം കടിച്ച് അമ്മയുടെ ശരീരത്തിൽ ചാരി നിന്നു.

അമ്മ വാതിൽപ്പടിയിൽ പാതി മറഞ്ഞും ....

തേങ്ങലടക്കാൻ ഞാൻ പാടുപെട്ടു.

ഇന്ന് വിഷ്ണു പൂജാരിയാണ് ....

കുട്ടിക്കാലത്തെ അവന്റെ ക്രൂരതകളോട് ഈശ്വരൻ ക്ഷമിക്കട്ടെ !

-അതേയ്... നല്ല ആളാ..

കഷ്ടം... ഇവിടെ ഇരുന്ന് സ്വപ്നം കാണ്വാണോ ?

വീണ്ടും സഹധർമ്മിണി മുന്നിൽ.

ചാത്തമൂട്ടാൻ ഇത്ര വൈകണത് നന്നല്ല ട്ടൊ

ദേ... ഫോൺ അടിക്കുണു ഒന്നെടുക്കൂ.. ആ ടവൽ ഉള്ളതുകൊണ്ട് ഞാനെടുക്കില്ല ശുദ്ധം മാറും. ഇനി കുളത്തിലേക്ക് പോവാൻ എനിക്ക് വയ്യ

' ആരാണാവോ ഈ നേരത്ത് ? '

ഓപ്പോളാവും തോന്നുന്നു ...

ഒന്നു നോക്കീട്ട് വേഗം ചെയ്യാനുള്ളത് ചെയ്യൂ...

എനിക്ക് നൂറു കൂട്ടം ഒരുക്കാനുണ്ട്. ചാണം മെഴുകിയിട്ടു പോലും ഇല്ല്യ. ഒണക്കലരി അടുപ്പത്താ...

ലാൻഡ് ഫോൺ അടിക്കുന്ന കേട്ടാൽ വിളിക്കുന്നത് ആരാണെന്നു കൃത്യമായി പ്രവചിക്കാനുള്ള അപൂർവ സിദ്ധി ഉണ്ട് പാർവതിക്ക് !

പ്രവചനം കൃത്യം... ഓപ്പോൾ ആണ്

'ഹലോ... എന്താണാവോ വെളിച്ചാവുമ്പോ? '

അമ്മേടെ ചാത്തല്ലേ. മടിയനല്ലേ നീ എണീറ്റില്ലേന്നറിയാംച്ചിട്ടു വിളിച്ചതാ

' ണീറ്റപ്പോ ആറ് ആയി. നല്ല തണുപ്പല്ലേ? '

ഇന്നു ലീവ് അല്ലെ, ചാത്തം കഴിഞ്ഞാൽ നിനക്കു മഴ കണ്ടു ഇരിക്കാം ഉമ്മറത്ത്...

'എണീറ്റു ന്നേള്ളൂ.. ജനൽ തുറന്നിട്ട് മഴ കണ്ടു കിടക്കാനും എനിക്കിഷ്ടാ ... '

എനിക്കിപ്പോ മഴയെ പേടി ആയി തുടങ്ങിയിരിക്കുന്നു ഡാ..

അതേയ് പറ്റീച്ചാൽ ചെലപ്പോ ഞാൻ അങ്ങോട്ടു വരുണ്ടാവും

'നന്നായി... ഓപ്പോളെ, വരൂ എന്നിട്ട് അടപ്രഥമൻ ഉണ്ടാക്കൂ. അമ്മേടെ ചാത്തം നന്നായിക്കോട്ടെ '

അതിന് അതൊന്നും പതിവില്ല്യല്ലോ

'ഇല്ല്യ... ന്നാലും

പണ്ട്, .. ഇല്ലത്തു മുത്തശ്ശന്റെം മുത്തശ്ശിടേം ചാത്തതിന് കവിയചോറ്, അടപ്രഥമൻ, പുളിശ്ശേരി, നെയ്യിൽ കായവറുത്തത് അതൊക്കെ ഉണ്ടാവാറുണ്ടല്ലൊ

പഴം നുറുക്കും ഉണ്ടാവാറുണ്ട്, പാതി വെന്ത അടേം ... ഓർമ്മേണ്ടോ ? '

ഉവ്വുവ്വ്... അന്നൊക്കെ കുട്ട്യോൾക്ക് മാത്രം കുറേശ്ശേ സ്വാദ് നോക്കാൻ കിട്ടും. കൊതി തീരില്ല... നല്ല ഓർമ്മെണ്ട്.

ചാത്തത്തിന് രാവിലെ കുറൂർ പട്ടേരിയും, ശരീരത്തിൽ നിറയെ രോമമുള്ള കാരക്കാടും, ഇടതു കയ്യിന്റെ നടുവിരൽ ഇലയിൽ നിന്നെടുക്കാതെ ചിട്ടയോടും, വൃത്തിയായും കഴിക്കുന്നത് നോക്കി നിന്നിട്ടുണ്ട്... അന്ന്.

സ്വതവേ രാവിലെ ഊണ് ഇഷ്ടമല്ലെങ്കിലും പ്ലാവില കൊണ്ടൊക്കെ വിളമ്പി കൊടുത്തു അവർ കഴിക്കുന്ന കണ്ടാൽ നമുക്കും കഴിക്കാൻ തോന്നും

അടപ്രഥമൻ പാർവതി ണ്ടാക്കോ?

'ഒറ്റയ്ക്കാണെങ്കിൽ കഷ്ട്യാവും,

ഓപ്പള് വന്ന് ഒന്നു മൂപ്പിച്ചാൽ ചിലപ്പോൾ... ന്നാലും ഇല്ല..... അറിയില്ല'

ആവശ്യം ഉണ്ട് ച്ചാൽ നേരത്തേ വന്ന് ഉണ്ടാക്കാം. നിനക്ക് മോഹം ഉണ്ട് ച്ചാൽ....

'ഏയ്... മോഹോ...എനിക്കോ ! അതൊന്നും ഇല്ല. വെറും ബലിയിടൽ മാത്രല്ലേ പതിവുള്ളൂ..

ദർഭ, ചെറൂള, കൊറച്ചു ചന്ദനം അരച്ചത്, ഒരു പവിത്രം, കുറച്ചു കവിയം, ഉപസ്തരണം മെഴുകാൻ ഇത്തിരി ചാണം... ആസ്താം താവദീയം ചൊല്ലി ഒരു നമസ്ക്കാരോം

പിന്നെ കൈകൊട്ടി ബലിക്കാക്കയെ വിളിക്കലും

ഇതിലൊക്കെ ഒപ്പിക്കലാ പതിവ് അറിയാലോ !"

മതീലോ.... നീ എന്തു ചെയ്താലും അമ്മക്ക് സന്തോഷായിക്കോളും.

എന്നും ഉണ്ടായിരുന്നൂലോ നിന്നോടൊരു soft corner.

'ഉം '

നിനക്കു മോഹണ്ട് ച്ചാൽ പ്രഥമൻ ഉണ്ടാക്കാൻ ഞാൻ വരേം ചെയ്യാം...മടിക്കാതെ പറഞ്ഞോ ട്ടൊ...

'മോഹം ഒന്നൂല്ല്യ.

വരുന്നുണ്ട് ച്ചാൽ വേണെങ്കി നോക്കാം ന്ന് വിചാരിച്ചു അതിനു എന്തൊക്കെയാ വേണ്ടി വര്വാന്നും എനിക്കറിയില്ല ട്ടൊ '

പായസത്തിനു അട മേടിക്കാൻ കിട്ടും. കാച്ചിയ പാലില് മിക്സ് ചെയ്താ മതി. ഞാൻ വരുമ്പോ കൊണ്ടൊരാം ..

അല്ലെങ്കിൽ പിന്നെ ഞാൻ വന്നിട്ട് അട ഉണ്ടാക്കേം ചെയ്യാം.

ഉണക്കലരി അരച്ചത് ഇലയിൽ പരത്തി വേവിച്ചു ഈർക്കിലി കൊണ്ട് വരച്ചു ചൂട് വെള്ളത്തിൽ ഇട്ടു അടർത്തി എടുക്കണം ന്നേള്ളൂ...

' അതിന് ഉണക്കലരി 150 gm ആണ് ഞാൻ വാങ്ങിയത്. കവിയത്തിനു മാത്ര മായിട്ട് '

പച്ചരി ആയാലും മതി ടാ

'അതുണ്ടാവോ ആവോ....

10 മണി ക്കൊക്കെ ഓപ്പോള് വന്നിട്ടായാലും പറ്റേരിക്കും ല്ലേ ?"

ഉവ്വ്

' ഇവിടെ ഞാൻ ഒന്നു ചോയ്ക്കട്ടെ ..

അതൊന്നും വേണ്ടാന്നാവും ആദ്യം പറയാ

ഹ ഹ..

ഇനീപ്പോ ഓപ്പോൾ വരുന്നുണ്ടാവും ന്ന് പറഞ്ഞാൽ മനസ്സു മാറുമോന്നറിയില്ല '



അത്ര ഉത്സാഹം ഉണ്ടാവില്യ ചിലപ്പോൾ. അമ്മക്ക് വയ്യായ ഇപ്പോഴും ഉണ്ട് പറഞ്ഞു

ഇന്നലെ വിളിച്ചപ്പോ.

പിന്നെ ഈ ഉരുൾപൊട്ടലും വെള്ളപ്പൊക്കോം മരണങ്ങളും ആകെ ഒരു മൂഡ് കൊറവ് ഉണ്ട് തോന്നുന്നുണ്ട്... .

പിന്നൊരിക്കൽ ആവാം ല്ലേ

'ഉം .. അതുമതി'

ന്നു നീ ലീവ് അല്ലെ ?

അമ്മേടെ ഓർമകളും മഴയും ഒക്കെ ആയി നിനക്ക് ഒരു അവധിദിവസം കൂടി....

മലയാറ്റൂരിന്റെ വേരുകൾ വായിച്ചിട്ടുണ്ടോ നീ?

'ഇല്ല്യ തോന്നുന്നു '

വായിക്കേണ്ടതാണ്

'ഇനീപ്പോ എവിടുന്നാ കിട്ടാ.

വേണെങ്കി ലൈബ്രറി ല് തപ്പാം നാളെ '

എന്റേല് ഉണ്ടായിരുന്നു..

'ആരോ കൊണ്ടുപോയി ല്ലേ?

പുസ്തകങ്ങൾ അങ്ങനെയാണ് നഷ്ടപ്പെടുക പതിവ് '

അതേന്നേയ് കൊണ്ടോയാൽ പിന്നെ തിരിച്ചുകിട്ടില്ല. ആരാ കൊണ്ടുപോയെന്ന് മറക്കേം ചെയ്യും.

'വേരുകൾ ' നല്ല പുസ്തകാ.. അതിൽ പറഞ്ഞിട്ടുണ്ട്

മുൻപേ പറന്നു പോയവരുടെ മരിക്കാത്ത ഓർമ്മകളും പുണ്യങ്ങളും വേരുകളായി അഴങ്ങളിലേക്കു ചൂഴ്ന്നിറങ്ങുന്ന. പൈതൃകങ്ങൾ ....എന്നൊക്കെ

'ഉം '

ഉമ്മറത്തെ തുളസി തറയിൽ തിരികൊളുത്തി തൃസന്ധ്യക്ക് കാരണവന്മാരുടെ ഓർമ്മകൾക്ക് മുൻപിൽ ഒരു നിമിഷം കണ്ണടച്ചു നിൽക്കുമ്പോഴുള്ള ആത്മ നിർവൃതിയെ പറ്റിയും....

'ഒപ്പൾക്കു ഇതൊക്കെ വായിച്ചത് ഇത്ര ഓർമ്മയോ ? പഠിക്കുമ്പോ ഇത്ര ഓർമ്മശക്തി ഉണ്ടായിരുന്നില്ലല്ലോ.."

-ചെലത് മറക്കാതെ അങ്ങനെ കിടക്കും...വീണ്ടും വീണ്ടും ഓർത്തെടുക്കാൻ ഒരു സുഖാ...

'എനിക്ക് അതു കഷ്ട്യാ.. ഹ ഹ '

എന്ത് ?

' അല്ലാ ഈ ഓർമ്മിച്ചെടുക്കല് '

വെറുതെ പറയല്ല, എനിക്ക് എംടി ടെ നാലുകെട്ടിലെം അസുരവിത്തിലേം എത്രയോ അധ്യായങ്ങൾ കാണാപാഠം ആണ് അറിയോ നെനക്ക്?

' ഓ ! '

ന്നാൽ മുകുന്ദന്റെ നോവൽസ് ഇനിക്ക് ഇഷ്ടമാണ്, പക്ഷെ മനസ്സിൽ അത്ര കെടക്കൊന്നും ഇല്ല്യാ..അങ്ങനെ ഉണ്ടെങ്കിൽ അത് മയ്യഴിപ്പുഴ മാത്രം ആണ്.

'വെള്ളിയാംകല്ലില് ആൾതാമസമില്ലാത്ത ഒരു വീട്ടില് വേഴ്ച കഴിഞ്ഞിട്ട് ദാസൻ കുപ്പിവള പൊട്ടുകൾ നോക്കുന്നതോ മറ്റോ ഉള്ളതൊക്കെ അല്ലേ.

അതെനിക്ക് മങ്ങിയ ഓർമ്മയുണ്ട് '

പോടാ വൃത്തികെട്ടവനെ.

പിന്നേയ്.. അഥവാ എത്തീല്ല്യാച്ചാൽ നമസ്കരിക്കാറാവുമ്പോ ഒന്നു വിളിക്ക് ട്ടാ...

'ഓ... ശരി... ശരി '

മൂർച്ച കുറഞ്ഞ കത്തിയുമെടുത്ത്,

ചെരിപ്പിടാതെ നാക്കിലയും ചെറൂളയും തപ്പി ഞാൻ നനഞ്ഞ മണ്ണിലേക്കിറങ്ങി....

അഖിലാനപരാധാൻ മേ
ക്ഷമസ്വ കരുണാനിധേ...
പ്രസീദ മൽഗുരോ നാഥാ...

അമ്മയുടെ ശ്രാദ്ധമായിട്ടും എന്തേ പിതൃമന്ത്രം മനസ്സിൽ ആവോ ?

●

# ചരിത്രരേഖകളുടെ സൂക്ഷിപ്പുകാരൻ





**മുരളി പാലക്കൽ**

**9446241662**

"ഒരു മാർജാരൻ വനഭുവി രാത്രിയിൽ
ഇരയും തേടി നടക്കുന്നേരം....."

മേലാകെ ഭസ്മവും ചന്ദനവും പൂശി ഇലകൊണ്ട് കെട്ടിയുണ്ടാക്കിയ കിരീടം തലയിൽവെച്ച് അധ്യാപകൻ ക്ലാസ്സിൽ പകർന്നാടുകയാണ്, വലയിൽ കുടുങ്ങിയ പൂച്ചയായും വല കടിച്ചുമുറിക്കാൻ വന്ന എലിയായും. എലിയോട് രക്ഷിക്കാൻ അപേക്ഷിക്കുന്ന പൂച്ചയുടെ നിസ്സഹായതയും രക്ഷപ്പെട്ടാൽ പൂച്ച തന്നെ പിടിക്കുമോ എന്ന എലിയുടെ സംശയവും മുന്നിലിരിക്കുന്ന മൂന്നാം ക്ലാസ്സുകാരുടെ കണ്ണുകളിൽ തിളങ്ങി. ആ എട്ടുവയസ്സുകാർ അവിടെ ഒരു കവിത പഠിക്കുകയായിരുന്നില്ല, അനുഭവിക്കുകയായിരുന്നു. മികച്ച കൃഷിക്കാരനായ വേലപ്പനും പുഞ്ചിരി തൂകുന്ന ബാപ്പുജിയും മുതൽ അഞ്ചക്ക സംഖ്യകളും ഗുരുത്വാകർഷണവും വരെ അവരുടെ കൂട്ടുകാരായിരുന്നു എന്ന് പറയുന്നത് ഒട്ടും അതിശയോക്തിയല്ല. ചാക്കുനൂൽകൊണ്ട് കെട്ടിയ പുസ്തകങ്ങളും പോക്കറ്റിൽ പമ്പരവും ചരടും ഗോട്ടികളും എടുക്കുന്ന അതേ ശ്രദ്ധയോടും ഇഷ്ടത്തോടും അവർ ഈർക്കിൽ കെട്ടുകളും നൂലും കല്ലും ഇലകളും വേരും കൊണ്ടുവരുമായിരുന്നു. ഒരു വർഷം മുഴുവൻ ഒരേ അധ്യാപകന്റെ വിവിധ പകർന്നാട്ടങ്ങൾ അവർ ആസ്വദിച്ചു.

ഇത് തൊണ്ണൂറുകളുടെ ആദ്യത്തിലെ ഡിപിഇപിക്കാല ക്ലാസ്മുറിയിലെ കഥകളല്ല, അങ്ങനെയൊരു ക്ലാസ്മുറി എന്ന സങ്കൽപ്പം ഉടലെടുക്കുന്നതിന് ഒന്നരപ്പതിറ്റാണ്ട് മുമ്പുള്ള കഥയാണ്, നാലു പതിറ്റാണ്ടിലധികം പഴക്കമുള്ള അത്തരം ഓർമകൾ ഇന്നും പറപ്പൂരിലെ രണ്ട് തലമുറകളുടെ മനസ്സിൽ പച്ചപിടിച്ചു കിടക്കുന്നുവെങ്കിൽ അന്നെറിഞ്ഞ ആ വിത്തിന്റെ കരുത്ത് എത്രയായിരിക്കും? ആ വിത്തെറിഞ്ഞത് മറ്റാരുമല്ല, വീട്ടിൽ വരുന്നവരെ ഇന്നും പാട്ടുപാടിയും പൊട്ടിച്ചിരിച്ചും ഷേക്ക്ഹാന്റ് കൊടുത്തും സ്വീകരിക്കുന്ന തലേത്തൊടി ഉണ്ണിക്കൃഷ്ണൻ നമ്പൂതിരി എന്ന ഉണ്ണിക്കൃഷ്ണൻ മാഷാണ്.

കഥകളി, കൂത്ത്, കൃഷ്ണനാട്ടം, നാടകം തുടങ്ങി വിവിധ കലയരങ്ങുകളും കാളപൂട്ട്, പോത്ത്പൂട്ട് തുടങ്ങിയ വിനോദങ്ങളും പതിവായിരുന്ന പാരമ്പര്യത്തിന്റെ ചില അവശേഷിപ്പുകൾ ഉണ്ണിക്കൃഷ്ണൻ മാഷിൽ കുടിയിരിക്കുന്നതുകൊണ്ടാവാം അധ്യാപനത്തിൽ കാലത്തിനുമുമ്പെ നടക്കാൻ അദ്ദേഹത്തിനു സാധിച്ചത്.

വൈദിക പാരമ്പര്യമുള്ള തലേത്തൊടി ഇല്ലത്തെ ഇന്നത്തെ കാരണവരാണ് ഉണ്ണികൃഷ്ണൻ മാഷ്. വിഷ്ണു നമ്പൂതിരിയുടെയും സാവിത്രി അന്തർജനത്തിന്റെയും മകനായി 1941ൽ ജനനം. പൂർവികമായി ധാരാളം ഓത്തൻമാർ ഉണ്ടായിരുന്ന തറവാടാണ് ഇത്. 1958ൽ രാമനാട്ടുകര സേവാമന്ദിരം ബേസിക് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് പരിശീലനം നേടിയശേഷം കോഴിച്ചെന, പുളിയക്കോട് എന്നിവിടങ്ങളിൽ ഒന്നര വർഷത്തോളം അധ്യാപകനായി ജോലി ചെയ്തു. തുടർന്ന് 1962 മുതൽ 1991 വരെ ഇരുപത്തിയൊൻപതു വർഷം പറപ്പൂര് ജിഎൽപി സ്കൂൾ ആയിരുന്നു പ്രവർത്തന മേഖല. കിഴിശ്ശേരി, വിളയിൽ, വിളയിൽ പറപ്പൂര് എന്നിവിടങ്ങളിൽ 5 വർഷക്കാലം പ്രധാനാധ്യാപകനായും സേവനമനുഷ്ഠിച്ച് 1996ലാണ് ഔദ്യോ





ഗിക ജീവിതത്തിൽ നിന്ന് വിരമിച്ചത്.

പ്രാദേശിക ചരിത്രകുതുകികൾക്ക് വിഭവസമൃദ്ധമായൊരു സദ്യതന്നെ ലഭിക്കും, ഈ അദ്ധ്യാപകനെ കുറച്ചുസമയം ഒഴിഞ്ഞുകിട്ടുകയാണെങ്കിൽ. ഇരുപത്തൊന്ന് ദേശത്തെ 112 ഇല്ലങ്ങളുടെ വിവരങ്ങൾ ഉണ്ണിക്കൃഷ്ണൻ മാഷുടെ കൈവശം ഉണ്ട്. ദേശക്ഷേത്രങ്ങളുടെ ഊരായ്മയാണ് ആ ദേശത്തിലെ ഇല്ലങ്ങളുടെ അളവുകോലായി സ്വീകരിച്ചിരിക്കുന്നത്. മുത്തശ്ശൻവരെയുള്ള പൂർവികരെക്കുറിച്ച് വിജ്ഞാനം സാധാരണമാണ്. മുത്തശ്ശന്റെ മുത്തശ്ശന്റെ മുത്തശ്ശൻവരെയുള്ളവരെക്കുറിച്ച് പറയുന്നത് കേൾക്കുമ്പോൾ വാ പൊളിച്ചിരിക്കുകയേ നിവൃത്തിയുള്ളൂ. നമ്പൂതിരി കുടുംബചരിത്രം മാത്രമല്ല, മറ്റ് സമുദായങ്ങളിലെ പല കുടുംബങ്ങളുടെയും പത്ത് തലമുറയുടെ വിവരങ്ങൾ നോട്ടുപുസ്തകങ്ങളിൽ കോറിയിട്ടിരിക്കുന്നു. ടിപ്പുവിന്റെ പടയോട്ടം കഴിഞ്ഞ് വന്ന ശങ്കരൻ എന്ന ഒരു ഉണ്ണിയാണത്രെ ഇപ്പോഴത്തെ തലേത്തൊടി ഇല്ലത്തിലെ ആദ്യവ്യക്തി. പ്രശ്നചിന്തയിലെ സൂചന അനുസരിച്ച് എഡി 166 മാർച്ച് 28ന് തളിപ്പറമ്പിൽനിന്ന് വന്നതായി അനുമാനിക്കുന്നുമുണ്ട്.

അന്യോന്യ ബന്ധസൂചിക, ബഹുമാതൃ - പിതൃ സൂചിക, വംശാവലി സൂചിക എന്നിവ തയ്യാറാക്കുന്നതിന് ആർക്കും ഉപയോഗിക്കാവുന്ന ചില ഫോർമാറ്റുകൾ മാഷ് വികസിപ്പിച്ചിട്ടുണ്ട്. തലേത്തൊടി വംശാവലി ഡയറക്ടറി തയ്യാറാക്കുക എന്ന ഭഗീരഥപ്രയത്നം തുടങ്ങിവെച്ചെങ്കിലും പൂർത്തീകരിക്കാനായിട്ടില്ല. ഇതിനായി, വിവരം ശേഖരിക്കേണ്ട ആയിരത്തോളം ആളുകളെ തിരിച്ചറിയുകയും അറനൂറ് പേർക്ക് വിവരശേഖരണ ഫോർമാറ്റ് നൽകുകയും ചെയ്തിട്ടുണ്ട്. ഇവർ വിവിധ സമുദായങ്ങളിലായി വ്യാപിച്ചുകിടക്കുന്നു. ശാഖോപശാഖകളായി പിരിഞ്ഞുപിരിഞ്ഞ് തമ്മിലറിയാതെ പല സുദായങ്ങളിലും പല സ്ഥലത്തും കഴിയുന്നവർ ഒരേ തണ്ടിൽ മുളപൊട്ടിയതാണെന്ന കണ്ടെത്തലിലൂടെ, ഈ അദ്ധ്യാപകന്റെ അന്വേഷണ കൗതുകത്തിലൂടെ നമ്മൾ പഠിപ്പിക്കുന്ന വലിയൊരു പാഠമുണ്ട്, എല്ലാരുമൊന്നെന്ന ശാന്തിപാഠം.

സാവിത്രി അന്തർജനമാണ് ഉണ്ണികൃഷ്ണൻ മാഷുടെ സഹധർമ്മിണി. മൂന്നു മക്കളാണ് ഉള്ളത്. കിഴിയേടം ഗീത, വിഷ്ണുസന്തോഷ്, പാതിരാമിറ്റം ജലജ.

ഇരുപത്തൊന്ന് ദേശത്തെ 112 ഇല്ലങ്ങളുടെ വിവരങ്ങൾ ഉണ്ണിക്കൃഷ്ണൻ മാഷുടെ കൈവശം ഉണ്ട്. ദേശക്ഷേത്രങ്ങളുടെ ഊരായ്മയാണ് ആ ദേശത്തിലെ ഇല്ലങ്ങളുടെ അളവുകോലായി സ്വീകരിച്ചിരിക്കുന്നത്. 147 വർഷങ്ങളിലെ പഞ്ചാംഗം ഇവിടെയുണ്ട്. തിരുവിതാംകൂർ പഞ്ചാംഗം, കോട്ടയം പഞ്ചാംഗം, കൊല്ലം പഞ്ചാംഗം, വലിയ പഞ്ചാംഗം, ചെറിയ പഞ്ചാംഗം തുടങ്ങി 25 തരം പഞ്ചാംഗങ്ങൾ ഈ ശേഖരത്തിലുണ്ട്.

പൊതുജനസേവനത്തിന്റെ തിളങ്ങുന്ന ചരിത്രം എത്രയോ പറയാനുണ്ട് വിളയിൽ അംശം പറപ്പൂര് ദേശത്തെ ഈ ഇല്ലത്തിന്. വഴി നടന്നു തളർന്നുവരുന്ന കാലികൾക്ക് വെള്ളം കുടിക്കാൻ വഴിവക്കിൽ നിർമിച്ചുവെച്ച കരിങ്കൽപാത്രം അടുത്തകാലം വരെ തലേത്തൊടി ഇല്ലം വക എന്ന പേര് നെറ്റിയിൽ ചാർത്തി കാലികളെ പ്രതീക്ഷിച്ച് കിടന്നിരുന്നു. മുസ്ലീം സമുദായാംഗങ്ങൾ സ്കൂൾ പഠനത്തിൽ വിമുഖത കാട്ടിയിരുന്ന കാലത്ത് അവരെ പഠനത്തിലേക്ക് ആകർഷിക്കാൻ 1913ൽ ഒരു മാപ്പിള സ്കൂൾ ഇല്ലം വകയായി ആരംഭിച്ചു. രണ്ട് വർഷം സ്കൂൾ പ്രവർത്തിച്ചു. പിന്നീട് സർക്കാർ എൽ.പി സ്കൂൾ വന്നപ്പോൾ നാല് ക്ലാസ്സ്മുറികളുള്ള കെട്ടിടം ഇല്ലം വകയായി നിർമിച്ച് വാടകക്ക് നൽകി. ഇല്ലത്തുനിന്ന് സൗജന്യമായി നൽകിയ സ്ഥലത്താണ് വിളയിൽ പറപ്പൂര് വിദ്യാപോഷിണി എയുപി സ്കൂൾ പ്രവർത്തനമാരംഭിക്കുന്നത്. നാട്ടിലെ തർക്കങ്ങൾ തീർപ്പാക്കുന്ന ഇടം കൂടിയായിരുന്നു തലേത്തൊടി ഇല്ലം.

പുതിയ തലമുറയ്ക്ക് പകർന്നു നൽകാൻ ഇനിയുമുണ്ട് വിഭവങ്ങളേറെയുണ്ട് അന്വേഷണ കുതുകിയായ ഈ അദ്ധ്യാപകന്റെ കൈവശം

വിളയിൽ, പറപ്പൂർ, തവനൂർ, മുണ്ടക്കൽ, പരതക്കാട്, ചാലിയപ്രം തുടങ്ങിയ പ്രദേശങ്ങളിലെ 5000 ഏക്കർ ഭൂമിയുടെ സർവെനമ്പർ, പറമ്പ്തരം, നികുതി, പട്ടയം, പേര് തുടങ്ങിയ വിവരങ്ങൾ മാഷ് സൂക്ഷിക്കുന്നു. സ്ഥലപ്പേരുകളെ പക്ഷി, മൃഗം, മറ്റ് ജന്തുക്കൾ, ജലാശയങ്ങൾ, ആൾ, ജാതി, ദിക്ക്, മേലെ, താഴെ എന്നിവയുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് എഴുതിയിട്ടുണ്ട്. ഒമ്പത് ജില്ലകളിലെ പ്രധാന ക്ഷേത്രങ്ങളുടെ വിവരങ്ങൾ അറിയാൻ ഇവിടെ വന്നാൽ മതി. കാവുകളെക്കുറിച്ചും വിപുലമായി വിവരശേഖരണം നടത്തിയിട്ടുണ്ട്. പുളിയക്കോട്, കടുങ്ങല്ലൂർ, പറപ്പൂര്, തവനൂര് തുടങ്ങിയ സ്ഥലനാമങ്ങൾ തിരുന്നാവായ ദേശത്തും ഉണ്ട് എന്നത് ഈ അന്വേഷണങ്ങൾക്കിടയിൽ കണ്ടെത്തിയ കൗതുകങ്ങളാണ്. ഏതൊക്കെ താളിയോലകൾ തങ്ങളുടെ പക്കൽ ഉണ്ട്, അല്ലെങ്കിൽ ഉണ്ടായിരുന്നു എന്ന് പലർക്കും അറിയില്ല. എന്നാൽ ഈ പ്രദേശത്തെ ഇല്ലങ്ങളിലുള്ള താളിയോലകളുടെ വിവരം ഉണ്ണിക്കൃഷ്ണൻ മാഷ് രേഖപ്പെടുത്തിവെച്ചിട്ടുണ്ട്.200 വർഷത്തോളം പഴക്കമുള്ള രേഖകൾ ഈ പെട്ടിയിൽ ഭദ്രമായിരിക്കുന്നു. 147 വർഷങ്ങളിലെ പഞ്ചാംഗം ഇവിടെയുണ്ട്. തിരുവിതാംകൂർ പഞ്ചാംഗം, കോട്ടയം പഞ്ചാംഗം, കൊല്ലം പഞ്ചാംഗം, വലിയ പഞ്ചാംഗം, ചെറിയ പഞ്ചാംഗം തുടങ്ങി 25 തരം പഞ്ചാംഗങ്ങൾ ഈ ശേഖരത്തിലുണ്ട്. 1992 മുതൽ പറപ്പൂര് ദേശക്ഷേത്രമായ ശ്രീ നീർമങ്ങാട്ട് നരസിംഹമൂർത്തി ക്ഷേത്രം മാനേജിംഗ് ട്രസ്റ്റിയാണ്. ക്ഷേത്രവുമായി ബന്ധപ്പെട്ട അനേകം രേഖകളും മാഷിന്റെ ശേഖരത്തിലുണ്ട്.

കുടുംബക്ഷേത്രമായ പാലേറ്റിപ്പുറം ശ്രീ മഹാവിഷ്ണു ക്ഷേത്ര പ്രവർത്തനങ്ങൾ സജീവമാക്കി ഇല്ലത്തിന്റെ കലാപാരമ്പര്യം നിലനിർത്താനുള്ള ശ്രമങ്ങളും നടത്തിവരുന്നു. പാലേറ്റിപ്പുറം ഏകാദശി, നവരാത്രി സംഗീതോത്സവം എന്നിവ വർഷങ്ങളായി വിപുലമായി ആഘോഷിക്കുന്നു. ജന്തുക്കൾക്കായി നീക്കിവെച്ച ജന്തുസ്ഥാൻ, എല്ലാ നാളുകളുടെയും വൃക്ഷങ്ങൾ നട്ടുവളർത്തിയ അര ഏക്കറോളം വിസ്തൃതമായ നക്ഷത്രവനം, സ്വന്തമായി നിർമിച്ച കുളം എന്നിങ്ങനെ കാത്തുവെച്ച ഒട്ടേറെ കൗതുകങ്ങൾ വെറും കൗതുകങ്ങൾ മാത്രമല്ല, ഭാവിയിലേക്കുള്ള സൂക്ഷിപ്പുകൂടിയാണ്. സമൂഹകൽപ്പനകൾക്കനുസരിച്ച് സുഖമായി ജീവിച്ച് കടന്നുപോവുന്നവരെയായിരിക്കില്ല കാലം അതിന്റെ ഓർമച്ചെപ്പിൽ സൂക്ഷിക്കുന്നത്, കാലാതിവർത്തിയായ എന്തെങ്കിലും അവശേഷിപ്പിക്കുന്നവരെ മാത്രമായിരിക്കും. വരും കാലത്തിന് നിധിപോലെ സൂക്ഷിക്കാനുള്ള വക തലേത്തൊടി 'ശ്രീനിധി'യിൽ ഉണ്ണിക്കൃഷ്ണൻ മാഷ് സ്വരുക്കൂട്ടിക്കൊണ്ടിരിക്കുന്നു.

വന്ദേ ഗുരുപരമ്പരാം ●




സ്വസ്തി എന്ന പ്രസിദ്ധീകരണം വളരെയധികം ഉപകാരപ്രദമായിട്ടുണ്ട്. ഈ മാസിക കൈവശം വന്നതിനുശേഷം ചുരുങ്ങിയത് 20 പേർ മേടിച്ചു വായിച്ചു; അഭിനന്ദനം പറഞ്ഞു. പുസ്തകം വേണമെങ്കിൽ പറയാം എന്നു പറഞ്ഞു.

**മാധവൻ നമ്പൂതിരിപ്പാട്,**
ചെറുകുന്നത്തുമന, ഷൊർണ്ണൂർ

'സ്വസ്തി' ത്രൈമാസിക ആലപ്പുഴ സംസ്ഥാന സമ്മേളനത്തിൽ വെച്ച് കാണുകയുണ്ടായി. മാസികയുടെ വരിക്കാരൻ മുഖേന വേളിയുടെ വിവിധ ക്രിയകളുടെ സ്കെച്ചുകൾകൊണ്ട് (നമ്പൂതിരിയുടെ വരകൾ പോലെ) പാണിഗ്രഹണ പംക്തി അലങ്കരിച്ചാൽ നന്നായിരിക്കും.

**കെ.ശങ്കരൻ പോറ്റി, വെങ്ങല്ലൂർ,**
തൊടുപുഴ 9567679930

കഴിഞ്ഞ ലക്കം സ്വസ്തി മാസികയിൽ എന്റെ നിശ്ശബ്ദജീവികൾ പ്രസിദ്ധീകരിച്ചതിന് വളരെ നന്ദി. ജീവിതസായാഹ്നത്തിൽ മനസ്സിന് അല്പം ആനന്ദം നൽകുന്നത് ഇത്തരം വേളകളിലാണ്.

**അനിയൻ മണ്ണാനിക്കാട്,**
9633167578

സ്വസ്തി പതിപ്പ് വളരെ നന്നായിരിക്കുന്നു.. എല്ലാ ആശംസകളും നേരുന്നു

**മധു മരങ്ങാട്**

സ്വസ്തി വരിസംഖ്യ അടച്ച് വാങ്ങി എല്ലാവരും പ്രോത്സാഹിപ്പിക്കുക

**വൈക്കം പി.എൻ**
യോഗക്ഷേമസഭാ മുൻ സംസ്ഥാന പ്രസിഡൻറ്

ജീവിതം വഴിമുട്ടുന്ന നമ്പൂതിരിക്ക് മാർഗ്ഗദീപമായി സ്വസ്തി ഭവിക്കട്ടെ. ഈ സംരംഭത്തിന് ഒരായിരം ആശംസകൾ. വിധിയാംവണ്ണം ജീവിക്കാൻ ആഗ്രഹിക്കുന്ന പാരമ്പര്യത്തെ അംഗീകരിക്കുന്നവർക്ക് ഉത്തമാശ്രയമാകട്ടെ

**സതീശ് നമ്പൂതിരി**
അണിയാൾ ഇല്ലം

സ്വസ്തി സ്റ്റാൾ കാണുന്നതിനിടയായി. മാഗസിൻ കണ്ടു. നല്ല പ്രവർത്തനം. മികച്ച നിലവാരം പുലർത്തുന്നു

**ബിജുകുമാർ**
ആറ്റിങ്ങൽ

സ്വസ്തിയുടെ ചിട്ടയായ പ്രവർത്തനവും മാസികയുടെ ഉൾക്കനവും മറ്റ് മാസികകളിൽ നിന്ന് വ്യത്യസ്തമാണ്. പ്രവർത്തനങ്ങൾ മാതൃകാപരമാണ്. സ്വസ്തി അതിന്റെ രൂപത്തിലും ഭാവത്തിലും വേറിട്ടു മറ്റു മാഗസിനുകളിൽ നിന്ന് നിൽക്കുന്നു. ''എന്ത് പറയുന്നു എന്നതിലല്ല, എങ്ങിനെ പറയുന്നു എന്നതിലാണ് കാര്യം.''

**ഡോ.ഗീത**
കാസർഗോഡ്

സ്വസ്തി എന്ന ത്രൈമാസിക കെട്ടിലും മട്ടിലും ഉള്ളടക്കത്തിലും അതീവ മികവു പുലർത്തുന്നതായി മനസ്സിലാക്കുന്നു. അതിയായ സന്തോഷം. ബ്രാഹ്മണ്യത്തെ ഊർജ്ജസ്രോതസ്സാക്കിക്കൊണ്ട് സമാജ സേവനം നടത്തുന്ന നമ്മളേവർക്കും സ്വത്വത്തെ ഉൾക്കൊണ്ടു കൊണ്ട് ആർജ്ജവത്തോടെ ആവേശത്തോടെ മുന്നോട്ട് നീങ്ങുവാൻ, അഗ്നിജ്വാലയായ് പടരുവാൻ, ചാലകശക്തിയായ് മാറുവാൻ സ്വസ്തിക്ക് കഴിയുമാറാകട്ടെ. ഒരായിരം അഭിനന്ദനങ്ങൾ! ഭാവുകങ്ങൾ!

**Dr.ശ്രീഗംഗ യോഗദത്തൻ നമ്പൂതിരി**



**സ്വസ്തി കിട്ടാനും രചനകൾ അയക്കാനും**
**9072383651**

swasthithrimonthly@gmail.com എന്ന ഇ-മെയിൽ അഡ്രസ്സിലും യോഗക്ഷേമസഭ ജില്ലാ ആസ്ഥാന മന്ദിരം, കോവൂർ വിഷ്ണു ക്ഷേത്രത്തിന് സമീപം, പി.ഒ. ചേവായൂർ, കോഴിക്കോട്, പിൻ 673017 എന്ന വിലാസത്തിലും **9072383651** എന്ന വാട്സ് ആപ്പ് നമ്പറിലും കത്തുകൾ അയക്കാവുന്നതാണ്.

സ്വസ്തി സംസ്ഥാന മുഖപത്രമാവാൻ പറ്റിയ സ്റ്റാൻഡേർഡ് ഉണ്ട്.
**ശ്രീകാന്ത് ചെറുവക്കാട്**

1921 ലെ മാപ്പിള ലഹളയുടെ ഉള്ളറകളിലേക്ക് ഒന്ന് എത്തിനോക്കിയത് ,ഘർവാപ്പസി ഒക്കെ അറിയാൻ കഴിഞ്ഞതും നന്നായി
**സന്തോഷ് ചെമ്പാഴി**

മണി(സുബ്രഹ്മണ്യ)പുരം എന്ന മാനിപുരം,
അധർമ്മങ്ങളോട് പോർചെയ്യും (ദേവസേനൻ)
പോർങ്ങോട്ടൂരപ്പന്റെ തീർഥനദിയായ
പുഴയോരം (പഞ്ചാമൃതസമർപ്പണം)
പാലോണ, പയോണ, അണ്ടോണ,
വെളിമണ്ണ,കരിങ്ങമണ്ണ
പാല്, പഴം, കൽക്കണ്ടം, തേൻ, ശർക്കര)
ചേർത്ത് സമർപ്പിച്ച മണിപുരം മക്കാട് മന
(മയിൽവാഹന മുരുകാ മമ
മനസ്സിൽ മരുവേണേ
മംഗളമായ് മക്കാട്ടുമനയിൽ
മരുവേണേ

**കളത്തില്ലം രാമൻ നമ്പൂതിരി**

സ്വസ്ഥത കിട്ടാതെ ഞാൻ ഇല്ലപ്പറമ്പിലെ
ഇല്ലിമുളകൂട്ടത്തിന്റെച്ചുവട്ടിൽ
അസ്വസ്ഥനായി കുടുംബ പ്രാരാബ്ധ
തിയ്യിൽ വെന്തുരുകവേ
കയ്യിൽ വന്നണഞ്ഞ സ്വസ്തി
ത്രൈമാസികയാം
അമൂർതാരിഷ്ടം നുകരവേ
സ്വസ്ഥത വന്നണഞ്ഞു.
സ്വസ്ഥനായ് തീർന്നേനഹം
സ്വസ്തി മാസികയ്ക്ക്
ദീർഘായുസ്സേകാൻ
പ്രാർത്ഥിപ്പൂ
വാണീദേവിയോടായ്

**കണ്ടമംഗലം നാരായണൻ നമ്പൂതിരി**

യോഗക്ഷേമസഭയുടെ ആഭിമുഖ്യത്തിൽ വിവിധജില്ലകളിൽ നിന്നുമുള്ള ആനുകാലികങ്ങളിൽ താരതമ്യേന ഉയർന്ന നിലവാരം പുലർത്തുന്നു സ്വസ്തി എന്ന് ധൈര്യമായി പറയാം. പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിലും മാസികയാക്കാൻ ശ്രമിക്കുക

**ആർ.വി നമ്പൂതിരിപ്പാട്**
തെക്കിനിയേടത്ത് മന

സ്വസ്തിയുടെ സ്ഥിരം വരിക്കാരനാണ് സ്വസ്തിയുടെ സൃഷ്ടികൾ എല്ലാം ഒന്നിനൊന്ന് മെച്ചമാണ്. എല്ലാ ഭാവുകങ്ങളും നേരുന്നു.

**പി.എൻ. ദാമോദരൻ**


വായിച്ചു ... വളരെ നന്നായിട്ടുണ്ട് ,അറിയാത്ത പല കാര്യങ്ങളും സ്വസ്തിയിൽ കൂടി മനസിലാക്കാൻ പറ്റി ... ഇത്രയും ജനസമ്മതനായിട്ടുള്ള മക്കാട്ടേ ട്ടനും ,കുടുംബത്തിനും അഭിനന്ദനങ്ങൾ ... പോർങ്ങോട്ടൂരപ്പൻ കടാക്ഷിയ്ക്കട്ടെ

**രഞ്ജിനി പറമ്പിടി**

അതിഗംഭീരം

**വായ്ക്കാക്കര നാരായണൻ**

# ചില അബദ്ധങ്ങൾ തിരുത്തുന്നു



സംസ്ഥാന സമ്മേളനം 'അദ്വൈതം 2019' ൽ വച്ച് സ്വസ്തിപ്രവർത്തകർ സ്വസ്തി മാഗസിൻ Dr.ഗോപാലകൃഷ്ണന് സമ്മാനിക്കുകയുണ്ടായി. അദ്ദേഹം അത് വായിച്ച് അഭിപ്രായം പിറ്റേന്നു തന്നെ യുട്യൂബിൽ അപ്‌ലോഡ് ചെയ്തു.

അദ്ദേഹം പറഞ്ഞതിലെ പ്രസക്തഭാഗങ്ങൾ

'' നമ്പൂതിരിമാരെ കുറിച്ച് ഞാൻ മുൻപ് പറഞ്ഞ ചില അബദ്ധങ്ങൾ സ്വസ്തി വായിച്ച ശേഷം തിരുത്തുന്നു. നിർബന്ധിത മതം മാറ്റം നടത്തിയവരെ തിരിച്ചു കൊണ്ടുവരാൻ വിധിയില്ലാ എന്ന് നമ്പൂതിരിമാർ പറഞ്ഞു എന്ന് എന്റെ മൂന്ന് യൂ ട്യൂബ് അപ് ലോഡിലും പറഞ്ഞിട്ടുണ്ട്. പക്ഷേ സ്വസ്തി എന്ന മാഗസിനിലെ അത്യുജ്ജ്വല വരികൾ വായിച്ചപ്പോൾ ഞാൻ പറഞ്ഞതും വായിച്ചതും അബദ്ധമാണെന്ന് മനസ്സിലാക്കി.അതിൽ സർവ്വാപരാധം ചെയ്യുന്നു.

ഘർ വാപസ്സി തുടങ്ങിയതുതന്നെ നമ്പൂതിരിമാരാണ്. മതം മാറിപ്പോയാൽ തിരിച്ചു വരേണ്ടത് എങ്ങനെ എന്നത് സ്വസ്തിയിൽ വളരെ വിശദമായി കൊടുത്തിട്ടുണ്ട്. സ്വസ്തിയിലെ ഉള്ളടക്കങ്ങൾ എല്ലാം വളരെ ഗംഭീരം. മാപ്പിള ലഹളയെ കുറിച്ച് വളരെ ഭംഗിയായി '1921 ലെ മുറിപ്പാടുകൾ' എന്ന ലേഖനത്തിൽ കൊടുത്തിരിക്കുന്നു. ഇത് വായിച്ച് കഴിഞ്ഞാൽ നമ്പൂതിരിമാർ സവർണ്ണമേധാവിത്വം വരുത്താൻ ശ്രമിച്ചവരാണ്, പിൻതിരിപ്പൻമാരാണ് എന്ന പൊതു സമൂഹത്തിന്റെ ചിന്ത മാറ്റേണ്ടി വരുന്നു.''

# ലളിതം സുന്ദരം

സ്വസ്തി ത്രൈമാസിക ജൂലായ് ലക്കം മുഴുവനും വായിച്ചു. ഗംഭീരമായിട്ടുണ്ട്.

'ഘർവാപ്പസി' വൈദികവിധി, വേദാദ്ധ്യയന പാഠശാലകൾ, സ്വാമിയാർ, കിരാതനടനം, ആചാരലംഘനം, നിശ്ശബ്ദ ജീവികൾ, 'അച്ഛന്റെ ഇല്ലം എന്റേതുമായി', ഖിലാഫത്ത് കാലത്തെ മുറിപ്പാടുകൾ എന്നിങ്ങനെ നമ്മുടെ സമുദായവുമായി ബന്ധപ്പെട്ട ഒട്ടേറെ വിഷയങ്ങൾ. ഏതാണ്ട് ഒരു നൂറ്റാണ്ടുകാലത്തെ നമ്പൂതിരി സമുദായം അനുവർത്തിച്ചുവരുന്ന ആചാരങ്ങൾ- അനാചാരങ്ങൾ, അതുമൂലം അവർക്ക് നേരിടേണ്ടി വന്ന തിക്താനുഭവങ്ങൾ എല്ലാം ലളിതസുന്ദരമായി വിശദമായി അവതരിപ്പിക്കാൻ എഴുത്തുകാർക്ക് കഴിഞ്ഞിട്ടുണ്ട്.

ഏറ്റവും ഹൃദയസ്പർശിയായി തോന്നിയത് ദാമോദരൻ വൈഷ്ണവത്തിന്റെ 'അച്ഛന്റെ ഇല്ലം എന്റേതുമായി' എന്ന അദ്ദേഹത്തിന്റെ അനുഭവക്കുറിപ്പുതന്നെ....

ഭാര്യയും കുട്ടികളും തൊടാപ്പാട് നിർത്തപ്പെടുന്ന അവസ്ഥക്ക് വിപരീതമായി സ്വന്തം കുടുംബാംഗങ്ങളിലൊരാളായി കരുതി പഠനത്തിന് വന്ന ദാമോദരൻ എല്ലാ സൗകര്യങ്ങളും സഹായങ്ങളും നൽകാൻ കാണിച്ച ഇല്ലത്തെ അഫന്റെ മനസ്സിന്റെ വലിപ്പം ശ്ലാഘനീയം തന്നെ.

ത്രൈമാസികയുടെ കെട്ടും മട്ടും അച്ചടിയും ചിത്രങ്ങളും മറ്റേതൊരു പ്രസിദ്ധീകരണത്തേക്കാളും മികച്ചതാണെന്നറിയിക്കട്ടെ. ഇനിയും നമ്മുടെ പൈതൃകത്തിൽ ഒളിഞ്ഞിരിക്കുന്ന ഒട്ടേറെ കാര്യങ്ങളെക്കുറിച്ചുള്ള ലേഖനങ്ങൾ പ്രതീക്ഷിക്കുന്നു.

**മോഴികുന്നം ദാമോദരൻ,**
ചെർപ്പുളശ്ശേരി, 8547428630

സ്വസ്തി ജൂലായ് ലക്കം വായിച്ചു.

ലേഖകരെ പരിചയപ്പെടുത്തിയാൽ നല്ലതാണ്. അവരുടെ ഫോട്ടോ ഉണ്ടെങ്കിൽ വളരെ നല്ലത്
ഒരേ ലേഖകന്റെ ആവർത്തിച്ചുള്ള സൃഷ്ടികൾ ഒന്നിൽ തന്നെ വരുന്നത് സംശയത്തിനിട നല്കില്ലേ?

കണ്ണി പറമ്പിലെ കവിതകൾ ആസ്വദിച്ചു.ബാലതാരങ്ങൾ ബലമായി മുന്നോട്ട് നീങ്ങട്ടെ.

രണ്ടു കവിതകൾ വിരിയുന്ന പൂവിലേക്ക് പാറി വന്ന ശലഭങ്ങളല്ലേ എന്ന് സംശയിച്ചുപോയി.

ദീപ്തസ്മരണയിൽ നിന്നും കോഴിക്കോടിന്റെ പ്രവർത്തനങ്ങൾ ഊർജസ്വലമാക്കാൻ പ്രവർത്തകർക്ക് കഴിയട്ടെ

നിശ്ശബ്ദ ജീവികളുടെ കാലം കഴിഞ്ഞതായി എഡിറ്റോറിയൽ ബോർഡ് ശ്രദ്ധിക്കണം ആനുകാലിക പ്രശ്നങ്ങളെ വിഷയമാക്കണം

ജില്ലാ ഓഫീസിന്റെ താല്ക്കാലിക കെട്ടിട നിർമാണത്തിൽ മക്കാടിന്റെ മകൻ സൂരജ് പ്രത്യേകം ശ്രദ്ധ നല്കിയതിനാലാണ് പണി പൂർത്തികരിക്കപ്പെട്ടത് എന്ന് വിസ്മരിച്ചുകൂടാ.

**കോരമ്പറ്റ ശങ്കരൻ നമ്പൂതിരി**

സ്വസ്തി യിൽ ഞാൻ കണ്ട ഏറ്റവും വലിയ ക്വാളിറ്റി അതിന്റെ പോസിറ്റീവ്നെസ്സ് ആണ് .. ഇല്ലപ്പെരുമയിലും അറിയേണ്ട നമ്പൂതിരിയിലും മറ്റു ഫീച്ചറുകളിലും ശുഭകാര്യങ്ങൾ പ്രത്യേകം നിഷ്ക്കർഷയോടെ ഉൾക്കൊള്ളിക്കുന്നുണ്ട് ഇതിന്റെ പ്രവർത്തകർ .മറ്റു നമ്പൂതിരി പ്രസിദ്ധീകരണങ്ങളിൽ നിന്നും സ്വസ്തിയെ വ്യത്യസ്തമാക്കുന്നത് പ്രചോദനാത്മകമായ ഈ പോസിറ്റീവ് എനർജിയാണ് .. ആശംസകൾ, അഭിനന്ദനങ്ങൾ

**അനിൽ കുമാർ എൻ.ഇ.**
നരിക്കുനി എടമന, കുറുവങ്ങാട്
കൊയിലാണ്ടി

സ്വസ്തി ഇതിനുമുമ്പും പലപ്പോഴായി വായിച്ചിട്ടുണ്ട്... ജൂലായ് ലക്കം അസ്സലായിട്ടുണ്ട് (പൂർണ്ണമായും വായിച്ചു തീർന്നിട്ടില്ല)
വരിക്കാരനാവാൻ മോഹം കലശലായിട്ടുള്ളതിനാൽ, വൈകാതെ ബന്ധപ്പെടാം....

സ്നേഹപൂർവ്വം,
**ഹരിമൂസ്സത്,**
പഞ്ചായത്ത് സെക്രട്ടറി, തൃശ്ശൂർ

# അനുശോചനം



*ലീല അന്തർജ്ജനം*
*എടച്ചേരി ചേലോട്ടില്ലം*



*ശ്രീദേവി അന്തർജനം*
*അരീക്കര പടിഞ്ഞാറെ ഇല്ലം*



*വാസുദേവൻ നമ്പൂതിരി*
*ആറങ്ങോട് ഇല്ലം*



*കേശവൻ നമ്പൂതിരി*
*തയ്യാട്ട് ഇല്ലം, പുത്തനില്ലത്ത്*
*ശിവകൃപ, വടകര*



*നിർമ്മല നളിനൻ*
*അമ്പലപ്പുത്തൂർ ഇല്ലം,*
*സിറ്റി*



*വിഷ്ണു നമ്പൂതിരി*
*പാലക്കാട്ടില്ലത്ത്*
*(തെക്കയിൽ)*



*നാരായണൻ നമ്പൂതിരി*
*എരഞ്ഞംപറമ്പത്ത്*
*പാട്ടം*



*ശശിധരൻ നമ്പൂതിരി*
*(യോഗക്ഷേമസഭ*
*വനിതാ വിഭാഗം സംസ്ഥാന*
*സെക്രട്ടറി ജയശ്രീ ഭാര്യയാണ്)*








**മീര.എം**
D/o വിഷ്ണു സജിത് & യമുന
മങ്ങത്തായ ഇല്ലം








**വൈഗ**
D/o ദാമോദരൻ(അപ്പു) & അനു
ചുഴലിപ്പുറത്തില്ലം



**കൃഷ്ണദത്തൻ പി.കെ.**
S/o കൃഷ്ണകുമാർ & ലത
താമരക്കുളം ഇല്ലം



പാർവ്വണ
(പാറൂ)ക്കുട്ടിക്ക്
മൂന്നാം പിറന്നാൾ
ആശംസകൾ
സ്നേഹപൂർവ്വം:
മുത്തശ്ശൻ: നാരായണൻ
മുത്തശ്ശി: ഗംഗ
അച്ഛൻ: പ്രസൂൺ
അമ്മ: അശ്വതി
അച്ചോൾ: ഗോപിക
അമ്മാവൻ: നാരായണൻ
ഒഴുകിൽ തട്ടയൂർ ഇല്ലം




Wish you a happy married life
ശ്രീജിത്ത്
S/o കൃഷ്ണൻകുട്ടി നമ്പൂതിരി (Late)
& ജയലക്ഷ്മി അന്തർജ്ജനം
പാറേക്കാട്ട് മന
ഒറ്റപ്പാലം
കൃഷ്ണപ്രിയ
D/o ശശികുമാർ നമ്പൂതിരി
& രാജശ്രീ അന്തർജ്ജനം
തവനൂർ ഇല്ലം,
പുൽപ്പറ്റ പി.ഒ,
മഞ്ചേരി
ആശംസകളോടെ: ബന്ധുമിത്രാദികൾ

# എന്നെ ഹീറോ ആക്കിയ മുടി



ശിവറാം KKനമ്പൂതിരി

എന്റെ പേര് ശിവറാം ഞാൻ മൂന്നാം ക്ലാസ്സിൽ പഠിക്കുന്നു .മൂന്നിലേക്ക് ഞാൻ പുതിയ സ്കൂളിൽ ആണ് വന്നത് .ഇവിടെ എത്തിയപ്പോൾ എന്നെ ചോദിക്കുന്നതിലും കൂടുതൽ എന്റെ മുടിയെ കുറിച്ചാണ് സ്കൂൾ പ്രിൻസിപ്പൽ ചോദിച്ചത് ,കൂടെ ടീച്ചേഴ്സും എന്റെ ഇപ്പോഴത്തെ കൂട്ടുകാരും മറ്റു വിദ്യാർത്ഥികളും .പ്രിൻസിപ്പൽ എന്നെ കണ്ടപ്പോൾ തന്നെ ചോദിച്ചു ഒത്തിരി മുടിയും ആയാണല്ലോ വരുന്നത് എന്ന് .എന്താ എത്രയും മുടി എന്ന് ?അച്ഛനാണ് മറുപടി പറഞ്ഞത് ഉപനയനം കഴിഞ്ഞേ മുടി വെട്ടുകയൊള്ളു എന്ന് ,അപ്പോൾ പ്രിൻസിപ്പൽ എനിക്ക് മുടി വളർത്താൻ സമ്മതം തന്നു ...പിന്നെ സ്കൂൾ തുറന്നപ്പോൾ യൂണിഫോം കിട്ടുന്നത് വരെ കളർ ഡ്രെസ്സിൽ പോവേണ്ടി വന്നു .അങ്ങനെ കുട്ടുകാർ ചോദിക്കാൻ തുടങ്ങി ഞാൻ ആൺ കുട്ടിയാണോ പെൺ കുട്ടിയാണോ എന്നൊക്കെ അവരോടൊക്കെ ഉത്തരം പറഞ്ഞു മതിയാവുമ്പോൾ സ്കൂളിലെ മറ്റു കൂട്ടുകാരും ചോദിക്കും അപ്പോൾ എന്റെ ക്ലാസ്സിലെ കൂട്ടുകാർ അവരോട് മറുപടി പറയും .പക്ഷെ ഇപ്പോൾ സ്കൂളിലെ ഹീറോ ഞാനാണ് ,കാരണം എന്റെ മുടി തന്നെ. ,ഒത്തിരി മുടിയും സ്കൂളിൽ വേറെ ആർക്കും കിട്ടാത്ത പെർമ്മിഷനും .എന്റെ മുടിപോലെ നീട്ടട്ടേ എന്ന് ചോദിച്ചു അവരുടെ അമ്മമാരുടെ പിന്നാലെ നടക്കുകയാണ് എന്റെ കൂട്ടുകാരിപ്പോൾ ...



കവിത

# പുഴ

താളം പിടിച്ചുകൊണ്ടൊഴു-
കുന്ന പുഴകൾ
അലയടിക്കുന്ന തിരകൾ-
അരുവികൾ കുഞ്ഞുശലഭങ്ങൾ
നമ്മെ ഉണർത്തുന്നു
കുളിരിളം നാളമായ് പാദങ്ങളെ
തൊട്ടുണർത്തുന്നു
ചെറുശാഖയായ് മയങ്ങുന്നൊരോള
മായ്
ഉണർത്തുമീ ഗീതമായ്
അവിരാമം ഒഴുകൂ നീ
കുമിളകളായ് കളകളമൊഴുകി
നീ മറയുന്നു മെല്ലെ മെല്ലെ
ആയിരം ചിറക് വിടർത്തി
ആർത്തിരമ്പിയൊഴുകുന്നു
ആഗ്രഹിക്കുന്നു ഞാൻ നിത്യവും
പുഴയുമായ് ഇണങ്ങാൻ
പിണങ്ങാൻ
പിന്നെയെന്നും കൂട്ടായിരിക്കാൻ



ശ്രീഭദ്ര പി.

# കൃത്യതയോടെ, ലക്ഷ്യബോധത്തോടെ

പുതിയ ജില്ലാ ഭരണ സമിതി ജൂലൈ 28ന് അധികാരമേറ്റെടുത്തതിനു ശേഷം 4 മാതൃസഭാ മീറ്റിംഗുകളും ഒരു വനിതാസഭാ മീറ്റിംഗും നടത്തി. മീറ്റിംഗുകളിൽ അംഗങ്ങളുടെ മികച്ച പ്രാതിനിധ്യം ശുഭോദർക്കമാണ്.

പ്രവർത്തനങ്ങൾ

1 കോവൂരിലെ ആസ്ഥാന മന്ദിരം 2019 നവംബറിൽ പ്രവർത്തി തുടങ്ങി 2020 സെപ്റ്റംബറിൽ ഉദ്ഘാടനം നടത്തുന്ന തരത്തിൽ പ്രവർത്തനങ്ങൾ മുന്നോട്ട് പോകുന്നു.

2 പ്രളയക്കെടുതിയും ഓണത്തിരക്കുകളും അതിജീവിച്ച് സംസ്ഥാന സമ്മേളനത്തിൽ ജില്ലയിൽ നിന്ന് പരമാവധി ആളുകൾ പങ്കെടുത്തു.

3. ജില്ലാ സഭയിൽ ഐ.ടി ആൻറ് മീഡിയാ സെൽ രൂപീകരിച്ച് പ്രവർത്തനം തുടങ്ങി.

4. കോഴിക്കോട് ജില്ലയിലെ ശാന്തിക്കാർക്കായി ഒരു ദിവസത്തെ വർക്ക്ഷോപ്പ് നടത്തുവാനും പ്രശ്നങ്ങളിൽ ഫലപ്രദമായ ഇടപെടലുകൾക്കായി ഒരു സബ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു.

5 ജില്ലാ കമ്മിറ്റി അംഗങ്ങൾ മരണം സംഭവിച്ച ഇല്ലങ്ങൾ സന്ദർശിച്ച് അനുശോചനം രേഖപ്പെടുത്തുവാൻ തുടങ്ങി. ഇതിനു വേണ്ടി നിയോഗിച്ച സബ്കമ്മിറ്റി കാര്യങ്ങൾ കോഓർഡിനേറ്റ് ചെയ്യും.

6. അനുമോദനങ്ങൾക്ക് ജില്ലാസഭയുടെ ലറ്റർ പാഡിൽ കത്തുകളയക്കും.

7. പ്രൊഫഷണലിസം കൊണ്ടുവരുന്നതിന്റെ ഭാഗമായി ജില്ലയിലും ഉപസഭകളിലും ഫയലിംഗ് സിസ്റ്റം കൊണ്ടുവരാനും എല്ലാ മാസവും സർക്കുലറുകൾ അയക്കുവാനും തുടങ്ങി.

8. പ്രവർത്തനരഹിതമായ ഉപസഭകളെ പുനരുജ്ജീവിപ്പിക്കുവാൻ തുടങ്ങി. ശ്ലാഘനീയമായ പ്രവർത്തനങ്ങളാണ് വടകരയിലെ പ്രവർത്തകരുടേത്.
ഈ മാസം തന്നെ ഒരു ഉപസഭയിൽ കൂടി അഡ്ഹോക്ക് കമ്മിറ്റി നിലവിൽ വരും.

9. എല്ലാ ഉപസഭകളിലും നിരീക്ഷകരെ നിയമിച്ചു.

10. പുതിയ ജില്ലാ കമ്മിറ്റി ഇതുവരെ ഒൻപത് ഉപസഭകളിൽ സന്ദർശനവും പ്രവർത്തന അവലോകനവും നടത്തി.

11. ജില്ലാ സഭയിലും ഉപസഭകളിലും Fixed Asset Register ഉണ്ടാക്കുവാൻ തീരുമാനിച്ചു.

12. കാരുണ്യനിധി ഇല്ലാത്ത ഉപസഭകൾ അത് തുടങ്ങണമെന്ന് നിർദ്ദേശിച്ചു. ജില്ലാ കമ്മിറ്റി കാരുണ്യനിധി തുടങ്ങി.

13. ജില്ലാ കമ്മറ്റിയുടെ നിർദ്ദേശ പ്രകാരം സ്വസ്തി ത്രൈമാസിക സംസ്ഥാന സമ്മേളന സപ്ലിമെൻറ് പുറത്തിറക്കി.

14. ജില്ലാ സഭയുടെ ആഭിമുഖ്യത്തിൽ സമുദായാംഗങ്ങൾക്കായി ഒരു PSC കോച്ചിംഗ് സെന്റർ തുടങ്ങുവാനുള്ള നടപടികൾ ആരംഭിച്ചു.

15. സംസ്ഥാന വൈസ് പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ട ബ്രഹ്മശ്രീ മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി, സംസ്ഥാന സമിതി അംഗം കൊല്ലോറ്റ കൃഷ്ണൻ നമ്പൂതിരി, വനിതാസഭ സംസ്ഥാന സമിതി അംഗം ലത തായട എന്നിവരെ ആദരിച്ചു.

16 ഒക്ടോബർ 27 ഞായറാഴ്ച കോഴിക്കോട് ജില്ലയിലെ തിരഞ്ഞെടുക്കപ്പെട്ട എല്ലാ മാതൃ വനിതാ യുവജന പ്രവർത്തകരുടേയും പ്രത്യേക ക്ഷണിതാക്കളുടേയും യോഗം വിളിക്കുവാനും സംസ്ഥാന നേതാക്കളെ പങ്കെടുപ്പിച്ച് ആദരിക്കുവാനും തീരുമാനിച്ചു.

സംസ്ഥാന നേതൃത്വത്തിൽ നിന്നും, ജില്ലയിലെ സീനിയർ നേതാക്കളിൽ നിന്നും ലഭിക്കുന്ന നിർദേശങ്ങളും, ജില്ലാ സഹ പ്രവർത്തകരുടേയും ഉപസഭകളുടേയും അംഗങ്ങളുടെയും പരിപൂർണ്ണ സഹകരണവും കോഴിക്കോട് ജില്ലയെ ഉയരങ്ങളിലെത്തിക്കുമെന്ന് ജില്ലാ കമ്മറ്റിക്ക് ഉത്തമബോധ്യമുണ്ട്.

**താമരക്കുളം ദിവാകരൻ നമ്പൂതിരി**
ജില്ലാ സെക്രട്ടറി

## കോഴിക്കോട് ജില്ലാ നിർവ്വാഹക സമിതി

**പി.എം.ജി. നമ്പൂതിരി- പ്രസിഡന്റ് ഇൻചാർജ്, 9400584267**
**താമരക്കുളം ദിവാകരൻ- സെക്രട്ടറി, 9447337337**
**തിരുമംഗലം കൃഷ്ണൻ നമ്പൂതിരി- ഖജാൻജി, 8848910230**

വൈസ് പ്രസിഡന്റുമാർ:
1. രാമകൃഷ്ണ ഹരി നമ്പൂതിരി- 9495892653
2. ശ്രീരേഖ മാടമന, 9446723542,

ജോ. സെക്രട്ടറിമാർ:
1. ശ്രീകാന്ത് തളിയിൽമന, 9744955870
2. വേണുനാഥ് ജി.എൻ. 8281989392,
3. ശ്രീദേവി ചേക്രക്കൽ, 9946773475.

എക്സിക്യൂട്ടീവ് മെമ്പർമാർ:
1. കിഴക്കുമ്പാട് ഉണ്ണികൃഷ്ണൻ നമ്പൂതിരിപ്പാട്- 9447468956
2. കോരമ്പറ്റ ശങ്കരൻ നമ്പൂതിരി- 9946438951
3. കെ.ഐ.വിഷ്ണു നമ്പൂതിരി- 9496925471
4. പാലക്കുന്നം പരമേശ്വരൻ- 9847555209
5. രമേശൻ പുൽപ്പറമ്പിൽ- 9447078612
6. ഹനീഷ് എരഞ്ഞോളി- 9446561754
7. കളം ബാബു (വിഷ്ണു)- 9946669124
8. സുരേഷ് വെള്ളത്തൊടി- 9895518055
9. ഹരിഗോവിന്ദൻ കക്കാട്- 8089249144

## കോഴിക്കോട് ജില്ലാ വനിതാ വിഭാഗം

ശ്രീകുമാരി വയപ്പുറം- പ്രസിഡന്റ്,
ശ്രീജ അരീക്കര- സെക്രട്ടറി, 9497169789
ലത തലപ്പണ- ഖജാൻജി, 97470510556
ഇന്ദ്രാണി ദേവി- വൈസ് പ്രസിഡന്റ്
സ്വപ്ന പള്ളിപ്പുറം- ജോ. സെക്രട്ടറി

# ഓണാചരണവും പ്രളയ ദുരന്ത സഹായ നിധി സമർപ്പണവും

വടകര: യോഗക്ഷേമസഭ വടകര ഉപസഭയുടെ ആഭിമുഖ്യത്തിൽ ഓണാചരണവും പ്രളയ ദുരന്ത സഹായ നിധി സമർപ്പണവും നടന്നു. വടകര ലോകസഭാ മണ്ഡലം എം.പി ശ്രീ കെ.മുരളീധരൻ ഉദ്ഘാടനം ചെയ്തു.വടകര ശ്രീ നാരായണ ഇംഗ്ലീഷ് മീഡിയം എൽ.പി സ്കൂളിൽ വച്ച് നടന്ന പരിപാടിയിൽ ഉപസഭാ സെക്രട്ടറി ശ്രീഹരി വിഷ്ണു എ.കെ സ്വാഗതവും ഖജാൻജി ബ്രഹ്മശ്രീ . പാറോളി പുരുഷോത്തമൻ നമ്പൂതിരി നന്ദിയും പറഞ്ഞു. ഉപസഭാ പ്രസിഡന്റ് ബ്രഹ്മശ്രീ. കുനിയില്ലത്ത് കേശവൻ നമ്പൂതിരി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ പ്രസിഡൻറ് ബ്രഹ്മശ്രീ മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി ,രാമകൃഷ്ണ ഹരി, ശാശ്വതി സുരേഷ് തുടങ്ങിയവർ സംബന്ധിച്ചു.

ഓണാചരണത്തിന്റെ ഭാഗമായി ഉപസഭാംഗങ്ങളുടെ വിവിധ കലാപരിപാടികൾ അരങ്ങേറി.ഓണക്കളികളിലും മത്സരങ്ങളിലുമായി നിരവധി പേർ പങ്കുചേർന്നു.





പ്രളയത്തിൽ ദുരിതമനുഭവിക്കുന്നവർക്ക് കൈത്താങ്ങാകാൻ വടകര ഉപസഭാംഗങ്ങൾ ദുരിതാശ്വാസ നിധി സമർപ്പിച്ചു.

ആദ്യ സമർപ്പണം ശ്രീ കെ.മുരളീധരൻ ഉപസഭാ സെക്രട്ടറിയുടെ പക്കൽ നിന്ന് സ്വീകരിച്ച് നടത്തി.സദസ്സിൽ പ്രത്യേകം തയ്യാറാക്കിയ പെട്ടിയിൽ സഭാംഗങ്ങൾ തുടർന്ന് സമർപ്പണം നടത്തി.

മുഴുവൻ തുകയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകി

ഓണാഘോഷ പരിപാടികൾക്ക് മുൻപ് ഉപസഭയിലെ 203 ഇല്ലങ്ങളിൽ എക്സിക്യൂട്ടീവ് കമ്മറ്റിയുടെ നേതൃത്വത്തിൽ 5 സ്ക്വാഡുകൾ ഗൃഹ സമ്പർക്കം നടത്തി. മെമ്പർഷിപ്പ് വിതരണവും വിവരശേഖരണവും ഒപ്പം നടന്നു. ഓണത്തിന്റെ പ്രസക്തി എന്ന വിഷയത്തിൽ വടകര ഉപസഭ നടത്തിയ ലേഖന മത്സരത്തിൽ നിർദ്വൈത കെ.ഐ. (കുന്നംകുളങ്ങര ഇല്ലം) ഒന്നാം സ്ഥാനം നേടി

**സെക്രട്ടറി**

ശ്രീഹരി വിഷ്ണു അമ്പിളികുന്നം

## പെരുമണ്ണ ഉപസഭ

പെരുമണ്ണ ഉപസഭയുടെ ഓണാഘോഷവും കുടുംബ സംഗമവും 8.9.19 ഞായറാഴ്ച പെരുമൺപുറ വൈദിക വിജ്ഞാന കേന്ദ്രത്തിൽ വച്ച് നടന്നു. ദേവപ്രാർത്ഥനയോടെ വൈകുന്നേരം 3.30 പരിപാടി ആരംഭിച്ചു. പൂക്കളമൊരുക്കി തിരുവാതിരക്കളിയും ഓണപ്പാട്ടും അരങ്ങേറിയതോടൊപ്പം മാവേലി തമ്പുരാന്റെ പ്രൗഢഗംഭീരമായ ദൃശ്യാവിഷ്ക്കാരവും ഉണ്ടായി.

പരിപാടിയിൽ സെക്രട്ടറി ലത തായട സ്വാഗതം പറഞ്ഞു. ഉപസഭാ പ്രസിഡന്റ് പാറക്കോട്ടില്ലത്ത് ഗോവിന്ദൻ നമ്പൂതിരി അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന വൈസ്പ്രസിഡൻറ് മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി ,ജില്ലാ സെക്രട്ടറി താമരക്കുളം ദിവാകരൻ നമ്പൂതിരി എന്നിവർ പരിപാടിയിലെ വിശിഷ്ടാഥിതികളായിരുന്നു. നമ്പൂതിരിമാർ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് സാമൂഹിക ഉന്നതി കൈവരിക്കണമെന്നും അതിനായി യുവതീ യുവാക്കൾ മുന്നോട്ട് വരണമെന്നും മുല്ലപ്പള്ളി കൃഷ്ണൻ



നമ്പൂതിരി തന്റെ പ്രസംഗത്തിൽ അഭിപ്രായപ്പെട്ടു. ഉപസഭയിലെ പ്രതിഭാധനരായ കുട്ടികളെയും മുതിർന്നവരേയും മൊമെന്റോ നൽകി ആദരിച്ചു. ഉപസഭാംഗങ്ങളുടെ സർവ്വവിധ സഹകരണങ്ങളും ഓണാഘോഷത്തെ ഗംഭീരമാക്കി മാറ്റി.

സെക്രട്ടറി

ലത തായട

## കക്കോടി ഉപസഭ

യോഗക്ഷേമസഭ കക്കോടി ഉപസഭയുടെ എക്സിക്യൂട്ടീവ് യോഗം 15-9 -2019- ഞായറാഴ്ച്ച പറമ്പിടി പുതുശ്ശേരി ഇല്ലം (പ്രണവം ) ത്തിൽ വെച്ചു ചേർന്നു.യോഗത്തിൽ സെക്രട്ടറി മനോജ് പറമ്പിടി സ്വാഗതം പറഞ്ഞു. പ്രസിഡണ്ട് നിഥിൻ ദേവ് പറമ്പിടി അദ്ധ്യക്ഷത വഹിച്ചു. ഉസഭയി ഈ മാസം നടന്ന വേളികൾക്ക് വേണ്ട സഹായങ്ങൾ ഉപസഭ മെമ്പർമാർ ചെയ്യുകയും വധുവരൻമാർക്ക് മംഗളാശംസകൾ നിറഞ്ഞ ഫ്ലക്സ് വെക്കുകയും. ഉപഹാരങ്ങൾ നൽകി ആദരിക്കുകയും ചെയ്തു. ഒക്ടോബർ 12 ന് ശനിയാഴ്ച്ച കുടുംബ സംഗമം നടത്താൻ നിശ്ചയിച്ചു. ഉപസഭയിൽ സമ്പർക്കം നടത്താൻ തീരുമാനിച്ചു. യോഗത്തിൽ വിഷ്ണുപ്രസാദ് നന്ദി പറഞ്ഞു.

സെക്രട്ടറി, മനോജ് പറമ്പിടി

## ഓണാഘോഷവും കുടുംബ സംഗമവും

9-9-2019 ന് ഓണാഘോഷവും കുടുംബ സംഗമവും നടന്നു.ഉപസഭാ പ്രസിഡന്റ് നീല മന ശങ്കരൻ അദ്ധ്യക്ഷത വഹിച്ചു - ഉപസഭാ സെക്രട്ടറി മുല്ലപ്പള്ളി രാമനുണ്ണി സ്വാഗതം പറഞ്ഞു - മുഖ്യാതിഥി ജില്ലാ സെക്രട്ടറി താമരക്കുളം ദിവാകരൻ നമ്പൂതിരി ഉൽഘാടനം നടത്തി. യോഗത്തിൽ ജില്ലാ വൈസ് പ്രസിഡന്റ് മേലേടം ഗംഗാധരൻ നമ്പൂതിരി ആശംസാപ്രസംഗം നടത്തി. ഉപസഭയിലെ ഉന്നത വിജയം നേടിയ സുദേവ് പാലകുന്നം (+2) കമ്പളം വിഷ്ണു (SSLC) നാറണിയാട്ട് ശ്രീഭ (Phd) എന്നിവർക്ക് ഉപഹാരവും Cash Prize ഉം നൽകി ആദരിച്ചു . ഉപസഭ ആരംഭിച്ച ജീവകാരുണ്യനിധിക്കുള്ള ആദ്യപെട്ടി തെഞ്ചേരി നാരായണനു നൽകി ഉൽഘാടനം നടത്തി. എല്ലാ വീട്ടിലും ഒട്ടിക്കാനുള്ള യോഗക്ഷേമസഭാ സ്റ്റിക്കർ ആദ്യസ്റ്റിക്കർ പുരളിപ്പുറം സാവിത്രി അന്തർജ്ജനത്തിനു നൽകി ഉൽഘാടനം ചെയ്തു . സൗമ്യയുടെ നേതൃത്വത്തിൽ തിരുവാതിരക്കളിയും നടന്നു. വനിതാവിഭാഗം, യുവജനവിഭാഗം എന്നിവയുടെ അഡ്ഹോക്ക് കമ്മിറ്റി രൂപീകരിച്ചു.

ഉച്ചഭക്ഷണത്തിന്നു ശേഷം സഭാംഗങ്ങളും കുട്ടികളും പരിപാടികൾ അവതരിപ്പിച്ചു.

സെക്രട്ടറി
ഫറോക്ക് ഉപസഭ



## വാർഷികകുടുംബസംഗമം

യോഗക്ഷേമസഭ കണ്ണിപറമ്പ് ഉപസഭയുടെ വാർഷികകുടുംബസംഗമം 'സുദർശനം 2019' സെപ്റ്റംബർ 21 2019 ന് ശനിയാഴ്ച പൊറുവണ്ണൂർ എടക്കാട്ട് ( ശ്രീകൃഷ്ണനിവാസ്) വെച്ച് പ്രൗഢഗംഭീരമായി ആഘോഷിച്ചു. ഉപസഭാ പ്രസിഡന്റ് ബ്രഹ്മശ്രീനരിയങ്ങൽ തലപ്പണ ഉണ്ണികൃഷ്ണൻ നമ്പൂതിരി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

സംസ്ഥാന വൈസ് പ്രസിഡന്റ് ബ്രഹ്മശ്രീ മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി ,സംസ്ഥാന നിർവാഹക സമിതി അംഗം ബ്രഹ്മശ്രീ കൊല്ലോറ്റ കൃഷ്ണൻ നമ്പൂതിരി , ജില്ലാ സെക്രട്ടറി ബ്രഹ്മശ്രീ താമരക്കുളം ദിവാകരൻ നമ്പൂതിരി ജില്ലാ വൈസ് പ്രസിഡന്റുമാരായ ബ്രഹ്മശ്രീ രാമകൃഷ്ണ ഹരി നമ്പൂതിരി ,ബ്രഹ്മശ്രീ മേലേടം ഗംഗാധരൻ നമ്പൂതിരി എന്നിവരെ പൊന്നാട അണിയിച്ച് ആദരിച്ചു.

ഉപസഭാ സെക്രട്ടറി ബ്രഹ്മശ്രീ വീട്ടിക്കാട്ട് പരമേശ്വരൻ നമ്പൂതിരി അവതരിപ്പിച്ച കഴിഞ്ഞ 6 മാസത്തെ പ്രവർത്തന റിപ്പോർട്ട് യോഗം അംഗീകരിച്ചു.

തുടർന്ന് ഉപസഭയിൽ എസ്.എസ്.എൽ.സി ,പ്ളസ്ടു തലത്തിലും സംസ്ഥാന യുവജനോത്സവങ്ങളിലും ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെ ആദരിച്ച് സമ്മാനങ്ങൾ നല്കി. ഉപസഭയിൽ MBBS പാസ്സായ പുളിയശ്ശേരി ഹരികൃഷ്ണൻ, BAMS പാസ്സായ കോടിതലപ്പണ ഹരിശങ്കർ എന്നിവർക്ക് ഉപസഭയുടെ പ്രത്യേക അനുമോദനം നല്കി.

തുടർന്ന് നരിയങ്ങൽ തലപ്പണ പാർവതി അന്തർജനത്തിന്റെ നേതൃത്വത്തിൽ അക്ഷരശ്ലോക സദസ്സ്, ഉപസഭാംഗങ്ങളുടേയും കുട്ടികളുടേയും വിവിധ കലാപരിപാടികൾ അരങ്ങേറി. ഉച്ചക്ക് ഉപസഭാംഗങ്ങൾ ഇല്ലങ്ങളിൽ നിന്ന് തയ്യാറാക്കി കൊണ്ടുവന്ന രണ്ട് പ്രഥമനോട് കൂടിയ വിഭവസമൃദ്ധമായ സദ്യയും ഉണ്ടായി.

സെക്രട്ടറി
വീട്ടിക്കാട് പരമേശ്വരൻ നമ്പൂതിരി

## മുക്കം ഉപസഭ

മുക്കം ഉപസഭയുടെ പ്രവർത്തനങ്ങൾ വളരെ കൃത്യമായ ലക്ഷ്യത്തോടും ചിട്ടയോടുംകൂടി തന്നെ മുന്നോട്ടുപോകുന്നു. മാതൃവിഭാഗവും വനിതാ വിഭാഗവും യുവജന വിഭാഗവും ഒന്നിച്ച് യോഗം ചേരുകയും ഓരോ വിഭാഗത്തിനും ഓരോ പ്രവർത്തനങ്ങളുടെ ചുമതല ഏൽപ്പിക്കുകയും ചെയ്യുന്നു.

ജൂലൈ മാസത്തിൽ രാമായണ മാസാചരണത്തിന്റെ ഭാഗമായി വനിതാ വിഭാഗത്തിന്റെ നേതൃത്വത്തിൽ രാമായണ പാരായണവും രാമായണ പ്രശ്നോത്തരിയും നടത്തി. രണ്ടു പരിപാടികളിലും പ്രായഭേദമെന്യേ, ലിംഗഭേദമെന്യേ എല്ലാവരും പങ്കെടുത്തു.

ആഗസ്റ്റ് മാസത്തിൽ തിരുവാതിരക്കളി ടീം രൂപീകരിക്കുകയും കളി ആരംഭിക്കുകയും ചെയ്തു. യുവജനവിഭാഗത്തിന്റെയും വനിതാ വിഭാഗത്തിന്റെയും നേതൃത്വത്തിലാണ് ടീം രൂപീകരിച്ചിരിക്കുന്നത്.

സെപ്തംബർ മാസത്തിൽ മാതൃവിഭാഗത്തിന്റെ നേതൃത്വത്തിൽ 2500 രൂപയുടെ പരസ്പര സഹായനിധി ആരംഭിച്ചു. വനിതാ വിഭാഗത്തിന്റെ നേതൃത്വത്തിൽ 1000 രൂപയുടെ പരസ്പര സഹായ നിധിയാണ് ആരംഭിച്ചത്.

ഒക്ടോബർ 20ന് 'കളിയും ചിരിയും' എന്ന ഒരു പരിപാടി കുട്ടികൾക്കായി നടത്തി. ഉപസഭയിലെ കുട്ടികൾ പരസ്പരം അടുത്തറിയുന്നതിന് സൗഹൃദം വർദ്ധിപ്പിക്കുന്നതിനും ഇതു വേദിയായി. അവരിലെ കഴിവുകൾ തിരിച്ചറിയാനും കുട്ടികൾ തമ്മിൽ തന്നെ അവ പങ്കുവെക്കുവാനും പ്രേരകമാകുന്ന കാര്യങ്ങൾ ഈ പരിപാടിയിൽ ഉണ്ടായിരുന്നു. കുട്ടികളെയും രക്ഷിതാക്കളെയും ചേർത്ത് ഒരു ഔട്ടിംഗും താമസിയാതെ നടത്താൻ വനിതാ വിഭാഗം പ്ലാൻ ചെയ്യുന്നുണ്ട്.

സെക്രട്ടറി
മുക്കം ഉപസഭ

## ചേവായൂർ ഉപസഭ

ചേവായൂർ ഉപസഭ പ്രവർത്തക സമിതിയുടെ ഒക്ടോബർ മാസയോഗം ഇന്ന് (13.10.19) 4 മണിയ്ക്ക് സെക്രട്ടറി ഉണ്ണിക്കൃഷ്ണൻ തായാട്ടിന്റെ വസതിയിൽ ചേർന്നു.

വൈസ് പ്രസിഡണ്ട് സന്തോഷ് തായാട് അധ്യക്ഷത വഹിച്ചു. സെക്രട്ടറി അവതരിപ്പിച്ച റിപ്പോർട്ടും ട്രഷറർ അവതരിപ്പിച്ച വരവുചെലവ് കണക്കും ചർച്ച ചെയ്ത് പാസ്സാക്കി. ട്രഷററുടെ സന്ദർഭോചിതമായ ഇടപെടലുകൾ ഉപസഭയ്ക്ക് ചെലവ് വരാതെയുള്ള ഓണാഘോഷ നടത്തിപ്പ് അഭിനന്ദനങ്ങൾക്ക് പാത്രമായി. ഓണാഘോഷ വേദിയിലെ സംസ്ഥാന വൈസ് പ്രസിഡണ്ട് മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി, ജില്ലാ വൈസ് പ്രസിഡണ്ട് രാമകൃഷ്ണ ഹരി നമ്പൂതിരി ,സെക്രട്ടറി ബ്രഹ്മശ്രീ താമരക്കുളം ദിവാകരൻ നമ്പൂതിരി, എന്നിവരുടെ സാന്നിധ്യം ശ്രദ്ധേയമായി.

ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി അയ്യായിരം രൂപ പെയിൻ ആന്റ് പാലിയേറ്റീവ് കെയറിന് കൈമാറി. സംസ്ഥാന സമ്മേളനത്തിന് ഉപസഭ അയ്യായിരം രൂപ ജില്ലാ ട്രഷറർക്ക് കൈമാറി. ജില്ലാ ഓഫീസ് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ച് ജില്ലാ കൗൺസിലർ ബാലകൃഷ്ണൻ മൂസ്സത് വിശദീകരിച്ചു. കെട്ടിട നിർമ്മാണത്തിന് ഉപസഭയിൽ നിന്നും അര ലക്ഷം രൂപ സമാഹരിയ്ക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്തു. 27 ന്റെ സ്വീകരണ പരിപാടിയിൽ പരമാവധി അംഗങ്ങളെ പങ്കെടുപ്പിയ്ക്കാനും തിരുമാനിച്ചു. വനിതാസഭ എത്രയും വേഗത്തിൽ രൂപീകരിയ്ക്കാനും തിരുമാനിച്ചു.

തായാട്ട് ഉണ്ണികൃഷ്ണൻ നമ്പൂതിരി
സെക്രട്ടറി

## താമരശ്ശേരി ഉപസഭ

04.08.2019 ന് കോൽപ്പുറം ഗോപിനാഥൻ നമ്പൂതിരിയുടെ ഇല്ലത്ത് വെച്ച് ഈ വർഷത്തെ കർക്കിടക രാമായണ മാസാചരണം "ത്ര്യയംബകം- 2019' വളരെ ഗംഭീരമായി നടന്നു. രാവിലെ മുതൽ വൈകുന്നേരം വരെയുള്ള പരിപാടി ആയിരുന്നു. കാലാവസ്ഥ പ്രതികൂലമായതിനാൽ 11 മണിക്ക് പ്രസ്തുത പരിപാടി ആരംഭിച്ചു. സെക്രട്ടറി ശ്രീദേവി ഗോവിന്ദ് കളം സ്വാഗതം പറഞ്ഞു. പ്രസിഡന്റ് ഉണ്ണികൃഷ്ണൻ നമ്പൂതിരി കാവിൽപ്പടിഞ്ഞാറേടം അധ്യക്ഷത വഹിച്ചു. സംസ്ഥാന യുവജനസഭ സെക്രട്ടറിയും മുഖ്യാതിഥിയുമായ പ്രസാദ് വട്ടപ്പറമ്പ് ഉദ്ഘാടനം നിർവ്വഹിച്ചു. കോഴിക്കോട് ജില്ലാ പ്രസിഡന്റ് മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി മുഖ്യപ്രഭാഷണം നടത്തി. ആശംസകൾക്കു ശേഷം പ്രസാദ് വട്ടപ്പറമ്പ് "തത്വമസി' എന്ന ക്ലാസ് നടത്തി. പിന്നീട് സംസ്ഥാന യുവജനസഭ ജോ. സെക്രട്ടറി ശ്രീഹരി പെരുമനയുടെ നേതൃത്വത്തിൽ രാമായണ പ്രശ്നോത്തരി നടന്നു. അതിനുശേഷം പഠനത്തിൽ ഉന്നത വിജയം നേടിയ സഭാംഗങ്ങളെ ഉപഹാരം നൽകി അനുമോദിച്ചു. 12.08.19 ന് പ്രളയത്തിൽ ഒറ്റപ്പെട്ട കോടഞ്ചേരി അനൂപ് നമ്പൂതിരിയുടെ ഇല്ലത്ത് പോയി ഉപസഭയുടെ കരുത്തുറ്റ പ്രവർത്തകർ ശുചീകരണം നടത്തി. ഉണ്ണികൃഷ്ണൻ കാവിൽപ്പടിഞ്ഞാറേടം, ശ്രീദേവി ഗോവിന്ദ് കളം, കിരൺലാൽ, കൃഷ്ണപ്രസാദ് കളം, കൃഷ്ണപ്രിയ, ഹരികൃഷ്ണൻ കല്ലറ, ആദർശ് കൃഷ്ണ എന്നിവർ സദുദ്യമത്തിൽ പങ്കെടുത്തു.

07.09.19 ന് സഭാംഗങ്ങൾ സദാശിവ ബാലസദനത്തിലെ കുട്ടികൾക്കും അന്തേവാസികൾക്കും ഓണക്കോടി നൽകി. സഭയുടെ ഓണാഘോഷം ചെറിയ രീതിയിൽ അവരുടെ കൂടെ സമയം ചെലവഴിച്ച് നടത്തി. വളരെ നല്ലൊരു ഉദ്യമമായി മാറി ഇത്.

സംസ്ഥാന സമ്മേളനത്തിന് ഉപസഭയിൽ നിന്ന് കരുത്തുറ്റ പ്രവർത്തകൻ മുണ്ടോളിക്കളം വിഷ്ണു നമ്പൂതിരി (ബാബു) സജീവസാന്നിദ്ധ്യം അറിയിച്ചു. വിദ്യാനിധി പുരസ്കാരത്തിന് അർഹയായ സവ്യ പുതുമനയെ സഭ അഭിനന്ദിച്ചു.

**ശ്രീദേവി കളം**
സെക്രട്ടറി

## ഉപസഭാ ഭാരവാഹികൾ

കോഴിക്കോട് സിറ്റി: പങ്കജം കക്കാട് (9747323486)- പ്രസിഡന്റ്, അരുൺകുമാർ കെ. (9495892787)- സെക്രട്ടറി
താമരശ്ശേരി: ഉണ്ണികൃഷ്ണൻ നമ്പൂതിരി (9447338779)- പ്രസിഡന്റ്, ശ്രീദേവി കെ. ഗോവിന്ദ് (8301037471)- സെക്രട്ടറി
ചാത്തമംഗലം: പ്രീത കോരമ്പറ്റ (9747716926)- പ്രസിഡന്റ്, പാറക്കോട് ശങ്കരൻ നമ്പൂതിരി (9288147614)- സെക്രട്ടറി
ബാലുശ്ശേരി: കേശവൻ നമ്പൂതിരി (9447637138)- പ്രസിഡന്റ്, രാധാകൃഷ്ണൻ നമ്പൂതിരി (9539189104)- സെക്രട്ടറി
പെരുമണ്ണ: ഗോവിന്ദൻ നമ്പൂതിരി (9744976480)- പ്രസിഡന്റ്, ലതാ നമ്പൂതിരി തായട (9645455648)- സെക്രട്ടറി
ഫറോക്ക്: ശങ്കരൻ നമ്പൂതിരി (9847324169)- പ്രസിഡന്റ്, രാമനുണ്ണി നമ്പൂതിരി (9947413193)- സെക്രട്ടറി
രാമല്ലൂർ: ബാലഗോപാലൻ നമ്പി (പ്രകാശൻ) (9947540347) - പ്രസിഡന്റ്, ഉണ്ണികൃഷ്ണൻ നമ്പൂതിരി (9446864689) - സെക്രട്ടറി
ഉച്ചക്കാവ്: സി.സി.വാസുദേവൻ നമ്പൂതിരി (04952208095) - പ്രസിഡന്റ്, സി.കേശവൻ നമ്പൂതിരി (9846125559)- സെക്രട്ടറി
കക്കോടി: നിധിൻദേവ് നമ്പൂതിരി (7403707541)- പ്രസിഡന്റ്, മനോജ്കുമാർ നമ്പൂതിരി (9747859640)- സെക്രട്ടറി
വടകര: കേശവൻ നമ്പൂതിരി (9495784748)- പ്രസിഡന്റ്, ശ്രീഹരി വിഷ്ണു എ.കെ. (9400980039)- സെക്രട്ടറി
കണ്ണിപറമ്പ്: എൻ.ടി. ഉണ്ണികൃഷ്ണൻ നമ്പൂതിരി (9446522489)- പ്രസിഡന്റ്, പി.പരമേശ്വരൻ നമ്പൂതിരി (9495611629)- സെക്രട്ടറി
മുക്കം: ശൈലജ താമരക്കുളം (9995628092)- പ്രസിഡന്റ്, ജയശങ്കർ കെ. (9446703951)- സെക്രട്ടറി
ചേവായൂർ: കെ.നാരായണൻ നമ്പൂതിരി (9446213362) - പ്രസിഡന്റ്, ഉണ്ണികൃഷ്ണൻ നമ്പൂതിരി (9539332460) - സെക്രട്ടറി
കൊയിലാണ്ടി
മോഹനൻ നമ്പൂതിരി (9495307957)- പ്രസിഡന്റ്, പ്രദീഷ് (9447872242)- സെക്രട്ടറി

# പാണിഗ്രഹണം

പേര്: ആത്മകൃഷ്ണ സി., ജനനത്തീയതി: 16.04.1994 (1169 മേടം 3 (പുലർച്ചെ 3.55), നക്ഷത്രം: തിരുവാതിര, ശിഷ്ടദശ: രാഹു 16-8-26. ജാതി: നമ്പീശൻ, ഉയരം: 158 സെ.മീ, വെളുത്ത നിറം, വിദ്യാഭ്യാസ യോഗ്യത: എം.എസ്.സി. കെമിസ്ട്രി (എൻ.ഐ.ടി. കാലിക്കറ്റ്), ജോലി: അസി. മാനേജർ, കനറാ ബാങ്ക്. അച്ഛൻ: എൻ. കൃഷ്ണകുമാർ നമ്പീശൻ (സർവ്വീസ് പെൻഷണർ), അമ്മ: മീരാബാല (അസി. മാനേജർ, കെ.ജി. ബാങ്ക്), സഹോദരൻ: അർജുൻ (ബാങ്കിൽ ജോലി). വിലാസം: കൃഷ്ണകുമാർ നമ്പീശൻ, ചൈതന്യ, ചേവരമ്പലം പി.ഒ, കോഴിക്കോട്- 673017, ഫോൺ: 0495 2359095, മൊബൈൽ: 9388689869, 9744784989. ഇ-മെയിൽ: arju412c@gmail.com.

| | | | |
|---|---|---|---|
| കു ബു | ര ശു | ശി | ച |
| ല മ | ഗ്രഹനില | | |
| | | | |
| മാ | സ | ഗു | |

| | | | |
|---|---|---|---|
| ഗു | ര ല | | |
| മ | അംശകം | | സ |
| ശി | | | |
| ച ബു | ശു | | കു മാ |

---

പേര് : സതീഷ് തായാട്ട്, ജനനത്തീയതി : 28.06.1982 (1157 മിഥുനം 14 ചന്ദ്രവാരം പകൽ 1.20), നക്ഷത്രം : അത്തം, ഉയരം : 168 സെ.മീ., യോഗ്യത : മ്യൂറൽ പെയിന്റിംഗിൽ അഞ്ചു വർഷത്തെ നാഷണൽ ഡിപ്ലോമ (ഗുരുവായൂർ ദേവസ്വം), ജോലി : ചുമർ ചിത്രകലാ അധ്യാപകൻ (പൂക്കാട് കലാലയം, ഒയ്സ്ക ഇന്റർനാഷണൽ, കോഴിക്കോട്). അച്ഛൻ : പരേതനായ വാസുദേവൻ നമ്പൂതിരി, അമ്മ : സാവിത്രി അന്തർജനം, സഹോദരൻ : കോഴിക്കോട് ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്കിൽ ക്ലാർക്ക് (വിവാഹിതൻ), സഹോദരി: ഒരാൾ (വിവാഹിത). അഡ്രസ്: ടി.സന്തോഷ്, തായാട്ട് ഇല്ലം, ചേവരമ്പലം, കോഴിക്കോട്- 673017, മൊബൈൽ: 7293751990, സിന്ധു രാമൻ നമ്പൂതിരി, പടിഞ്ഞേറേ നകർണ്ണ് മന, കല്ലേറ്റുംകര (പി.ഒ.), ഇരിങ്ങാലക്കുട, തൃശൂർ ജില്ല, ഫോൺ: 9995680808

| | | | |
|---|---|---|---|
| | | ബു ശു | ര സ |
| | ഗ്രഹസ്ഥിതി | | |
| | | | |
| ശി | | ഗു മാ | ല ച കു മ |

| | | | |
|---|---|---|---|
| ശു | സ | ച മാ | കു |
| | അംശകം | | ബു മ |
| ര | | | ല |
| ഗു | | ശി | |

ശിഷ്ടദശ : ചന്ദ്രദശ 7-4-20

---

പേര് : അഭിജിത് കെ.ആർ., ജനനത്തീയതി : 28.01.1991 (1166 മകരം 14), സമയം രാവിലെ 10.05. നക്ഷത്രം : തിരുവാതിര, വിശ്വാമിത്ര ഗോത്രം.
ഉയരം : 176 സെ.മീ., യോഗ്യത : ബി.കോം, ബി.എ. മലയാളം, എം.എ. മലയാളം കോഴ്സിന് പഠിക്കുന്നു. ജോലി: പ്രീസ്റ്റ്, തിരുവിതാംകൂർ ദേവസ്വം ബോർഡ്, അച്ഛൻ : രാധാകൃഷ്ണൻ പോറ്റി (റിട്ട.), അമ്മ: സുധ. അഡ്രസ്: കിടക്കോട്ട് ഇല്ലം, കപ്പിൽമേക്ക്, കൃഷ്ണപുരം പി.ഒ., ആലപ്പുഴ ജില്ല. മൊബൈൽ: 7025682554

| | | | |
|---|---|---|---|
| ല | | കു | ച മാ |
| ശു | ഗ്രഹസ്ഥിതി | | ഗു ശി |
| ര മ സ | | | |
| ബു | | | |


| | | | |
|---|---|---|---|
| കു | | ര | |
| ച മ സ | അംശകം | | |
| | | | ശി |
| | ബു ഗു ശു | മാ | ല |

രാഹു ശിഷ്ട ദശ- 5 വർഷം 11 മാസം 0 ദിവസം 18 നാഴിക.


# ആദരം



അമൃതകീർത്തി പുരസ്കാരം
കെ.ബി.ശ്രീദേവി



കേരള സംഗീത നാടക അക്കാദമി ഫെല്ലോഷിപ്പ് ലഭിച്ച നെല്ലിയോട് വാസുദേവൻ നമ്പൂതിരി



കേരള സംഗീത നാടക അക്കാദമിയുടെ ഗുരുപൂജ പുരസ്കാരം ലഭിച്ച നരിപ്പറ്റ നാരായണൻ നമ്പൂതിരി

# അഭിനന്ദനം



അത്തോളി ഗോവിന്ദ നെല്ലൂർ ക്ഷേത്ര സമിതിയുടെ മികച്ച ആദ്ധ്യാത്മിക പ്രഭാഷകനുള്ള പുരസ്കാരം സ്വാമി ചിദാനന്ദപുരിയിൽ നിന്നും വയപ്പുറം വാസുദേവ പ്രസാദ് ഏറ്റുവാങ്ങുന്നു.



ഭാഗവതം- അലങ്കാര ശാസ്ത്ര രീതിയിലുള്ള ഒരു അദ്ധ്യയനം എന്ന വിഷയത്തിൽ കോഴിക്കോട് സർവ്വകലാശാലയിൽ നിന്നും ഡോക്ടറേറ്റ് നേടിയ ഉമ വയപ്പുറം. വയപ്പുറം വാസുദേവ പ്രസാദിന്റെ സഹധർമ്മിണിയാണ്.



ചെന്നൈ IIT യിൽ 5 വർഷ ഇന്റഗ്രേറ്റഡ് PG ഹ്യുമാനിറ്റീസ് & സോഷ്യൽ സയൻസി ന് സെലക്ഷൻ നേടിയ ആർദ്ര മുല്ലപ്പള്ളി. പ്രസാദ് മുല്ലപ്പള്ളി, സ്വപ്ന മങ്ങത്തായ ദമ്പതികളുടെ മകളാണ്



MBBS ന് സെലക്ഷൻ ലഭിച്ച നന്ദികേശ് നമ്പൂതിരി. കൊല്ലോറ്റ രാമൻ നമ്പൂതിരിയുടെ മകനാണ്



കോഴിക്കോട് ജില്ലാ റോളർ സ്കേറ്റിങ് ചാമ്പ്യൻഷിപ്പിൽ മൂന്ന് സ്വർണ്ണമെഡലുകൾ നേടിയ ആര്യൻ. പി. മുറമ്പാത്തി പുതുമനയിലെ ദിലീപിന്റെയും ശ്രീജിഷയുടെയും മകനാണ്.




യോഗക്ഷേമസഭ ആസ്ഥാനമന്ദിര നിർമ്മാണം 2019 നവംബർ ആദ്യം തുടങ്ങുന്നു -

നിങ്ങളും ഈ സദുദ്യമത്തിൽ പങ്കാളികളാകൂ
പലിശരഹിത വായ്പയിലൂടെ, ഷെയറിലൂടെ,
നിർമ്മാണ സാമഗ്രികൾ നൽകുന്നതിലൂടെ, സംഭാവനയിലൂടെ
കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടാം:
തിരുമംഗലം കൃഷ്ണൻ നമ്പൂതിരി - 8848910238, ടി വി ദിവാകരൻ നമ്പൂതിരി - 9447337337

**ശിലാസ്ഥാപനം**
07 - 11 - 2019 വ്യാഴാഴ്ച
രാവിലെ 07 നും 08.30 ഇടയിലുള്ള
ശുഭമുഹൂർത്തത്തിൽ

**നമ്പൂതിരി**
**നമ്പൂതിരിയെപ്പറ്റി**
**നമ്പൂതിരിക്കു വേണ്ടി...**

യോഗക്ഷേമസഭ
**സ്വസ്തി**
ത്രൈമാസിക

യോഗക്ഷേമസഭ കോഴിക്കോട്
ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം

**വായിക്കുക... വരിക്കാരാകുക....**

വാർഷിക വരിസംഖ്യ Rs. 200/-

പരസ്യം നൽകാൻ ബന്ധപ്പെടുക:
9745137987, 8129041955

വരിസംഖ്യ / ചെക്ക് / DD ബാങ്ക് അക്കൗണ്ടിൽ നേരിട്ട് അയക്കാം

Bank- Kozhikode Dt. Co-operative Bank, Medical College Branch
A/c Name: Yogakshemasabha Kozhikode Dt. Committee
A/c No. 100041201020018, IFSC Code: KDCB0000004

# MRF

The Leader On All Turfs

# SARADHY

The Dealer with Everbest Services




3d Wheel Alignment | 3d Wheel Balancing | Automatic Tyre Changing | Nitrogen Inflation

**TUBELESS TYRE REPAIR | MRF TRAINED TECHNICIAN | AIR CONDITIONED SHOWROOM**

## SARADHY TYRE 'N' CARE

Opp.St. Michael's School, West Hill, Calicut 5
Tel : +91 495 238 01 38 - Email : saradhytyre@gmail.com

**Further Queries**
Vishnu Pulparambil +91 95622 72400


SNOW...
MAGICAL, SOFT &
FLUFFY SNOW !!!
മഞ്ഞിൽ കളിക്കുവാൻ
ഇനി ഇങ്ങോട്ട് പോന്നോളൂ...
നമ്മടെ കോഴിക്കോട്ടേക്ക്...
SNOW FANTASY
Hi LITE MALL NH-17
THONDAYAD BYPASS, KOZHIKKODE
+91 7510 109 922
incubatorinc.in